# പീഡനമേറ്റ ക്രിസ്ത്യാനികൾ

## എച്ച്. എച്ച്. മായേർസ്

PEEDANAMETTA CHRISTIANIKAL
(MALAYALAM)

Translated By
**Dr. V.A. Thomas, Pampady**


| | | |
|---|---|---|
| First Edition | : | November 2002 |
| Second Edition | : | June 2008 |
| Printed at | : | Grace Offset, Makkil Centre, Kottayam.<br>Ph: 9349502207, 0481 3242207 |
| Copies | : | 2000 |
| Price | : | Rs. 30 |

# ഗ്രന്ഥകർത്താവിന്റെ ആമുഖം

ഈ പുസ്തകത്തിലെ വിഷയം എല്ലാ വായനക്കാരെയും സന്തോഷിപ്പിച്ചുവെന്നു വരികയില്ല; കാരണം ഇതിലെ പക്ഷപാതം തീർച്ചയായും പ്രത്യക്ഷപ്പെടും. ഈ പുസ്തകം മറ്റു പുസ്തകങ്ങളെപ്പോലെയല്ലായെന്നു ഞാൻ അവകാശപ്പെടുന്നില്ല. ഞാൻ പക്ഷപാതക്കാരനാണെന്നു തുറന്നു സമ്മതിക്കുന്നു.

ക്രിസ്തീയ വിശ്വാസ ജീവിതത്തിൽ ഞാൻ സൃഷ്ടാവായ യേശുക്രിസ്തുവിനോടു പക്ഷപാതം കാണിക്കുന്നു; മനുഷ്യരക്ഷയ്ക്കായി ഈ ഭൂമിയിലേയ്ക്ക് രക്ഷകൻ വരുമെന്നു മുൻകൂട്ടി പറഞ്ഞിരുന്ന വിശുദ്ധ വചനത്തോടും കർത്താവിന്റെ ഈ ഭൂമിയിലെ ജീവിതത്തെ വിവരിക്കുന്നതും ക്രിസ്ത്യാനിത്വം എന്താണെന്നു പറയുന്നതുമായ തിരുവെഴുത്തിനോടും ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങളെ തന്റെ ശിഷ്യനായ യോഹന്നാനു കാണിച്ചുകൊടുത്തിരിക്കുന്ന വെളിപ്പാടിനോടും ഞാൻ പക്ഷപാതം കാണിക്കുന്നു.

എല്ലാവരും പക്ഷപാതം ഉള്ളവരാണ്. എഴുത്തുകാർക്കതില്ലെന്നു പറയുവാൻ ഒരിക്കലും സാധ്യമല്ല. “ദ കീസ് ഓഫ് ദിസ് ബ്ലഡ്” എന്ന മലാഖി മാർട്ടിന്റെ അടുത്ത കാലത്തിറക്കിയ പുസ്തകത്തെക്കുറിച്ചു പഠിക്കാൻ ഞാൻ കുറെയേറെ സമയം ചിലവഴിച്ചു. അദ്ദേഹം ഒരു റോമൻ കത്തോലിക്കനും മുൻ ജസ്യൂട്ട് പുരോഹിതനും ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ എഴുത്തുകൾ റോമൻ കത്തോലിക്കാ സഭയോടും അതിന്റെ ഉപദേശത്തോടും പക്ഷപാതം കാണിക്കുന്ന രീതിയിലാണ്. മാർട്ടിന്റെ ഈ പുസ്തകം കൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ലായെന്ന് അതിനർത്ഥമില്ല. നേരേമറിച്ച് പാപ്പാത്വ വ്യവസ്ഥിതിയെക്കുറിച്ച് ഒരു പരിചയ സമ്പന്നനായ നിരീക്ഷകന് അനുഭവപ്പെട്ട കാര്യങ്ങൾ, അവരുടെ ആഗ്രഹങ്ങൾ, ലക്ഷ്യങ്ങൾ, പ്രവർത്തനശൈലി എന്നിവ ഈ പുസ്തകത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. യഥാർത്ഥ തെളിവിനാസ്പദമായ പക്ഷപാതമെങ്കിൽ അതു നേട്ട



മുണ്ടാക്കുന്ന പക്ഷപാതം തന്നെ. അത് ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ നമ്മെ സഹായിക്കും.

റോമിന്റെ ലോകവ്യാപക നയതന്ത്രത്തിലുള്ള ഇപ്പോഴത്തെ പ്രവർത്തനത്തിന്റെ പങ്ക് തെളിയിക്കുവാൻ മാർട്ടിൻ ശ്രമിക്കുന്നില്ലെങ്കിലും അദ്ദേഹം ചിലതെല്ലാം ഊഹിക്കുന്നു. അവരുടെ ഭാഷയിൽ തന്നെ പറഞ്ഞാൽ, അതിൽ രണ്ടു കാര്യങ്ങൾ: ക്രിസ്തുവിന്റെ വികാരിയായിരുന്നു പത്രോസെന്നതും അപ്പോസ്തോലിക പിൻതുടർച്ചയിലുള്ള പത്രോസിന്റെ താക്കോലിനെ സംബന്ധിച്ച കാര്യവും (അനുബന്ധം B കാണുക) അവതാരികാദ്ധ്യായത്തിന്റെ 19-ാം പുറത്ത് ആഗോളമേധാവിത്വത്തിനായി മത്സരിക്കുന്ന മൂന്നു ഭൗമീക രാഷ്ട്രീയ ശക്തികൾ പുതുലോക വ്യവസ്ഥിതിയിൽ ഉണ്ടെന്നു പറഞ്ഞിരിക്കുന്നത്-മാർപാപ്പാ നയിക്കുന്ന റോമൻ കത്തോലിക്കർ, മിഖായേൽ ഗോർബച്ചേവ് നയിക്കുന്ന സോവ്യറ്റ് യൂണിയൻ, ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റായ ജോർജ്ജ് ബുഷ് നയിക്കുന്ന പാശ്ചാത്യ ജനാധിപത്യ സഖ്യം എന്നിവയാണ്.

മറ്റു രണ്ടു ശക്തികളെ (അവരെ മാതൃകക്കാർ എന്ന് അദ്ദേഹം വിളിക്കുന്നു) ക്കുറിച്ച് റോമിന്റെ പ്രതികരണം ചർച്ചചെയ്യുമ്പോൾ പറയുന്നത്: “പുതുലോക വ്യവസ്ഥിതിയിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പാ അഭിമുഖീകരിക്കുന്ന പ്രശ്നം മറ്റു രണ്ടു മാതൃകക്കാരും, ദൈവം, യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിലൂടെ വെളിപ്പെടുത്തിയ ക്രിസ്തീയ സഭയുടെ മാനുഷിക പെരുമാറ്റച്ചട്ടമായ ധാർമ്മിക നിയമങ്ങളുടെ അടിസ്ഥാനത്തിലല്ലാത്തതാണ്.” അദ്ദേഹം ഒരു കാര്യത്തിൽ വളരെ ഉറപ്പുകാണിക്കുന്നു: “ഈ നിയമാടിസ്ഥാനത്തിലല്ലായെങ്കിൽ വ്യക്തികൾക്ക് അവകാശവും സ്വാതന്ത്ര്യവും ഒരു വ്യവസ്ഥിതിക്കും ഉറപ്പുകൊടുക്കുവാൻ സാധിക്കുകയില്ല. പാപ്പാത്വം അവലോകനം ചെയ്ത പുതുലോക വ്യവസ്ഥിതിയുടെ നട്ടെല്ലിതാണ്.“

രാഷ്ട്രീയ മേൽക്കോയ്മയെടുത്തും ആഗോള മേധാവിത്വത്തിലൂടെ പുതുലോക വ്യവസ്ഥിതിയുടെ നിയന്ത്രണമെടുത്തും പാപ്പാത്വം, മറ്റു രണ്ടു ശക്തികൾക്കുമില്ലായെന്നു അവകാശപ്പെട്ടുകൊണ്ട് വിഭാവനം ചെയ്യുന്നത് ക്രിസ്തീയ ധാർമ്മീകതയുടെ

കാര്യത്തിൽ ഗുണകരമാകുമോയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ പുസ്തകത്തിൽ, ഭാഗ്യഹീനരായ ഇൻഡ്യാക്കാർക്ക് "അവകാശവും സ്വാതന്ത്ര്യവും" കത്തോലിക്കാ വീക്ഷണത്തിൽ എപ്രകാരം അടിച്ചേൽപ്പിക്കുന്നുവെന്നു നോക്കാം.

എന്തുകൊണ്ട് ഇൻഡ്യ? എന്തുകൊണ്ടെന്നാൽ ഇൻഡ്യയിൽ പോർട്ടുഗീസുകാരുമായി ചേർന്ന് പാപ്പാത്വം "മതദ്രോഹവിചാരണ" തുടങ്ങി. ഇൻഡ്യയിലാണ്, "സമാധാനത്തിന്റെയും സ്നേഹത്തിന്റെയും"പേരിൽ പീഢനം യൂറോപ്പിലെ മതദ്രോഹ വിചാരണയെക്കാൾ "കൂടുതലായി" നടപ്പിൽ വരുത്തിയത്, (ഗോവൻ ഹിസ്റ്റോറിയൻ, മിറാണ്ടാ). ഇൻഡ്യയിലാണ്, ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നികൃഷ്ഠ പീഡനങ്ങൾ, ഇവിടുത്തെ ജനങ്ങൾക്കെതിരായും സംസ്ക്കാരത്തിനെതിരായും ക്രിസ്തീയ ന്യൂനപക്ഷത്തിനെതിരായും വിജയകരമായി നടപ്പിലാക്കിയത്.

അവിടെ, "ക്രിസ്തുവിന്റെ സഭ" ദൈവം വെളിപ്പെടുത്തിയ, മാനുഷ്യ സ്വഭാവാടിസ്ഥാനത്തിലുള്ള ധാർമ്മിക നിയമങ്ങൾ മലിനീകരിച്ചു; ക്രിസ്തു തന്റേതെന്ന് (ലൂക്കോസ് 6:5) പ്രത്യേകമായി അവകാശപ്പെടുന്ന ശബ്ബത്തുദിവസത്തെ ദയയില്ലാതെ നീക്കിക്കളഞ്ഞു.

ചരിത്രം ഒരു മനക്കട്ടിയുള്ള സ്കൂൾ അദ്ധ്യാപകനാണ്. അതിന്റെ പാഠങ്ങൾ പഠിക്കാത്തവർ, ചരിത്രം ആവർത്തിക്കപ്പെടുമെന്നുള്ള വസ്തുത അനുഭവിച്ചറിയാത്തതിനാൽ നശിക്കും. റോമിന്റെ മുഖഭാവം മാറാം; എന്നാൽ അവളുടെ ആത്മാവ് മാറുകയില്ല. ചരിത്രം നമ്മെ പഠിപ്പിക്കുന്നത് റോമിന്റെ അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും കുറിച്ചുള്ള ചിന്താഗതി, ഒരു വിധത്തിൽ, അങ്ങേയറ്റം ആത്മനിഷ്ഠമായതാണ്.

ഈ ദുഖഃകരവും യാദൃശ്ചീക ദർശനവുമായ ഇൻഡ്യയിലെ ക്രിസ്ത്യാനികൾക്കുണ്ടായ മതദ്രോഹവിചാരണയെ സമർപ്പിക്കുമ്പോൾ, ചരിത്ര ഗവേഷണം നടത്തുന്ന മറ്റുള്ളവരെപ്പോലെ എനിക്കും ചെയ്യേണ്ടിവന്നു-വായനക്കാരെ ഒന്നുകിൽ പ്രധാനപ്പെട്ട ചരിത്ര രേഖകളിലൂടെ മുഷിപ്പിക്കേണ്ടിവരുക; അല്ലെങ്കിൽ



വായനക്കാരുടെ ശ്രദ്ധ കഥാരൂപത്തിലുള്ള വിവരണത്തിൽ പിടിച്ചു നിർത്തുക. ഞാൻ അതിൽ ഒന്നാമത്തെ രീതി തിരഞ്ഞെടുത്തുവെന്നുള്ളത് വായനക്കാർക്ക് മനസ്സിലാകുമല്ലോ. അവരുടെ സമയവും ബുദ്ധിശക്തിയും ആദരിക്കുന്നതിന്റെ ഒരു അടയാളമായി ഇതിനെ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

**എച്ച്. എച്ച്. മായേർസ്**

# അദ്ധ്യായം – 1

പൗരസ്ത്യ ആത്മീയ ശക്തിയെക്കുറിച്ച് ഒരുപക്ഷെ ചിന്തിക്കുമ്പോൾ പാശ്ചാത്യരുടെ മനസ്സിൽ വ്യക്തമായി തെളിഞ്ഞു വരുന്നത് മറ്റൊരു രാജ്യത്തെയും കുറിച്ചല്ല പിന്നെയോ ഇൻഡ്യയെക്കുറിച്ചായിരിക്കും. ബുദ്ധമതത്തിന്റെ തത്വചിന്തകൾ ഉടലെടുത്തത് ഈ രാജ്യത്താണ്. അതോടൊപ്പം അതിന്റെ തുടർച്ചയായ ഹിന്ദുമതമെന്ന ബഹുദൈവാരാധന, ഏകദേശം ലോകത്തിന്റെ പകുതിയോളം ജനസംഖ്യയെ പുനർജന്മത്തിന്റെ പ്രത്യാശയിൽ നയിക്കുന്നു. ഇന്ന് ആയിരക്കണക്കിന് മോഹവിമുക്തരായ പാശ്ചാത്യർ അവരുടെ സമൂഹം കെട്ടിപ്പെടുത്ത ക്രിസ്തീയ ധർമ്മശാസ്ത്രത്തെ ഉപേക്ഷിച്ച് അതീന്ദ്രിയ ധ്യാനത്തിന്റെ മരീചികയെത്തേടി കേവലം സാങ്കല്പികമായ നിർവൃതി നേടാൻ ശ്രമിക്കുന്നു.

എന്നാൽ ഗുരുവിന്റെ മന്ത്രോച്ചാരണത്തിനും പാമ്പുകളിക്കാരന്റെ കർണ്ണകഠോര ശബ്ദത്തിനും ഐതിഹാസികമായ ഇൻഡ്യൻ സർക്കസ്സുകാരന്റെ നിഗൂഢതയ്ക്കും പുറമെ വളരെ പുരാതനമല്ലാത്ത മറ്റൊരു രഹസ്യം ഇവിടുത്തെ ചരിത്രത്തിൽ മറഞ്ഞു കിടക്കുന്നു. അതിന് ഇൻഡ്യൻ മതങ്ങളുമായോ തത്വസംഹിതകളുമായോ ബന്ധമില്ല, മറിച്ച് ക്രിസ്ത്യാനിത്വവുമായി വളരെ ബന്ധമുണ്ട്.

ഇൻഡ്യ എന്ന രാജ്യത്തിൽ പ്രധാനമായും ഹിന്ദുക്കളും മുഹമ്മദീയരും കുറെ ബുദ്ധമതക്കാരുമാണുള്ളത്. എന്നാൽ തെക്കേ ഇൻഡ്യയിൽ ഏതാണ്ട് 20 ദശലക്ഷം ആൾക്കാർ ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നുണ്ട്. അവർ പ്രധാനമായും റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകളുമാണ്. അപ്പസ്തോലനായ തോമസ്സ് ആരംഭിച്ച ഏതെങ്കിലും പള്ളിയുമായി ബന്ധപ്പെടുത്തി തങ്ങളുടെ പാരമ്പര്യത്തെ ഉയർത്തിക്കാണിക്കുന്നതിൽ അഭിമാനം കൊള്ളുന്നവർ ഈ രണ്ടു സഭാവിഭാഗങ്ങളിലുമുണ്ട്. അവർ ലത്തീൻ, ഓർത്തഡോക്സ്, പാശ്ചാത്യ പാരമ്പര്യമുള്ള സിറിയൻ



ക്രിസ്ത്യാനികൾ എന്നിവരാണ്. വാസ്തവത്തിൽ സെന്റ് തോമസിന്റെ ഐതീഹ്യം ജനങ്ങളിൽ രൂഢമൂലമായിരിക്കുന്നതിനാൽ പലരും അവരെത്തന്നെ സെന്റ് തോമസ്സ് ക്രിസ്ത്യാനികളെന്ന് വിളിക്കുന്നു.

അപ്പോസ്തോലനായ തോമസ്സാണ് ഇൻഡ്യയിൽ ക്രിസ്ത്യാനിത്വത്തെ കൊണ്ടുവന്നതെങ്കിൽ നമ്മൾ ഒരു നിഗൂഢതയെ അഭിമുഖീകരിക്കേണ്ടിവരുന്നു — അപ്പോസ്തോലന്മാരും മറ്റുള്ള ക്രിസ്ത്യാനികളും നാലാം നൂറ്റാണ്ടുവരെ ആചരിച്ചിരുന്ന നാലാം കല്പനയിലെ ശബ്ബത്ത്, അഥവാ ആഴ്ചവട്ടത്തിലെ 7-ാം ദിനമായി ഇന്നു നമ്മൾ അറിയപ്പെടുന്ന ശനിയാഴ്ചയിലെ ആരാധന (പുറപ്പാട് 20 8-11) യാണത്. എന്നാൽ ഇന്ന് ഒരു സെന്റ് തോമസ്സ് ക്രിസ്തീയ സഭ പോലും ദൈവം വിശുദ്ധമായി ആദരിക്കുവാൻ പറഞ്ഞ വിശുദ്ധ ദിവസം ആചരിക്കുന്നില്ല. അങ്ങനെ ഒരു ചോദ്യം ഉയരുന്നു: എന്നാണ്, എങ്ങനെയാണ് ഈ സെന്റ് തോമസ്സ് അഥവാ സുറിയാനി ക്രിസ്ത്യാനികൾ ശബ്ബത്താചാരം ഉപേക്ഷിച്ച് ഞായറാഴ്ച ആചരിക്കുവാൻ തുടങ്ങിയത്?

ഈ എഴുത്തുകാരൻ കൽദയാ, ഓർത്തഡോക്സ് സുറിയാനി സഭാദ്ധ്യക്ഷന്മാരോട് ഈ ചോദ്യം ചോദിച്ചപ്പോൾ അവിശ്വസനീയമായ രീതിയിൽ ഒഴിഞ്ഞുമാറാൻ ശ്രമിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "സെന്റ് തോമസ്സ് ശബ്ബത്ത് അനുസരിക്കുന്ന വ്യക്തിയല്ലായിരുന്നു! ശബ്ബത്ത് ക്രൂശുമരണത്താൽ നീക്കം ചെയ്യപ്പെട്ടു! ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികൾ ശബ്ബത്ത് ഒരിക്കലും ആചരിച്ചിരുന്നില്ല!"

ആയതിനാൽ 7-ാം ദിന ശബ്ബത്താചരണം അപ്പോസ്തോലന്മാരുടെ ഇടയിലും ആദിമക്രിസ്ത്യാനികളുടെ ഇടയിലും ഉണ്ടായിരുന്നുവെന്നുള്ളത് ആദ്യമായി നമ്മൾക്കു തെളിയിക്കേണ്ടിയിരിക്കുന്നു - അതിനുശേഷം ഇതെങ്ങനെയാണ് ഇൻഡ്യയിലെ സെന്റ് തോമസ്സ് ക്രിസ്ത്യാനികളുടെ ഇടയിൽ നിർത്തലാക്കപ്പെട്ടതെന്ന വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യാം. ഈ വരുന്ന അദ്ധ്യായങ്ങളിൽ ഈ വിഷയം സ്ഥിരീകരിക്കപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം - 2

ഞായറാഴ്ചയാചാരം ശരിയാണെന്നു അവകാശപ്പെടുന്ന ചില ക്രിസ്തീയ സഭാ വിശ്വാസികൾ ശബ്ബത്താചാരം (ശനിയാഴ്ച യാചാരം) യഹൂദന്മാരുടെ ബലിസംബന്ധമായ നിയമത്തിന്റെ ഒരു ഭാഗമാണെന്നും അത് കർത്താവിന്റെ ക്രൂശുമരണത്തോടെ ഇല്ലെന്നാക്കപ്പെട്ടുവെന്നും അവകാശപ്പെടാറുണ്ട്. ഇതങ്ങനെയാണെങ്കിൽ നമ്മൾ ഒരു വലിയ വൈഷമ്യത്തെ അഭിമുഖീകരിക്കുന്നു. തന്റെ സ്വന്ത വിരലുകളാൽ പത്തു കല്പനകൾ കല്പലകകളിൽ എഴുതിയപ്പോൾ ദൈവം ധാർമ്മീക നിയമങ്ങളും ബലിസംബന്ധമായ നിയമങ്ങളും വ്യത്യസ്ഥമാണെന്നു കാണിക്കാനും തരംതിരിച്ചു എഴുതാനും പരാജയപ്പെട്ടു. തന്റെ തെറ്റു കണ്ടുപിടിച്ചപ്പോൾ ദൈവത്തിന്റെ ഈ പ്രശ്നത്തെ വേദശാസ്ത്രപണ്ഡിതന്മാർ (വേദപണ്ഡിതന്മാർ) പരിഹരിക്കാൻ വെച്ചിരിക്കുന്നുവെന്നു വരും. ആശ്ചര്യമെന്നു പറയട്ടെ. ശബ്ബത്ത് ആചാരവുമായി ബന്ധപ്പെട്ട കല്പനയുടെ കൂട്ടിച്ചേർക്കലാണ് അസ്ഥാനത്താണെന്ന് ചിലർ കണ്ടുപിടിച്ചിരിക്കുന്നത്! എന്നാൽ ക്രിസ്ത്യാനികളായ നമ്മൾ ദൈവം അലങ്കോലത്തിന്റെ അഥവാ സംഭ്രാന്തിയുടെ സൃഷ്ടികർത്താവും അതിക്രമം ചെയ്യുന്നവനുമാണെന്ന് യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ?

നമ്മുടെ സൃഷ്ടാവും ശബ്ബത്തിന്റെ കർത്താവുമായവൻ നമ്മോടു പറഞ്ഞിരിക്കുന്നത് "ശബ്ബത്ത് മനുഷ്യനായി ഉണ്ടാക്കപ്പെട്ടു" (മർക്കോസ് 2:27, 28) എന്നാണ്. അതിനാൽ സൃഷ്ടിപ്പിന്റെ നാൾ മുതൽ മനുഷ്യന്റെ നന്മയ്ക്കായി ഇതു തുടങ്ങിയിരിക്കുന്നുവെന്നു വ്യക്തം. സൃഷ്ടിപ്പിന്റെ ചരിത്രത്തെക്കുറിച്ച് ഉല്പത്തിയിലെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ വായിക്കുമ്പോൾ ക്രിസ്തീയ വിശ്വാസികളെ ഓർമ്മിപ്പിക്കുന്ന ചില അടിസ്ഥാനപരമായ വസ്തുതകൾ അവിടെ കാണാം: ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; സന്ധ്യയായി ഉഷസ്സായി ആറാം ദിവസം; ഏഴാം ദിവസം തന്റെ സൃഷ്ടിപ്പിൽ നിന്നും ദൈവം വിശ്രമിച്ചു. ദൈവം



ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു. ഇവയെല്ലാം യഹൂദന്മാരുടെ പിതാവായ അബ്രഹാം ജനിക്കുന്നതിന് ഏതാണ്ട് 2,000 വർഷങ്ങൾക്ക് മുമ്പ് നടന്നു. അതിനാൽ ശബ്ബത്ത് യഹൂദന്മാർക്കു വേണ്ടിയല്ല "മനുഷ്യനായി" അഥവാ മനുഷ്യകുലത്തിനായി ആരംഭിച്ചുവെന്നു വ്യക്തമാകുന്നു.

ഇന്ന് ലോകം മുഴുവൻ ആഴ്ചവട്ടം അനുസരിക്കുന്നതിലൂടെ ശബ്ബത്തനുസരിച്ചുള്ള സമയത്തിന്റെ വിഭജനത്തെയാണ് അംഗീകരിച്ചിരിക്കുന്നത്. യാക്കോബും ലാബാനും തമ്മിലുള്ള ഉടമ്പടിയിലും ഇതു പറഞ്ഞിരിക്കുന്നതു കാണാം. (ഉല്പത്തി 29:27, 28) അഷറിന്റെ വേദപുസ്തക കാലഗണനവിദ്യയനുസരിച്ച് ഇതു ബി. സി. 1760-ൽ ആയിരുന്നു. പത്തു കല്പന എഴുതിക്കൊടുക്കുന്നതിന് ഏതാണ്ട് 270 വർഷങ്ങൾക്കു മുൻപാണ്. കാനോൻ എഫ്. സി. കുക്കിന് ശബ്ബത്ത് സൃഷ്ടിപ്പിന്റെ സമയത്തു തുടങ്ങിയതാണെന്നുള്ളതിൽ ഒരു സംശയവുമില്ല.

"ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു. ഈ വാക്യത്തിന്റെ സാധാരണ വ്യാഖ്യാനമെന്തെന്നാൽ ആദ്യമനുഷ്യന്റെ സൃഷ്ടിപ്പിന്റെ സമയത്ത് മനുഷ്യനായിട്ടാണ് ശബ്ബത്തിനെ ദൈവം അനുഗ്രഹിച്ചത്; മർക്കോസ് 2:27" ("ദ ഹോളി ബൈബിൾ, വിത്ത് ആൻ എക്സപ്ലനേറ്ററി ആന്റ് ക്രിട്ടിക്കൽ കമൻഡറി ബൈ ബിഷപ്പ്സ് ആന്റ് ക്ലർജി ഓഫ് ദ ആംഗ്ലിക്കൻ ചർച്ച് വാല്യം 1, പേജ് 37")

യേശു ക്രിസ്തുവിനെ ശബ്ബത്തിന്റെ കർത്താവായി അംഗീകരിച്ചിട്ട് കർത്താവ് ഈ ലോകത്തിൽ വന്നത് തന്റെ പ്രത്യേക ദിവസത്തെ ഇല്ലെന്നാക്കാനാണെന്നു പറയുന്നത് എത്ര മടയത്തരം! കർത്താവ് പറഞ്ഞു "ഞാൻ നീക്കുവാനല്ല (കല്പന) - എന്നാൽ നിവൃത്തിപ്പാനാണ്" (മത്തായി 5:17)

ബലി സംബന്ധമായ നിയമങ്ങളോടൊപ്പം നീക്കം ചെയ്യാതെ കർത്താവ് തന്റെ ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷവും ഇത് അനുസരിക്കേണമെന്ന് മുൻകൂട്ടി പറഞ്ഞിരിക്കുന്നത് കാണുവാൻ സാധിക്കും. യേരുശലേമിന്റെ വരുവാനിരിക്കുന്ന നാശത്തെ

ക്കുറിച്ച് കർത്താവ് മുൻകൂട്ടി പറഞ്ഞപ്പോൾ ഇപ്രകാരം പറഞ്ഞു. "നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തിലോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പീൻ." (മത്തായി 24:20)

കർത്താവിന്റെ അനുയായികളെ ശബ്ബത്താചാരത്തിന്റെ പ്രാധാന്യം കർത്താവ് പഠിപ്പിച്ചിരുന്നതിനാലാണ് കർത്താവ് മരിച്ചതിനു ശേഷം കർത്താവിന്റെ ശരീരം അടക്കുന്നതിനു മുൻപായി തൈലാഭിഷേകം ചെയ്യാൻ അവർ ഒരുങ്ങാതെ അവർ സുഗന്ധ ദ്രവ്യങ്ങൾ ഒരുക്കി കല്പനപ്രകാരം ശബ്ബത്തിൽ സ്വസ്ഥമായി ഇരുന്നത് — പഴയ കല്പനയാലല്ല എന്നാൽ കല്പനയാൽ. "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം" അത് ഞായറാഴ്ച. അവർ ശവകുടീരത്തിൽ തൈലാഭിഷേകത്തിനായി എത്തി. (ലൂക്കോസ് 23:52-56)

ലൂക്കോസിന്റെ സുവിശേഷം എഴുതപ്പെട്ടത് കർത്താവിന്റെ ഉയർപ്പിനുശേഷം ഏതാണ്ട് 35 വർഷങ്ങൾക്കു ശേഷമാണ്; എന്നിട്ടും വായനക്കാരെ ലൂക്കോസ് ഓർമ്മിപ്പിക്കുന്നത് ശബ്ബത്ത് കല്പന അനുസരിക്കേണ്ടതാണെന്നാണ്. ലൂക്കോസ് തന്റെ സുവിശേഷത്തിലൂടെ ശബ്ബത്തു ദിവസം വെള്ളിയാഴ്ചയ്ക്കും ഞായറാഴ്ചയ്ക്കും ഇടയ്ക്കുള്ള ദിവസമാണെന്നു വ്യക്തമാക്കിയിരിക്കുന്നു.

ക്രിസ്ത്യാനികളോടോ യഹൂദന്മാരോടോ ശബ്ബത്തിന്റെ പരിശുദ്ധി ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തേയ്ക്ക് മാറ്റിയെന്ന് അപ്പോസ്തോലന്മാർ ഉപദേശിച്ചതായി വേദപുസ്തകത്തിലൊരിടത്തും പറഞ്ഞിട്ടില്ല. നേരെമറിച്ച് അപ്പോസ്തോല പ്രവൃത്തികൾ 13-ാം അദ്ധ്യായത്തിൽ പൗലൂസ് ശബ്ബത്തു ദിവസം അന്ത്യോഖ്യായിൽ പുറജാതികളുടെ അപേക്ഷപ്രകാരം പ്രസംഗിച്ചുവെന്നും അവരോട് പിന്നീട് പ്രസംഗിക്കാനായി അടുത്ത ശബ്ബത്തുവരെ കാത്തിരുന്നെന്നും രേഖപ്പെടുത്തിയിരിക്കുന്നതു കാണാം.

മറ്റൊരവസരത്തിൽ പ്രാർത്ഥനാലയം ഇല്ലാതിരുന്ന ഒരു സ്ഥലത്ത് "ശബ്ബത്തു നാളിൽ ഞങ്ങൾ ഗോപുരത്തിനു പുറ



ത്തേയ്ക്കു പോയി അവിടെ പ്രാർത്ഥനാസ്ഥലം ഉണ്ടായിരിക്കുമെന്നു ഞങ്ങൾ വിചാരിച്ചു പുഴവക്കത്തിരുന്ന് അവിടെ കൂടി വന്ന സ്ത്രീകളോടു സംസാരിച്ചു." (അ.പ്ര. 16:12, 13)

ചില ഞായറാഴ്ചാനുകൂലികൾ അവകാശപ്പെടുന്നത് ശിഷ്യന്മാർ പുതിയ ശബ്ബത്തുദിവസം ആചരിക്കാൻ തുടങ്ങിയതിനാലാണ് ഉയർപ്പു ദിനത്തെ ആചരിച്ചുകൊണ്ട് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടിയതായി യോഹന്നാൻ 20 ന്റെ 19-ാം വാക്യത്തിലും മാർക്കോസ് 16 ന്റെ 9 -14 വരെ വാക്യങ്ങളിലും പറഞ്ഞിരിക്കുന്നത്. എന്നാൽ മർക്കോസ് 16 ന്റെ 9 -14 വാക്യങ്ങൾ പഠിക്കുമ്പോൾ മനസ്സിലാകും-അവർ കർത്താവിന്റെ ഉയർപ്പിനെ ആഘോഷിക്കാൻ കൂടിയതല്ല കാരണം കർത്താവ് ഉയർത്തെന്ന് അവർക്കറിയില്ലായിരുന്നു. അവരുടെ ഗുരുവിനെ നഷ്ടപ്പെട്ടതിൽ മനം തകർന്നവരും നിരുത്സാഹകരും ആയിരുന്നതിനാൽ ".യഹൂദന്മാരെ ഭയന്ന് കൂടിയിരുന്നു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അവരുടെ കൂടിവരവ് മറ്റൊന്നുകൊണ്ടുമല്ലായിരുന്നു - പിന്നെയോ വെറും ഭയത്താൽ.

മറ്റുള്ളവർ അപ്പോസ്തോല പ്രവൃത്തികൾ 20 - ന്റെ 7 ഉദ്ധരിച്ചുകൊണ്ട് ത്രോവാസിൽ നടന്ന കൂടിവരവ് ആദിമക്രിസ്ത്യാനികൾ "ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ" കൂടിയതിന്റെ തെളിവെന്നു പറയുന്നു.

എന്നാൽ അപ്പോസ്തോല പ്രവൃത്തികൾ 2 ന്റെ 46 - ാം വാക്യം പറയുന്നത് വിശ്വാസികൾ "ദിവസേന .... അപ്പം നുറുക്കി" എന്നാണ്. അതിന്റെ അർത്ഥം എല്ലാം ദിവസവും വിശുദ്ധമാക്കിയെന്നാണോ? ഒരിക്കലുമില്ല! യഥാർത്ഥത്തിൽ ത്രോവാസിലെ കൂടിവരവ് ഒരു ശനിയാഴ്ച രാത്രിക്കായിരുന്നു.

ഞായറാഴ്ച രാവിലെ പൗലൂസ് തന്റെ യാത്ര ആരംഭിക്കുന്നതായി കാണുന്നു. ഞായറാഴ്ച വിശ്രമത്തിനുള്ള വിശുദ്ധ ദിവസമാണെങ്കിൽ പൗലൂസ് ചെയ്യരുതാത്ത ഒരു കാര്യമാണിത്. അതിനാൽ ഞായറാഴ്ചയാചാരം ശരിയാണെന്നു തെളിയിക്കാൻ ഈ വാക്യം ഉദ്ധരിക്കുന്നത് മടയത്തരമാണ് കാരണം അത് അതിന്റെ

എതിർവശമാണ് തെളിയിക്കുന്നത്. മക്ഗാർവെ തന്റെ വേദപുസ്തക വ്യാഖ്യാനത്തിൽ ഇങ്ങനെ പറയുന്നു "യഹൂദ ശബ്ബത്ത് കഴിഞ്ഞുള്ള രാത്രി കൂടി വരികയെന്നുള്ളത് യഹൂദന്മാരും പുതിയതായി യഹൂദമതത്തിൽ ചേർന്നവരും ചെയ്തുകൊണ്ടിരുന്ന ഒരു കാര്യമായിരുന്നു എന്ന് പറഞ്ഞുകൊണ്ട് ഉപസംഹരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ആരംഭിക്കുന്നതിനാലാണ് അവർ അങ്ങനെ കൂടിയിരുന്നത്. ഞായറാഴ്ച രാവിലെ പൗലൂസും കൂട്ടുകാരും അവരുടെ യാത്ര ആരംഭിച്ചു." ("കമന്ററി ഓൺ ആക്ട്സ്" ആക്ട്സ് 20:7).

അപ്പോസ്തോലന്മാർ ആരാധനാ ദിവസം ശനിയാഴ്ചയിൽ നിന്ന് ഞായറാഴ്ചയിലേക്കു മാറ്റിയിരുന്നുവെങ്കിൽ ആദിമ ക്രിസ്തീയസഭകൾ ഞായറാഴ്ച ആരാധിക്കുമായിരുന്നു. എന്നാൽ ചരിത്രം സാക്ഷ്യപ്പെടുത്തുന്നത് അതിന് എതിരാണ്. ലൈമാൻ കോൾമാൻ (1852) പറയുന്നു. "അഞ്ചാം നൂറ്റാണ്ടിലും യഹൂദന്മാരുടെ ശബ്ബത്ത് ക്രിസ്തീയ സഭയിലും തുടർന്നുകൊണ്ടിരുന്നു. എന്നാൽ അതിന്റെ പരിശുദ്ധി കാക്കുന്നത് കുറഞ്ഞു കുറഞ്ഞു അവസാനം ഇല്ലെന്നായി'' (''എൻഷിയന്റ് ക്രിസ്റ്റിയാനിറ്റി എക്സെംപ്ലിഫൈഡ്" അദ്ധ്യായം 26, ഭാഗം 2, പേജ് 527)

സോക്രട്ടീസ് എന്ന യവന സഞ്ചാരിയും ചരിത്രകാരനും എ. ഡി. 391—ൽ ഇപ്രകാരം എഴുതി. "ലോകത്തിലുള്ള മിക്കവാറും എല്ലാ സഭകളും തിരുവത്താഴ ശുശ്രൂഷ ശബ്ബത്തു ദിവസം എല്ലാ ആഴ്ചയിലും ആചരിക്കുന്നുവെങ്കിലും ചില പഴയ പാരമ്പര്യം അനുസരിച്ച് അലക്സാന്ദ്രിയായിലെയും റോമിലെയും ക്രിസ്ത്യാനികൾ അതു ചെയ്യുന്നതിനു എതിർ നിന്നു. അലക്സാന്ദ്രിയയ്ക്ക് അടുത്തുള്ള മിസ്രയീമ്യർക്കും തെബയ്സുകാർക്കും അവരുടെ ആത്മീയ കൂട്ടായ്മ ശബ്ബത്തു ദിവസം ആയിരുന്നു." ("എക്ലിസിയാസ്റ്റിക്കൽ ഹിസ്റ്ററി" പുസ്തകം 5, 1892, പേജ് 289)

റോമിലെ ചക്രവർത്തിയായിരുന്ന കുസ്തന്തീനോസ് ക്രിസ്തുമതം സ്വീകരിച്ചതിനുശേഷം ക്രിസ്ത്യാനിത്വം തന്റെ വിഗ്രഹാരാധനാ സാമ്രാജ്യവുമായി കൂട്ടിക്കലർത്തി. വിഗ്രഹാരാധകരായ



സൂര്യഭക്തരെ ഉൾക്കൊള്ളാനായി ഞായറാഴ്ചയെ (സൂര്യന്റെ ദിവസത്തെ) ആഘോഷത്തിന്റെ ദിവസമാക്കി മാറ്റി കല്പന പുറപ്പെടുവിച്ചു.

"ആത്മീയമായോ രാഷ്ട്രീയമായോ ഞായറാഴ്ച ആചാരം സംബന്ധിച്ച ആദ്യത്തെ നിയമം നിലവിൽ വന്നത് കുസ്തന്തീനോസിന്റെ എ. ഡി. 321-ലെ കല്പനപ്രകാരമാണെന്നുള്ളതിന് ഒരു തർക്കവുമില്ല." (ചെയിമ്പേർസ് എൻസൈക്ലോപ്പീഡിയ, ആർട്ടിക്കിൽ, "സൺഡേ").

കൂടാതെ ബ്രിട്ടീഷ് വിശ്വവിജ്ഞാന കോശത്തിൽ ഇപ്രകാരം നമുക്കു വായിക്കാം.

"ഞായറാഴ്ച ആചാരത്തിന്റെ നിയമം കൊണ്ടുവന്നത് കുസ്തന്തീനോസ് മഹാചക്രവർത്തിയാണ്; റോമാസാമ്രാജ്യത്തിലെല്ലാം ഇത് ആചരിക്കപ്പെടേണമെന്ന് കല്പന പുറപ്പെടുവിച്ചു." (ആർട്ടിക്കൾ "സൺഡെ")

മാർച്ച് 7-ാം തീയതി എ. ഡി. 321-ൽ ആണ് കുസ്തന്തീനോസിന്റെ ഞായറാഴ്ച നിയമം വന്നത്. "കോഡക്സ് ജസ്റ്റീനിയനസിൽ" നിന്ന് ഫിലിപ്പ് സ്കാഫ് തർജ്ജമചെയ്യുന്നത്.

"സൂര്യന്റെ ആരാധനാദിവസം ദണ്ഡനാധികാരികളും പട്ടണത്തിൽ താമസ്സിക്കുന്നവരും വിശ്രമിക്കട്ടെ, എല്ലാ ജോലി സ്ഥലങ്ങളും അടച്ചിടട്ടെ, എന്നാൽ ഗ്രാമങ്ങളിൽ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ കാര്യങ്ങൾ ചെയ്യുവാൻ അനുവാദം നൽകുന്നു." ("ഹിസ്റ്ററി ഓഫ് ദ ക്രിസ്ത്യൻ ചർച്ച്", വാല്യം 3, പേജ് 380)

എന്നാൽ കുസ്തന്തീനോസിന് ഒരു പുറജാതി ഉത്സവം ക്രിസ്തുമതത്തിൽ കൊണ്ടുവരണമെന്നുള്ളതല്ലാതെ മറ്റ് ഉദ്ദേശമൊന്നുമില്ലായിരുന്നു. യഥാർത്ഥ ശബ്ബത്തിനെ മാറ്റാനും ചക്രവർത്തി ആഗ്രഹിച്ചതല്ല, (പിന്നീട് റോമൻ കത്തോലിക്കാ സഭയിലൂടെയാണ് ഈ മാറ്റം ഉണ്ടായത്)

ക്രിസ്ത്യൻ എഡ്വാർഡ്സൺ "ഫാക്റ്റ്സ് ഓഫ് ഫെയ്ത്ത്" എന്ന പുസ്തകത്തിൽ ഹൂഗോ ഗ്രോട്ടിയസ് എഴുതിയ ഭാഗം ഉദ്ധ

രിച്ച് കുസ്തന്തീനോസിന്റെ ശബ്ബത്തിനോടും ഞായറാഴ്ചയോടുമുള്ള മനോഭാവം വ്യക്തമാക്കുന്നു.

"ഞായറാഴ്ച ദിവസം ജോലിചെയ്യരുതെന്നുള്ള കല്പന പുറപ്പെടുവിച്ചതു കൂടാതെ നിയമകോടതികൾ, ആദിമ ക്രിസ്ത്യാനികൾ കാലങ്ങളായി കൂടി വന്നുകൊണ്ടിരുന്ന ആഴ്ചവട്ടത്തിന്റെ 7-ാം ദിവസം, തുറന്നു പ്രവർത്തിക്കാനും കുസ്തന്തീനോസ് ചക്രവർത്തി ഉത്തരവിട്ടുവെന്ന് യൂസേഫിയസിന്റെ എഴുത്തു തെളിയിക്കുന്നു. അദ്ദേഹം പറയുന്നു:" ഇതു ദൈവത്തിന്റെ ശബ്ബത്തു ദിവസത്തെ കർത്തൃദിവസമെന്ന പേരിൽ മാറ്റിയെന്നുമുള്ള ചിന്താഗതിയെ ഇല്ലെന്നാക്കുന്നു — ക്രിസ്തുവോ, ശിഷ്യന്മാരോ ഒരിടത്തും രേഖപ്പെടുത്താത്ത കാര്യം." ("ഒപ്പേറാ ഓമ്നിയ തിയോളജിക്കാ" 1679)

സഭയിൽ ഈ സമയത്ത് രണ്ടു വ്യക്തമായ വിഭാഗങ്ങൾ ഉണ്ടായിരുന്നതായി എഡ്വേർഡ്സൺ രേഖപ്പെടുത്തിരിയിരിക്കുന്നു. യഥാർത്ഥ മാനസാന്തരവും ലോകത്തോട് വെറുപ്പും ആദിമ ക്രിസ്തീയ വിശ്വാസവുമുണ്ടായിരുന്ന ഒരു പഴയ വിഭാഗം അവർ സാധാരണയായി നാട്ടിൻപുറക്കാരായിരുന്നു. അതുകൂടാതെ പുതുതായി മാനസാന്തരപ്പെട്ട് പ്രധാനമായും നഗരങ്ങളിൽ താമസ്സിച്ചുകൊണ്ടിരുന്ന രണ്ടാമത്തെ കൂട്ടർ സഭയിൽ വന്നത് ബഹുമതിയും മറ്റു ലൗകീകമായ ആദായങ്ങളും കരുതി മാത്രമാണ്. അവർ ഭൂരിപക്ഷമുണ്ടായിരുന്നതിനാൽ അവരുടെ രീതിയിലുള്ള സഭാമേലദ്ധ്യക്ഷന്മാരെ തിരഞ്ഞെടുത്തു. (ഫാക്ട്സ് ഓഫ് ഫെയ്ത്ത് പേജ് 115)

പാപ്പാത്വ ശക്തിയും രാഷ്ട്രീയവും സഭാമേലദ്ധ്യക്ഷന്മാരിലൂടെ ഭാവി ക്രിസ്ത്യാനിത്വത്തിൽ അവരുടെ ഉദ്ദേശങ്ങൾ സാധിക്കാനായി ആത്മീക നിയമങ്ങൾ അടിച്ചേല്പിച്ചു.

നാലാം നൂറ്റാണ്ടോടുകൂടി പ്രധാന സഭാമേലദ്ധ്യക്ഷന്മാർക്ക് ലാവോദിക്യാ സുന്നഹദോസിൽ തീരുമാനിച്ച ഞായറാഴ്ചനിയമം വിളംബരം ചെയ്യാൻ തക്ക തന്റേടമുണ്ടായി. ജോൺഫുൽട്ടൺ, അത് ഇപ്രകാരം തർജ്ജമചെയ്യുന്നു. 'ക്രിസ്ത്യാനികൾ ശബ്ബത്ത്



അനുസരിച്ച് യഹൂദ വിശ്വാസികൾ ആകാതെ അന്ന് ജോലി ചെയ്യണം. പകരം സാധിക്കുമെങ്കിൽ കർത്താവിന്റെ ദിവസത്തെ മാനിച്ച് ക്രിസ്ത്യാനികളെപ്പോലെ വിശ്രമിക്കുക.' (കാനോൻ XXIX. "ഇൻഡെക്സ് കാനോനം" പേജ് 259)

ശബ്ബത്താചരണത്തെ "യഹൂദീകരിക്കുക" യെന്നത് രസകരമായ ഒരു കാര്യം മാത്രമല്ല, പിന്നെയോ പ്രാധാന്യമേറിയതും കൂടിയാണ്; ആ ദിവസത്തെ മാനിക്കുന്നവരെ അക്രൈസ്തവർ എന്ന് അവർ മുദ്രകുത്തി!

"യഹൂദ ശബ്ബത്ത്" ആചരിക്കുന്നത് "അനാത്തീമ" യെന്ന കല്പിച്ചുവെങ്കിലും (ഡബ്ലിയു എം പ്രൈൻ, "ഡിസേർടേഷൻ ഓൺ ദ ലോർഡ്സ് ഡെ" പേജ് 34) യഥാർത്ഥ ക്രിസ്ത്യാനികൾ 7-ാം ദിന ശബ്ബത്ത് ആചരിച്ചു പോന്നു. ഇത് നമുക്കറിയാൻ സാധിക്കുന്നത് — ഗ്രിഗറി ഒന്നാമൻ മാർപാപ്പാ (എ.ഡി. 590-640) ശബ്ബത്തു ദിവസം ജോലി ചെയ്യാൻ വിസമ്മതിച്ച റോമൻ പൗരന്മാരെ ശിക്ഷിക്കാൻ നിർബന്ധിതനായി " എന്നു രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നാണ്. ("പോസ്റ്റ്-നൈസീൻ ഫാതേർസ് " സെക്കന്റ് സീരീസ്, വാല്യം 13, പേജ് 13)

വേദപുസ്തകത്തിലെ വിശ്രമ ദിവസത്തിന്റെ കാര്യത്തിൽ കത്തോലിക്കാസഭ ഇടപെട്ട വസ്തുത മറയ്ക്കാൻ അവർ ഒരു ശ്രമവും നടത്തിയിട്ടില്ല. പീറ്റർ ഗീർമാൻ എന്ന കാറ്റക്കിസം എഴുതിയ വ്യക്തി ഇക്കാര്യത്തിൽ സഭയുടെ അധികാരത്തെ പറ്റി പുകഴ്ത്തി പറഞ്ഞിരിക്കുന്നു.

"ഞങ്ങൾ ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച ആചരിക്കുന്നത് എന്തുകൊണ്ടെന്നാൽ കത്തോലിക്കാസഭ ലവോദിക്യാസുന്നഹദോസിൽ വെച്ച് (എ.ഡി. 336) ശനിയാഴ്ചയുടെ പരിശുദ്ധി ഞായറാഴ്ചയിലേക്കു മാറ്റി." ("ദ കൺവേർട്സ് കാറ്റക്കിസം ഓഫ് ക്രിസ്ത്യൻ ഡോക്ട്രിൻ, പേജ് 50, 1934) 1910 ജനുവരി 25ന് വത്തിക്കാൻ അംഗീകരിച്ച കാറ്റക്കിസം.

വേദ വിദ്യാർത്ഥികൾക്കും ചരിത്ര വിദ്യാർത്ഥികൾക്കും ഇതിലുപരിയായി ധാരാളം തെളിവുകൾ ഉണ്ടെങ്കിലും നമ്മൾ അതി

നായി തുനിയാതെ തന്നെ താഴെക്കാണുന്ന കാര്യങ്ങൾ വ്യക്തമാക്കി:

1. ശബ്ബത്ത് ദൈവത്താൽ സൃഷ്ടിപ്പിന്റെ സമയത്തു സ്ഥാപിക്കപ്പെട്ടു.
2. കർത്താവിന്റെ മരണത്തിനും ഉയർപ്പിനും ശേഷവും കർത്താവിന്റെ അനുയായികൾ ശബ്ബത്ത് അനുസരിക്കണമെന്ന് ക്രിസ്തു ആഗ്രഹിച്ചു.
3. ശിഷ്യന്മാരോ അപ്പോസ്തോലന്മാരോ ആദിമ ക്രിസ്ത്യാനികളിലാരെങ്കിലുമോ ഞായറാഴ്ച വിശുദ്ധമായി ആചരിക്കുകയോ ആചരിക്കാൻ കല്പിക്കയോ ചെയ്തിട്ടില്ല.
4. ക്രിസ്തുസഭയിൽ ഞായറാഴ്ച ആചാരം കടന്നുകൂടിയത് കുസ്തന്തീനോസ് ചക്രവർത്തിയുടെയും അതുപോലെ 4-ാം നൂറ്റാണ്ടിൽ ഉടലെടുത്ത റോമൻ കത്തോലിക്കാ സഭയുടെയും പ്രേരണയാലും കല്പനയാലും ആണ്.

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന കാരണങ്ങളാൽ അപ്പോസ്തോലനായ തോമസ്സ് ഇൻഡ്യയിൽ ക്രിസ്ത്യാനിത്വം കൊണ്ടുവരികയും പള്ളികൾ സ്ഥാപിക്കുകയും ചെയ്തുവെങ്കിൽ അദ്ദേഹത്തിന്റെ ശ്രമഫലത്താൽ ക്രിസ്ത്യാനികളായവർ അഥവാ സെന്റ് തോമസ്സ് ക്രിസ്ത്യാനികൾ 7-ാം ദിന ശബ്ബത്ത് അനുസരിക്കുന്നവരായിരുന്നുവെന്നത് വ്യക്തവും മറച്ചുവെക്കാൻ പാടില്ലാത്തതുമായ വസ്തുതയാണ്.

എന്നാൽ സെന്റ് തോമസ്സ് കഥ വിശ്വസിക്കാതെ ക്രിസ്ത്യാനിത്വം ഇൻഡ്യയിലേക്ക് കൊണ്ടുവന്നത് പിൽക്കാലത്ത് പേർഷ്യയിൽ നിന്നാണെന്നു വിശ്വസിക്കുന്നവർക്കും ചരിത്രപരമായി പുരാതന ക്രിസ്ത്യാനികൾ ശബ്ബത്ത് അനുസരിച്ചിരുന്നുവെന്ന വസ്തുത നിഷേധിക്കുവാൻ സാധിക്കുകയില്ല. ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികൾ പൂർവ്വ സുറിയാനി സഭയുമായി ബന്ധപ്പെട്ടിരുന്നെങ്കിൽ അവരുടെ ആരാധനാ ദിവസവുമായി യോജിക്കേണ്ടിയിരിക്കുന്നു; കാരണം മിൻഗാനാ എഴുതുന്നു:

“പൂർവ്വ സുറിയാനിസഭ ആദിമ ക്രിസ്ത്യാനികളുമായി വിഭിന്നമായിരുന്നുവെന്നു ആരെങ്കിലും സംസാരിക്കാൻ ശ്രമിച്ചാൽ അവർ പരാജയപ്പെടും.” (“ഏർളി സ്പ്രെഡ് ഓഫ് ക്രിസ്റ്റാനിറ്റി” ബുള്ളറ്റിൻ ഓഫ് ജോൺ റൈലൻഡ്സ് ലൈബ്രറി, വാല്യം 10, പേജ് 440)



ഇൻഡ്യയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ നിന്ന് ശബ്ബത്ത് ആരാധന എങ്ങനെ അപ്രത്യക്ഷമായിയെന്ന രഹസ്യത്തിന്റെ വാതിൽ തുറക്കാൻ ഒരു താക്കോൽ നമുക്കാവശ്യമാണെന്നുള്ളത് വളരെ വ്യക്തമാണ്. അതെങ്ങനെ സംഭവിച്ചു — ആ താക്കോൽ മലാഖി മാർട്ടിന്റേതുപോലെ, രക്തവുമായി വളരെ ബന്ധപ്പെട്ടതാണ്. ക്രിസ്തുവിന്റെ രക്തമല്ല, വിശുദ്ധന്മാരുടെ രക്തമല്ല, എന്നാൽ ഇൻഡ്യക്കാരുടെ രക്തം!

ആ കതകു നമ്മൾ തുറക്കുമ്പോൾ, ക്രിസ്ത്യാനികളുടെ ശബ്ബത്താരാധനെയെക്കുറിച്ചുള്ള അറിവു ലഭിക്കുക മാത്രമല്ല സത്യവെളിച്ചത്തിൽ നിന്ന് ഇന്നത്തെ ക്രിസ്ത്യാനികളെ മറയ്ക്കാനുള്ള പൈശാചീക പദ്ധതിയും തെളിയിക്കപ്പെടും.

## അദ്ധ്യായം 3

ഇൻഡ്യയിലെ ആദിമക്രിസ്ത്യാനികളെ സംബന്ധിച്ച് അധികമായ അറിവു നമുക്കില്ല. സെന്റ് തോമസ്സ് സഭയുടെ രേഖകളും സാഹിത്യ സമ്പത്തും ദുർഗ്രാഹ്യമായ രീതിയിൽ അപ്രത്യക്ഷമായി. എന്നാൽ ചരിത്രകാരന്മാർക്കും സഞ്ചാരികൾക്കും നന്ദി. അവരുടെ അനുഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ഒന്നിച്ചു നോക്കിയാൽ ആദിമ ഇൻഡ്യൻ ക്രിസ്ത്യാനികളും ആദിമ അന്ത്യോഖ്യാ സഭയും ആയുള്ള ബന്ധം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ തോമാശ്ലീഹാ സ്ഥാപിച്ച പ്രഥമ സഭാവിഭാഗത്തെപ്പറ്റിയോ അവരുടെ ക്ഷേമത്തെപ്പറ്റിയോ യാതൊരു വെളിച്ചവും രേഖകളിലില്ല.

ഇങ്ങനെ തെളിവുകളില്ലാത്തതിനാലാണ് തോമാ ശ്ലീഹാ തെക്കേ ഇൻഡ്യയിൽ വന്നോ എന്ന സംശയം തന്നെ പലരിലും ഉണ്ടാകാൻ കാരണം.

“ക്രിസ്ത്യാനികൾ” എന്ന പേര് ക്രിസ്തുവിന്റെ അനുയായികൾക്ക് ലഭിച്ചതുതന്നെ സിറിയയിലെ അന്ത്യോഖ്യായിൽവച്ചായിരുന്നു എന്ന വസ്തുത ഓർക്കുമല്ലോ, ഈ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും യഹൂദന്മാർ ക്രിസ്തുമതം സ്വീകരിച്ചു വന്നവരായിരുന്നു. എ. ഡി. 70-ാം ആണ്ടിലെ യെരുശലേം ദേവാലയത്തിന്റെ നാശത്തോടുകൂടി ജനങ്ങൾ വടക്കുഭാഗമായ സിറിയയിലേക്ക്, പ്രധാനമായി അന്ത്യോഖ്യായുടെ ചുറ്റുപാടുമായി, കുടിയേറി.

കച്ചവട ബുദ്ധിശാലികളെന്നു വിഖ്യാതരായ ഇവർ സുവിശേഷീകരണ ഉത്സാഹികളുമായിരുന്നതിനാൽ ഏഷ്യയിലെ വ്യാപാരകേന്ദ്രങ്ങളിൽ താമസ്സം ഉറപ്പിച്ചെങ്കിലും പിന്നീട് ഏഷ്യാ മൈനറിലും (തുർക്കിയുടെ ഭാഗം) കിഴക്കോട്ട് അസ്സിറിയ (പേർഷ്യയുടെയും ഇറാക്കിന്റെയും ഭാഗങ്ങൾ) വരെയും വ്യാപിച്ചു.

നവീകരണകാലത്ത് കുസ്തന്തീനോസിന്റെ രാഷ്ട്രീയ സ്വഭാവത്തിലുള്ള ക്രിസ്ത്യാനിത്വത്തെ അനുസരിക്കാൻ മടിച്ച



ക്രിസ്ത്യാനികൾക്കു പീഡനം ഉണ്ടായതിനാൽ, ഒരു കൂട്ടം അസ്സീറിയൻ ക്രിസ്ത്യാനികൾ എ. ഡി. 345-ൽ ഇൻഡ്യയിലേക്കു കുടിയേറി. അവരെ മലബാറിലെ രാജാവ് ഹൃദയംഗമായി സ്വീകരിച്ച് അവിടെ താമസ്സിക്കുവാൻ അനുവദിച്ചു. ആദിമ സെന്റ് തോമസ്സ് ക്രിസ്ത്യാനികളുമായി ഈ കുടിയേറി വന്നവർ കൂടിയിരുന്നതായി രേഖകളൊന്നുമില്ലെങ്കിലും സെന്റ് തോമസ്സ് ക്രിസ്ത്യാനികൾ ഇവിടെയുണ്ടായിരുന്നതിനാലാണ് അസ്സീറിയൻ ക്രിസ്ത്യാനികൾ ഇൻഡ്യയിലേയ്ക്ക് കുടിയേറിയതെന്ന് നമുക്കു മനസ്സിലാക്കാൻ സാധിക്കും.

ചരിത്രകാരനായ മിങ്കാനാ സംശയമില്ലാതെ എഴുതിയിരിക്കുന്നത്, ഈ ക്രിസ്ത്യാനികൾ സുറിയാനി സഭയിലെ വേദപുസ്തകവും വിശ്വാസവും കൊണ്ടുവന്നുവെന്നും അതു പാപ്പാത്വ വിശ്വാസത്തിൽ നിന്നും യഹൂദ വിശ്വാസത്തിൽ നിന്നും വിഭിന്നമായിരുന്നുവെന്നുമാണ്.

“അഞ്ചാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇൻഡ്യയിലെ ക്രിസ്ത്യാനിത്വം വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നതായി കാണാം. കാരണം അവർ അവരുടെ പുരോഹിതരെ കിഴക്കൻ സുറിയാനി സഭയിലെ നല്ല സ്കൂളുകളിൽ വിദ്യാഭ്യാസത്തിനയയ്ക്കുകയും ആ സഭയിലെ വിദ്യാസമ്പന്നരെ പൗലോസിന്റെ ലേഖനങ്ങൾ പഴയ സുറിയാനി തർജ്ജിമയിൽ നിന്ന് പുതുക്കാൻ സഹായിക്കുകയും ചെയ്തു.” (“ഏർളി സ്പ്രെഡ് ഓഫ് ക്രിസ്റ്റാനിറ്റി” ബുള്ളറ്റിൻ ഓഫ് ജോൺ റൈലൻഡ്സ് ലൈബ്രറി, വാല്യം 10, പേജ് 459)

മിങ്കാനായുടെ പ്രസ്താവന വളരെ പ്രധാനപ്പെട്ടതാണ്. ഈ ഇൻഡ്യയിലെ സെന്റ് തോമസ് ക്രിസ്ത്യാനികൾ യഥാർത്ഥത്തിൽ പൗലോസിന്റെ ലേഖനങ്ങൾ “സുറിയാനി തർജ്ജിമയിൽ നിന്ന് പുതുക്കാൻ സഹായിച്ചു.” ഇത് ഈ സഭയെയും അതിന്റെ പരിശുദ്ധതയെയും അപ്പോസ്തോലിക കാലവുമായി ബന്ധിക്കുന്നു. കിംഗ് ജയിംസ് പരിഭാഷ യഥാർത്ഥത്തിൽ ബൈസൻന്റെൻ അഥവാ റിവൈസ്ഡ് പുതിയ നിയമത്തിൽ നിന്നാണ് എടുത്തിട്ടുള്ളത്. ഏതു വേദപുസ്തകം ഉപയോഗിക്കുന്നുവോ അതിലും

ശുദ്ധമായ ഉപദേശതത്വങ്ങൾ ഒരു സഭയ്ക്കുണ്ടാകയില്ല; ഇവിടെ നമ്മൾ അംഗീകരിക്കേണ്ടത് റോമിലും അലക്സന്ത്രിയായിലും ഉപയോഗിച്ചിരുന്ന തെറ്റായ വേദപുസ്തകങ്ങൾ പിന്നീട് റോമൻ കത്തോലിക്കരുടെ "വൾഗേറ്റ്" ഉണ്ടാക്കാൻ ഇടയാക്കി. നമ്മൾക്ക് ഈ പരിഹാസ കൃതിയുടെ ഫലങ്ങൾ പ്രതിഫലിക്കുന്നതായി പാരമ്പര്യ സിദ്ധാന്തങ്ങളുടെ വ്യാഖ്യാനത്തിലൂടെയുള്ള സഭയുടെ വിശ്വാസ സത്യങ്ങളിൽ വ്യക്തമായി കാണാം.

റോമാക്കാരുടെ തുടർന്നുള്ള പീഡനത്താൽ, ലവോദികൃസൂന്നഹദോസിന്റെ ഞായറാഴ്ചാ നിയമം അനുസരിക്കുന്നതിന് എതിർത്തവർ, പല പ്രാവിശ്യമായി ഇൻഡ്യയിലേക്ക് കുടിയേറി, എ. ഡി. 822-ൽ അങ്ങനെയുള്ള ഒരു സമൂഹത്തിലെ മൂവായിരം ക്രിസ്ത്യാനികൾ പേർഷ്യ വിട്ട് തെക്കേ ഇൻഡ്യയിലെ തിരുവിതാംകൂറിൽ താമസ്സമാക്കി. മലബാറിലെ രാജാവ് അവരെ സ്വാഗതം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. വ്യവസായ പ്രമുഖരും സൂക്ഷ്മബുദ്ധിയുള്ളവരുമായ ഇവർക്ക് പ്രഭുക്കന്മാർക്കു കൊടുത്തിരുന്ന ആനുകൂല്യങ്ങൾ കൊടുത്തു.

കുസ്തന്തീനോസിന്റെ മരണത്തോടുകൂടി റോമൻ സാമ്രാജ്യവും പേർഷ്യക്കാരും തമ്മിൽ ഏറ്റുമുട്ടിയിരുന്നതിനാൽ അനേകം അസ്സീറിയ/ പേർഷ്യ ക്രിസ്ത്യാനികൾ ഇൻഡ്യയെ സമാധാനത്തിന്റെ കോട്ടയായി കണ്ടു. (വിൽക്കിൻസൺ എഴുതിയ ("ട്രൂത്ത് ട്രയംഫന്റ്" പേജ് 307, 308 കാണുക)

മുൻപിലത്തെ അദ്ധ്യായത്തിൽ കാണിച്ചിരുന്നതുപോലെ അന്ന് ക്രിസ്ത്യാനികൾ 7-ാം ദിന ശബ്ബത്ത് ആചരിച്ചിരുന്നു. ഈ കാര്യത്തിൽ സിറിയയിലെയും പേർഷ്യയിലെയും സഭകളും അവയുടെ അധികാരത്തിൻ കീഴിലുള്ള പൗരസ്ത്യ സഭകളും വ്യത്യസ്ഥമല്ലായിരുന്നു. പാപ്പാത്വം ബലം പ്രയോഗിച്ചിട്ടും പൗരസ്ത്യ സഭകൾ ശബ്ബത്ത് അനുസരിച്ചിരുന്നുവെന്ന് ഡോക്ടർ പീറ്റർ ഹെയ്‌ലിൻ രേഖപ്പെടുത്തിയിരിക്കുന്നു.

"ഇന്നസെൻഷിയസ് ശനിയാഴ്ച അഥവാ ശബ്ബത്തിനെ ഒരു ഉപവാസ ദിവസമാക്കി മാറ്റി. എല്ലാവരും ഇത് അംഗീകരിക്കപ്പെടേണ്ട ഒരു നിയമമാക്കി. (എന്നാൽ അദ്ദേഹത്തെ അനുസരിക്കുവാൻ പല സഭകളും വിസമ്മതിച്ചു.) ഈ വ്യത്യാസം കുറെ നാൾ നിന്നുവെങ്കിലും അവസാനം റോമൻ സഭയുടെ പ്രേരണയാൽ പാശ്ചാത്യ സഭകളെല്ലാം ശനിയാഴ്ചയെ ഉപവാസ ദിവസമാക്കി. ഞാൻ പാശ്ചാത്യസഭകളെന്നു പറഞ്ഞാൻ അവർ മാത്രമാണെന്നു ചുരുക്കം. പൗരസ്ത്യസഭകൾ അവരുടെ പഴയ പാരമ്പര്യത്തെ മുറുകെപ്പിടിച്ചുവെങ്കിലും എ. ഡി. 692-ലെ 6-ാമത് കോൺസ്റ്റാൻഡിനോപ്പിൾ സൂന്നഹദോസിൽ ആ ദിവസത്തിന്റെ ഉപവാസകാര്യത്തിന്റെ തീരുമാനത്തിൽ അവരും വഴങ്ങി." ("ഹിസ്റ്ററി ഓഫ് ദ ശബ്ബത്ത്" പാർട്ട് 2, പേജ് 44,45 (1636).

ക്രിസ്തീയ സഭകളുടെ ചരിത്രത്തെ സബന്ധിച്ചുള്ള ഡോക്ടർ ബി. ജി. വിൽക്കിൻസണിന്റെ എഴുത്തിൽ പൗരസ്ത്യസഭകൾ ശബ്ബത്ത് അനുസരിച്ചതിന്റെ തെളിവുകൾ മിങ്കാനായുടെ ചരിത്രത്തിൽ നിന്നും രേഖപ്പെടുത്തിയിരിക്കുന്നു.

"എ. ഡി. 225-ലെ വലിയ സഭാസമ്മേളനങ്ങൾ പലസ്തീൻ മുതൽ ഇൻഡ്യവരെ വ്യാപിച്ചിരുന്നുവെന്ന് മിൻഗാനാ വ്യക്തമാക്കുന്നു. എ. ഡി. 370-ൽ അബിസ്സീനിയൻ ക്രിസ്തീയ സഭ (ശബ്ബത്ത് ആചരിച്ചിരുന്ന സഭ) വളരെ പ്രശസ്തിയാർജ്ജിക്കുകയും അതിന്റെ നേതാവായിരുന്ന മൂസയസ് പൗരസ്ത്യ രാജ്യങ്ങളിൽ സഞ്ചരിച്ച് അറബിനാട്ടിലും പേർഷ്യയിലും ഇൻഡ്യയിലും ചൈനയിലും സഭ വളരുവാൻ യത്നിക്കുകയും ചെയ്തു. ഈ സഭകൾ 7-ാം ദിവസം വിശുദ്ധമായി വെച്ചിരുന്നുവെന്ന് റോമൻ കത്തോലിക്കാ ചരിത്രകാരന്മാരായ സോക്രട്ടീസിന്റെയും സോസോമെന്റെയും പ്രശസ്ത സാക്ഷ്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. (എ. ഡി. 450) റോമിലെയും അലക്സാന്ത്രിയായിലെയും സഭകൾ ഒഴിച്ച് ലോകത്തിലുള്ള എല്ലാ സഭകളും ശനിയാഴ്ച വിശുദ്ധമായി ആചരിക്കുമ്പോൾ റോമിലെയും അലക്സാന്ത്രിയായിലെയും സഭകൾ ഞായറാഴ്ച വിശുദ്ധമായി ആചരിച്ചിരുന്നു ("ട്രൂത്ത് ട്രൈയംഫന്റ്" കുറിപ്പ് 308-ാം പുറം)

ഇൻഡ്യയിലെ യാക്കോബായക്കാരും, (സുറിയാനി ക്രിസ്ത്യാ

നികളുടെ ഒരുവിഭാഗം) ശനിയാഴ്ച ഉപവാസ ദിനമായി ആചരിക്കാൻ എത്യത്തുവെന്ന് നമുക്ക് തെളിവ് അടുത്തനാളിൽ ലഭിച്ചു. സാമുവേൽ പൂർച്ചാസ് പറയുന്നത് അവർ യഹൂദന്മാരെപ്പോലെ ശനിയാഴ്ച വിശുദ്ധമായി ആചരിച്ചുരുന്നുവെന്നാണ്.

"അവർ ശനിയാഴ്ച വിശുദ്ധമായി വെച്ചു. ഈസ്റ്റർ സന്ധ്യയൊഴിച്ച് ശനിയാഴ്ച ഉപവാസം ശരിയാണെന്ന് അവർ കരുതിയില്ല. അവർക്ക് ശനിയാഴ്ച പ്രത്യേക പ്രാർത്ഥന ഉണ്ടായിരുന്നു; അവർ മാംസം കഴിക്കുകയും യഹൂദന്മാരെപ്പോലെ ധൈര്യത്തോടെ ശബ്ബത്തിന് ആഹാരം കഴിച്ചും പോന്നു." ("പിൽഗ്രിംസ്" പാർട്ട് 2, ബുക്ക് 8, പേജ് 1269 (1625)).



## അദ്ധ്യായം - 4

15-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി പോർട്ടുഗീസുകാരുടെ ശ്രദ്ധ മലബാർ തീരത്തേയ്ക്കായി. 1502-ൽ വാസ്ക്കോഡിഗാമ നയിച്ച ഒരു കൂട്ടം കൊച്ചിയിൽ നിന്നും കുറെ മണിക്കൂറുകൾ മാത്രം യാത്രചെയ്തെത്തുന്ന കോഴിക്കോട്ട് വന്നിറങ്ങി.

ഈ യാത്ര, സ്ഥലം കണ്ടുപിടിക്കാനല്ലായിരുന്നു കാരണം പോർട്ടുഗീസുകാരുടെ സാന്നിദ്ധ്യം അതിനു മുൻപ് മലബാർ തീരത്തുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നേരത്തേയുള്ള കോഴിക്കോടു സന്ദർശനത്തിൽ പല തിക്താനുഭവങ്ങൾ ഉണ്ടായിരുന്നു. പോർട്ടുഗീസുകാരെ ധനാഢ്യരായ അറബിക്കച്ചവടക്കാരുടെ സ്വാധീനത്തിൽ നാട്ടുകാരായ മുസ്ലീങ്ങൾ ആക്രമിച്ച് ഓടിച്ചു. ഇത്, മാർപാപ്പായുടെ സ്വാധീനം മറ്റു രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ആഗ്രഹിച്ച പോർട്ടുഗീസുകാർ കത്തോലിക്കാ സമുദായത്തോടുള്ള ഒരു അവഹേളനമായി കണക്കാക്കി. ആയതിനാൽ ഇപ്രാവശ്യത്തെ അവരുടെ വരവ് ഒരു പകരം വീട്ടലിനായിരുന്നു.

അദ്ദേഹത്തിന്റെ കപ്പൽപ്പടയിൽ കുറെയേറെ ആയുധങ്ങൾ നിറച്ച 20 കപ്പലുകൾ ഉണ്ടായിരുന്നു. കൂടാതെ പട്ടാളക്കാരെയും ആത്മീയ ഉപദേശത്തിനായി കത്തോലിക്കാ പുരോഹിതന്മാരെയും കൊണ്ടുവന്നു.

ഇൻഡ്യയുടെ തീരത്ത് ഈ കപ്പൽപ്പട അടുത്തപ്പോൾ മെക്കയിൽപോയി മടങ്ങിവരുന്ന മുസ്ലീങ്ങളുടെ ഒരു കപ്പൽ ഇവർക്കെതിരെ വന്നു. അവരുടെ നിസ്സഹായതാവസ്ഥ അവർക്കു തന്നെ മനസ്സിലായതിനാൽ മുസ്ലീങ്ങൾ നല്ലൊരു തുക പോർട്ടുഗീസുകാർക്കു കൊടുത്തു രക്ഷപ്പെടാൻ ശ്രമിച്ചു. എന്നാൽ ഗാമയുടെ കല്പന, കപ്പലിനു തീയിടാനായിരുന്നു.

അശ്രാന്ത പരിശ്രമത്താൽ തീർത്ഥാടകർ തീയണച്ചുവെങ്കിലും ക്രൂരനായ ഡി. ഗാമ വീണ്ടും തീ കൊളുത്താൻ കല്പനയിട്ടു. ചരിത്രകാരനായ ഡി. ഓർസി രേഖപ്പെടുത്തിയിരിക്കുന്നത് — ഭയം നിറഞ്ഞ അമ്മമാർ അവരുടെ നിലവിളിക്കുന്ന കൊച്ചുകുട്ടി

കളെ ഉയർത്തിക്കാണിച്ചുകൊണ്ട് തങ്ങളോടു ദയ കാണിക്കുവാൻ ഗാമയോട് അപേക്ഷിച്ചു. എന്നാൽ അവരുടെ നിലവിളി പുരോഹിതന്മാരെ ഗാമയോടൊപ്പം നിൽക്കാൻ പ്രോത്സാഹിപ്പിക്കുകയും ഈ രീതിയിലുള്ള പ്രവർത്തനത്താൽ അവരുടെ വിജയം മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ("പോർട്ടുഗീസ് ഡിസ്ക്കവറീസ്, ഡിപ്പെൻന്റൻഡീസ് ആന്റ് മിഷൻസ് ഇൻ ഏഷ്യ ആന്റ് ആഫ്രിക്ക." പേജ് 5)

അവരുടെ ക്രൂരകൃത്യങ്ങൾ ഉടനെതന്നെ നിവൃത്തീകരിക്കപ്പെട്ടു. ഡി. ഗാമ കോഴിക്കോട്ടേയ്ക്കു നീങ്ങുകയും ആ പട്ടണം വളരെ നീചമായ രീതിയിൽ നശിപ്പിക്കുകയും ചെയ്തു. ("എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കാ" 1953-ാം പതിപ്പ്, ഡി ഗാമ എന്ന തലക്കെട്ട്)

ഈ യാത്രയിൽ തന്നെ ഡി ഗാമ ഒരു കച്ചവടകേന്ദ്രവും ഒരു ഫാക്ടറിയും കൊച്ചിയിൽ തുടങ്ങുകയും അടുത്ത വർഷം അതിനെ യൂറോപ്പിന്റെ ഇൻഡ്യയിലെ സങ്കേതമാക്കി മാറ്റുകയും ചെയ്തു.

യഥാർത്ഥത്തിൽ പോർട്ടുഗീസുകാർ മുസ്ലീങ്ങളെ തങ്ങളുടെ കച്ചവടത്തിന് തടസ്സമായി കാണുകയും 1510-ൽ ഗോവയിലെ എല്ലാ മുസ്ലീം പുരുഷന്മാരെയും കൊല്ലുകയും ചെയ്തു. തങ്ങളുടെ ആണുങ്ങളെ ആ വിധവകൾക്ക് ഭർത്താക്കന്മാരായി കൊടുത്ത് തങ്ങളുടെ ജനസംഖ്യ വർദ്ധിപ്പിക്കാൻ ഇതു കാരണമായി. (ഇബിഡ് 1990-ാം പതിപ്പ്, ആൽബർഗ് അൽഫോൻസാ എന്ന ലേഖനം)

ഇത്, യഥാർത്ഥത്തിൽ ആഫ്രിക്കൻ അറബി സങ്കരവംശരുടെയും (മൂർസ്) മുസ്ലീങ്ങളുടെയും വെറുപ്പിനു കാരണമായി. മൂർസ് എങ്ങനെയാണ് പോർട്ടുഗീസുകാരെയും സ്പെയിൻകാരെയും അക്രമിച്ചതെന്ന് അവർ ഓർത്തു.

പോർട്ടുഗീസുകാർ ഇവിടെ വന്നത് പണം സമ്പാദിക്കാൻ മാത്രമാണെന്നു കരുതരുത്. "ഞങ്ങൾ ക്രിസ്ത്യാനികളെയും സുഗന്ധവസ്തുക്കളെയും അന്വേഷിച്ചു വന്നു - കിഴക്കോട്ടുള്ള അവരുടെ



യാത്രയുടെ ഉദ്ദേശ്യമെന്തെന്ന് കുറെ മൂർസ് ചോദിച്ചപ്പോൾ വാസ്കോ ഡി ഗാമയുടെ കൂട്ടുകാർ പറഞ്ഞ മറുപടിയാണിത്, ("ദ സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇൻഡ്യ" (1982, പേജ് 22)

പോർട്ടുഗീസുകാർ അവരെത്തന്നെ മാർപാപ്പായുടെ രഹസ്യസന്ദേശവാഹകരും യേശുക്രിസ്തുവിന്റെ ഉപദേശത്തെ പ്രസംഗിക്കുന്നവരുമായി കണക്കാക്കി. ഇമ്മാനുവേൽ രാജാവ് ഇൻഡ്യസന്ദർശനത്തെക്കുറിച്ചെഴുതിയപ്പോൾ ഇവരെക്കുറിച്ച് ഇപ്രകാരം എഴുതി:

"ഞങ്ങൾ ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചും മതത്തെക്കുറിച്ചും അറിയാവുന്ന ആത്മീയരായവരെ അയയ്ക്കുന്നു; അവർ ദിവ്യാരാധന നടത്തുകയും നിങ്ങളെ യേശുക്രിസ്തു ആരംഭിച്ച സഭയായ ഞങ്ങളുടെ സഭയുടെ വിശ്വാസം കാണിക്കുകയും ചെയ്യും." (ഇബിഡ്, ട്രാൻസലേറ്റഡ് ഫ്രം കാസ്റ്റൺ ഹേഡ, ഹിസ്റ്റോറിയ ബുക്ക് 1, അദ്ധ്യായം 35, പേജ് 78)

സെന്റ് തോമസ്സ് ക്രിസ്ത്യാനികൾ മലബാർ തീരത്ത് പോർട്ടുഗീസിൽ നിന്നു വന്ന ക്രിസ്തീയ സഹോദരങ്ങളെ സ്വാഗതം ചെയ്തിരുന്നതായി നമുക്ക് ഊഹിക്കാം. യഥാർത്ഥത്തിൽ ബ്രിട്ടീഷ് വിശ്വവിജ്ഞാനകോശം നമുക്കു നല്കുന്ന അഭിപ്രായം ഇതാണ്. "മുസ്ലീങ്ങളുടെ എതിർപ്പുണ്ടായിരുന്നിട്ടും പോർട്ടുഗീസുകാരെ സ്വാഗതം ചെയ്തു" (ഇബിഡ്, ആർട്ടിക്കിൾ സെന്റ് തോമസ്സ്)

ഒരു പക്ഷെ ഇതായിരുന്നു അവരുടെ പോർട്ടുഗീസുകാരോടുള്ള ആദ്യത്തെ പ്രതികരണം. എന്നാൽ പോർട്ടുഗീസുകാർ മുസ്ലീങ്ങളോടു പെരുമാറിയ രീതി ശ്രദ്ധിക്കുന്നുവെങ്കിൽ ചിന്തിക്കുന്ന ക്രിസ്ത്യാനികൾക്ക് അവരുടെ ഹൃദയങ്ങളിൽ ചോദ്യങ്ങൾ ഉയരാം. ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്ന ഒരു രാഷ്ട്രം, അവരുടെ പുരോഹിതന്മാരെപ്പോലും വിജയഘോഷയാത്രയിൽ ഉൾപ്പെടുത്തിയവർ, ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കും തത്വങ്ങൾക്കും എതിരായി നീചമായ രീതിയിൽ മുസ്ലീങ്ങളോടു പെരു

മാറിയതെന്ത്? സെന്റ് തോമസ്സ് ക്രിസ്ത്യാനികൾ ഇവരുടെ രീതികൾ ക്ഷമിക്കുകയും ആ അപരിഷ്കൃത രീതികൾക്ക് അനുവാദം കൊടുക്കുകയും ചെയ്തുവെങ്കിൽ അവരും ക്രിസ്ത്യാനിത്വത്തിൽ നിന്നും അകന്ന് പോർട്ടുഗീസുകാരെപ്പോലെയായിയെന്നുവേണം വിചാരിക്കാൻ. പോർട്ടുഗീസുകാരുടെ സ്വഭാവം വീക്ഷിക്കുന്ന നല്ല മനസ്സുകളെ അങ്ങനെ ഒരു തീരുമാനത്തിലെത്താൻ സമ്മതിക്കുകയില്ല.

ഈ സമയത്ത് ഒരു രാഷ്ട്രമായിരുന്ന പോർട്ടുഗൽ പൂർണ്ണമായും യേശുക്രിസ്തുവിന്റെ അധികാരത്തെ ചോദ്യം ചെയ്തിരുന്ന ഒരു സഭയുടെ അധികാരപരിധിയിലായിരുന്നുവെന്നു വ്യക്തമായിരുന്നു.

ഇൻഡ്യയിലെ സഭയുടെ സ്ഥിതി എന്തായിരുന്നാലും നമുക്ക് ഒരു കാര്യം വ്യക്തമായി അറിയാം- അവരുടെ വിശ്വാസം പോർട്ടുഗീസുകാരുടെതിൽ നിന്നും വിഭിന്നമായിരുന്നു. അവർ സുറിയാനി വേദപുസ്തകത്തെ അവരുടെ വഴികാട്ടിയായി ഉപയോഗിച്ച് റോമിന്റെ പാരമ്പര്യത്തെ എതൃത്തിരുന്നു.

പ്രസിദ്ധ ചരിത്രകരാനായ എഡ്‌വേർഡ് ഗിബോൻ ഈ സഭകൾ തമ്മിലുള്ള വ്യത്യാസത്തെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, സെന്റ് തോമസ്സ് ക്രിസ്ത്യാനികളെക്കുറിച്ച് ഇപ്രകാരം പറയുന്നു.

“ദൈവമാതാവിന് കൊടുത്ത പദവി അവരുടെ ചെവിക്ക് കോപജനകമായിരുന്നു; കന്യകമറിയാമിന് ഒരു ദേവതയുടെ സ്ഥാനം കൊടുത്ത ലത്തീൻ അന്ധവിശ്വാസത്തെ അവർ എതൃത്തു. അവളുടെ രൂപം ആദ്യമായി അവർക്കു കൊടുത്തപ്പോൾ അവർ വെറുപ്പോടെ പറഞ്ഞു: ഞങ്ങൾ ക്രിസ്ത്യാനികളാണ്, വിഗ്രഹാരാധികളല്ല,” (“ഡിക്ലൈൻ ആന്റ് ഫോൾ ഓഫ് ദ റോമൻ എംബയർ” 47-ാം അദ്ധ്യായം, പേജ് 31)

റോമിലെ സഭ ഇവരുടെ വിശ്വാസലാളിത്വവും റോമിനോടുള്ള എതൃപ്പും മനസ്സിലാക്കി. ക്ലോഡിയസ്സ് ബുച്ച്നാൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:



“ഈ സഭകൾ” പോർട്ടുഗീസുകാർ പറഞ്ഞു മാർപാപ്പായുടെ കീഴിലാണെന്ന്; നാട്ടുകാർ ചോദിച്ചു ‘ആരാണ് മാർപാപ്പാ? ഞങ്ങൾ ആ വ്യക്തിയെക്കുറിച്ച് കേട്ടിട്ടുപോലുമില്ല.’ അവർ പറഞ്ഞു ‘ഞങ്ങൾ സത്യവിശ്വാസികളാണ്, നിങ്ങൾ പാശ്ചാത്യർ എങ്ങനെയായാലും ക്രിസ്ത്യാനികളെന്നു ക്രിസ്തുവിന്റെ അനുയായികളെ വിളിച്ച സ്ഥലത്തുനിന്നു വന്നവരാണു ഞങ്ങൾ’ (അന്തോഖ്യ)” [ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ, പേജ് 60 (1813)]

അധികാരം ദുർവിനയോഗപ്പെടുത്താം; പൂർണ്ണാധികാരം പൂർണ്ണദുർവിനയോഗം അഥവാ അടിച്ചേൽപ്പിക്കലിൽ എത്തിക്കാം എന്നു പറയാറുണ്ടല്ലോ. പോർട്ടുഗീസുകാരുടെ പെരുമാറ്റത്തിൽ ഈ ചിന്താഗതിക്ക് എതിരായ മറ്റൊരുദാഹരണമില്ലായിരുന്നു. പൗരോഹിത്യ കൊടിക്കീഴിൽ കുരിശും കന്യക മറിയാമിന്റെ രൂപങ്ങളും രാജാധികാരികളിലൂടെ അടിച്ചേൽപ്പിച്ചു.

ഈ സാഹചര്യത്തിൽ ചില അധികാരികൾ അവരുടെ അധികാര ലഹരിയിൽ ഇൻഡ്യയിലെ സാധാരണ ജനങ്ങളോട് ഹീനമായി പെരുമാറി. സർ ജയിംസ് ടെനൻന്റ് എന്ന സഞ്ചാരി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

“ജറോം അസാവിഡോ എന്ന ക്രൂരതയ്ക്കു ദുഷ്കീർത്തി കേട്ട വീരപരാക്രമിയായ പട്ടാളക്കാരനെ 1594-ൽ സിലോണിലേയ്ക്ക് തങ്ങളുടെ ആൾക്കാർക്കുണ്ടായ അനീതിയ്ക്കുപകരം വീട്ടാൻ പറഞ്ഞയച്ചു. ആ വ്യക്തിയുടെ ഉയർച്ചയുടെ കാലത്ത് അനേകം കുട്ടികളെ യന്ത്രക്കല്ലുകളിൽ എറിഞ്ഞു കൊല്ലാൻ അവരുടെ അമ്മമാരെ ഭയപ്പെടുത്തി ചെയ്യിക്കുകയും അതിനുശേഷം അമ്മമാരെ തലവെട്ടിക്കൊല്ലുകയും ചെയ്തു. ആ വ്യക്തി, പട്ടാളക്കാരെ ഉപയോഗിച്ച് കുട്ടികളെ കുന്തമുനകളാൽ വകവരുത്തി. മൽവാനെ പാലത്തിൽ നിന്ന് ധാരാളം ആൾക്കാരെ താഴേക്കിടുവാൻ പട്ടാളക്കാരെ ഉപയോഗിച്ചു; അങ്ങനെ അനേകരെ ചീങ്കണ്ണി തിന്നുന്നത് പട്ടാളക്കാർക്കു തന്നെ കാണുവാൻ സാധിച്ചു. ഈ ചീങ്കണ്ണികൾക്ക് ഇതൊരു പതിവായി തീർന്നതിനാൽ ഒരു

ശൂളംവിളിക്ക് മനുഷ്യരെ കിട്ടുമെന്നുള്ള പ്രതീക്ഷയിൽ അവയെല്ലാം തലപൊക്കിക്കിടക്കുമായിരുന്നു." (ഫ്രൂറിയ വൈ സൂസാ, സ്റ്റീവൻസ് ട്രാൻസ്‌ലേഷൻ, മൂന്നാം വാല്യം, പേജ് 279, സൈറ്റട് ബൈ ജയിംസ് ടെനൻന്റ്– "സിലോൺ", വാല്യം 2, പേജ് 33)

പാപ്പാത്വ നിയന്ത്രണത്തിലുള്ള പോർട്ടുഗീസ് സർക്കാരിന്റെ മര്യാദയുടെയും നീതിയുടെയും പേരിന് കളങ്കം വരുന്ന രീതിയിലുള്ള പെരുമാറ്റം കമാൻഡർ അസാവിഡോയും അനുയായികളും ചെയ്തതിനാൽ സർക്കാരിനു മോശമായ അഭിപ്രായം ഉണ്ടാകാതിരിക്കാനായി പോർട്ടുഗീസ് സർക്കാർ അയാളെ ശിക്ഷിച്ചു. ലിസ്ബൺ ജയിലിൽ അടയ്ക്കപ്പെട്ട ആ വ്യക്തിക്ക് തന്റെ പ്രവൃത്തിയെക്കുറിച്ച് ചിന്തിക്കാനും വാസ്ഗോഡി ഗാമ മുതലായ രാജ്യസ്നേഹികളുടെ സ്വഭാവവും അവർ അനുസരിച്ചുപോരുന്ന സംഘടനയുടെ സ്ഥിരതയില്ലായ്മയും മനസ്സിലാക്കാനും അവസരം ലഭിക്കുക മാത്രമല്ല, തന്നെ ജനങ്ങളുടെ പ്രീതി കിട്ടാനായി ബലിയാടാക്കിയതിനെയും മനസ്സിലാക്കാൻ സാധിച്ചു!

ഇങ്ങനെയുള്ള ആൾക്കാർ ഇൻഡ്യയിലെ ജനങ്ങളുടെ കാര്യത്തിൽ ആവശ്യമില്ലാതെ ഇടപെട്ടു.

പോർട്ടുഗീസുകാരുടെ വരവിന്റെ സമയത്ത് ഇൻഡ്യയിലെ ക്രിസ്തീയ സഭകളുടെ സ്ഥിതി എന്തായിരുന്നു? പതിനഞ്ചു നൂറ്റാണ്ടുകളായി അപ്പോസ്തോലീക സഭയിലെ നിഷ്കളങ്കത കാത്തു സൂക്ഷിച്ചിരുന്നു എന്ന് ഒരു പക്ഷെ നമ്മൾ പ്രതീക്ഷിച്ചു പോകും. എന്നാൽ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന്റെ ചുരുങ്ങിയ ചരിത്രത്തിലേയ്ക്കു തിരിഞ്ഞുനോക്കിയാൽ അവർ സത്യം മാറ്റിമറിച്ചതായും റോമാസഭയുമായുള്ള അവരുടെ എതിർപ്പിനെ അവഗണിച്ച് അവർ വിട്ടുവീഴ്ചകൾ വരുത്തിയതായും മനസ്സിലാക്കുമ്പോൾ ഇൻഡ്യയിലെ പല ക്രിസ്തീയ സമുദായങ്ങളും അലക്ഷ്യവും സത്യത്തിനോട് താല്പര്യമില്ലാത്തതുമായിരുന്നുവെന്നു കാണാം.

ഇങ്ങനെയുള്ള അവസ്ഥയായിരുന്നുവെന്ന് വൈറന്റ് ജയിംസ് ഹോഗ് M. A. F. C., D. S. വിശ്വസിച്ചിരുന്നു. പത്താം നൂറ്റാംണ്ടിൽ ഇൻഡ്യയിലെ സഭകൾ എപ്രകാരമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നതിങ്ങനെയാണ്:



'ലോകമെമ്പാടുമുള്ള അനാചാരങ്ങൾ ഇതും ദത്തെടുത്തു. താരതമ്യത്തിൽ ക്രിസ്തീയ ലോകത്തിലെ മറ്റു സഭകളെപ്പോലെതന്നെയായിരുന്നു.' ("ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി" പേജ് 115).

ഹോഗ് വീണ്ടും വ്യക്തമാക്കിയിരിക്കുന്നത് അപ്പോസ്തോലിക വേദപുസ്തകമായിരുന്നു അവരുടെ എല്ലാ വിശ്വാസത്തിന്റെയും ആധാരം.

"ഈ തിരുവെഴുത്തുകളാൽ പരീക്ഷിച്ചാൽ നിഷ്പക്ഷമായ വായനക്കാർക്ക് ഇൻഡ്യയിലെ സുറിയാനി സഭ ക്രിസ്തീയ സഭയിലെ ആദിമ സഭയുടെ മകളാണെന്നു വ്യക്തമായിരുന്നു." (ഇബിഡ്)

1534-ൽ രണ്ടു കത്തോലിക്കാ പുരോഹിതരായിരുന്ന ഇഗ്നേഷ്യസ് ലെയോളയും ഫ്രാൻസിസ് സേവ്യറും പ്രൊട്ടസ്റ്റന്റുകാരുടെ ആക്രമണത്തെ എതിരിടാനും മാർപാപ്പയുടെ "ദൈവീക" അധികാരം അടിച്ചേൽപ്പിക്കുവാനുമുള്ള അധികാര പത്രം മാർപാപ്പയിൽ നിന്നും കൈപ്പററി. "ക്രിസ്ത്യാനിത്വത്തിനു യോജിക്കാത്ത രീതിയിലുള്ള പെരുമാറ്റം" അഥവാ അപമര്യാദ കാണിച്ചിരുന്ന ഈ സമൂഹത്തെ "യേശുവിന്റെ സമൂഹം" എന്നു പേർ വിളിച്ചു. ഇതിലെ അംഗങ്ങളെ സാധാരണയായി "ജസ്യൂട്ട്സ്" എന്നാണ് അറിയപ്പെടുന്നത്.

പോർട്ടുഗീസ് സർക്കാരിൽ ജസ്യൂട്ടുകളുടെ ഭൂരിപക്ഷം പെട്ടെന്നുണ്ടാകുകയും അവരിൽ ചിലർ പോർട്ടുഗീസ് ഇൻഡ്യയിൽ വന്നു ചേരുകയും ചെയ്തു. ചരിത്രകാരനായ "കായെ" അവരുടെ ഉദ്ദേശ്യത്തെ വ്യക്തമാക്കി ഇങ്ങനെയെഴുതി:

"അവർ ദിഗ്വിജയികളോടുകൂടെ വന്നത് പ്രധാനമായും സെന്റ് തോമസ്സ് ക്രിസ്ത്യാനികളെ അവരുടെ വിശ്വാസത്തിൽ നിന്നു മാറ്റുവാനായിരുന്നു." ("ക്രിസ്ത്യാനിറ്റി ഇൻ ഇൻഡ്യ" റിവ്യൂഡ് ഇൻ ഡബ്ലിൻ യൂണിവേഴ്സിറ്റി മാഗസിൻ, വാല്യം 54, പേജ് 340) ആദിമ പോർട്ടുഗീസ് മിഷ്യനറികളിൽ പേരുകേട്ട വ്യക്തിയായ ഫ്രാൻസിസ് സേവ്യറാണ് തെക്കേ ഇൻഡ്യയിൽ വന്നത്. അദ്ദേ

ഹത്തിന്റെ തളരാത്ത മിഷ്യനറി പ്രവർത്തനം ക്രിസ്ത്യാനികളുടെ ഇടയിൽ ഐതിഹാസികമായിരുന്നു. അദ്ദേഹത്തെ റോമൻ കത്തോലിക്കർ ഒരു വിശുദ്ധനായി ബഹുമാനിക്കുന്നു. അദ്ദേഹത്തിന്റെ ശരീരം ഇന്നും അലങ്കരിച്ച രത്നത്താൽ പൊതിഞ്ഞ ഒരു ശവപ്പെട്ടിയിൽ ഗ്ലാസ്സ് കവാട ഫലകത്തോടെ ഗോവയിലെ ബോംജീസ്സസ്സ് ഭദ്രാസനപ്പള്ളിയിൽ വിശ്രമിക്കുന്നു.

ജസ്യൂട്ട് സമൂഹത്തിന്റെ ആരംഭപ്രവർത്തകരിൽ ഒരാളായിരുന്ന സേവ്യർ സ്വഭാവികമായും ആ സമൂഹത്തിന്റെ പ്രമാണവാക്യം ആയിരുന്ന "മാർഗ്ഗങ്ങളെ അവസാനം വിശുദ്ധീകരിക്കുന്നു" എന്നത് വിശ്വസിച്ചിരുന്നുവെന്ന് വ്യക്തമാണ്. ''യഹൂദ ദുഷ്ടത"കളായ ശബ്ബത്താചാരം, പന്നിയിറച്ചി കഴിക്കാതിരിക്കുക എന്നിവയെയും മുസ്ലീങ്ങളുടെ പന്നിയോടുള്ള വെറുപ്പിനെയും റോമൻ കത്തോലിക്കർ വിഗ്രഹാരാധികൾ എന്നു പറയുന്നതും സേവ്യർക്കു സഹിക്കാൻ സാധിച്ചില്ല. റോമാ വിശ്വാസാചാരത്തിന്റെ ചുറുചുറുക്കോടെ അദ്ദേഹം ഭയപ്പെടുത്തിയും ബലാല്ക്കാരത്തോടെയും "സത്യവിശ്വാസ"ത്തിലേയ്ക്കു ആൾക്കാരെ കൊണ്ടുവന്നു. 1545 മെയ് 16-ന് പോർട്ടുഗീസ് രാജാവായ ഡി. ജോവാ IIIന് അദ്ദേഹം ഇപ്രകാരം എഴുതി:

"ക്രിസ്ത്യാനികൾക്കു വേണ്ട രണ്ടാമത്തെ ആവശ്യം ചക്രവർത്തി ഇവിടെ" 'വിശുദ്ധ മതദ്രോഹ വിചാരണ ആരംഭിക്കുകയെന്നതാണ്. എന്തെന്നാൽ അനേകർ യഹൂദ നിയമപ്രകാരവും മുഹമ്മദീയ വിഭാഗക്കാരെപ്പോലെയും ദൈവഭയമില്ലാതെയും ലോകനിയമപ്രകാരമല്ലാതെയും ജീവിക്കുന്നു" ("ദ ഗോവ ഇൻക്വിസിഷൻ" പേജ് 23, 24 (1961))

(റോമൻ ക്രിസ്ത്യാനികൾ അവരുടെ 'പവിത്രത' നില നിർത്താൻ ഉണ്ടാക്കിയ ഉപാധികളെക്കുറിച്ച് അറിഞ്ഞിട്ടല്ലാത്തവർ കോളിൻസ് നിഘണ്ടുവിൽ "മതദ്രോഹ വിചാരണ"യെ നിർവചിച്ചിരിക്കുന്നതു ശ്രദ്ധിക്കുക:

"നാസ്തികരെ വിചാരണ ചെയ്യാനും ശിക്ഷിക്കാനും റോമൻ കത്തോലിക്കാ സഭയിലുള്ള നീതിന്യായക്കോടതി ഡൊമനിക്കൻ



സന്യാസികളെയാണ് 1233-ാം ആണ്ടിൽ ഗ്രിഗറി 9-ാമൻ മാർപാപ്പായുടെ നിർദ്ദേശാനുസരണം അയച്ചത്")

സേവ്യറുടെ അപേക്ഷ അനുവദിക്കാൻ ജോവോ രാജാവിന് താല്പര്യമില്ലായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കാലശേഷം തന്റെ കൊച്ചുമകനായ ചെറുപ്പക്കാരൻ ഡോൺ സെബാസ്റ്റ്യൻ രാജാവായത് കത്തോലിക്കാ മതാദ്ധ്യക്ഷനായ കർദ്ദിനാൽ ഹെസറിക്യൂ പ്രതിനിധീകരിക്കുന്ന സദസ്സിലായിരുന്നതിനാൽ സേവ്യറുടെ ആവശ്യം വേഗം തന്നെ അംഗീകരിച്ചു. 1560-ൽ അലക്സിയോ ഡയസ് ഫൽക്കാവോ ഇൻഡ്യയിലെ "മതദ്രോഹ വിചാരണയുടെ" ചുമതലക്കാരനായി അധികാരമേറ്റ് മതവിചാരണക്കോടതി ഗോവയിൽ ആരംഭിച്ചു.

ഇൻഡ്യയിലെ ക്രിസ്തീയ സഭകൾ പല നൂറ്റാണ്ടുകളായി ഹിന്ദുക്കളും മുസ്ലീങ്ങളുമടങ്ങിയ സമൂഹത്തിൽ ഒന്നിച്ചു താമസ്സിച്ച് അവർ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. മലബാർ തീരങ്ങളിൽത്തന്നെ നൂറിൽപരം സഭകൾ ഉണ്ടായിരുന്നതായി സങ്കല്പിക്കപ്പെടുന്നു. സമൂഹത്തിലെ വ്യവസായ നേതാക്കളായി ഇവർ യഹൂദന്മാരോടൊപ്പം വളർന്നു. അവരെക്കുറിച്ച് മരിഗ്നോലെ പറയുന്നത് തെക്കേ ഇൻഡ്യയിലെ സുഗന്ധദ്രവ്യ വ്യവസായത്തിന്റെ മുൻപന്തിക്കാരെന്നാണ്. ("മിൻഗാനാ, ഏർളി സ്പെർഡ് ഓഫ് ക്രിസ്റ്റ്യാനിറ്റി" ജോൺ റൈലൻഡ്സ് ലൈബ്രറി ബുള്ളറ്റിൻ, വാല്യം 10, പേജ് 487).

ഗോവ മതദ്രോഹ വിചാരണക്കോടതി ആരംഭിച്ചതോടെ വേദപുസ്തക വിശ്വാസികളായിരുന്ന ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികൾ പാപ്പാത്വത്തിന്റെ മതഭ്രാന്തന്മാരുമായി മാരകയുദ്ധത്തിൽ ഏർപ്പെടേണ്ടതായി വന്നു. വിൽക്കിൻസൺ പറയുന്നു:

"പോർട്ടുഗീസുകാരുടെ തോക്കിന്റെ സഹായത്തോടെ ജസ്യൂട്ടുകൾ ഇൻഡ്യയിൽ എത്തിച്ചേർന്നത് ഇവിടുത്തെ സെന്റ് തോമസ്സ് ക്രിസ്ത്യാനികൾക്ക് അന്ധകാര ദിനത്തിന്റെ ആരംഭമായിരുന്നു." ("ട്രൂത്ത് ട്രയംഫന്റ് " പേജ് 314)

## അദ്ധ്യായം – 5

സ്പാനീഷും പോർച്ചുഗീസും മതദ്രോഹ വിചാരണയെക്കുറിച്ച് ചരിത്രത്തിൽ താല്പര്യമുള്ളവരിൽ കേൾക്കാത്തവർ ആരും തന്നെ കാണുകയില്ല. കത്തോലിക്കാ സമുദായത്തെ അംഗീകരിക്കുന്ന രാജ്യങ്ങളിൽ മതദ്രോഹ വിചാരണക്കോടതികൾ തുടങ്ങിയ വിവരങ്ങളും പലർക്കും അറിയാവുന്നതാണ്. എന്നാൽ മതദ്രോഹവിചാരണ പോർട്ടുഗീസുകാർ ഇൻഡ്യയിലെ തുറമുഖമായ ഗോവയിൽ തുടങ്ങിയ വിവരം പലർക്കും അറിവില്ലായിരിക്കും.

ഇൻഡ്യയിലെ മതദ്രോഹവിചാരണയെക്കുറിച്ച് എത്രമാത്രം ശുഷ്കമായി മാത്രമെ ഇൻഡ്യാക്കാർക്ക് അറിയാവുവെന്ന് അടുത്ത നാളിലെ തെക്കെ ഇൻഡ്യ സന്ദർശനത്തിലൂടെ ഈ ഗ്രന്ഥകർത്താവിനു വ്യക്തമായി മനസ്സിലായി. അധികം ആൾപാർപ്പില്ലാത്ത പഴയ ഗോവ നഗരത്തിൽ ഒരു സന്ദർശകന് പഴയ പല അവശിഷ്ടങ്ങളും കാണാൻ സാധിക്കുമെന്നത് ശരിയാണെങ്കിലും ഗൈഡുകൾ (വഴികാണിക്കുന്നവർ) ചുരുങ്ങിയതോ തെറ്റായതോ ആയ സംഗതികളാണ് മതദ്രോഹ വിചാരണയെക്കുറിച്ച് നൽകുന്നത്. അത്യാകാംക്ഷയുള്ള സന്ദർശകരെ മതദ്രോഹവിചാരണക്കാർ ഉപയോഗിച്ചിരുന്ന പഴയ ജയിലും പീഡനസ്ഥലങ്ങളും കാണിക്കും. എന്നാൽ 1859-ൽ "സെന്റ് ഫ്രാൻസിസ് സേവ്യറുടെ ശരീരം കാണിച്ച സമയത്ത്" മതദ്രോഹവിചാരണ നടത്തിയ വീടിന്റെ പഴയ അവശിഷ്ടങ്ങളെല്ലാം നീക്കം ചെയ്തു. (ഫൊനെസ്കാ, ''ആൻ ഹിസ്റ്റോറിക്കൽ ആന്റ് ആർക്കിയോളജിക്കൽ സ്കെച്ച് ഓഫ് ദി സിറ്റി ഓഫ് ഗോവ', 1878, പേജ് 216).

പഴയ ഗോവയിലേയ്ക്കുള്ള ഇന്നത്തെ പല സന്ദർശകരും റോമൻ കത്തോലിക്കാ വിശ്വാസക്കാരായ തീർത്ഥാടകരായതിനാൽ അവർ ബഹുമാനത്തോടെ അവരുടെ നേതാവും വിശുദ്ധനുമായ ഫ്രാൻസിസ് സേവ്യറുടെ അവശിഷ്ടങ്ങളെ ആരാധിക്കുന്നു.



ഈ ഭക്തരിൽ എത്രപേർക്ക് പോർട്ടുഗീസ് രാജാവ് ഇൻഡ്യയിലേയ്ക്ക് മതദ്രോഹവിചാരണ കൊണ്ടുവന്നുവെന്നും ഇൻഡ്യക്കാരായ അവരുടെ പിതാക്കന്മാർക്ക് കഷ്ടതയും പീഢനവും മരണവും ഉണ്ടാക്കിയെന്നും അറിവുണ്ടെന്ന് വ്യക്തമല്ല.

പണ്ടത്തെ പാപ്പാത്വ ജയോത്സവത്തെക്കുറിച്ച് തിരിച്ചറിവില്ലാത്തവർക്ക് ഈ മതദ്രോഹ വിചാരണയെക്കുറിച്ച് ഒന്നും തന്നെ മനസ്സിലാകുകയില്ല. മദ്രാസ്സിലെ ഒരു ലൈബ്രറിയിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനോട്, ഗ്രന്ഥകാരൻ ഗോവമതദ്രോഹവിചാരണയെക്കുറിച്ച് ചോദിച്ചപ്പോൾ ആ വ്യക്തിയുടെ മുഖത്തെ അവ്യക്ത കണ്ട് അത്ഭുതപ്പെട്ടുപോയി. വളരെ അമ്പരപ്പോടുകൂടി കിട്ടിയ മറുപടി "സ്പാനിഷ് മതദ്രോഹ വിചാരണയാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?"

ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികളുടെ ലൈബ്രറികളായിരിക്കും പാപ്പാത്വത്തിന്റെ ഈ പ്രവർത്തനങ്ങളെ അറിയാനുള്ള നല്ല മാർഗ്ഗമെന്ന് ഒരുവൻ പ്രതീക്ഷിക്കാം. എന്നാൽ ഇൻഡ്യയിലെ ക്രിസ്തീയ ചരിത്രത്തെ കാണിക്കുന്ന പുസ്തകങ്ങളെല്ലാം പോർട്ടുഗീസുകാരായ റോമൻ കത്തോലിക്കരെ നല്ലവരായി ചിത്രീകരിക്കുന്നവയും മതദ്രോഹ വിചാരണയെ വ്യക്തമാക്കാത്തതുമാണ്. ഈ നാമമാത്ര പ്രൊട്ടസ്റ്റന്റു ലൈബ്രറികളിലെ നല്ലപങ്കു പുസ്തകങ്ങളും റോമൻ കത്തോലിക്കർ എഴുതിയിട്ടുള്ളതാണ്.

ഈ പ്രത്യേക സാഹചര്യത്തിൽ ഒരാൾക്ക് വിശ്വസിക്കാൻ സാധിക്കുന്നത് പോർട്ടുഗീസുകാർക്ക് കത്തോലിക്കാ സമൂഹത്തിന്റെ ഈ ദുഷ്ടപ്രവർത്തനങ്ങളെ ഒളിക്കാൻ കൂട്ടായ ശ്രമങ്ങൾ നടന്നുവെന്നു മാത്രമാണ്.

റെവ. ജയിംസ് ഹോഗിന്റെ "ദ ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇൻഡ്യ" (1893) എന്ന പുസ്തകത്തിൽ പല ക്രിസ്തീയ സമ്പ്രദായങ്ങളുടെ ആധികാരികതയും അതിന്റെ സത്യാവസ്ഥയും ചോദ്യം ചെയ്ത് എഴുതിയിട്ടുണ്ട്.

"എന്താണ് ഇങ്ങനെ നിയന്ത്രണം ആക്കിത്തീർക്കുന്നതെന്ന് ചോദിച്ചാൽ എനിക്കു പറയാൻ സാധിക്കുന്നത്– റോമാക്കാരുടെ

ശാഠ്യം അവരുടെ രാജ്യത്തിൽ മാത്രമല്ല മറ്റു രാജ്യങ്ങളിലുള്ള പ്രൊട്ടസ്റ്റന്റു പ്രവർത്തനങ്ങളിലും തെറ്റായി ധരിക്കപ്പെടുന്നുവെന്നുള്ളതാണ്." (വാല്യം 1, മുഖവുര).

അതിനുശേഷം അദ്ദേഹം വളരെ പ്രാധാന്യമുള്ളതും വ്യക്തിപരമായതുമായ കാര്യം രേഖപ്പെടുത്തിയിരിക്കുന്നു.

"എം. പി. നോർബെഡിനെപ്പോലെ ഇൻഡ്യയിലെ ഒരു റോമൻ സുവിശേഷകൻ പറഞ്ഞത് ജസ്യൂട്ടുകൾ അദ്ദേഹത്തെ തങ്ങളുടെ പല പ്രവർത്തനങ്ങളെ നീതീകരിക്കുന്ന രീതിയിൽ പലതും എഴുതിയുണ്ടാക്കാൻ നിർബന്ധിച്ചു. ഇതുപോലെ പണ്ടും എന്നെ നിർബന്ധിച്ച് അവരുടെ തെറ്റായ കാര്യങ്ങൾ ന്യായീകരിച്ച് എഴുതിയുണ്ടാക്കാൻ ഇടയായിട്ടുണ്ട്."(ഇബിഡ്)

ഈ കാര്യങ്ങൾ വളരെ പ്രാധാന്യമേറിയതും അതിശയിക്കത്തക്കതുമാണ്. അതിന്റെ ആരംഭം മുതലെ വഞ്ചനയുമായി മുൻപോട്ടു പോകുന്ന ഒരു സഭയെയാണ് ഇവിടെ ചിത്രീകരിച്ചരിക്കുന്നത്. ഉദാഹരണം പറഞ്ഞാൽ കുസ്തന്തിനോസ് ചക്രവർത്തി 4-ാം നൂറ്റാണ്ടിൽ സഭയും രാജ്യവും തമ്മിൽ ചേർക്കുന്നതുവരെ ഇങ്ങനെയൊന്ന് നിലവിലില്ലാതിരുന്ന സ്ഥിതിക്ക് പത്രോസിൽ നിന്നും എങ്ങനെ പൗരോഹിത്യ പിൻതുടർച്ച ഇവർക്കവകാശപ്പെടാൻ സാധിക്കും? റോമൻ കത്തോലിക്കരെന്നുള്ള പേരുതന്നെ സൂചിപ്പിക്കുന്നത് സഭയും രാജ്യവും തമ്മിലുള്ള ബന്ധമാണ്. അതുപോലെ അയർലന്റിലെ പാത്രിയർക്കിസ് ഒരു വിശുദ്ധനാണെന്ന് അവർക്കെങ്ങനെ അവകാശപ്പെടാൻ സാധിക്കും? ആ വ്യക്തി ജീവിച്ച് പ്രവർത്തിച്ച് (372 - 463 എ. ഡി.) മരിച്ചത് ഗ്രിഗറി മാർപാപ്പാ അഗസ്റ്റീൻ എന്നയാളെ എ. ഡി. 597ൽ ആദ്യത്തെ ബ്രിട്ടീഷ് ദ്വീപിലേക്കുള്ള സുവിശേഷകനായി പറഞ്ഞുവിട്ടതിനു മുൻപായിട്ടായിരുന്നല്ലോ. കൂടാതെ പാത്രിയർക്കീസ് 7-ാം ദിന ശബ്ബത്ത് ആചരിച്ചിരുന്ന വ്യക്തിയായിരുന്നു! ഈ അവസാനഭാഗം തന്നെ വ്യക്തമാക്കുന്നത് മാർപാപ്പായുമായി പാത്രിയാർക്കീസിനു യാതൊരു ബന്ധവുമില്ലായിരുന്നുവെന്നാണ്; പിന്നെ എങ്ങനെ റോമൻ കത്തോലിക്കാ സഭയുടെ വിശുദ്ധനായി അദ്ദേഹം മാറി!



എഡ്വേർഡ്സൺ ഇപ്രകാരം പറയുന്നു:

"പത്രോസ് ഒന്നാം മാർപാപ്പായാണെന്നു പറയുന്നതിനു തെളിവില്ലാത്തതുപോലെ പാത്രിയാർക്കീസ് റോമൻ കത്തോലിക്കാ വിശുദ്ധനാണെന്നു പറയുന്നതിനും തെളിവല്ല. സെലസ്റ്റിയൻ മാർപാപ്പായാണ് പാത്രിയർക്കീസിനെ ഐർലന്റിലേക്ക് റോമൻ കത്തോലിക്കാ സുവിശേഷീകരണത്തിന് അയച്ചതെന്ന് കത്തോലിക്കർ അവകാശപ്പെടുന്നു. എന്നാൽ വില്യം കാത് കാർട്ട് ഡി. ഡി. പറയുന്നത് "പാത്രിയാർക്കീസിന് റോമാസഭയുടെ ചുമതലയില്ലായിരുന്നുവെന്ന് വളരെ വ്യക്തമാണ്. ഐർലന്റിലെ സഭകളുടെ പാത്രിയാർക്കീസ് ബ്രിട്ടനിലെ മറ്റു സഹോദരങ്ങളെപ്പോലെ പാപ്പാത്വത്തിന്റെ മേൽക്കോയ്മയെ എതിർത്തയാളാണ്. ആയതിനാൽ തന്റെ സുവിശേഷപ്രവർത്തനത്താൽ ഐർലന്റിലെ ജനങ്ങൾക്കുണ്ടായ മാറ്റത്തെ മൂടിവെയ്ക്കുകയാണ് (റോമൻ കത്തോലിക്കർ) ചെയ്യേണ്ടത്." (ഫാക്ട്സ് ഓഫ് ഫെയ്ത്ത് പേജ് 13, 'ദ എൻഷിയന്റ് ബ്രിട്ടീഷ്. ആന്റ് ഐറീഷ് ചർച്ചസ് പേജ് 85")

"പാത്രിയർക്കീസ് ഒരു ശബ്ബത്താരാധകനായിരുന്നിരിക്കണം; എന്തെന്നാൽ ഐർലന്റിൽ അദ്ദേഹം തുടങ്ങിയ സഭകളും സ്കോട്ടലന്റിലെയും ഇംഗ്ലണ്ടിലെയും മാതൃസഭയും അപ്പോസ്തോലിക ആചാരപ്രകാരം 7-ാം ദിന ശബ്ബത്ത് ആചരിക്കുകയും ഞായറാഴ്ച ജോലി ചെയ്യുകയും ചെയ്തിരുന്നു." ('ഫാക്സ് ഓഫ് ഫെയ്ത്ത്' പേജ് 137)

വിൽക്കിൻസന്റെ പഠനത്തിൽ തെളിഞ്ഞത്:

''എക്ലീസിയാസ്റ്റിക്കൽ ഹിസ്റ്ററി ഓഫ് ഇംഗ്ലണ്ട്'' എന്ന പുസ്തകം വത്തിക്കാന്റെ ഉത്തമ അനുയായിയായിരുന്ന ബഡേ എന്ന ഇംഗ്ലീഷുകാരൻ എഴുതിയപ്പോൾ പാത്രിയാർക്കീസിന്റെ കാര്യങ്ങൾ ഒന്നും അതിൽ രേഖപ്പെടുത്തിയിട്ടില്ല. ഐർലന്റിലേയ്ക്കുള്ള ഈ സുവിശേഷകനായ പാത്രിയർക്കീസിന്റെ മരണത്തിനുശേഷം ഇരുനൂറു വർഷത്തിനുശേഷം ജീവിച്ചിരുന്ന ബഡേ പാത്രിയർക്കീസിനെക്കുറിച്ച് എഴുതാതിരുന്നതിന്റെ കാരണം പാപ്പാത്വം പാത്രിയാർക്കീസിനെ വിശുദ്ധനാക്കാനുള്ള

ഉദ്ദേശം അന്നില്ലാതിരുന്നതിനാലാണ്. ("ട്രൂത്ത് ട്രൈയഫന്റ്" പേജ് 88)

കത്തോലിക്കരുടെ ഇങ്ങനെയുള്ള ധാരാളം വഞ്ചനകളെക്കുറിച്ചു വായിച്ചു നിങ്ങൾക്കു മനംമടുപ്പുണ്ടാകാൻ ഇടയുണ്ടെങ്കിലും നിങ്ങൾ താഴെക്കൊടുത്തിരിക്കുന്ന, ഇൻഡ്യൻ ബ്രാഹ്മണരോടു കാണിച്ച വഞ്ചന വായിച്ചു മനസ്സിലാക്കേണ്ടത് ഈ പുസ്തകത്തിന്റെ വിഷയവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. ചരിത്രകാരനായ കെയ് പറയുന്നു:

"ജാതിയുടെ അതിർവരമ്പ് പൊട്ടിക്കുകയെന്നത് ഒരു വലിയ നേട്ടമായിരുന്നു; എന്തെന്നാൽ ജാതിവ്യത്യാസം സുവിശേഷീകരണത്തിനു വിഘ്നാതമായിരുന്നു. ജസ്യൂട്ടുകൾ നേരിട്ട് അതിനു തുനിഞ്ഞില്ല. അവർ ജാതികളുമായി ഇടകലർന്നു കൊണ്ട് പ്രസ്താവിച്ചത് അവർ ബ്രഹ്മാവിന്റെ തലയിൽ നിന്നും ഉണ്ടായവരാണെന്നാണ്. ജാതിക്കെതിരായി പ്രവർത്തിച്ചാൽ അവരുടെ പരിപാടികൾ വിജയിക്കുകയില്ലെന്ന് അവർക്കറിയാമായിരുന്നു." (ജെ. എസ്. കായ് "ക്രിസ്ത്യാനിറ്റി ഇൻ ഇൻഡ്യ" പേജ് 33)

റോമൻ കത്തോലിക്കരിൽ സത്യസന്ധതയില്ലായിരുന്നുവെന്ന് മുകളിൽ കൊടുത്തിരിക്കുന്ന ഉദാഹരണം വ്യക്തമാക്കുന്നു. ജസ്യൂട്ടുകൾ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നത് "അവസാനം മാർഗ്ഗത്തെ ശുദ്ധീകരിക്കുന്നു" എന്നായതിനാൽ അവരുടെ ക്രിസ്തീയ ലക്ഷ്യം ബ്രാഹ്മണന്മാരിൽ സുവിശേഷീകരണമെന്ന 'അവസാനം' ആയിരുന്നു. ഇത് അവരുടെ ലക്ഷ്യമല്ലായിരുന്നെങ്കിൽ വർഗ്ഗീയത ക്രിസ്ത്യാനിത്വത്തിന്റെ ലക്ഷ്യത്തിന് എതിരാണെന്നു മനസ്സിലാക്കി അവർ പ്രവർത്തിക്കുമായിരുന്നു. "നിങ്ങൾ എല്ലാവരും എന്റെ സഹോദരന്മാർ " എന്ന് യേശുക്രിസ്തു (മത്തായി 23:8) പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ ദുഷ്പേരുള്ള "സൊസൈറ്റി ഓഫ് ജീസസ്" ന്റെ അംഗങ്ങൾ അവർ എതിർക്രിസ്തുവിന്റെ ജോലിയാണു ചെയ്യുന്നതെന്ന് എതിർക്രിസ്തു ചെയ്യുന്നതുപോലെ ചെയ്തുകാണിച്ചു. (റോമൻ കത്തോലിക്കരുടെ അവിശ്വസ്തതയ്ക്കു കൂടുതൽ തെളിവിനായി അനുബന്ധം എയും ബിയും കാണുക).



സ്പെയിനിലെപ്പോലെ പോർട്ടുഗീസിലും ധാരാളം യഹൂദന്മാർ ഉണ്ടായിരുന്നു. ഇസ്രായേലിനോടുള്ള ദൈവത്തിന്റെ വാഗ്ദാനം അവർ അനുസരിച്ചതിനാൽ (ആവർത്തനം 28:13) ഈ വിഭാഗം ദൈവത്തിന്റെ പ്രത്യേക അനുഗ്രഹം ലഭിച്ചതുപോലെ അവരുടെ ബുദ്ധിസാമർത്ഥ്യത്തിലും വ്യവസായത്തിന്റെ കഴിവിലും കീർത്തികേട്ടു. അവരുടെ വിജയം മറ്റുള്ളവരുടെ അസൂയയ്ക്കും കോപത്തിനും വഴിതെളിച്ചു. അതിനാൽ പലരും വിശ്വസിക്കുന്നത് - ഇതെല്ലാം ദൈവത്തിന്റെ 'തിരഞ്ഞെടുക്കപ്പെട്ട ജനം' അനുഭവിക്കേണ്ട കഷ്ടപ്പാടിന്റെ ഭാഗമാണ്; കാരണം പീലാത്തോസ് ക്രിസ്തുവിനെ ക്രൂശുമരണത്തിന് ഏല്പിക്കുന്ന സമയത്ത് അവർ ഉച്ചത്തിലമറിപ്പറഞ്ഞു "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെ മേലും വരട്ടെ" എന്ന് (മത്തായി 27:25).

ഐബേരിയൻ ഉപദ്വീപിലെ യഹൂദന്മാർ പതിനഞ്ചു പതിനാറു നൂറ്റാണ്ടുകളിൽ ഇതിൽ നിന്നും വ്യത്യസ്തരല്ലായിരുന്നു. സ്പെയിനിലും പോർട്ടുഗീസിലും അവരുടെ വ്യവസായ സാമ്രാജ്യം വികസിപ്പിച്ചു. ഇത് അവിടെയുള്ള റോമൻ കത്തോലിക്കരെ അസൂയാലുക്കളാക്കി; മാത്രമല്ല പാപ്പാത്വം അവരെ മതദ്രോഹികളെന്നു മുദ്രകുത്തി വസ്തുതകളെന്നു തോന്നുന്ന രീതിയിൽ യഹൂദന്മാർക്കെതിരായി അന്യായങ്ങൾ പറഞ്ഞു പ്രചരിപ്പിച്ചു. അവർ കത്തോലിക്കരുടെ ആരാധനാ രൂപങ്ങൾ തൂഷീകരിക്കുന്നുവെന്നും ക്രിസ്ത്യാനി കുട്ടികളെ പെസഹായുടെ ദിവസം ക്രൂശിക്കുകയോ യാഗം കഴിക്കുകയോ ചെയ്യുന്നുവെന്നും കുറ്റപ്പെടുത്തി, സ്പെയിനിൽ പ്രെസ്ക്കോട്ട് ഈ ആരോപണങ്ങളെക്കുറിച്ച് എഴുതിയിട്ടുണ്ട്.

"ഇതിന്റെ കൂടെ വിവേകരഹിതമായ ഏഷണികളായ അന്യായപ്പലിശ ഈടാക്കൽ, തട്ടിപ്പറിക്കൽ എന്നിവ ശക്തിയായി ആരോപിക്കപ്പെട്ടു. 14-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മതഭ്രാന്തരായ പുരോഹിതന്മാർ മതഭ്രാന്ത്രരായ ജനങ്ങളെ പ്രേരിപ്പിച്ച് ഒരു പക്ഷെ യഹൂദന്മാർക്കു കടപ്പെട്ടവർ ഇത് അവരുടെ കടം കൊടു

ക്കാതിരിക്കാനുള്ള അവസരമായി കണക്കാക്കി ഈ നിർഭാഗ്യവാന്മാരുടെ മേൽ ക്രൂരവും അന്യായവുമായി ബലം പ്രയോഗിച്ചു." (എ. കെ. പ്രൈയോൽക്കർ - "ദ ഗോവ ഇൻക്വിസിഷൻ").

എങ്ങനെയെന്ന് പ്രെസ്ക്കോട്ട് തുടർന്നു പറയുന്നു. "യഹൂദന്മാർക്ക് അവശേഷിച്ച ഒരേ ഒരു മാർഗ്ഗം യാഥാർത്ഥമായിട്ടോ അല്ലെങ്കിൽ കാപട്യമായിട്ടോ ക്രിസ്ത്യാനിയാകുകയായിരുന്നു. വാലൻഷ്യയിലെ ഡൊമിനിക്കനായ സെന്റ് വിൻസന്റ് ഫെരിയരെക്കുറിച്ച് വലിയ ഒരു അത്ഭുതമായി രേഖപ്പെടുത്തിയിരിക്കുന്നത് 35, 000-ൽ കുറയാതെ ഇസ്രായേൽക്കാരുടെ മനസ്സ് മാറ്റിയെന്നതാണ്.

ഈ "പുതുക്രിസ്ത്യാനികൾ" യഥാർത്ഥ മാനസാന്തരമില്ലാത്തവർ ആയിരുന്നതിനാൽ എപ്പോഴും ബാഹ്യമായി ക്രിസ്ത്യാനിത്വം കാണിച്ചു ജീവിക്കാൻ അവർക്കു ബുദ്ധിമുട്ടായിരുന്നു; കാരണം അവരുടെ ഹൃദയങ്ങളിൽ പഴയ വിശ്വാസാചാരങ്ങളോട് നീതിപുലർത്തി രഹസ്യമായി പാരമ്പര്യാചാരങ്ങൾ വിശ്വാസത്തോടെ അവർ ആചരിക്കുന്നു. തീർച്ചയായും ഇതിൽ ശബ്ബത്താചാരവും പന്നിമാംസം പോലുള്ള അശുദ്ധാഹാരം വർജ്ജിക്കലും ഉൾപ്പെട്ടിരുന്നു.

1481-ൽ സ്പെയിനിലും 1541-ൽ പോർട്ടുഗീസിലും നടന്നതായ മതദ്രോഹവിചാരണ പ്രധാനമായും ഈ സ്ഥിതി ദുരീകരിക്കാനായിരുന്നു. എന്നാൽ വേറൊരു ക്രിസ്തീയ വിഭാഗത്തോടും ഈ മതദ്രോഹ വിചാരണ ഉന്നംവെച്ചിരുന്നു; അവർ തെക്കേ ഫ്രാൻസിൽ നിന്നും സ്പെയിനിലേയ്ക്ക് പാലായനം ചെയ്ത വാൽഡെൻസികളോടായിരുന്നു. ആ ക്രിസ്ത്യാനികളും ശബ്ബത്ത് അനുസരിച്ചിരുന്നതിനാൽ യഹൂദന്മാരുടെ വിഭാഗത്തിൽ അവരെ ഉൾപ്പെടുത്തി.

"യഹൂദമതാനുസാരികൾ" എന്ന പേര് ഗോവയിലെ മതദ്രോഹവിചാരണയുടെ സമയത്താണ് ഇൻഡ്യക്കാർക്കു ലഭിച്ചത്. ഒരു കുറ്റാരോപണമായി ഈ പേര് ഉപയോഗിച്ചിരുന്നുവെന്ന് മനസ്സിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതെങ്ങനെ ക്രിസ്തീയ



ഉപയോഗത്തിൽ വന്നുവെന്നും ആർക്കെതിരെയാണ് ഈ വാക്ക് ഉപയോഗിച്ചതെന്നും അധികം താമസിയാതെതന്നെ നമ്മൾ കാണുന്നതായിരിക്കും. ആദിമ ക്രിസ്ത്യാനികളും റോമൻ കത്തോലിക്കാ സഭയും തമ്മിലുള്ള ഒരു പ്രാധാന വ്യത്യാസം റോമർ ഞായറാഴ്ച ക്രിസ്തീയ ശബ്ബത്ത് അഥവാ വിശ്രമദിവസമായി മാറ്റിയതാണ്. കത്തോലിക്കാസഭ വിളിച്ചുകൂട്ടിയ ലവോദിക്യ സുന്നഹദോസിൽ (എ. ഡി. 365) ശനിയാഴ്ച ശബ്ബത്ത് ക്രിസ്ത്യാനികൾ ആചരിക്കുന്നതിനെ എതിർത്തുകൊണ്ടും അങ്ങനെ ചെയ്യുന്നവരെ യഹൂദമതാനുസാരികൾ എന്നു മുദ്രകുത്തി ശപിക്കുകയും ചെയ്യുന്ന കല്പന പുറപ്പെടുവിച്ചു. 29-ാം കാനോൻ പറയുന്നത് "ക്രിസ്ത്യാനികൾ ശബ്ബത്തിൽ വിശ്രമിച്ച് യഹൂദീകരിക്കാതെ അന്ന് ജോലി ചെയ്യണം ..... ആരെങ്കിലും യഹൂദനെപ്പോലെ അപ്രകാരം ചെയ്യുന്നതു കണ്ടാൽ അവർ ക്രിസ്തുവിന് ശപിക്കപ്പെട്ടവരാകട്ടെ" (സ്ക്രൈബ്നേർസ് നൈസീൻ ആന്റ് പോസ്റ്റ് നൈസീൻ ഫാദേർസ്, വാല്യം 14, പേജ് 148)

ഈ കല്പനയിലൂടെ ക്രിസ്ത്യാനികൾ ശനിയാഴ്ച ജോലി ചെയ്ത് ശബ്ബത്തിനെ ലംഘിക്കാൻ ആജ്ഞാപിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക.

രണ്ടര നൂറ്റാണ്ടിനുശേഷവും ക്രിസ്ത്യാനികളുടെ ഇടയിൽ ശബ്ബത്താചരണം ഉണ്ടായിരുന്നത് പാപ്പാത്വത്തെ വളരെ വിഷമിപ്പിച്ചു. എ. ഡി. 597-ൽ ഗ്രിഗറി ഒന്നാമൻ മാർപാപ്പാ സെൽറ്റിക് സഭയെ റോമിന്റെ കീഴിലാക്കാൻ അഗസ്റ്റീനിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം സന്യാസികളെ ബ്രിട്ടണിലേയ്ക്ക് അയച്ചപ്പോൾ അവിടെ ശബ്ബത്താചരിക്കുന്നവരെ കണ്ട് അവർക്ക് കോപം ജ്വലിച്ചു. റോമിലും ഈ സമയത്ത് ശബ്ബത്താചാരക്കാർ ഉണ്ടായിരുന്നു! എ. ഡി. 602-ൽ തന്റെ മരണത്തിനു രണ്ടു വർഷങ്ങൾക്കു മുൻപ് "താൻ പുറപ്പെടുവിച്ച അധികാരപത്രത്തിൽ എതിർക്രിസ്തു വരുമ്പോൾ ശനിയാഴ്ച ശബ്ബത്താചരിക്കുമെന്ന് വിളംബരം ചെയ്തു!" (വിൽക്കിൻസൺ, "ട്രൂത്ത് ട്രൈയഫന്റ്" പേജ് 195 - എപ്പിസൽസ് ഓഫ് പോപ്പ് ഗ്രിഗറി ഒന്നാമൻ)

എന്നാൽ എതിർക്രിസ്തുക്കൾ തുടർന്നുകൊണ്ടിരുന്നു. ഗ്രിഗറി മൂന്നാമൻ മാർപാപ്പാ സിംഹാസനാരൂഢനായപ്പോഴും ശബ്ബത്ത നുസരിക്കുന്ന ക്രിസ്ത്യാനികളെ യഹൂദമതാനുസാരികളെന്നു മുദ്ര കുത്തിയിരുന്നു. വാസ്തവത്തിൽ അഗസ്റ്റീന്റെ ബ്രിട്ടനിലേയ്ക്കുള്ള ദൗത്യം ഒരു തോൽവിയായിരുന്നു. "ഗ്രിഗറി മൂന്നാമൻ ജർമ്മൻ ബവേറിയ ബിഷപ്പുമാർക്കു കത്തെഴുതിപ്പറഞ്ഞത് റോമൻ വിശ്വാസ സത്യങ്ങളെ മുറുകെപ്പിടിക്കുക; 'അവർക്കിടയിലെ ബ്രിട്ടീഷുകാരുടെ കപടമതഭ്രാന്തരായ പുരോഹിതന്മാരെ സൂക്ഷിക്കുക' (നിയാണ്ടർ, "ജനറൽ ഹിസ്റ്ററി ഓഫ് ദ ക്രിസ്ത്യൻ റിലീജിയൻ ആന്റ് ചർച്ച്" വാല്യം 3, പേജ് 49, നോട്ട് 1). യഥാർത്ഥ ത്തിൽ പാത്രിയാർക്കീസ് അവിടെ ശബ്ബത്താചരണത്തിന് നല്ല ഒരു അടിസ്ഥാനം ഇട്ടിരുന്നു.

"യഹൂദീകരണം" എന്നത് യഹൂദന്മാരെപ്പറ്റി ചിത്രീകരിക്കു ന്നിടത്ത് ഒരിക്കലും ഉപയോഗിച്ചിട്ടില്ല എന്നത് ഓർമ്മിക്കുക; മറിച്ച് വിശുദ്ധ ശബ്ബത്തു ദിവസം ആചരിച്ചിരുന്ന ക്രിസ്ത്യാനി കൾക്കാണ് ഈ നാമം ഉപയോഗിച്ചിരുന്നത്; അതുപോലെ ശബ്ബ ത്തെന്ന നാമം ശനിയാഴ്ചയ്ക്കാണ് എപ്പോഴും ഉപയോഗിച്ചിരു ന്നത്.

ഇൻഡ്യയിൽ പോർട്ടുഗീസുകാരുടെ കോളനികൾ സ്ഥാപിച്ച തോടെ പോർട്ടുഗീസുകാരായ യഹൂദന്മാർ ഇൻഡ്യയിലുള്ള വ്യവ സായ സാഹചര്യങ്ങൾ മൂലം ആകർഷിക്കപ്പെട്ടുവെന്നുള്ളത് പ്രതീ ക്ഷിക്കാവുന്നതു മാത്രമാണ്. എന്നാൽ പോർട്ടുഗീസിൽ മതദ്രോഹ വിചാരണ തുടങ്ങിയപ്പോൾ യഹൂദന്മാരും "പുതുക്രിസ്ത്യാനി കളും" ഇൻഡ്യയിലേക്കു വന്നത് ഇവിടെ സുരക്ഷിതത്വവും അംഗീ കരണവും ലഭിക്കുമെന്നു കരുതിയാണ്. ഇവിടെ അവർ സ്വാഭാ വികമായി വ്യവസായത്തിൽ ഏർപ്പെടുകയും ഇവിടുത്തെ യഹൂദ ന്മാരും സെന്റ് തോമസ് ക്രിസ്ത്യാനികളുമായി ബന്ധപ്പെടുകയും ചെയ്തു. അവർക്ക് പരസ്യമായി ശബ്ബത്ത് അനുസരിക്കാൻ അവ സരം ലഭിച്ചത് ഊഹിക്കാനെയുള്ളു.

എന്നാൽ ഫ്രാൻസിസ് സേവ്യറുടെ വരവും 1560-ൽ ഇൻഡ്യ



യിൽ മതദ്രോഹ വിചാരണ ആരംഭിച്ചതും ശബ്ബത്താരാധനക്കാ രായ ഇൻഡ്യക്കാരെ അപകടത്തിലാക്കി. ഒരിക്കൽക്കൂടി മത ദ്രോഹ വിചാരണയിലൂടെ "യഹൂദമതാനുസാരികൾ" എന്ന കുറ്റം ചുമത്തലാൽ അവർ മുറിവേല്ക്കപ്പെട്ടു.

ഏതെല്ലാം കുറ്റങ്ങളിലാണ് മതദ്രോഹ വിചാരണക്കോടതി വിചാരണ ചെയ്തിരുന്നതെന്ന് ചെറുതായൊന്നു നോക്കിയാൽ യഹൂദീകരണ കുറ്റത്തിന് പ്രത്യേക പ്രാധാന്യം കൊടുത്തിരുന്നു വെന്നു കാണാം.

1812-ൽ മതദ്രോഹ വിചാരണ നിർത്തലാക്കിയതോടെ രേഖ കൾ മുഴുവനായി പോർട്ടുഗീസിലേക്ക് കൊണ്ടുപോകയോ പൂർണ്ണ മായി നശിപ്പിക്കയോ ചെയ്തുവെന്നു വിശ്വസിക്കുന്നുവെങ്കിലും നമുക്ക് ചില യാത്രാവിവരണങ്ങളിലൂടെയും, അതിന് ഇരയായി യെങ്കിലും രക്ഷപെട്ട ഒരാളിന്റെ അനുഭവ കഥയിലൂടെയും മതി യായ തെളിവുകളുണ്ട്. അദ്ദേഹം ഒരു ഫ്രഞ്ചു ഡോക്ടറായ ചാൾസ് ഡെല്ലൻ എന്നയാളാണ്.

ഇൻഡ്യയിലെ ചരിത്രകാരനായ ആനന്ദ് കെ. പ്രൈയോൽക്ക റിന്റെ പുസ്തകമായ "ദ ഗോവ ഇൻക്വിസിഷൻ" എഴുതുവാൻ ശ്രമിച്ചതിന് നന്ദി (1961, ബോംബെ) പറയുന്നതിനൊപ്പം നമുക്ക് പ്രയോജനകരമായ വസ്തുതകൾ ശേഖരിക്കുവാനും ഭാവിതല മുറയ്ക്ക് പ്രയോജനമുണ്ടാകുന്ന രീതിയിൽ സൂക്ഷിക്കാനും സാധിക്കും. നിങ്ങൾ ഈ വായിക്കുന്ന പുസ്തകത്തിന്റെ ഗ്രന്ഥ കർത്താവ് ഇൻഡ്യയിലെ ഒരു ലൈബ്രേറി സൂക്ഷിപ്പുകാരന്റെ സഹായത്താൽ പ്രൈയോൽക്കറിന്റെ പുസ്തകത്തിന്റെ ഒരു കോപ്പി കിട്ടിയതിനാൽ വളരെ ഭാഗ്യവാനെന്നു സ്വയം കരുതുന്നു.

പ്രൈയോൽക്കറെ ആരെല്ലാം തന്റെ ഗവേഷണത്തിൽ സഹാ യിച്ചുവെന്ന് പരസ്യമായി താൻ വെളിപ്പെടുത്തിയിട്ടില്ല; കാരണം "മതദ്രോഹവിചാരണ നിർത്തിയെങ്കിലും അതിന്റെ പ്രവർത്തന ങ്ങളെ നിയന്ത്രിച്ച ശക്തി ഇതുവരെയും പൂർണ്ണമായി കെട്ടടങ്ങി യിട്ടില്ല." (പ്രൈയോൽക്കർ - മുഖവുര). ചരിത്രം കാണിക്കുന്നത് പാപ്പാത്വത്തിന്റെ ലക്ഷ്യം ഒരിക്കലും മാറുകയില്ലയെന്നാണ്, അവ

ളുടെ രീതികൾ മാറിയേക്കാം; എന്നാൽ "വിശുദ്ധ മതദ്രോഹവിചാരണ"നിയന്ത്രിച്ച ശക്തി പൂർണ്ണമായും ഇല്ലെന്നായിട്ടില്ല.

"പോർട്ടുഗീസിലെ മതദ്രോഹവിചാരണപോലെ തന്നെയുള്ള രീതിയിലാണ് ഗോവയിലെയും മതദ്രോഹവിചാരണ പ്രവർത്തിച്ചതെന്ന്" പ്രൈയോൽക്കർ വ്യക്തമാക്കുന്നു. അതിന്റെ ഒരു കയ്യെഴുത്തു പ്രതി കരസ്ഥമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

ഇൻഡ്യയിലെ പശ്ചാത്തലമനുസരിച്ച് കൂടുതൽ നിയമങ്ങൾ പോർട്ടുഗീസ് നിയമങ്ങളോട് കൂട്ടിച്ചേർത്തു. ഇവയെല്ലാം വളരെ ദൈർഘ്യവും ആയാസകരവും ആയിരുന്നു. പലതും സ്വദേശികളായ ഹിന്ദുക്കളുടെ ആചാരങ്ങൾക്ക് എതിരായിരുന്നതിനാൽ അവരെ ക്രിസ്ത്യാനികളാക്കാൻ നിർബന്ധിക്കുന്ന രീതിയിലുള്ളതായിരുന്നു. ഒരു മര്യാദയുമില്ലാത്ത നിയമങ്ങൾ ഗോവയിൽ പ്രാവർത്തികമാക്കിയതിനാൽ പോർട്ടുഗീസുകാരുടെ അധികാര പരിധിയിൽ നിന്നും മറ്റു രാജ്യങ്ങളിലേയ്ക്ക് ആൾക്കാർ ഓടിമറയാൻ തുടങ്ങി. അവിടെ ശേഷിച്ചവർ സ്നാനമെടുക്കാൻ തയ്യാറാണെന്നു പറഞ്ഞു ആശ്വാസം കണ്ടെത്തിയെങ്കിലും അവരിൽ പലരും പഴയ ആചാരങ്ങൾ അനുസരിക്കുന്നുണ്ടെന്നു പറഞ്ഞ് മതഭ്രാന്തരെന്നു കുറ്റം ചുമത്തി മതദ്രോഹവിചാരണയ്ക്കുവേണ്ടി കസ്റ്റഡിയിലെടുത്തു.

ഈ പുസ്തകത്തിന്റെ ഉദ്ദേശം ഇൻഡ്യയിലെ ക്രിസ്ത്യാനികളെയും അവരുടെ ശബ്ബത്താചരണത്തെയും ബന്ധപ്പെടുത്തിയാതിനാൽ ഇൻഡ്യയിലെ മതപരമായ അനുഷ്ഠാനങ്ങൾക്കെതിരായി അഴിച്ചുവിട്ട ഭയാനകമായ പീഡനങ്ങളെയും അധിക്ഷേപങ്ങളെയും പാപ്പാത്വ മതഭ്രാന്തന്മാരുടെയും പോർട്ടുഗീസുകാരായ സ്വേചരാധിപതികളുടെയും കീഴിൽ ജനങ്ങൾ അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടിനേയും സംബന്ധിച്ച് വിവരിക്കുക സാദ്ധ്യമല്ല. അവരുടെ നാട്ടുകാരനായ എ. കെ. പ്രൈയോൽക്കർ ആ ജോലി ഭംഗിയായി ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പുസ്തകം കിട്ടാനില്ലായെങ്കിൽ ഇൻഡ്യയിലെ സ്വതന്ത്രതല്പരരായവർ അതു വീണ്ടും അടിച്ചിറക്കട്ടെ.



ഏതൊരു ക്രിസ്ത്യാനിയും നാലാം കല്പനയായ ശബ്ബത്ത് വിശുദ്ധമായി ആചരിച്ചാൽ സ്വാഭാവീകമായി റോമൻ കത്തോലിക്കാസഭ അവനെ "യഹൂദമതാനുസാരി" എന്നു മുദ്രകുത്തുമെന്നു നേരത്തേ നമ്മൾ കണ്ടു. പോർട്ടുഗീസിലെയും സ്പെയിനിലെയും മതദ്രോഹവിചാരണയിൽ യഹൂദീകരണം മതഭ്രാന്താണെന്നു കുറ്റം ചുമത്തി പരസ്യമായി വിശ്വാസികളെ വഴിവിളക്കുപോലെ കത്തിച്ചിരുന്നത് ഗോവ മതദ്രോഹവിചാരണയിലും നടത്തി.

## അദ്ധ്യായം - 6

പോർട്ടുഗീസ് രാജാവായ ഡി. ജോവോ മൂന്നാമന്റെ കൊച്ചുമകൻ ഗോവയിൽ മതദ്രോഹവിചാരണ തുടങ്ങുവാൻ സമ്മതിച്ചപ്പോൾ റോമൻ കത്തോലിക്കാ സഭയിൽ സ്നാനപ്പെട്ടു ചേർന്ന ക്രിസ്ത്യാനികളെ ഉദ്ദേശിച്ചു മാത്രമായിരുന്നു. എന്നാൽ പ്രൈയോൽക്കർ വ്യക്തമാക്കിയിരിക്കുന്നത് ഈ നിയമം "അദ്ദേഹത്തിന്റെ മരണത്തോടെ അവഗണിക്കപ്പെട്ടു; മറ്റുള്ള മതഭ്രാന്തരെയും അവർ വെറുതെ വിട്ടില്ല" ("ദ ഗോവ ഇൻക്വിസിഷൻ" 187-ാം പുറം)

ഒരു പക്ഷെ ആദ്യ നിയമത്തിൽ നിന്നും മാറുവാൻ കാരണമായത് ഗോവയിലുള്ള പോർട്ടുഗീസ് ക്രിസ്ത്യാനികൾ സ്വദേശികളായ ഹിന്ദുമതക്കാരുടെ ആചാരങ്ങൾ ദത്തെടുത്തതിനാലായിരിക്കും. വാസ്തവത്തിൽ ഗോവയിലെ ഹിന്ദുക്കൾ അവിടെയുള്ള ക്രിസ്ത്യാനികൾക്ക് ഒരു തെറ്റായ മാതൃകയായിരുന്നു. ആയതിനാൽ അവരെ ഏതുവിധേനയും ക്രിസ്ത്യാനീകരിക്കുകയോ നീക്കം ചെയ്യുകയോ അനിവാര്യമായി വന്നു. 1567-ൽ ഒരു നിയമം പ്രഖ്യാപിക്കപ്പെട്ടു. "ഗോവ പട്ടണത്തിലും മറ്റു ചില പട്ടണങ്ങളിലുമുള്ളവരായ ഹിന്ദുക്കൾ ക്രിസ്തീയ വിശ്വാസസത്യങ്ങൾ അതിനായി നിയമിക്കപ്പെട്ട പുരോഹിതൻ പഠിപ്പിക്കുന്നത് വന്നു പഠിക്കണമെന്നു നിർബന്ധിക്കപ്പെട്ടു." (കുൻഹാ റിവേരാ, ഒപി. സിഐറ്റി. എഫ് എ എസ്സി IV 68, 69 പേജ്)

രസകരമെന്നു പറയട്ടെ, ഗോവയിലെ മുസ്ലീംങ്ങളുടെ മതപരിവർത്തന ബന്ധത്തിൽ ഒരു നിയമവും അവർ ഉണ്ടാക്കാഞ്ഞത് ഹൃദയ ശൂന്യരായ പോർട്ടുഗീസുകാർ പകർച്ചവ്യാധികൾ ബാധിച്ചവരെന്നു പറഞ്ഞ് അവരെ ഉന്മൂലനാശം വരുത്തിയതിനാലാണ്.

സെന്റ് തോമസ്സ് ക്രിസ്ത്യാനികൾ റോമൻ കത്തോലിക്കാ സഭയിൽ സ്നാനപ്പെട്ടു ചേർന്നില്ലെന്നു പറഞ്ഞ് അവർക്കെതിരായും നിയമങ്ങൾ ഉണ്ടാക്കിയതായി കാണുന്നില്ല; കാരണം അവർ നിയമപരമായി മതദ്രോഹവിചാരണയുടെ അധികാരപരിധിക്കപ്പുറമായിരുന്നു. അവരുടെ പല ആചാരങ്ങളെയും യഹൂദീകരണമെന്ന



രീതിയിൽ കത്തോലിക്കർ കണ്ടുവെങ്കിലും മതദ്രോഹവിചാരണക്കാർക്ക് ഗോവയിൽ നിന്നും വളരെ അകലെയായി വ്യാപിച്ചുകിടക്കുന്ന ഈ കൂട്ടരിൽ അവരുടെ ആഗ്രഹങ്ങൾ അടിച്ചേൽപ്പിക്കുക അത്ര എളുപ്പമല്ലായിരുന്നു.

ഒരു പ്രത്യേക കാര്യം കൂടി കണക്കിടേണ്ടിയിരിക്കുന്നു. ഇൻഡ്യയിലെ ചില ഭാഗങ്ങളിൽ സെന്റ് തോമസ്സ് ക്രിസ്ത്യാനികൾ അതിശയകരമായി രാഷ്ട്രീയത്തിൽ ഏർപ്പെട്ടിരുന്നതായി കാണപ്പെട്ടു. പല നൂറ്റാണ്ടുകളായി അപരിചിതമായ ചുറ്റുപാടുകളിൽ അവർ ജീവിച്ചുവെങ്കിലും ഭരണാധികാരികളായ രാജാക്കന്മാരുടെ ഇഷ്ടത്തിനൊത്ത് എന്നും ജീവിക്കാൻ അവർക്കു സാധിച്ചില്ല. അതനുസരിച്ച് നൂറ്റാണ്ടുകളായി അവർ ഒരു വലിയ സൈന്യത്തെ സംഘടിപ്പിച്ചുകൊണ്ടിരുന്നു. ചരിത്രകാരന്മാരായ മാത്യുവും തോമസ്സും പോർട്ടുഗീസ് ചരിത്രകാരനായ ഗോവിയ എഴുതിയ കാര്യം ഉദ്ധരിച്ചിരിക്കുന്നു: "ക്രിസ്ത്യാനികൾ കൊച്ചിയിലെ രാജാവിന് 50,000 തോക്കുധാരികളായ പട്ടാളക്കാരെ കൊടുത്തു." (ദ ഇൻഡ്യൻ ചർച്ച്സ് ഓഫ് സെന്റ് തോമസ്, പേജ് 26).

ആയതിനാൽ സെന്റ് തോമസ്സ് ക്രിസ്ത്യാനികളെ പ്രത്യേകിച്ച് രാജ്യത്തിന്റെ ഈ ഭാഗത്തുള്ളവരെ, ഒരു കാരണവശാലും കത്തോലിക്കർക്കു നിർബന്ധിക്കാവുന്ന പരിതസ്ഥിതിയിലല്ലായിരുന്നു; കാരണം കൊച്ചിയിലെ രാജാവു തന്നെ അവർക്കു കടപ്പെട്ടിരുന്നുവെന്നു വ്യക്തം. ആയതിനാൽ പോർട്ടുഗീസുകാർക്ക് ഇവിടെയുള്ളവരെ മതഭ്രാന്തരെന്നു മുദ്രകുത്തി ഗോവയിലെ മതദ്രോഹവിചാരണയ്ക്കു കൊണ്ടുപോകുക അത്ര എളുപ്പമല്ലായിരുന്നു.

ഉദാഹരണമായി പോർട്ടുഗീസ് ജസ്യൂട്ട് നേതാവായ ഡി ഓർസി ബി. ഡി. പറയുന്നത് ചില മലമുകളിൽ താമസ്സിക്കുന്ന ക്രിസ്ത്യാനികൾ അവർക്കു ബുദ്ധിമുട്ടുണ്ടാക്കിയ ജസ്യൂട്ടുകളെ അവരുടെ സ്ഥലങ്ങളിൽ നിന്നും ഓടിച്ചു; ഇത് നടക്കുന്നത് മതദ്രോഹവിചാരണ തുടങ്ങിയിട്ട് ഏതാണ്ട് 40 വർഷത്തിന് ശേഷമാണ്. ("പോർട്ടുഗീസ് ഡിസ്ക്കവറീസ്, ഡിപ്പെൻഡൻസീസ് ആന്റ് മിഷൻസ് ഇൻ ഏഷ്യ ആന്റ് ആഫ്രിക്ക" പേജ് 190)

ജസ്യൂട്ടുകൾക്കെതിരായുള്ള ഈ പൊട്ടിത്തെറിക്കൽ ക്രിസ്ത്യാ

നികളുടെ ഇടയിൽ ഒരു ഉണർവ്വുണ്ടാക്കിയെന്നു വ്യക്തം. കുരുമുളകിന്റെ കയറ്റുമതി കൊച്ചിയിലുള്ള പോർട്ടുഗീസുകാർക്കു കുത്തകയാകത്തക്ക രീതിയിൽ അവർ കൊടുത്തത് ഒരു കബളിപ്പിക്കലായി. അങ്ങനെ പണ്ട് ഈ വ്യാപാരം ചെയ്തിരുന്ന മുസ്ലീങ്ങൾ വലിയ നഷ്ടത്തിലായി. ഇപ്പോൾ ഹിന്ദു രാജാക്കന്മാരും പോർട്ടുഗീസുകാരുമായി ചേർന്ന് കച്ചവടം ചെയ്തു. അപ്രകാരം ക്രിസ്തീയ കുരുമുളകു വ്യാപാരികൾ പണക്കാരായി.

ഈ അവസരത്തിൽ പോർട്ടുഗീസുകാർ ഇൻഡ്യയിലെ ക്രിസ്ത്യാനികളും പേർഷ്യയും സിറിയയുമായുള്ള ബന്ധം വിച്ഛേദിച്ച് മാർപാപ്പായെ അവരുടെ പാത്രിയർക്കീസായി അംഗീകരിക്കുവാൻ സമ്മർദ്ദം ചെലുത്തി. ഇത് അവരെ ഒരു വല്ലാത്ത സ്ഥിതിയിലാക്കി. പോർട്ടുഗീസുകാരെ പിണക്കി കുരുമുളകു വ്യാപാരം നിന്നുപോകാൻ അവരുടെ മനസ്സ് അനുവദിച്ചില്ല. ക്രമേണ കത്തോലിക്കാ പുരോഹിതർ സുറിയാനി സഭകളിൽ കത്തോലിക്കരുടെ രീതിയിൽ ആരാധന നടത്തുവാൻ തുടങ്ങി.

മാത്യുവും തോമസ്സും വെളിപ്പെടുത്തിയിരിക്കുന്നത്, മാർ യാക്കോബ് എന്ന ഒരു സുറിയാനി ബിഷപ്പിനെ പോർട്ടുഗീസ് രാജാവ് വിലകൊടുത്തു "വാങ്ങിയതുപോലെ" പതിവായി "ശമ്പളം കൊടുത്തുകൊണ്ടിരുന്നു." ("ദ ഇൻഡ്യൻ ചർച്ചസ് ഓഫ് തോമസ്സ്" പേജ് 27)

പേർഷ്യയിലെ സുറിയാനി ക്രിസ്ത്യാനികളുമായി റോമൻ കത്തോലിക്കാ സഭയ്ക്ക് അഭേദ്യമായ ബന്ധമുണ്ടായിരുന്നതിനാൽ ഇൻഡ്യയിലെ ആശ്രിത സഭകൾക്ക് വളരെ ആശയക്കുഴപ്പങ്ങളുണ്ടായി. അവരുടെ ഒരു പാത്രിയർക്കീസായിരുന്ന ബാഗ്ദാദുകാരനായ ജോൺ സൂയിദ് സുലഗാ, പോപ്പിന് കീഴടങ്ങിയതിനാൽ അദ്ദേഹത്തെ കൽദയാ സഭയുടെ പാത്രിയർക്കീസായി നിയമിച്ചു. അതുകൊണ്ട് ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികൾ പോർട്ടുഗീസ് കത്തോലിക്കരുടെ ഭരണത്തിൻ കീഴിൽ വരണമെന്ന് റോം തീരുമാനിച്ചു. എന്നാൽ ഈ പാത്രിയർക്കീസിന് അധികം താമസിക്കാതെ തന്നെ തന്റെ അവിശ്വസ്തതയുടെ വില



കൊടുക്കേണ്ടതായി വന്നു. 1555-ൽ അദ്ദേഹം വധിക്കപ്പെട്ടു അദ്ദേഹത്തിന് പകരമായി മാർ അബ്ദീസോ ഇൻഡ്യയിലുള്ള സുറിയാനി സഭയുടെ പാത്രിയർക്കാ തലവനായി അവകാശപ്പെട്ടു.

ഇൻഡ്യയിലേയ്ക്ക് ബിഷപ്പുമാരെ പേർഷ്യയിൽ നിന്നും റോമിൽ നിന്നും നിയമിച്ചതിനാൽ വലിയ ആശയക്കുഴപ്പം ഇവിടെയുണ്ടായി. മലബാർ തീരത്തേയ്ക്ക് പേർഷ്യയിൽ നിന്ന് നിയമിക്കപ്പെട്ട മാർ ഔസേപ്പിനെ തന്റെ വരവിൽത്തന്നെ ഗോവയിൽവെച്ച് തടഞ്ഞുവെങ്കിലും പിന്നീട് പോകാൻ അനുവദിച്ചു. അതിന്റെ കാരണം പിന്നീട് വ്യക്തമായി. അദ്ദേഹം ശത്രുപക്ഷം ചേരാൻ സമ്മതിച്ചുവെന്നു തോന്നുമാറ് വേഗം തന്നെ റോമൻ കത്തോലിക്കാസഭയുടെ ആചാരങ്ങളായ കുമ്പസാരം, ഏറ്റുപറച്ചിൽ, തൈലാഭിഷേകം ഇവ തന്റെ സഭയിൽ നടപ്പിലാക്കി. (ഇബിഡ്)

അദ്ദേഹത്തിന്റെ സഭാവിശ്വാസികൾ അദ്ദേഹത്തെ പുച്ഛിച്ചു തള്ളിയത് തനിക്ക് അസഹനീയമായിരുന്നു. ഈ ആശയക്കുഴപ്പത്തെ സഭയിൽ നിന്നും ഇല്ലെന്നാക്കി പഴയ വിശ്വാസത്തിലേക്ക് സഭയെ മടക്കിക്കൊണ്ടുവരാൻ അദ്ദേഹം ശ്രമിച്ചതിനാൽ ജസ്യൂട്ടുകൾ അദ്ദേഹത്തെ ഗോവയിലേക്ക് കെട്ടുകെട്ടി; അവിടെ നിന്നും ലിസ്ബോണിലേയ്ക്കും വിസ്മൃതിയിലേയ്ക്കും മാറ്റപ്പെട്ടു.

ഈ പ്രശ്നങ്ങളുടെ നടുവിൽ ജസ്യൂട്ടുകൾ അവരുടെ കാപട്യപ്രവർത്തനങ്ങൾകൊണ്ട് സഭയിൽ അട്ടിമറി നടത്തി. സെന്റ് തോമസ്സ് ക്രിസ്ത്യാനികളായ യുവാക്കളെ സിറിയയുടെ ഭാഷയിലും രീതിയിലും പഠിപ്പിച്ചുവെങ്കിലും പാപ്പാത്വ ശുശ്രൂഷകരായി മാറ്റിക്കൊണ്ടിരുന്നു. വിൽക്കിൻസൺ പറയുന്നു:

"കൊച്ചിയുടെ അടുത്തുള്ള വൈപ്പിക്കോട്ടായിൽ സ്ഥാപിച്ച ജസ്യൂട്ട് കോളേജിൽ സുറിയാനി ഭാഷ ആരംഭിച്ചു. സെന്റ് തോമസ്സ് ക്രിസ്ത്യാനികളായ യുവാക്കളെ സിറിയായുടെ വസ്ത്രം ഉപയോഗിക്കാൻ അനുവദിച്ചു. ഈ യുവാക്കളെ പാപ്പാത്വ പാരമ്പര്യ ഉപദേശങ്ങളാലും ആചാരങ്ങളാലും നിറച്ചു. എന്നാൽ അദ്ധ്യാപകർ ധാരാളം സുറിയാനി ക്രിസ്ത്യാനി യുവാക്കളെ പരിശീലിപ്പിച്ചു കഴിഞ്ഞപ്പോൾ അസിറിയ സഭ ഇവരെ വൈദീകരായി

അംഗീകരിച്ചില്ല" ("ട്രൂത്ത് ട്രൈംഫന്റ്" പേജ് 321)

ജസ്യൂട്ടുകളുടെ കാപഠ്യം നിറഞ്ഞ പദ്ധതിയിൽ വീഴ്ചവന്ന പ്പോൾ അവർ നേതാക്കന്മാരിലേയ്ക്ക് തിരിഞ്ഞു. മുഖസ്തുതി പറഞ്ഞ് വശീകരിക്കാൻ നോക്കി. അതിനുശേഷം ഭീഷണിപ്പെടു ത്തി. വിൽക്കിൻസൺ നമ്മോടു പറയുന്നത്:

"ഇൻഡ്യയിലെ നേതാക്കന്മാർക്കു ചുറ്റും ജസ്യൂട്ടുകൾ ചാര ന്മാരെ ആക്കി. ഗോവയിലെ മതദ്രോഹവിചാരണയുടെ ഭീകര സംഭവങ്ങൾ പറഞ്ഞ് അവരെ ഭീഷണപ്പെടുത്തി." (ഇബിഡ്, പേജ് 321)

ഈ രാഷ്ട്രീയ ഗൂഢാലോചനയുടെ സംഭവങ്ങൾ ഇത്രയും വെളിപ്പെടുത്തിയെങ്കിലും ഇതൊന്നും ശബ്ബത്തിനെ സംബന്ധി ച്ചുള്ള തർക്കം ആയിരുന്നില്ല. ഈ സമയമായപ്പേഴേയ്ക്കും സഭ ശബ്ബത്താരാധന ഉപേക്ഷിച്ചിരുന്നോ ഇല്ലയോ? ബിഷപ്പുമാർ രാഷ്ട്രീയ താല്പര്യം ഉപേക്ഷിക്കുവാൻ തല്പരരായിരുന്നു വെന്നും റോമൻ കത്തോലിക്കാ വിശ്വാസങ്ങൾ സെന്റ് തോമസ്സ് സഭകളിൽ ആചരിക്കാൻ തുടങ്ങിയെന്നും നമ്മൾ നേരത്തെ കണ്ടിരുന്നല്ലോ. എന്നാലും ആരാധനാ ദിവസത്തിന്റെ കാര്യ ത്തിൽ തർക്കമുണ്ടായിരുന്നതായി കാണപ്പെടുന്നില്ല. വാസ്തവ ത്തിൽ സുറിയാനി സഭകളിൽ പ്രവേശിച്ച കത്തോലിക്കാ പുരോ ഹിതന്മാർ അവർ പരിചയിച്ചിരുന്ന ദിവസത്തിൽ ആരാധിച്ചു- ഞായറാഴ്ച. ഇതിന്റെ പ്രാധാന ഉദ്ദേശമെന്തെന്നാൽ ഈ വിശ്വാ സികളെ സെന്റ് തോമസ്സ് ക്രിസ്ത്യാനികളായി അറിയാതെ സിറി യൻ ക്രിസ്ത്യാനികളായി മാത്രമെ അറിയാവൂ എന്നതായിരുന്നു. റോമിന്റെ സ്വാധീനം പേർഷ്യയിലുള്ള സുറിയാനി സഭയുടെ ആസ്ഥാനത്ത് ചെലുത്തിയതായി നേരത്തെ വായിച്ചത് ഓർക്കു ന്നുണ്ടായിരിക്കുമല്ലോ.

എന്നാൽ ഇൻഡ്യയിലെ ക്രിസ്ത്യാനികളുടെ സ്വഭാവങ്ങൾ പലഭാഗത്തും പല രീതിയിലായിരുന്നു. അന്നത്തെ കാലത്ത് യാത്ര അത്ര സുഗമമല്ലായിരുന്നതിനാൽ ഇൻഡ്യയിൽ ചിന്നിച്ചി തറിക്കിടക്കുന്ന ക്രിസ്ത്യാനികളിൽ ഒറ്റപ്പെട്ടുള്ള ജീവിതശൈലി കൾ ആയിരുന്നു. ഇൻഡ്യയിൽ ചുറ്റിക്കറങ്ങിയ നിക്കോളോ ഡി



കോണ്ടി വെളിപ്പെടുത്തിയത് നെസ്തോറിയ വിഭാഗക്കാർ (സുറിയാനി, യാക്കോബായ, അർമീനിയ ക്രിസ്തീയ സഭകളെ ഒന്നിച്ച് പറയാൻ സാധാരണ ഉപയോഗിച്ചിരുന്ന ഒരു വാക്ക്) "യഹൂ ദന്മാർ നമ്മുടെ ഇടയിൽ എങ്ങനെ ചിന്നിച്ചിതറി കിടക്കുന്നുവോ അതുപോലെ ഇൻഡ്യ മുഴുവനും ചിന്നിച്ചിതറിക്കിടക്കുന്നു" (മേജർ -"ഇൻഡ്യ ഇൻ ദ ഫിഫ്റ്റീൻത് സെഞ്ചുറി" ട്രാവൽസ് ഓഫ് നിക്കോ ളാസ് കോണ്ടി, പേജ് 7)

വാസ്തവത്തിൽ ഉൾനാടുകളിൽ താമസിച്ചിരുന്ന ക്രിസ്ത്യാ നികൾ വ്യവസായ കേന്ദ്രങ്ങളിൽ താമസ്സിച്ചിരുന്നവരെപ്പോലെ ഞായറാഴ്ച ആചരിച്ചിരുന്നില്ല.

'ഉൾനാടൻ രൂപതകളിൽ അതുപോലെ തെക്കോട്ടും വടക്കോ ട്ടുമുള്ള ഗ്രാമങ്ങളിൽ താമസ്സിച്ചിരുന്ന ക്രിസ്ത്യാനികൾ ഞായ റാഴ്ചയും വിശുദ്ധ ദിനങ്ങളിലും പ്രത്യേകിച്ച് സന്ധ്യകളിൽ ജോലിയും കച്ചവടവും നടത്തി തെറ്റു ചെയ്തിരുന്നു." (റീ—"ദ സിറിയൻ ചർച്ച് ഇൻ ഇൻഡ്യ" പേജ് 238)

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന ഉദ്ധരണികൊണ്ടു മാത്രം ഈ ക്രിസ്ത്യാനികൾ വേദപുസ്തക ശബ്ബത്തു ദിവസം ആരാധിച്ചി രുന്നുവെന്നു തെളിയുന്നില്ലായെന്നത് ശരി തന്നെ. എന്നാൽ നേരത്തെ കൊടുത്തിരുന്ന തെളിവുകൾ വെച്ചു നോക്കുമ്പോഴും താഴെക്കൊടുക്കുന്ന അതിനുശേഷമുള്ള ഒരു കാലത്തെ ഉദ്ധര ണിവെച്ചു നോക്കുമ്പോഴും അവർക്ക് അവരുടെ സഭകളുടെ പഴയ ശബ്ബത്തു വിശ്വാസത്തോട് വിശ്വസ്തതയുണ്ടായിരുന്നുവെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. സാമുവേൽ പർച്ചാസ് എന്ന പതി നേഴാം നൂറ്റാണ്ടിലെ ഭൂഗോള ശാസ്ത്രജ്ഞൻ ഇൻഡ്യയിലെ പൗര സ്ത്യസഭയുടെ ഒരു ഭാഗമായ യാക്കോബായ സഭയെക്കുറിച്ച് സംസാരിച്ച ഭാഗം ഉദ്ധരിക്കട്ടെ.

"അവർ ശനിയാഴ്ച വിശുദ്ധമായി വെക്കുന്നു; ശനിയാഴ്ചത്തെ ഉപവാസം നിയമപരമെന്ന് അംഗീകരിക്കുന്നില്ല; എന്നാൽ ഈസ്റ്റർ ശനിയാഴ്ചകളിൽ അവർക്ക് ആരാധനയുണ്ട്; മാംസം കഴിക്കു കയും യഹൂദന്മാരെപ്പോലെ ആഘോഷിക്കുകയും ചെയ്യുന്നു."

("പിൽഗ്രിംസ്" പാർട്ട് 2, ബുക്ക് 8; ചാപ്റ്റർ 6, പേജ് 1269 (1625) – കോട്ടട് ബൈ എഡ്വേർഡ്സൺ ഇൻ "ഫാക്റ്റ്സ് ഓഫ് ഫെയിത്ത്" പേജ് 154)

ഇവിടെ പർച്ചാസ് ഉപയോഗിച്ചിരിക്കുന്നതു വർത്തമാനകാലമാണെന്നുള്ളതു ശ്രദ്ധിക്കുക. ആയതിനാൽ ഗോവ മതദ്രോഹ വിചാരണ അതിന്റെ മൂർദ്ധന്യാവസ്ഥയിൽ ആയിരുന്നപ്പോഴും ഈ യാക്കോബായക്കാർ, റോമൻ കത്തോലിക്കാസഭയുടെ ആഹ്വാനമായ ശനിയാഴ്ചത്തെ ഉപവാസത്തെ ധൈര്യത്തോടെ എതൃക്കുന്നതു കാണാം. ശനിയാഴ്ച അവരുടെ വിശുദ്ധ ആരാധനയുടെ ദിവസവും ആയിരുന്നു.

ബ്രിട്ടീഷുകാർ ഇൻഡ്യയിൽ എത്തിയതിനു ശേഷമുള്ള കാലഘട്ടത്തിൽ ക്ലോഡിയസ് ബുച്ച്നാൻ എന്ന 19-ാം നൂറ്റാണ്ടിൽ ക്രിസ്തീയ ഗവേഷണം നടത്തിയ വ്യക്തി ഹിന്ദുസ്ഥാനിലെ അർമീനിയൻ എന്ന പൗരസ്ത്യ സഭയിലെ ഒരു വിഭാഗത്തെക്കുറിച്ച് വെളിപ്പെടുത്തുന്ന കാര്യം വളരെ അതിശയിപ്പിക്കുന്നതാണ്:

"അവർ വേദപുസ്തകത്തെ അതിന്റെ പരിശുദ്ധിയിൽ കാത്തു; അവരുടെ വിശ്വാസാചാരങ്ങൾ, ഈ എഴുത്തുകാരൻ അറിഞ്ഞിടത്തോളം, വേദപുസ്തക സത്യങ്ങൾ ആയിരുന്നു. കൂടാതെ അവർ ക്രിസ്തീയ ആരാധന ഈ സാമ്രാജ്യം മുഴുവൻ നടത്തിക്കൊണ്ടിരുന്നത് ഏഴാം ദിനത്തിലാണ്." ("ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ" പേജ് 266, 1812)

ഈ ഞെട്ടിക്കുന്ന വൃത്താന്തത്തിന്റെ അർത്ഥത്തെയും അതിന്റെ പരിണിത ഫലങ്ങളെയു കുറിച്ച് പിന്നീട് നമുക്ക് ചർച്ച ചെയ്യാം. ഇപ്പോൾ ഇൻഡ്യയിലെ ശബ്ബത്താരാധനയുടെ തിരോധാനരഹസ്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് വളരെ ഉചിതമായിരിക്കും. ഇത് എങ്ങനെ സംഭവിച്ചുവെന്ന് കുറച്ചുകൂടി വിശാലമായ രീതിയിൽ കാണുകയും തന്റെ സ്വന്തമെന്ന് അവകാശപ്പെട്ടിരുന്ന നമ്മുടെ നാഥന്റെ ഈ പ്രത്യേക ദിവസത്തെ ക്രിസ്തീയ വിഭാഗങ്ങളിൽ എങ്ങനെ മലിനീകരിച്ചുവെന്ന് മനസ്സിലാക്കുകയും ചെയ്യാം. "ആയതിനാൽ മനുഷ്യപുത്രൻ ശബ്ബത്തിന്റെയും കർത്താവാകുന്നു." (മർക്കോസ് 2:28)



## അദ്ധ്യായം – 7

ഇൻഡ്യയിലെ ക്രിസ്തുമതത്തെക്കുറിച്ചുള്ള ആധുനിക പുസ്തകങ്ങൾ വായിക്കുകയോ ഇൻഡ്യയിലെ പുരോഹിതന്മാരോടു സംസാരിക്കുകയോ ചെയ്യുമ്പോൾ ശബ്ബത്താരാധനയുടെ ചരിത്രത്തെക്കുറിച്ചുള്ള അവരുടെ അജ്ഞത വളരെ വ്യക്തമായി നമുക്കറിയാൻ സാധിക്കും. എങ്ങനെയാണ്, എന്തുകൊണ്ടാണ് ഈ കർത്തവ്യവിലോപം വന്നത്?

നമ്മൾ ഉടനെതന്നെ കാണാനിരിക്കുന്നതുപോലെ, ഈ തിരോധാനചരിത്രം റോമൻ കത്തോലിക്കാസഭ മനപൂർവ്വവും അനിയന്ത്രിതവുമായി സുറിയാനി സാഹിത്യത്തെ നശിപ്പിച്ചതിനാലാണ് ഉണ്ടായതെന്ന് പ്രധാന കാരണമായി മനസ്സിലാക്കാം. അങ്ങനെ ചെയ്യുന്നതിനാൽ അവളുടെ ഓരോ ചെയ്തികളെയും മൂടുകയെന്ന റോമിന്റെ സ്വഭാവത്തെയാണ് കാണിക്കുന്നത്; അത് ഏവർക്കും മനസ്സിലാക്കാൻ വളരെ ലളിതവുമാണ്. ഉദാഹരണമായി മാത്യുവും തോമസ്സും തങ്ങളുടെ "ദ ഇൻഡ്യൻ ചർച്ചസ് ഓഫ് സെന്റ് തേമസ്സ്" എന്ന പുസ്തകത്തിൽ 121-ാം പുറത്തിൽ കാണുന്ന കുറിപ്പിൽ പഴയ പേർഷ്യ (ഇപ്പോഴത്തെ ഇറാക്ക്)യിൽ റോമാക്കാരുടെ സ്വഭാവം എന്തായിരുന്നുവെന്നു വിവരിച്ചിരിക്കുന്നതു കാണാം:

"മോസുലന്റെ വിശാലമായ ലൈബ്രറികളിൽ ആയിരക്കണക്കിനു വാല്യങ്ങളുള്ള പുസ്തകങ്ങൾ ബാസ്ക്കറ്റുകളിൽ നിറച്ച് ടൈഗ്രീസിൽ കൊണ്ടുവന്ന് നദിയിൽ എറിഞ്ഞു." (ബാഡ്ജർ, വാല്യം 2, പേജ് 1)

റോമാക്കാർ ക്രിസ്തീയ ശബ്ബത്താചാരത്തിന്റെ ചരിത്രം അംഗീകരിച്ചാൽ സിറിയൻ ക്രിസ്ത്യാനികളും തോമസ്സ് അപ്പോസ്തോലനും റോമൻ കത്തോലിക്കാ പാരമ്പര്യങ്ങളോടു യോജിച്ചിരുന്നില്ലായെന്നു സമ്മതിക്കേണ്ടിവരും. മറ്റൊരു കാര്യമുള്ളത് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും പ്രാധാന്യമർഹിക്കുന്നത്

തന്നെ. പത്തു കല്പനയുടെ ഒരു ഭാഗമായ ശബ്ബത്ത് ക്രിസ്ത്യാനികൾക്ക് ബാധകമാണെന്ന് പ്രൊട്ടസ്റ്റന്റു ലോകം പൊതുവെ അംഗീകരിക്കുന്നില്ല; അതുപോലെ ശബ്ബത്തിന്റെ വിശുദ്ധി ഞായറാഴ്ചയിലേക്ക് അവർ മാറ്റിയെന്നുള്ള റോമിന്റെ വാദത്തെ അംഗീകരിക്കാനും പ്രൊട്ടസ്റ്റന്റുകാർ ആഗ്രഹിക്കുന്നില്ല. മറ്റൊരർത്ഥത്തിൽ പ്രൊട്ടസ്റ്റന്റുകാർ സമയത്തെയും കാലത്തെയും മാറ്റുന്ന ശക്തിയോട് പൂർണ്ണമായി എതൃക്കുന്നുവെന്നു കാണിക്കാൻ ആഗ്രഹിക്കുന്നില്ല. (ദാനിയേൽ 7:25). റോമൻ കത്തോലിക്കാ സഭയിൽ നിന്നും സ്വതന്ത്ര്യരായി നിൽക്കുന്ന ഇപ്പോഴത്തെ സുറിയാനി സഭകൾപോലും ഈ ചിന്താഗതിയിൽ നിന്ന് വിഭിന്നരല്ല.

ഇങ്ങനെ ക്രിസ്തീയ വിശ്വാസത്തിലുള്ള ഒരു പൊരുത്തമില്ലായ്മ റോമൻ കത്തോലിക്കർ അംഗീകരിക്കുന്നുണ്ടെങ്കിലും അവർ അത് പ്രൊട്ടസ്റ്റന്റു വിശ്വാസികളുടെ ഇടയിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്നു.

“യേശുക്രിസ്തുവിന്റെ ഉയർപ്പിന്റെ ഓർമ്മയ്ക്കായി, ക്രിസ്തു നൽകിയ അധികാരത്തിൽ, കത്തോലിക്കാസഭ സ്വസ്ഥതയുടെ ദിവസം ഞായറാഴ്ചയിലേക്ക് മാറ്റി. അങ്ങനെ പ്രൊട്ടസ്റ്റന്റുകാരുടെ ഞായറാഴ്ചയാരാധന അവർ പ്രൊട്ടസ്റ്റന്റുകാരാണെങ്കിലും കത്തോലിക്കാധികാരത്തോട് കാണിക്കുന്ന ആദരവാണ്.” (പ്ലെയിൻ ടോക്ക് എബൗട്ട് ദ പ്രൊട്ടസ്റ്റന്റനിസം ഓഫ് ടുഡെ” മോൺ സേഗർ 213-ാം പേജ് (1868). ഇപ്രിമേറ്റർ, ജൊഹാൻസ് ജേസഫസ്)

പ്രൊട്ടസ്റ്റന്റു വിശ്വാസ പടച്ചട്ടയിലെ ഈ വലിയ ബലഹീനത, നവീകരണക്കാരാകേണ്ടവരെ, റോമിന്റെ അടിച്ചേൽപിക്കലിനു വിധേയരായവർ എന്ന് വെളിവാക്കുന്നു. “വേദപുസ്തകം, വേദപുസ്തകം മാത്രം” എന്ന പടച്ചട്ടയിൽ ആത്മീയവാളുമായി എതിർക്രിസ്തുവിനോട് യുദ്ധം ചെയ്യാനിറങ്ങിയവരെന്ന് അവർ അവകാശപ്പെടുന്നെങ്കിലും, വേദപുസ്തകത്തിലൊരിടത്തും ഞായറാഴ്ചയാചാരത്തെ ന്യായീകരിക്കുന്ന ഒരു തെളിവുമില്ല. പുറജാതികളായ വിഗ്രഹാരാധനക്കാരുടെ സൂര്യന്റെ ദിവസത്തെ മാനിച്ച്,



ദൈവസൃഷ്ടിപ്പിന്റെ ഓർമ്മദിവസത്തെ അനുസരിക്കുവാൻ തിരസ്ക്കരിക്കുന്നതിനാൽ റോമൻ കത്തോലിക്കരുടെ പാരമ്പര്യത്തിന് തിരുവചനത്തെക്കാൾ അധികാരമുണ്ടെന്ന് അവർ അംഗീകരിക്കുന്നു. ട്രെന്റിൽ നടന്ന സുന്നഹദോസ് പ്രൊട്ടസ്റ്റന്റ് വിശ്വാസികളുടെ മേൽ വിജയം നേടി.

“ട്രൂത്ത് ട്രൈംഫന്റ്” എന്ന പുസ്തകത്തിന്റെ 318-ാം പുറത്തിൽ വിൽക്കിൻസൺ എഴുതുന്നു. അദ്ദേഹം പല്ലവിസിനി പറഞ്ഞത് ഉദ്ധരിക്കുന്നു.

“പല്ലവിസിനിയുടെ അഭിപ്രായത്തിൽ, മാർപാപ്പായ്ക്കുവേണ്ടി വാദിച്ച സുന്നഹദോസിൽ (ട്രെൻന്റിലെ) ആർച്ചുബിഷപ്പു പറഞ്ഞു ന്യായപ്രമാണം മാറ്റുവാൻ സഭയ്ക്ക് (പാപ്പാത്വത്തിന്)അധികാരമുണ്ടെന്നുള്ളതിന്റെ തെളിവാണ്, അല്ലാതെ കർത്താവിന്റെ പ്രസംഗത്താലല്ല, ശബ്ബത്ത് ശനിയാഴ്ചയിൽ നിന്ന് ഞായറാഴ്ചയിലേയ്ക്ക് മാറ്റിയത്” (പല്ലവസിനി “ഹിസ്റ്റോറിക് ഡു കൗൺസിൽ ഡി ട്രെൻന്റ്” വാല്യം 2, പേജ് 1031, 1032)

അനേകം പ്രൊട്ടസ്റ്റന്റു പുരോഹിതന്മാർ, തങ്ങൾ വിഗ്രഹാരാധനക്കാരുടെ അവധിദിവസമാണ് ശബ്ബത്തുദിനമായി എടുത്തതെന്ന് പരിഭ്രമത്തോടെ സമ്മതിക്കുന്നു. എന്നാൽ ഡോക്ടർ ഹിസ്കോക്സ് പോലെയുള്ളവർ അവരുടെ മനസ്സാക്ഷിയെ അടിച്ചമർത്തുന്നത് ഐക്യതയ്ക്കുവേണ്ടിയുള്ള അവരുടെ താല്പര്യം കൊണ്ടു മാത്രമാണ്.

“ക്രിസ്തീയ ചരിത്രത്തിലേയ്ക്ക് തീർച്ചയായും ഞായറാഴ്ച ഒരു മതദിവസമായി കടന്നുവന്നതാണെന്ന് ക്രിസ്തീയ പിതാക്കന്മാരുടെ (റോമൻ കത്തോലിക്കാ പുരോഹിതരുടെ) ചരിത്രത്തിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും എനിക്ക് നല്ലതുപോലെ അറിയാം. എന്നാൽ എന്തൊരു ദയനീയതയെന്നു നോക്കുക - അത് പുറജാതികളായ വിഗ്രഹാരാധകരുടെ ചിഹ്നമായും സൂര്യദേവന്റെ പേരിൽ ക്രിസ്തീകരിച്ചതായും പാപ്പാത്വമതഭ്രംശത്താൽ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തതായും വിശുദ്ധ പാരമ്പര്യ സ്വത്തായി പ്രൊട്ടസ്റ്റന്റുകാർക്ക് ഇഷ്ടദാനം

ചെയ്തതായും വന്നിരിക്കുന്നു.” (ഡോ. എഡ്വേർഡ് എൽ ഹിസ്കോക്സ്, ഓഥർ ഓഫ് “ദ ബാപ്റ്റിസ്റ്റ് മാനുവൽ” ഇൻ എ പേപ്പർ റെഡ് ബിഫോർ എ ന്യൂയോർക്ക് മിനിസ്റ്റേർസ് കോൺഫ്രൻസ് ഹെൽഡ് നവംബർ 13, 1893 - അസ് കോട്ടട് ഇൻ “സോർസ് ബുക്ക് ഫോർ ബൈബിൾ സ്റ്റുഡൻസ്” പേജ് 473, 474, 1919 എഡിഷൻ)

എന്നാൽ എല്ലാ ബാപ്റ്റിസ്റ്റുകാരും അവരുടെ മനസ്സാക്ഷിയ്ക്ക് എതിരായി ഐക്യതയ്ക്കുവേണ്ടി നിന്നില്ലായെന്നുള്ളത് നമ്മെ പ്രേരിപ്പിക്കുന്ന ഒരു വസ്തുതയാണ്. 19-ാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ ഇവരിൽ ഒരു ചെറിയ കൂട്ടം നവോത്ഥാന വഴിയിലൂടെ ശബ്ബത്ത് അനുസരിക്കുന്ന സഭയായ ‘സെവൻത് — ഡെ ബാപ്റ്റിസ്റ്റ്’ സഭ തുടങ്ങി.

അവരുടെ ആദിമ അംഗങ്ങളിൽ ഒരാളായ ന്യൂയോർക്കിലെ റെയ്ച്ചൽ ഡി. പ്രെസ്സ്റ്റോൺ അമേരിക്കയിലെ വാഷിംഗ്ടണിലുള്ള ഒരു കൂട്ടവുമായി ബന്ധപ്പെടുകയും അവരുടെ വേദപുസ്തക പ്രവചന പഠനത്തിലൂടെ കർത്താവിന്റെ രണ്ടാം വരവ് വളരെ വേഗം തന്നെ നടക്കുമെന്ന് മനസ്സിലാക്കുകയും ചെയ്തു. റെയ്ച്ചൽ, അവരുടെ വ്യാഖ്യാനമായ ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ അടയാളങ്ങൾ അംഗീകരിക്കുകയും അവരോടു “ദൈവകല്പനയുടെ ആവശ്യകതയെക്കുറിച്ചു സംസാരിക്കുകയും അങ്ങനെ ഏതാണ്ട് 1844-ന്റെ ആരംഭത്തിൽ തന്നെ ആ സ്ഥലത്തുള്ള 40 പേരടങ്ങുന്ന എല്ലാ വിശ്വാസികളും ദൈവത്തിന്റെ ശബ്ബത്ത് അനുസരിക്കുവാൻ തുടങ്ങുകയും ചെയ്തു.” (ജെ. എൻ. ആൻഡ്രൂസ് “ഹിസ്റ്ററി ഓഫ് ദ ശബ്ബത്ത് ആന്റ് ദ ഫസ്റ്റ് ഡെ ഓഫ് ദ വീക്ക്” പേജ് 505, 506, 1887)

ഈ ആരംഭത്തിൽ നിന്നാണ് സെവന്ത്-ഡെ അഡ്വെൻന്റിസ്റ്റുകാർ എന്ന സഭാവിഭാഗം ഉടലെടുത്തത്; ആ പേരിൽ തന്നെ മുകളിൽ പറഞ്ഞിരിക്കുന്ന അവരുടെ വിശ്വാസത്തെ വെളിപ്പെടുത്തുന്നുണ്ട്. അമേരിക്കയിലെ മിച്ചിഗണിലുള്ള ബാറ്റിൽ ക്രീക്കിലെ ഒരു സമ്മേളനത്തിൽ 1860-ൽ അത് അംഗീകരിക്കപ്പെട്ടു.



## അദ്ധ്യായം - 8

ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനി സഭകളെ റോമനീകരിക്കുവാനുണ്ടായ സംഭവങ്ങളും അവസാനം അവരെ “വിശുദ്ധ മതദ്രോഹവിചാരണ” യുടെ കീഴിൽ നിയമപരമായി ആക്കിയതിനെക്കുറിച്ചും നമുക്ക് ഇപ്പോൾ ചിന്തിക്കാം.

നേരത്തെ പറഞ്ഞതുപോലെ, രക്ഷയെ ഉദ്ദേശിച്ചിട്ടുള്ള ഈ കൗശലമാർഗ്ഗത്തിന്റെ ആരംഭപ്രമാണം റോമൻ കത്തോലിക്കാ സഭയിലേയ്ക്ക് സ്നാനപ്പെട്ടു ചേർന്ന ആൾക്കാരെ മാത്രം ഉദ്ദേശിച്ചായിരുന്നു. പോർട്ടുഗീസ് പുരോഹിതന്മാരുടെ പ്രവർത്തനം ഗോവയ്ക്കു ചുറ്റുമുള്ള ഹിന്ദുക്കളുടെ ജീവിതത്തെയും മുസ്ലീങ്ങളുടെ ജീവിതത്തെ പൊതുവെയും ബാധിക്കുന്നതിൽനിന്നും ഒഴിവുള്ളതല്ലായിരുന്നെങ്കിലും പോർട്ടുഗീസ് നിയമപ്രകാരം അത് നിയമവിരുദ്ധമായിരുന്നു. ശക്തമായ “യഹൂദീകരണവും” (ശബ്ബത്താചാരം) റോമാക്കാരുടെ വേദപുസ്തകവിരുദ്ധമായ ആചാരങ്ങളോടുള്ള എതിർപ്പുമൂലം “മതഭ്രാന്തരായ നെസ്തോറിയന്മാരെ” (മതഭ്രാന്തരായ സുറിയാനി ക്രിസ്ത്യാനികളെ) നിയന്ത്രിക്കാൻ അവരെ റോമാ വിശ്വാസത്തിൽ കൊണ്ടുവരികയല്ലാതെ വേറെ മാർഗ്ഗമില്ലെന്ന് പോർട്ടുഗീസുകാർക്ക് വ്യക്തമായി അറിയാമായിരുന്നു. അങ്ങനെ ചെയ്താൽ അവർ സ്വാഭാവികമായി പാപ്പാത്വത്തിന്റെ മതദ്രോഹവിചാരണയുടെ നിയമങ്ങൾക്ക് അധീനരാകും.

ചരിത്രത്തിലൂടെനീളം കാണുന്നതുപോലെ ഒരു കാര്യത്തെ നേരിട്ട് അക്രമിക്കുന്നതു വിജയകരമല്ലാതെ വരുന്നതുപോലെ റോമാക്കാർ ട്രോജൻ ഹോഴ്സ് ഉപായങ്ങൾ (ശത്രുവിന്റെ പതനത്തിന് ഉപയോഗിക്കുന്ന സൂത്രങ്ങൾ) ആസൂത്രണം ചെയ്ത് സുറിയാനി സഭകളെ സഭകൾക്കതത്തു തന്നെ അക്രമിക്കാൻ തീരുമാനിച്ചു. അതനുസരിച്ച് വത്തിക്കാൻ കൗശലക്കാരനായ ഒരു മതമേലദ്ധ്യക്ഷനെ ഗോവയിലെ ആർച്ചുബിഷപ്പായി നിയമിച്ചു. അദ്ദേഹത്തിന്റെ പേര് അലക്സസ് ഡി മെനസെസ് എന്നായിരുന്നു;

അദ്ദേഹത്തെ ഇൻഡ്യയിൽ ഓർക്കപ്പെടുന്നത് ഈ രാജ്യത്തെ ക്രിസ്ത്യാനിത്വത്തിന്റെ രീതികൾ തന്നെ മാറ്റിയ മനുഷ്യനെന്നാണ്. ചരിത്രകാരന്മാർ അദ്ദേഹത്തെ വിവരിക്കുന്നത് "ആർക്കും കീഴടക്കാൻ വയ്യാത്ത ധൈര്യവും ശക്തിയും സഭയോട് വലിയ ഭക്തിയും ആത്മാർത്ഥതയുമുള്ള മനുഷ്യൻ" എന്നാണ്. (മാത്യു ആന്റ് തോമസ്); കൂടാതെ "അജയ്യനായ മർക്കടമുഷ്ടിക്കാരനും തികഞ്ഞ ചതിയനുമായ മനുഷ്യൻ" എന്ന് വിൽക്കിൻസൺ പറയുന്നു.

ഗോവയിൽ മെനസെസ് വന്ന ഉടനെതന്നെ (1595) സുറിയാനി ആർച്ചു ബിഷപ്പ് ഏബ്രഹാം കാലം ചെയ്തു. ബാഗ്ദാദിൽ നിന്ന് അതിനു പകരമായി ഒരാളെ അയയ്ക്കുന്നതു വരെ അദ്ദേഹത്തിന്റെ ആർച്ചുഡീക്കൻ (വലിയ ശുശ്രൂഷകൻ) മാർ ജോർജ്ജ് താല്ക്കാലികമായി ആ സ്ഥാനത്ത് നിയമിതനായി. സുറിയാനി സഭയ്ക്ക് ഏറ്റവും നിർഭാഗ്യകരമായ ഒരു തെരഞ്ഞെടുപ്പായിരുന്നു ഇതെന്ന് ചരിത്രം വ്യക്തമാക്കുന്നു; കാരണം അദ്ദേഹം മെനസെസിന്റെ രീതിയിലുള്ള അജയ്യനോ, മർക്കടമുഷ്ടിക്കാരനോ ചതിയനോ അല്ലായിരുന്നു.

ഒരു പകരക്കാരനെ അയയ്ക്കുകയെന്നത് ബുദ്ധിമുട്ടാകാനുള്ള നിസ്സാരകാരണം മലബാർ ഭാഗത്തുള്ള കപ്പൽയാത്ര പോർട്ടുഗീസുകാരുടെ നിയന്ത്രണത്തിലായിരുന്നതിനാലാണ്. മെനസെസിന് ഈ ഉപരോധിക്കപ്പെട്ട ആർച്ചുഡീക്കന്റെയും അദ്ദേഹത്തിന്റെ പുരോഹിതന്മാരുടെയും മേൽ പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ടായത് അവർക്ക് പേർഷ്യയും സിറിയയുമായുള്ള ബന്ധം വേർപെട്ട് അവർ ഒറ്റപ്പെട്ടതിനാലാണ്. റെവ. ഇ. ഫീലിപ്പോസ് പറഞ്ഞതനുസരിച്ച് ഇത് ഒരു വലിയ പ്രതിസന്ധിഘട്ടമായിരുന്നു. ഈ വെല്ലുവിളിയിൽ നിന്നും ഓടിരക്ഷപ്പെടാൻ പരിശ്രമിച്ച സുറിയാനി ബിഷപ്പുമാരെയെല്ലാം രഹസ്യമായി നീക്കി.

"അന്ത്യോഖ്യായിൽ നിന്നും വന്ന ബിഷപ്പുമാരെ എല്ലാം പോർട്ടുഗീസുകാർ പീഡിപ്പിക്കുകമാത്രമല്ല കൊല്ലുകയും ചെയ്തു; കത്തോലിക്കരുടെ ഗോവയിൽ താമസ്സിക്കുന്ന മെത്രാൻ



(അലക്സിസ് ഡി മെനസിസ്) മലയാളരാജ്യത്തു (മലബാറിൽ) 1598-ൽ വന്ന് ഇവിടുത്തെ നാട്ടുരാജാക്കന്മാർക്കും കുറെ സുറിയാനിസഭക്കാർക്കും കോഴകൊടുത്ത് അവരെ കൈക്കലാക്കി. എതൃത്തവരായ സുറിയാനികളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു." ("ദ സിറിയൻ ക്രിസ്ത്യൻസ് ഓഫ് മലബാർ" പേജ് 23)

ഈ നിർഭാഗ്യവാന്മാരായ ക്രിസ്ത്യാനികളെ എങ്ങനെ പീഡിപ്പിച്ചുവെന്നും കൊന്നുവെന്നും ഉള്ളതിന്റെ വിശദവിവരങ്ങൾ നമുക്കില്ല; എന്നാൽ അക്കാലത്ത് ഭയാനകമായ പാപ്പാത്വ പ്രേരകയന്ത്രമായ മതദ്രോഹവിചാരണ ഗോവയിൽ തുടങ്ങിയിട്ട് 39 വർഷങ്ങൾ പിന്നിട്ടിരുന്നു. അക്കാലത്ത് പൊതുസ്ഥലങ്ങളിൽ മതകർമ്മങ്ങൾ "വിശ്വാസത്തിന്റെ പ്രവൃത്തി" എന്ന പേരിൽ നടത്തി വഴിവിളക്കായി മനുഷ്യരെ കത്തിക്കുക എന്ന ശിക്ഷ നടത്തിയിരുന്നു. സഹകരിക്കാതിരുന്ന പുരോഹിതന്മാരുടെ വിധിയെ സംബന്ധിച്ച് കെയ് കുറെക്കൂടി വെളിച്ചം നൽകുന്നു:

"ഒരു ചെന്നായ് ആടിന്റെ കൂട്ടിലേയ്ക്ക് വരുന്നതുപോലെ പാപ്പാത്വ ഉഗ്രപീഡനപ്രതിനിധികൾ ഇൻഡ്യയിലെ നിർഭാഗ്യസഭകളിലേയ്ക്ക് വന്നു. അവരുടേതായ ഇടയന്മാർ, ആ പേരിന് യോഗ്യരല്ലാത്തവർ, ഈ അത്യാവശ്യസമയത്ത് അവരുടെ ആടുകളെ ഉപേക്ഷിച്ചു; അധികാരത്തിനുവേണ്ടി കടിപിടി കൂടി; കാപഠ്യത്തിന്റെ കളികളിച്ചത് താല്ക്കാലീക നേട്ടത്തിനെന്നല്ലാതെ നീതീകരിക്കാൻ ഒരുവിധത്തിലും സാദ്ധ്യമല്ല." ("ക്രിസ്ത്യാനിറ്റി ഇൻ ഇൻഡ്യ" 24-ാം പേജ്)

"റോമാസഭയുമായി ശത്രുതയിലായിരുന്ന അന്നത്തെ ഒന്നാമത്തെ സുറിയാനിസഭാ മേലദ്ധ്യക്ഷൻ മതദ്രോഹവിചാരണയുടെ ജയിലറകളിൽ ധൈര്യമില്ലാതെ പശ്ചാത്തപിച്ചു. രണ്ടാമത്തേതും അതേ വിധിക്കടിമയായി. മൂന്നാമത്തെ വ്യക്തിയുടെ കഷ്ടപ്പാടുകൾ പരിഗണിക്കത്തക്കതായിരുന്നു; പീഡനത്താലും പരീക്ഷകളാലും അദ്ദേഹം മരിച്ചു; എന്നാൽ മരണം വരെ പാപ്പാത്വത്തിന്റെ അധികാരത്തിനു വഴങ്ങിയില്ല." (മേലുദ്ധരിച്ചത് പേജ് 24)

മെനസിസിന്റെ കോഴയ്ക്ക് അടിമയായ രാജാവായിരുന്നു കൊച്ചിയിലെ രാജാവ്. കുറെക്കാലത്തിനു മുൻപ് 50,000 സുറിയാനി

ക്രിസ്ത്യാനി "തോക്കുധാരികളുടെ" സഹായം കൊച്ചി രാജാവിനു കൊടുത്ത വിവരം ഓർക്കുന്നുണ്ടായിരിക്കുമല്ലോ. എന്നാൽ ഇപ്പോൾ ഈ ഹിന്ദുരാജാവ് കടൽക്കൊള്ളക്കാരെ തുരത്താൻ പോർട്ടുഗീസ് പടയെ ഉപയോഗിച്ചതിനാൽ പോർട്ടുഗീസുകാർക്ക് കടക്കാരനായി.

1599 ജനുവരിയിൽ മെനസിസ് കൊച്ചി സന്ദർശിക്കാൻ തീരുമാനിച്ചു; രാജകീയ സ്വീകരണം അദ്ദേഹത്തിനു ലഭിച്ചു. ആ ആഡംബര സ്വീകരണത്തെ ഡി. ഓർസി ഇങ്ങനെ വിശദീകരിക്കുന്നു: "അദ്ദേഹത്തെ സ്വീകരിക്കാൻ വിപുലമായ ഒരുക്കങ്ങൾ ചെയ്തു. വിലകൂടിയ കാർപ്പെറ്റു പൊതിഞ്ഞ പടികൾ ഉണ്ടാക്കി; ഇറങ്ങുന്ന സ്ഥലത്ത് ഗവർണ്ണരും ഉന്നത ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. സഭയുടെ രാജകുമാരനെ കപ്പലിൽനിന്ന് ഇറങ്ങിയപ്പോൾ പതാക വീശി സ്വീകരിച്ചു; സംഗീതമുഖരിതമായിരുന്നു അവിടെ; ജനങ്ങൾ ആർത്തു; സ്വീകരണവെടി വെച്ചു." ("പോർട്ടുഗീസ് ഡിസ്ക്കവറീസ് ഡിപ്പെൻഡൻസീസ് ആന്റ് മിഷൻസ് ഇൻ ഏഷ്യ ആന്റ് ആഫ്രിക്ക." പേജ് 193)

"ജനങ്ങളുടെ വിധേയത്വം തെളിയിക്കുന്ന ഈ സന്തോഷ തിമിർപ്പിന്റെ ഇടയിൽ ആർച്ചു ബിഷപ്പ് മെനസിസ് ഒരാളെ പ്രത്യേക ശ്രദ്ധക്കായി മാറ്റി നിർത്തി — ആർച്ച് ഡീക്കൻ ജോർജ് — അദ്ദേഹം തന്റെ മുമ്പിൽ വരാൻ കല്പിച്ചു. തുറമുഖത്ത് ഗോവയിൽ നിന്നു വന്ന യുദ്ധക്കപ്പലുകൾ ഉണ്ടായിരുന്നു. പൗരോഹിത്യവും രാജകീയവുമായ ശക്തികളോട് എതിർത്താൽ രാജാവിൽ നിന്ന് ഒരു സഹായവും പ്രതീക്ഷിക്കാനില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. തന്റെ നാട്ടുകാർക്ക് അനുഭവപ്പെട്ട മതദ്രോഹവിചാരണയുടെ ഭയം അദ്ദേഹത്തിന്റെ മനസ്സിനെ പിടിച്ചുകുലുക്കിയെന്നതിനു ഒരു സംശയവുമില്ലായെങ്കിലും, മുൻകരുതലായി മൂവായിരം തോക്കുധാരികളുടെ അകമ്പടിയോടെ താൻ കൂടിക്കാഴ്ചയ്ക്കു ചെന്നു." ("ദ ഇൻഡ്യൻ ചർച്ചസ് ഓഫ് സെന്റ് തോമസ്സ്" പേജ് 29)

ഈ ചുറ്റുപാടിൽ ജോർജിന്റെ ധൈര്യം നഷ്ടപ്പെട്ടതിൽ അതിശയിക്കാനില്ല. "അദ്ദേഹം മെനസിസിന്റെ കൈ ചുംബിക്കുകയും



സുറിയാനി സഭകളിൽ അദ്ദേഹത്തിന് പ്രസംഗിക്കാനും മാസ്സ് പാടാനും അനുവാദം കൊടുക്കുകയും ചെയ്തു." ("ട്രൂത്ത് ട്രൈയംഫന്റ്" പേജ് 322)

തന്റെ കാൽ വാതിൽക്കൽ വെക്കാൻ അനുവാദം കിട്ടിയതിനാൽ മെനസിസ് ഒട്ടും വൈകാതെ തന്നെ സുറിയാനി സഭകൾ തന്റെ അധികാരാതിർത്തിയിലാണെന്നു വിളംബരം ചെയ്തു. ഈ സഭകൾ ബാബിലോണിലെ പാത്രിയർക്കീസിനെ ആഗോളസഭയുടെ പാസ്റ്ററായി കണക്കാക്കി പ്രാർത്ഥിക്കുന്നുണ്ടെന്നു മെനസിസ് കേട്ടപ്പോൾ കുപിതനായി. മെനസിസ് ധിക്കാരത്തോടെ "അവരുടെ മതവിശ്വാസ പ്രഖ്യാപകരെയും വിദ്യാർത്ഥികളെയും ആർച്ചു ഡീക്കന്മാരെയും പുരോഹിതന്മാരെയും തന്റെ മുൻപിൽ വിളിപ്പിച്ച് മാർപാപ്പായാണ് എല്ലാത്തിന്റെയും പരമാധികാരിയെന്ന് അവരെക്കൊണ്ട് സമ്മതിപ്പിച്ചു. ആരെങ്കിലും ബാബിലോണിലെയോ ബാഗ്ദാദിലെയോ പാത്രിയർക്കീസിന്റെ പേർക്കായി പ്രാർത്ഥിച്ചാൽ ആ വ്യക്തിയെ സഭയിൽ നിന്നു നീക്കണമെന്നുള്ള കല്പന എഴുതിയത് വായിച്ചു. ജസ്യൂട്ട് ആർച്ചു ബിഷപ്പിന്റെ മുൻപിൽ പേടിച്ച് വിറച്ച് ആർച്ചു ഡീക്കൻ ജോർജ് ഒപ്പിട്ടു." (മേലുദ്ധരിച്ചത് പേജ് 322, 323)

ഈ പുരാതന സഭയുടെ വിശ്വാസസൂക്ഷിപ്പുകാരായ നേതാക്കന്മാരെ ഭീഷണിപ്പെടുത്തി "ഒരു വിഗ്രഹാരാധകനായ ചക്രവർത്തി റോമാനഗരം ഭരിച്ചപ്പോൾ മാർപാപ്പായ്ക്കു കിട്ടിയ കപടത നിറഞ്ഞ വിശ്വാസാചാരങ്ങളും അധികാരവും ഉപയോഗിച്ച്" (കെയ്) ആഹ്ലാദഭരിതനായ മെനസിസ് മലബാർ ക്രിസ്ത്യാനികളുടെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും എതിരായി തുറന്ന് പ്രസംഗിച്ചു. ഈ ധിക്കാരിയായ മെനസിസ് തന്റെ പ്രവർത്തനങ്ങൾ നിയമപരമാക്കാനായി ഒരു സുന്നഹദോസ് ആസൂത്രണം ചെയ്ത് അതിലൂടെ സുറിയാനി സഭയ്ക്ക് പൗരസ്ത്യ പാത്രിയർക്കീസിനോടുള്ള വിധേയത്വം ഇല്ലെന്നാക്കി. റോമൻ കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങൾ സുറിയാനി സഭയിൽ നടപ്പിൽ വരുത്തുവാനും ആ സുന്നഹദോസിൽ തീരുമാനിച്ചു.

വിൽക്കിൻസൺ അദ്ദേഹത്തിന്റെ സത്യസന്ധമല്ലാത്ത കൗശലത്തെ വ്യക്തമാക്കുന്നു:

"പോപ്പിനെ അംഗീകരിക്കുകയും ബാബിലോൺ പാത്രിയർക്കീസിനെ തള്ളിപ്പറയുകയും ചെയ്യാമെന്നു വാക്കുകൊടുത്ത യുവാക്കളെ സഭാശുശ്രൂഷകരായി വാഴിച്ചു. ഈ യുവാക്കൾ പൗരസ്ത്യ സഭയുടെ പഠിപ്പിക്കലുകൾ ഉപേക്ഷിച്ച് പാപ്പാത്വ ഉപദേശങ്ങളും ആചാരങ്ങളും അംഗീകരിച്ചു. താൻ വിളിച്ചു കൂട്ടാനിരിക്കുന്ന സുന്നഹദോസിൽ ഭൂരിപക്ഷം കിട്ടുന്നതിനായി ഇങ്ങനെ പ്രവർത്തിച്ചു." (ട്രൂത്ത് ട്രൈയംഫന്റ്" പേജ് 323)

മാത്യുവും തോമസ്സും നമ്മോടു പറയുന്നത് അദ്ദേഹം ഏതാണ്ട് 90 പുരോഹിതന്മാരെ വാഴിച്ചുവെന്നാണ്. ഇതിനെ സംബന്ധിച്ച് റോമൻ കത്തോലിക്കാ ചരിത്രകാരൻ ഗൗവിയ ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു:

"തന്നോട് വിശ്വസ്തരും തല്പരരുമായി നിൽക്കുന്ന ഒരുകൂട്ടം ആൾക്കാരെ തന്റെ രാജ്യത്തിൽ മെനസിസ് നേടിയെടുത്തു" ("ഹുഗ് - ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി" പേജ് 392)

ഈ വലിയ പ്രഹസനം പരിപൂർണ്ണമാകാൻ ഇനിയും ശേഷിക്കുന്നത്, സുന്നഹദോസിൽവെച്ച് പാപ്പാത്വ കല്പനകൾ മുമ്പോട്ടു വെയ്ക്കുമ്പോൾ ആർച്ചു ഡീക്കൻ ജോർജ് അതിനു കീഴടങ്ങുകയെന്നതു മാത്രമാണ്. ആ പാവം മനുഷ്യന്റെ അധൈര്യത്താൽ ഉണ്ടായ ഈ പ്രതിസന്ധിയുടെ ഫലം നമുക്ക് ഊഹിക്കാനെയുള്ളൂ! സുന്നഹദോസിൽ വലിയ പണ്ഡിതരാണ് സന്നിഹിതരായിരിക്കുന്നതെന്നു തോന്നുമെങ്കിലും എല്ലാവരും മെനസിസിന്റെ വ്യക്തിതാല്പര്യത്തെ അനുകൂലിക്കുന്നവരായിരുന്നു. ഭയന്നു നിൽക്കുന്ന ജോർജിന്റെ സ്ഥിതിയെ വിൽക്കിൻസൺ വിശദീകരിക്കുന്നു:

"താൻ സൂക്ഷിച്ചിരുന്ന ഭീതിജനകമായ ആയുധം മെനസിസ് പുറത്തെടുത്തു. അയാൾ അശരണരായ ജനങ്ങളുടെ നേതാവിന് ഭ്രഷ്ട് കല്പിക്കുമെന്നും ഗോവയിലെ മതദ്രോഹവിചാരണയ്ക്കു വിധേയനാക്കുമെന്നും ഭയപ്പെടുത്തുകയും പീഡിപ്പിക്കുകയും



ചെയ്തു. ഗിബറ്റിന്റെയും റാക്കിന്റെയും ഫാഗറ്റിന്റെയും ദർശനങ്ങൾ തനിച്ചായ തനിക്ക് ആ അധികാരിയുടെ മുൻപിൽ ഉയർന്നു വന്നു. ഭയപരവശനായി അദ്ദേഹം തന്റെ മുൻപിൽ വെച്ച പത്തു പ്രമാണങ്ങളും ഒപ്പിട്ടതിനാൽ ഉദയംപേരൂർ സുന്നഹദോസ് വിജയകരമായി നടന്നു." (ട്രൂത്ത് ട്രയംഫന്റ് പേജ് 323)

ആർച്ചുബിഷപ്പ് മെനസിസ് ഒരു ജ്ഞാപനപത്രം തയ്യാറാക്കി സുറിയാനി സഭകളിൽ വായിക്കുവാൻ ഉത്തരവിട്ടതിൽ ആർച്ചു ഡീക്കനും എല്ലാ പുരോഹിതരും ഓരോ പാരീഷ് സഭകളിൽ നിന്ന് നാലു അൽമായർ വീതവും 1599 ജൂൺ 20 മുതൽ 26 വരെയുള്ള സുന്നഹദോസിൽ ഹാജരാകണമെന്ന് കല്പിച്ചു. സമ്മേളനം നടന്നത് കൊച്ചിയിൽ നിന്ന് ഏകദേശം 14 മൈൽ കിഴക്കുള്ള ഉദയംപേരൂർ ഗ്രാമത്തിലെ ഓൾ സെയിന്റ്സ് ദേവാലയത്തിൽ വെച്ചായിരുന്നു. ഈ സുന്നഹദോസിനെ ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിൽ ഡയമ്പറിലെ സുന്നഹദോസ് എന്ന പേരിലാണ് അറിയപ്പെടുന്നത്.

ക്രിസ്തുസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ സമൂഹത്തിന്റെ "മനം മാറ്റം" സുവിശേഷ പ്രവർത്തകനായ മെനസിസിന്റെ മേൽനോട്ടത്തിലും കൊച്ചിയിലെ സായുധ കാവൽ സൈന്യത്തിന്റെ സഹായത്തോടെയും ആ ഏഴു ദിവസങ്ങളിൽ നടന്നത് അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നു.

## അദ്ധ്യായം – 9

ഡയമ്പറിലെ സുന്നഹദോസ് ആരംഭിക്കേണ്ടത് 1599 ജൂൺ 20–ാം തീയതിയായിരുന്നു. സി.ബി. ഫർത്ത് അതിനെ വിശദീകരിക്കുന്നത് "ആ ചരിത്രപ്രധാനമായ ഏഴു ദിവസങ്ങൾ" എന്നാണെങ്കിൽ റോമൻ കത്തോലിക്കാ കർദ്ദിനാൾ തിസ്സരന്റ് അതിനെ വിളിക്കാൻ നിർബന്ധിക്കപ്പെടുന്നത് "ഒരു മാരകദിവസവും ലത്തീൻകാരും പൗരസ്ത്യരും തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രത്തിൽ ഒരു അന്ധകാരസമയമെന്നു" മാണ്. ("ക്രിസ്ത്യാനിറ്റി ഇൻ ഇൻഡ്യ" പേജ് 166)

ഈ സന്ദർഭത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ആർച്ചു ബിഷപ്പ് മെനസിസ് നല്ലതുപോലെ അറിഞ്ഞിരുന്നു. കൊച്ചിയിലെ ക്രിസ്ത്യാനികൾ ഇതെന്നും ഓർക്കത്തക്കരീതിയിൽ പ്രാധാന്യമുള്ള സംഭവമാക്കി. സുന്നഹദോസിൽ 133 പുരോഹിതന്മാരും (മുക്കാലും മെനസിസ് തന്നെ വാഴിച്ചത്), 20 ശുശ്രൂഷകന്മാരും 660 അൽമേനികളും ഉണ്ടായിരുന്നു. മാത്യുവും തോമസും പറയുന്നത് ഇവരിൽ ഭൂരിഭാഗവും "സന്തോഷരഹിതരും തുറന്നു മുറുമുറുക്കുന്നവരും ആയിരുന്നുവെങ്കിലും ആരും തുറന്ന് എതിർത്തില്ല." അവരുടെ ആശങ്ക മനസ്സിലാക്കത്തക്കതുതന്നെ; കാരണം മെനസിസ് തന്റെ ഉദ്ദേശം എല്ലാവരെയും ബോധ്യപ്പെടുത്തി കൊച്ചിയിലെ പോർട്ടുഗീസ് സൈന്യത്തെ കൊണ്ടുവന്നിരുന്നു.

ഇതിന്റെ വിജയത്തിനു സാക്ഷിയായി, "സർക്കാറിലെ വളരെ സ്വാധീനമുള്ള ആഫീസർമാർ" "വെൽവെറ്റും ലെയ്സുമുള്ള അത്യാകർഷകമായ സിൽക്ക് വസ്ത്രവും തൊപ്പിയും ധരിച്ചു വന്നിരുന്ന പ്രത്യേക ക്ഷണിതാക്കളായിരുന്നുവെന്നതാണ് മെനസിസിന്റെ ഏറ്റവും ശ്രേഷ്ഠമായ നേട്ടം" (ഡിഓർസി, പോർട്ടുഗീസ് ഡിസ്ക്കവറീസ്, ഡിപ്പെൻന്റൻസീസ്, ആന്റ് മിഷൻസ് ഇൻ ഏഷ്യ ആന്റ് ആഫ്രിക്ക, പേജ് 215, 216)

വിൽക്കിൻസൺ പറയുന്നത്; അവരോടൊപ്പം വ്യവസായികളും കപ്പലിന്റെ കപ്പിത്താന്മാരും ഉണ്ടായിരുന്നതിനാൽ ആ സ്ഥലത്തെ



പ്രധാന ഉപദേശകനും പാസ്റ്ററും ആ അവസരം ഏറ്റവും മോടിയാക്കാൻ ഗായകസംഘത്തെ ഒരുക്കി എന്നാണ്.

"ഉപരോധിക്കപ്പെട്ട ആർച്ചു ഡീക്കൻ ജോർജ് അവമാനം നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കേണ്ടതായിരുന്നു. എന്നാൽ അദ്ദേഹം കടുംചുവപ്പു സിൽക്കുവസ്ത്രമണിഞ്ഞ് സ്വർണ്ണത്തിന്റെ ഒരു വലിയ കുരിശുമാല തന്റെ കഴുത്തിൽനിന്ന് തൂക്കിയിട്ട് അരെയ്ക്കുതാഴെവരെയെത്തുന്ന മീശയുമായി പ്രത്യക്ഷപ്പെട്ടു." ("ട്രൂത്ത് ട്രൈയംഫൻന്റ്" പേജ് 324)

പൊതുയോഗം ആർച്ചുബിഷപ്പ് മെനസിസിന്റെ ഭക്തിനിർഭരമായ പ്രസംഗത്തോടെ തുടങ്ങി; "മതഭിന്നത" മാറ്റാനായി റോമൻ കത്തോലിക്കരുടെ ദിവ്യബലി അതിനുശേഷം തുടർന്നു. അതിൽ ഭാഗഭാക്കാകണമെന്ന് ആഗ്രഹിച്ച ആർച്ചു ഡീക്കൻ ജോർജിനെ പൂർണ്ണമായും തഴഞ്ഞു.

അതിനുശേഷം മാർപാപ്പായെ ക്രിസ്തുവിന്റെ പ്രതിപുരുഷനായി ഉയർത്തി പൂർണ്ണമായും വിധേയത്വം മാർപാപ്പായോട് ഉണ്ടായിരിക്കേണമെന്നു പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. പിന്നീട് സുന്നഹദോസിലെ വിശദമായ തീർപ്പുകൾ വായിച്ച് പ്രതിനിധികൾ അത് അംഗീകരിക്കുവാനും സ്വീകരിക്കുവാനും ആവശ്യപ്പെട്ടു. ചരിത്രകാരനായ "ഗെഡസ്" എഴുതിയ ഭാഗം വിൽക്കിൻസൺ ഉദ്ധരിച്ച് ഈ "അവമാനിക്കുന്ന രംഗത്തെ" വിശദീകരിക്കുന്നു:

"ഏറ്റവും ബഹുമാനപ്പെട്ട മെത്രാപ്പോലീത്ത ഈ പ്രതിഷേധ പ്രസ്ഥാവനയ്ക്കും വിശ്വാസപ്രകടനത്തിനും ശേഷം എഴുന്നേറ്റ് തന്റെ ഇരിപ്പിടത്തിൽ ഇരുന്ന് തന്റെ തലയിൽ കിരീടമണിഞ്ഞ് വിശുദ്ധ വേദപുസ്തകവും ഒരു കുരിശും കയ്യിൽ പിടിച്ച് ബഹുമാനപ്പെട്ട ആർച്ചു ഡീക്കനായ ജോർജ് തന്റെ മുമ്പിൽ മുട്ടുകുത്തി നിൽക്കുവാൻ ആജ്ഞാപിച്ചു. എല്ലാവർക്കും കേൾക്കാവുന്ന ഉച്ചത്തിൽ വ്യക്തമായി മലബാർ ഭാഷയിൽ കത്തോലിക്കാ വിശ്വാസം ആർച്ചുഡീക്കനെക്കൊണ്ട് ഏറ്റു പറയിച്ച് മെത്രാപ്പോലീത്തായുടെ കയ്യിൽ പിടിപ്പിച്ചു സത്യം ചെയ്യിച്ചതിനുശേഷം മറ്റു പുരോഹിതന്മാരും ഡീക്കന്മാരും മറ്റുള്ള വിശ്വാസികളും മുട്ടുകുത്തി നിന്ന്

സുന്നഹദോസിലെ പരിഭാഷകനായ യാക്കോബ് മലബാർ ഭാഷയിൽ ചൊല്ലിക്കൊടുത്ത വിശ്വാസസത്യങ്ങൾ ഏറ്റുപറഞ്ഞ് അവരെല്ലാവരും മെത്രാപ്പോലീത്തായുടെ കൈയ്ക്കുപിടിച്ച് സത്യം ചെയ്യിപ്പിച്ചു. അവരെ ഓരോരുത്തരെയും പ്രത്യേകം വിളിച്ച് അവർ വ്യക്തമായി ഏറ്റുപറഞ്ഞ വിശ്വാസ സത്യങ്ങൾ വിശ്വസിക്കുന്നുണ്ടോയെന്നു തിരിക്കി." ("ഗെഡസ്സ് ദ ചർച്ച് ഹിസ്റ്ററി ഓഫ് മലബാർ" പേജ് 116, 117)

സുന്നഹദോസ് അംഗീകരിച്ച കല്പനകൾ രേഖപ്പെടുത്തുവാൻ ആ സമയത്ത് ഇൻഡ്യയിലുണ്ടായിരുന്ന പോർട്ടുഗീസ് ചരിത്രകാരനായ ഗൊവ്യയ്ക്കു സാധിച്ചതിനു നന്ദി. ഗെഡസ് അത് ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്തത് ഇന്നത്തെ ചരിത്രകാരന്മാർക്ക് ലഭ്യമാണ്.

ഒന്നാമത്തെ കല്പന ട്രെൻന്റിലെ സുന്നഹദോസ് തീരുമാനങ്ങൾ അംഗീകരിക്കുകയെന്നതായിരുന്നു. "1545-1563"ൽ നടന്ന സുന്നഹദോസ് പ്രൊട്ടസ്റ്റന്റുകാർക്കെതിരായി ചേരുകയും കത്തോലിക്കരുടെ വൾഗേറ്റ് വേദപുസ്തകം അംഗീകരിക്കുകയും ചെയ്തു. ഡയമ്പറിൽ സുറിയാനി വേദപുസ്തകം മാറ്റി ലത്തീൻ വൾഗേറ്റ് നിർബന്ധമാക്കി.

മറ്റു കല്പനകൾ, സുറിയാനി സഭകൾ റോമിലെ ബിഷപ്പിന്റെ (മാർപാപ്പായുടെ) പരമാധികാരം അംഗീകരിച്ച് വിശ്വാസപ്രമാണങ്ങളായ കുർബ്ബാനയിൽ അപ്പവും വീഞ്ഞും യഥാർത്ഥമായി ക്രിസ്തുവിന്റെ ശരീരരക്തങ്ങളാകുന്നുവെന്നുള്ള വിശ്വാസം, കുമ്പസാരം, രൂപങ്ങളെയും വിശുദ്ധന്മാരെയും വിശുദ്ധ വസ്തുക്കളെയും ആരാധിക്കുക, തൈലാഭിഷേകം, ശരീരദണ്ഡനവും നോമ്പും, മൃതാത്മപാപമോചനസ്ഥാനം, അനിയന്ത്രണം, കൂടാതെ ഏറ്റവും പ്രധാനപ്പെട്ട കന്യകമറിയാമിനോടുള്ള പ്രാർത്ഥന ഇവ അംഗീകരിപ്പിച്ചു.

ആധുനീക ചരിത്രകാരന്മാർ ഉദ്ധരിക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യാത്തതും എന്നാൽ വിൽക്കിൻസൺ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നതുമായ താഴെപ്പറയുന്നവയാണ് മറ്റു



കല്പനകൾ. അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു "ഇൻഡ്യയിലെ സുറിയാനി സഭ" എന്ന പുസ്തകത്തിൽ റീ 201-ാം പുറത്തിൽ എഴുതിയിരിക്കുന്നതുമാണ്.

"മറ്റൊരു ക്രൂരമായ കല്പന അവർ എടുത്തത് റോമൻ കത്തോലിക്കാസഭ" "സ്വമതത്യാഗി"യായി പ്രഖ്യാപിക്കുന്നവരെ കത്തിക്കരിക്കാനുള്ളതായിരുന്നു." ("ട്രൂത്ത് ട്രൈയംഫൻന്റ്" പേജ് 326)

അദ്ദേഹം പിന്നെ വ്യക്തമാക്കുന്നത്:

"സ്വമത ത്യാഗികളെന്ന് അവർ മുദ്രകുത്തുന്നത് യഹൂദരെന്ന് വിശേഷിപ്പിച്ചിരിക്കുന്ന 7-ാം ദിന ശബ്ബത്ത് അനുസരിക്കുന്ന ക്രിസ്ത്യാനികളെയായിരുന്നു." (ഇബിഡ്)

ഗെഡ്സ് രേഖപ്പെടുത്തിയിരിക്കുന്ന 159-ാം കല്പനയിലെ 8-ാമത്തെ തീരുമാനം വിൽക്കിൻസൺ ഉദ്ധരിക്കുന്നു:

"മാരക പാപം ഉണ്ടാകാതിരിക്കാൻ ശനിയാഴ്ചകളിൽ ഒരു കാരണവശാലും മാംസാഹാരം ഒരു വിശ്വാസിയും കഴിക്കരുത്" ("ദ ചർച്ച് ഹിസ്റ്ററി ഓഫ് മലബാർ" പേജ് 357)

ഈ ഉദ്ധരണികൾ നമ്മുടെ ചർച്ചയ്ക്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്. സുന്നഹദോസിലെ തീരുമാനങ്ങൾ അംഗീകരിച്ചതോടെ ഇൻഡ്യയിലെ സുറിയാനി സഭയുട നിലനില്പ് ഇല്ലെന്നാക്കാനുള്ള സമ്മതിദാനമാണ് ചെയ്തത്! എല്ലാവരും പോർട്ടുഗീസ് / റോമൻ കത്തോലിക്കാ വിശ്വാസികളായി, അഥവാ അങ്ങനെയാക്കി. അപ്രകാരം പോർട്ടുഗീസ് നിയമത്തിനു അവർ എല്ലാവരും വിധേയരായതിനാൽ മതദ്രോഹ വിചാരണയ്ക്കും സ്വാഭാവീകമായി വിധേയരായി, ശനിയാഴ്ച വിശുദ്ധ ദിവസമോ ഉത്സവദിവസമോ ആയി ആചരിച്ചിരുന്നവരെയെല്ലാം സ്വമതത്യാഗികളെന്നു കത്തോലിക്കാസഭ മുദ്രകുത്തി, കത്തിക്കരിക്കുന്ന ശിക്ഷയ്ക്ക് അർഹരെന്നു വിധിച്ചു.

ഇങ്ങനെ സുറിയാനി ക്രിസ്ത്യാനികൾ ശബ്ബത്തിന്റെ പ്രാധാന്യത്തെ അവഗണിച്ചെങ്കിലും ചുരുക്കം ചിലർ യഹൂദീയരുടെ കൂടെത്തന്നെയുണ്ടെന്ന് സുന്നഹദോസിനു മനസ്സിലായി. അതിനാൽ അവർ ശനിയാഴ്ചയെക്കുറിച്ചുള്ള കല്പന പുറപ്പെടുവിച്ചു.

“ഡയമ്പറിലെ (ഉദയംപേരൂരെ) സുന്നഹദോസു പ്രകാരം ശനിയാഴ്ചയെ ഒരു ഉപവാസ ദിവസമാക്കി ആർച്ചുബിഷപ്പ് മെനസിസ് കല്പനയിറക്കി. അങ്ങനെ ഭാവിയിൽ ശബ്ബത്ത് ഒരു ഉത്സവദിവസമായി ആചരിക്കുന്ന സുറിയാനി ക്രിസ്ത്യാനികളെ സ്വമതത്യാഗികളെന്നു മുദ്രകുത്തി ഗോവയിൽ കൊല്ലുന്നതിനു അവസരം ഒരുക്കി.” (“ട്രൂത്ത് ട്രയംഫന്റ്” പേജ് 326, 327)

“സെന്റ് തോമസ്സ് ക്രിസ്ത്യാനികളും അതുപോലെ മറ്റു പൗരസ്ത്യ ക്രിസ്ത്യാനികളും ആദിമസഭയുടെ ചട്ടപ്രകാരം ശനിയാഴ്ച ഉത്സവദിവസമായി ആചരിച്ചിരുന്നുവെന്നുള്ള തോമസ്സ് യീറ്റ്സിന്റെ എഴുത്തിനെ ഡയമ്പറിലെ ഈ കല്പന ഉറപ്പിക്കുന്നു.” (“ഈസ്റ്റ് ഇൻഡ്യൻ ചർച്ച് ഹിസ്റ്ററി” പേജ് 72) അങ്ങനെ ഇൻഡ്യയിലെ ശബ്ബത്ത് ആചരണത്തിന് പൂർണ്ണ വിരാമമിടണമെന്നുള്ള മാർപാപ്പായുടെ ആഗ്രഹം നിയമപരമായി പൂർത്തീകരിക്കപ്പട്ടു!! ഇൻഡ്യയിലെ ക്രിസ്ത്യാനികൾ അവരുടെ നേതാക്കന്മാരുടെ സ്വാധീനത്തിൽ മതദ്രോഹവിചാരണയുടെ നിയമാവലിയെ അംഗീകരിച്ചു. മാർപാപ്പായുടെ അധീനതയിലുള്ള കോടതിയെ അനുസരിച്ചുകൊള്ളാമെന്ന് ഇൻഡ്യയിലെ ക്രിസ്ത്യാനികൾ സമ്മതിക്കുക മാത്രമല്ല (XXII കല്പന) അതനുസരിക്കാത്ത സഹോദരങ്ങൾ ആരെങ്കിലുമുണ്ടെങ്കിൽ ആ വ്യക്തിയുടെ കാര്യം വെളിപ്പെടുത്താനും അവർ തയ്യാറായി (XXII കല്പന) (“ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി” എന്ന ഹോഗിന്റെ പുസ്തകം, വാല്യം 2, പേജ് 556, 557). ഇന്നത്തെ എത്ര ശബ്ബത്താചാരികൾ മതദ്രോഹവിചാരണയെ നേരിടാൻ തയ്യാറാകും?

ഡയമ്പറിലെ മറ്റൊരു പൈശാചീക ഉത്തരവ്, എല്ലാ സുറിയാനി വേദപുസ്തകവും സുറിയാനി ചരിത്രങ്ങളും നശിപ്പിക്കുകയെന്നതായിരുന്നു. മതപരമായ ഈ ചരിത്രരേഖകൾ നശിപ്പിക്കുന്നതിന്റെ പിന്നിലെ ഉദ്ദേശ്യമെന്തെന്ന് ബച്ച്മാൻ വ്യക്തമാക്കിയിരിക്കുന്നു. സുറിയാനിസഭയുടെ അപ്പോസ്തോലീക പാരമ്പര്യം നശിപ്പിക്കുകയും റോമിന്റെ മാത്രമായി ആ പാരമ്പര്യം സൂക്ഷിക്കുകയും ആയിരുന്നു ലക്ഷ്യം. ചരിത്രപരമായി റോമിന്റെ



ഈ അവകാശം തെളിയിക്കാൻ സാധിക്കുകയില്ല. മതദ്രോഹവിചാരണക്കാർ അപ്പോസ്തോലീക ചരിത്രങ്ങൾ നശിപ്പിച്ചതിന്റെ കാരണം അവർ പറഞ്ഞത് “ശരിയല്ലാത്ത സ്മാരകവസ്തുക്കൾ ഇരിക്കേണ്ട ആവശ്യമില്ലാത്തതിനാലാണ്” എന്നാണ്.

സംശയരഹിതമായി നമുക്കു പറയാൻ സാധിക്കും “ശരിയല്ലാത്ത അപ്പോസ്തോലീക സ്മാരകവസ്തുക്കൾ” എന്ന് അവർ ഉദ്ദേശിക്കുന്നത് സുറിയാനി വേദപുസ്തകത്തെക്കുറിച്ചായിരുന്നു. സത്യത്തിൽ ആ വേദപുസ്തകം അപ്പോസ്തോലീക സ്മരണവസ്തു തന്നെയായിരുന്നു. യഥാർത്ഥമല്ലാത്ത, പത്രോസിന്റെ താക്കോലിന്റെയും അപ്പോസ്തോലീക പിൻതുടർച്ചയുടെയും അവകാശം പറയുന്ന റോമൻ കത്തോലിക്കർക്ക് ആ വേദപുസ്തകം ശാപഗ്രസ്തമായിരുന്നു.

ഈ മൃഗീയപെരുമാറ്റത്തിലൂടെ മെനസിസിനു ലഭിച്ച സന്തോഷത്തെ അദ്ദേഹത്തിന്റെ പ്രതികരണത്തിലൂടെ നമുക്കു മനസ്സിലാക്കാം.

“സുറിയാനികൾ പറയുന്നത് ഈ തീകത്തിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം പള്ളിയ്ക്കു ചുറ്റും പ്രദക്ഷിണം വെച്ച് വിജയത്തിന്റെ പാട്ട് പാടിയിരുന്നു” എന്നാണ്. (ഇബിഡ് പേജ് 133)

ദൈവത്തിന്റെ കല്പന അനുസരിച്ചിരുന്ന സഭകളുടെ ഏതെല്ലാം രേഖകൾ ഈ ദുഷ്ടന്മാർ നശിപ്പിച്ചുവെന്നുള്ളത് ദൈവത്തിനു മാത്രം അറിയാം.

## അദ്ധ്യായം - 10

ഇൻഡ്യയുടെ ജിഗ്സോ കടങ്കഥയുടെ ശേഷിക്കുന്ന ഭാഗങ്ങൾ വ്യക്തമാക്കാൻ നമുക്കു ശ്രമിക്കാം. ഈ ഭാഗങ്ങൾ തിരിച്ചറിയാൻ നമ്മൾ, വിഷയത്തിൽ നിന്ന് സ്വല്പം വ്യതിചലിച്ച്, പാപ്പാത്വത്തിന്റെ പൈശാചികമായ കണ്ടുപിടുത്തത്തിന്റെ കാലവും ക്രമീകരണങ്ങളും ഗോവ മതദ്രോഹവിചാരണയ്ക്കുള്ള കല്പനകൾ പാസ്സാക്കി നിലവിൽ വന്നതും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

16-ാം നൂറ്റാണ്ടിൽ ലോകത്തിലെ ഏറ്റവും വലുതും സാമ്പത്തീക ഭദ്രതയുള്ളതുമായ നഗരമായിരുന്നു പോർട്ടുഗീസ് നഗരമായ ഗോവ. പോർട്ടുഗീസുകാരുടെ പൗരസ്ത്യ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ഇതിൽ 16-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ 2,25,000 ജനസംഖ്യയും ലണ്ടനോടും ആന്റ് വെർപ്പിനോടും കിടപിടിക്കത്തക്ക വളർച്ചയും ഉണ്ടായിരുന്നു. (പെൻറോസ്, "ഗോവ, ക്യൂൻ ഓഫ് ദ ഈസ്റ്റ്" പേജ് 55)

സമൃദ്ധമായ ഒരു ദ്വീപിൽ മാന്തവി നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഇത് ലോകത്തിലെ ഏറ്റവും തിരക്കുപിടിച്ച തുറമുഖങ്ങളിലൊന്നായിരുന്നു. പൗരസ്ത്യ പ്രകൃതി സമ്പത്തുകളാൽ ഇതിന്റെ കലവറകൾ നിറഞ്ഞു കവിഞ്ഞിരുന്നതിനാൽ യൂറോപ്പിലെ കപ്പലുകളുടെ ഇങ്ങോട്ടുള്ള ഒഴുക്ക് വളരെയധികം ആയിരുന്നു. അവർ അതിനു പകരം യൂറോപ്പിലെ ആഡംബരവസ്തുക്കൾ ഇവിടെ കൊണ്ടുവരികയും ഇതിനെ ഏഷ്യയിലെ യൂറോപ്പിന്റെ കാവൽപ്പുരയാക്കി മാറ്റുകയും ചെയ്തു.

അറേബ്യൻ കുതിരകളുടെ പ്രധാന വിതരണകേന്ദ്രമായി ഗോവ കീർത്തി പ്രാപിച്ചു. നല്ല അറേബ്യൻ പടക്കുതിരകൾക്ക് ഇൻഡ്യയിൽ വലിയ പ്രിയമായിരുന്നതിനാൽ പോർട്ടുഗീസ് ഇറക്കുമതി വ്യവസായികൾക്ക് ഈ വ്യവസായം വളരെ ലാഭകരമായിരുന്നു. മറ്റൊരു ആദായകരമായ വ്യവസായം, മറ്റൊരു വിധത്തിലുള്ള വളർത്തുമൃഗങ്ങളെ വിൽക്കുന്നതായിരുന്നു — മനുഷ്യരെ!! എസ്. സി. പോത്തൻ നമ്മോടു പറയുന്നു:



പോർട്ടുഗീസുകാർ തുടങ്ങിയ മറ്റൊരു വ്യവസായം അടിമവ്യാപാരമായിരുന്നു. അവർ നല്ല ആരോഗ്യമുള്ള സ്ത്രീ പുരുഷന്മാരെ ഇൻഡ്യയിൽ നിന്ന് പിടിച്ച് വിറ്റിരുന്നു. അവർ ഗോവയിലും അടിമവ്യാപാരത്തിന്റെ കമ്പോളം തുറന്നു." ("ദ സിറിയൻ ക്രിസ്ത്യൻ ഓഫ് കേരള" 1963, പേജ് 31)

ഈ കമ്പോളങ്ങൾ കയറ്റുമതി കേന്ദ്രങ്ങൾ മാത്രമല്ലാതെ ഇവിടെയുള്ള ധൂർത്തടിയന്മാരായ പോർട്ടുഗീസുകാരുടെ വ്യാപാര കേന്ദ്രവുമായിരുന്നു. പോർട്ടുഗീസുകാരുടെ കോളനിയായിരുന്ന മൊസ്സാമ്പിക്യൂവിലെപ്പോലെ "കാഫീർസ്" കച്ചവടം ഇവർ നടത്തിയിരുന്നതായി ഞങ്ങളോടു പറഞ്ഞു. പെൺകുട്ടികളെ വസ്ത്രമില്ലാതെ പരേഡ് ചെയ്യിച്ച് വിൽക്കുന്നതായിരുന്നു ആ വ്യവസായം. (ബി. പെൻറോസ് "ഗോവ, ക്യൂൻ ഓഫ് ദ ഈസ്റ്റ്" പേജ് 67)

അന്ന് കത്തോലിക്കാ സഭ ഈ മതേതര സർക്കാരിനോട് ചേർന്നുനിന്ന് ഈ ക്രൂരമായ പ്രവർത്തനങ്ങൾക്ക് അനുവാദം കൊടുത്തിരുന്നതായിട്ടും അടിമകളെ സ്വതന്ത്രരാക്കാനുള്ള അധികാരം അവർക്കുണ്ടെന്ന് വിളംബരം ചെയ്തതായിട്ടും സംശയരഹിതമായ രേഖകളുണ്ട്. 1592-ൽ ഗോവ വൈസ്രോയി "അവിശ്വാസികളായ അടിമകൾ ക്രിസ്ത്യാനിത്വം സ്വീകരിച്ചാൽ അവരെ സ്വതന്ത്രരാക്കാമെന്ന് വിളംബരം ചെയ്തു." (കൻഹാ റിവാരാ - സൈറ്റഡ് ബൈ പ്രൈയോൽക്കർ, "ദ ഗോവ ഇൻക്വിസിഷൻ" പേജ് 141)

പോർട്ടുഗീസുകാരുടെ യഥാർത്ഥ ലക്ഷ്യപ്രകാരം കരുക്കൾ നീക്കിയതിനാൽ, ഈ സമയമായപ്പോൾ, ഗോവാക്കാരുടെ രാഷ്ട്രീയ/സാമൂഹിക ജീവിതം കത്തോലിക്കാ സഭയുടെ അധീനതയിലായി. എല്ലാ പണ്ടകശാലകളെക്കാളും കടകളെക്കാളും കമ്പോളങ്ങളെക്കാളും ചൂതാലയങ്ങളെക്കാളും വീടുകളെക്കാളും ഉയർന്നതായിരുന്നു പള്ളികളും കോൺവെന്റുകളും. ഈ പള്ളികളിൽ ഒന്നായിരുന്നു വിശുദ്ധ കത്രീനയുടെ ഭദ്രാസനപള്ളി. അത് 1562-ൽ പണിയാരംഭിച്ചിട്ട് ഏതാണ്ട് 60 വർഷങ്ങൾ കൊണ്ടാണ് പണിതു തീർന്നത്. ഡോക്ടർ ഫ്രൈയർ എന്ന ആംഗ്ലിക്കൻ എഴു

തിയത്: 17-ാം നൂറ്റാണ്ടിന്റെ അവസാനത്തിങ്കൽ പ്രതാപത്തിൽ ഈ ഭദ്രാസനപള്ളി ഇംഗ്ലണ്ടിലെ പള്ളികളോടു കിടപിടിക്കത്തക്കതായിരുന്നു. 16-ാം നൂറ്റാണ്ടിന്റെ അവസാനത്തിങ്കൽ പണിപൂർത്തിയായില്ലായെങ്കിലും ഏതാണ്ട് എൺപതിനായിരം ഇടവകക്കാർ ഇതിനുണ്ടായിരുന്നുവെന്നു പറയപ്പെടുന്നു.

ഇന്ന് അത് മഹത്വം നഷ്ടപ്പെട്ട രീതിയിൽ, വഴിതെറ്റിച്ചതായ ചില മതഭ്രാന്തരുടെ ആവേശത്തിന്റെയും പ്രതാപത്തിന്റെയും ഓർമ്മയ്ക്കായി നിലകൊള്ളുന്നു. ഇവരുടെ മതതീഷ്ണയാൽ, ഗോവക്കാരെ ബുദ്ധിമുട്ടിച്ച്, ഏതാണ്ട് 60 ആശ്രമങ്ങൾ ഉണ്ടാക്കി ഇരുപതിനായിരം ക്രിസ്തീയ സന്യാസികളെ തീറ്റിപ്പോറ്റി. (പ്രൈയോൽക്കർ. "ദ ഗോവ ഇൻകിസിഷൻ" പേജ് 188)

ഈ സമ്പന്ന നഗരത്തിൽ ഒരു കെട്ടിടം, പാപ്പാത്വ മേധാവിത്വത്തെ പ്രചരിപ്പിച്ച മതഭ്രാന്തരായ ഏകാധിപത്യ ഭരണകൂടത്തിന്റെ സമർപ്പണത്തെ പ്രതിഫലിപ്പിച്ച് മറ്റുള്ളവയെക്കാൾ ഉയർന്നുനിൽക്കുന്നു. തിരക്കുപിടിച്ച ജലമാർഗ്ഗമായ റിബേരാ ഗ്രാൻന്റെയുടെയടുത്തായി നഗരകേന്ദ്രത്തോടടുത്ത, ആരുടെയും ശ്രദ്ധപിടിച്ചു പറ്റത്തക്കരീതിയിൽ ഉയർന്നു നിൽക്കുന്ന ആ കെട്ടിടം. അതിന്റെ പേര് "മതദ്രോഹ വിചാരണ ആപ്പീസ്", കേൾക്കുവാൻ പോലും ആൾക്കാർ ഭയപ്പെട്ടിരുന്ന പേര്. ആരെങ്കിലും പറയുന്നുണ്ടെങ്കിൽ "വലിയ കെട്ടിടം" എന്ന പേരു മാത്രമെ ഉപയോഗിച്ചിരുന്നുള്ളൂ. (ഇബിഡ് പേജ് 31)

ഈ കെട്ടിടം പ്രാരംഭത്തിൽ സുൽത്താന്റെ കൊട്ടാരമായിരുന്നു. എന്നാൽ പോർട്ടുഗീസുകാർ പിടിച്ചെടുത്തതോടെ അത് വൈസ്രോയികളുടെയും ഭരണാധികാരികളുടെയും വീടായി മാറി. 1560-ൽ മതദ്രോഹവിചാരണക്കാർ ഇതെടുത്ത് അവരുടെ പ്രവർത്തനങ്ങൾക്കായി ചില മിനുക്കുപണികൾ ഇതിൽ നടത്തി. ബോയിസ് പെൻറോസ് പറയുന്നത്:

"1600-ാം ആണ്ടായപ്പോഴേക്കും ഈ മുന്നു നിലയുള്ള സുന്ദരമണിമാളികയുടെ മുൻവശത്ത് സൗന്ദര്യമുള്ള കറുത്ത കല്ലുകൾ പതിപ്പിച്ചു: ( ഇതിന്റെ കറുത്ത നിറം യഥാർത്ഥത്തിൽ ഇതിന്റെ



ഉള്ളിൽ നടക്കുന്ന ക്രൂരവും നിഷ്ഠൂരവുമായ പ്രവർത്തനങ്ങളുടെ ഒരു അടയാളം തന്നെയെന്ന് വ്യക്തമാക്കുന്നു) ഇതിന്റെ പുറഭിത്തിക്ക് 5 അടി ഘനവും അകത്ത് 200 അറകളും ഉണ്ടാക്കിയത് മതദ്രോഹവിചാരണയ്ക്ക് വിധേയരാകുന്നവരെ പീഡിപ്പിക്കാൻ ഉള്ള രീതിയിലായിരുന്നു." ("ഗോവ, ക്യൂൻ ഓഫ് ദ ഈസ്റ്റ്" പേജ് 69).

ഇതിന്റെ അടുത്ത് പൈശാചീകമായ "അൾജൂബാ" അഥവാ മെത്രാപ്പോലീത്തായുടെ തടവറയുണ്ട്. അതിൽ അതിഥികളാകുന്ന നിർഭാഗ്യവാന്മാരുടെ കാര്യം ഒരു രഹസ്യം തന്നെയാണ്; അവരെല്ലാവരും മരിച്ചെന്നല്ല അതിന്റെ അർത്ഥം, പിന്നെയോ അതിനെക്കുറിച്ച് സംസാരിക്കാൻ പോലും അവർ ഭയപ്പെട്ടിരുന്നുവെന്നാണ്. അവരെ പറഞ്ഞുവിടുന്നുവെങ്കിൽ അതിന്റെ ഒരു വ്യവസ്ഥ തന്നെ — അതിനുള്ളിൽ നടക്കുന്ന കാര്യങ്ങൾ പരിപൂർണ്ണ രഹസ്യമായി സൂക്ഷിക്കുകയെന്നതാണ്. തന്റെ കുറവുകളെ ഏറ്റുപറഞ്ഞ് ലിസ്ബൺ തടവറയിൽ നിന്നു തന്റെ കാലം തികച്ച് പുറത്തുവരുന്നവർ പോർട്ടുഗീസ് നിയമപരിധിയിൽ നിന്ന് മാറി നിൽക്കാൻ ശ്രമിക്കും. ഫ്രാൻസുകാരനായ ഡോക്ടർ ഡെല്ലൻ കുറെക്കാലം ഫ്രാൻസിൽ ജീവിച്ചതിനുശേഷം തനിക്കുണ്ടായ അനുഭവങ്ങളെ വിവരിക്കാൻ ധൈര്യപ്പെട്ടു. അദ്ദേഹം പറയുന്നു: കുറ്റം വ്യക്തമായി ഏറ്റു പറഞ്ഞ് മരണത്തിൽ നിന്നു രക്ഷപെടുന്നവർ തടവറ വിട്ടുകഴിഞ്ഞാൽ, അവരോട് വളരെ മാന്യമായും ദയയോടും കൂടിയാണ് തടവറയിൽ പെരുമാറിയതെന്നു പറയേണ്ടിയിരുന്നു. ആരെങ്കിലും താൻ തെറ്റുകാരനെന്നു സമ്മതിച്ച് തടവറവിട്ടതിനുശേഷം തന്റെ നിരപരാധിത്വം തെളിയിക്കാൻ ശ്രമിച്ചാൽ അവനെ വീണ്ടും വേഗം തന്നെ പിടിച്ച് ക്ഷമ കൊടുക്കാതെ കത്തിക്കുമായിരുന്നു." (ഡെല്ലൻ, കോട്ടഡ് ബൈ പ്രൈയോൽക്കർ, "ദ ഗോവ ഇൻകിസിഷൻ" സെക് 2, പേജ് 34).

തടവറയിൽ നിന്നു പുറത്തിറങ്ങുന്നവർക്ക് ഈ അഗ്നി പരീക്ഷ ശരിയായി ഫലിച്ചുവെന്ന് ഇത് വ്യക്തമാക്കുന്നു. മതദ്രോഹവിചാരണയുമായി ബന്ധമുള്ള ഒരു പ്രായമായ ഫ്രാൻസിഷ്യൻ പുരോഹിതനുമായി ബുച്ചനാൻ നടത്തിയ സംഭാഷണത്തിൽ

അവിടെ നിന്നും പുറത്തുവന്ന ചിലരുടെ കാര്യം ഇപ്രകാരം പറഞ്ഞു:

"അവിടെ എന്തു നടന്നുവെന്ന് അവർ പറയുകയില്ല. അദ്ദേഹം കൂട്ടിച്ചേർത്തു...... മതദ്രോഹവിചാരണയുടെ അടയാളം വഹിക്കാത്തവരായി പുറത്തുവന്നവരെ അദ്ദേഹത്തിന് അറിയില്ല. അതായത് മുഖത്ത് ഗൗരവം കാണിക്കാത്തവരും ഭയാനകമായ തടവറയിലായിരുന്ന ഭാവത്തിൽ പുരോഹിതരെ ഭയക്കുന്നവരും ആയിരിക്കും അവർ." (ഇബിഡ്, പേജ് 95).

മെത്രാപ്പോലീത്തായുടെ തടവറയെ ഡോക്ടർ ഡില്ലൻ വിവരിക്കുന്നത് :

"ഏറ്റവും വൃത്തികെട്ടതും ഇരുണ്ടതും എല്ലാവർക്കും അറപ്പുതോന്നിക്കുന്നതും ഈ ലോകത്തിൽ ഇത്ര ഹീനമായ ഒന്നുണ്ടോയെന്നു ഞാൻ സംശയിക്കുന്നതും"

നേരത്തെ പറഞ്ഞതുപോലെ ഇൻഡ്യൻ മതദ്രോഹവിചാരണ തുടങ്ങിയതിന്റെ ഉദ്ദേശം വിശ്വാസസ്ഥിരതയില്ലാത്തവരെയും സ്വമതത്യാഗികളെയും ഭീഷണിപ്പെടുത്തി റോമൻ കത്തോലിക്കാ വിശ്വാസം കാത്തുസൂക്ഷിക്കാനായിരുന്നു.

ഇൻഡ്യാക്കാരുടെ വ്യക്തിപരമായ ജീവിതത്തിലും മതവിശ്വാസത്തിലും കൈകടത്തുന്നതിനു തടസ്സമല്ലാത്ത രീതിയിലായിരുന്നു അവകാശപത്രത്തിന്റെ ഉള്ളടക്കമെങ്കിലും മതദ്രോഹവിചാരണയുടെ നിയമപരിധിയ്ക്കുള്ളിലാക്കുകയെന്നതായിരുന്നു അവരുടെ പ്രധാന ഉദ്ദേശ്യം. റോമൻ കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്ന ഹിന്ദുക്കൾക്ക് അനേകം പ്രോത്സാഹന സമ്മാനങ്ങൾ/വാഗ്ദാനങ്ങൾ നൽകി. അതിൽ പ്രധാനമായത് പൊതുവിൽ ഉയർന്ന സ്ഥാനങ്ങൾ കൊടുക്കുക, പിൻതുടർച്ചാവകാശ നിയമങ്ങൾ അവർക്ക് അനുകൂലമാക്കുക, പൊതുവെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുക എന്നിവയായിരുന്നു. ഈ അവസരങ്ങൾ ഉപയോഗിക്കാത്ത ഹിന്ദുക്കളെ ഗോവയിൽ താമസ്സിക്കുന്നതിനു നിരുത്സാഹപ്പെടുത്തിയിരുന്നു. അവരുടെ മതസ്നേഹത്തിന് കുറവുവരുത്താൻ അവരുടെ ആചാരങ്ങൾക്കും ചടങ്ങു



കൾക്കും വിലക്കുകൊണ്ടുവന്നു. അനേകർ അവിടം വിട്ടുപോയി.; വിട്ടുപോകാത്തവർക്ക് അവരുടെ പാരമ്പര്യ സ്വത്തുക്കളും മറ്റു നിലനില്പിനുള്ള ആശ്രയങ്ങളും നഷ്ടമായി. അവരുടെ അമ്പലങ്ങളും പൂജാസ്ഥലങ്ങളും ദയയില്ലാതെ നശിപ്പിക്കുകയും വീണ്ടും പുതുക്കിപ്പണിയാൻ വിലക്കുകയും ചെയ്തു.

ഏറ്റവും ഹീനമായ മറ്റൊരു കല്പന കൊണ്ടുവന്നത്, ഗോവാക്കാർ മതദ്രോഹവിചാരണയ്ക്കായി ചാരന്മാരാകുകയെന്നതാണ്. അങ്ങനെ ചെയ്യാൻ മടിയ്ക്കുന്നവർക്ക് അതു തന്നെ കുറ്റവിചാരണയ്ക്കുള്ള ഒരു തെളിവായിയെടുത്ത് ശിക്ഷിക്കുമെന്നു നിയമം കൊണ്ടുവന്നു. "കുറ്റക്കാരെ" കൊണ്ടുവരുന്നവരെ ചോദ്യംചെയ്യുകയോ അവരുടെ മേൽവിലാസം പരസ്യം ചെയ്യുകയോ ചെയ്യാതിരുന്നതിനാൽ ഈ പദ്ധതി അനേകർ ചൂഷണം ചെയ്തു. സ്പെയിനിൽ നടന്ന കാര്യം എച്ച്.ഡി.ലീ എഴുതിയത് പ്രൈയോൽക്കർ ഉദ്ധരിച്ചുകൊണ്ട് അതുതന്നെ ഗോവയിലും നടന്നുവെന്ന് അവകാശപ്പെടുന്നു.

"കള്ളസാക്ഷ്യം പറയുന്നതിന്റെ ഔന്നത്യത്തിലെത്തി. അത് ലാഭത്തിനും പകരംവീട്ടാനുമുള്ള ഒരു ഉപാധിയായി മാറി. തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കാത്ത പുതിയ ധനികരായ ക്രിസ്ത്യാനികളെ ഒറ്റിക്കൊടുത്ത് ഈ കള്ളസാക്ഷ്യക്കാർ ഉപജീവനം കഴിച്ചിരുന്നതിനാൽ പലരും ഭയത്തോടെ അവർ പറയുന്നതെല്ലാം കൊടുത്തിരുന്നു." "ദ ഗോവ ഇൻക്വിസിഷൻ" പേജ് 108.

ഹിന്ദുക്കളിൽ ചിലരും ഈ പ്രലോഭനത്താലുള്ള ആദായത്തിൽ ആകൃഷ്ടരായി തങ്ങളുടെ കൂട്ടുകാരെപോലും ഒറ്റിക്കൊടുത്തു. "ഉദാഹരണമായി" കുനഹാ റിവാരായുടെ അധികാരത്തിൽ പ്രൈയോൽക്കർ ഉദ്ധരിക്കുന്നത്:

"പോർട്ടുഗീസ് രാജാവ് ഇൻഡ്യയിലെ വൈസ്രോയിയ്ക്ക് 1702 മാർച്ച് 24ന് എഴുതിയ എഴുത്തിൽ ഹിന്ദുക്കളുടെ ഭവനങ്ങൾ തോറും കയറിയിറങ്ങി ഭീഷണിപ്പെടുത്തി പണം വാങ്ങിച്ച ആറു പുതിയ ക്രിസ്ത്യാനികളെക്കുറിച്ച്, അവർ കുറ്റം അംഗീകരിക്കുന്നില്ലെങ്കിൽ അവരെ തെറ്റുകാരെന്നു വിധിച്ച് ശിക്ഷിക്കുക" എന്ന് എഴുതി (ഇബിഡ്, പേജ് 108, 109).

യൂറോപ്പിന്റെ ഇൻഡ്യയിലുള്ള ഈ സൈനീകത്താവളത്തിലെ അവിശ്വസ്തതയും ദുഷ്ടതയും ആർക്കും ഊഹിക്കാൻ സാധിക്കും. ഇൻഡ്യയിലെ പോർട്ടുഗീസ് സാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് അത് വഴിതെളിച്ചു. ഇങ്ങനെ പരിഹാസപാത്രമാകാനുള്ള പ്രധാന കുറ്റവാളികൾ മതനേതാക്കന്മാരും അവരിൽ പ്രധാനികളായ ജസ്യൂട്ടുകളുമായിരുന്നു.

ഗോവ സർക്കാരിലുള്ള ഇൻഡ്യൻ ജനതയുടെ വിശ്വാസം നഷ്ടപ്പെട്ടതോടെ അവർ പോർട്ടുഗീസുകാരുടെ നിയമപരിധിയിൽ നിന്നും മാറിത്താമസ്സിക്കുവാൻ തുടങ്ങിയപ്പോൾ ജസ്യൂട്ടുകൾ കൂടുതൽ ലൗകീക കാര്യങ്ങളിൽ ഇടപെടാൻ തുടങ്ങി. ബ്രിട്ടന്റെ വിശ്വവിജ്ഞാനകോശം (1953 - ഗോവയെക്കുറിച്ചുള്ള ഭാഗം) പറയുന്നത്: ഗോവയിലെ കച്ചവടം കാലക്രമത്തിൽ ജസ്യൂട്ടുകളുടെ കുത്തകയായി. എന്നാൽ മതദ്രോഹവിചാരണയായിരുന്നു എറ്റവും നീചമായ പ്രവൃത്തി. ഇവരും ഡൊമിനിക്കൻ ക്രിസ്ത്യാനികളായ സന്യാസികളും ഒത്തുചേർന്ന് അവരവരുടെ പോക്കറ്റു വീർപ്പിക്കാനും ആഗ്രഹങ്ങൾ സാധിക്കാനും ശ്രമിച്ചതിനാൽ “ഒട്ടും ദയയില്ലാത്തവർ” എന്ന പേര് ക്രിസ്ത്യാനികളുടെ മതദ്രോഹവിചാരണയിലൂടെ അവർക്കു കിട്ടി.

“അപകീർത്തി ഇത്രമാത്രം ആഴത്തിലും നീചമായും അന്ധകാരമായും ലൗകീക താല്പര്യത്തിൽ മാത്രം കേന്ദ്രീകരിച്ചും ഗോവയിലെ മതദ്രോഹവിചാരണക്കോടതിയിലല്ലാതെ എവിടെ നടന്നു? കുറ്റവിചാരണക്കോടതിയിലല്ലാതെ എവിടെ നടന്നു? കുറ്റവിചാരണ നടത്തുന്നവർ അവരുടെ ആഗ്രഹങ്ങൾക്കു വിധേയരാകാത്ത സ്ത്രീകളെ ബലമായി പിടിച്ച് ജയിലിലടച്ച് അവരുടെ ആഗ്രഹങ്ങൾ സാധിച്ചതിനുശേഷം അവരെ നാസ്തീകരെന്നു കുറ്റം ചുമത്തി കത്തിച്ചു.” (“എ ഇൻഡ്യ പോർട്ടുഗീസാ, വാല്യം II നോവ ഗോവ” 1923 പേജ് 263 — സൈറ്റഡ് ഇൻ “ദ ഗോവ ഇൻക്വിസിഷൻ” പേജ് 175).

ഈ നാമമാത്ര ക്രിസ്തുശിഷ്യന്മാർ മതദ്രോഹവിചാരണയുടെ മറവിൽ പണം സമ്പാദിക്കാനായി പ്രവർത്തിച്ചു. മതദ്രോഹവിചാരണയുടെ നിയമപ്രകാരം ഒരാളെ സംശയത്തിൽ പിടിച്ചുകഴിഞ്ഞാൽ അയാളുടെ സ്വത്തുക്കളും സമ്പാദ്യങ്ങളും ജപ്തി ചെയ്തിരുന്നു. ടാവെനിയർ ഞങ്ങളോടു പറഞ്ഞതനുസരിച്ച് വെള്ളി / സ്വർണ്ണാഭരണങ്ങൾ കൈവശപ്പെടുത്തുന്നത് രേഖപ്പെടുത്തുന്നതുപോലും ചെയ്യാതെ ‘മതദ്രോഹവിചാരണയുടെ ചില വിലേയ്ക്ക് എഴുതിത്തള്ളിയിരുന്നു.” (“ടാവേർനിയസ് ട്രാവൽസ് ഇൻ ഇൻഡ്യ” പേജ് 184 - സൈറ്റഡ് ഇൻ “ദ ഗോവ ഇൻക്വിസേഷൻ” പേജ് 174)



ടാവെനീയർ പറയുന്നത്, മതദ്രോഹവിചാരണ നടത്തുന്നവർ വിലപിടിപ്പുള്ളതും സുലഭമല്ലാത്തതുമായ വസ്തുക്കൾ ലഭിക്കാനായി, കുറ്റവാളിയ്ക്കു പകരം ഒരു ദാസനെ ലേലത്തിന് അയയ്ക്കുന്നു. ആൾക്കാർ വലിയ വില കൊടുക്കാൻ മടികാണിക്കുമ്പോൾ ഈ പുരോഹിതന്മാർ ഒരു നിശ്ചിത വില ഇട്ട് അവ വാങ്ങുന്നു. അങ്ങനെ പാവങ്ങളെ ജയിലിലടയ്ക്കുന്നതിനു പകരം പണക്കാരെ ജയിലിലടയ്ക്കുന്നത് അവർക്ക് ഒരു ആദായമാർഗ്ഗമായി. (സി. ഡെല്ലൻ “ഗോവ ഇൻക്വിസിഷൻ” സെക്ഷൻ 2, പേജ് 36, 37).

സ്വത്തുക്കൾ കൈവശപ്പെടുത്തുന്നത് വളരെ ആദായകരമെങ്കിലും ആടുകളുടെ വേഷം ധരിച്ച ഈ ചെന്നായ്ക്കൾക്ക് അവരുടെ സ്വത്തിനോടുള്ള വിശപ്പ് എത്ര കിട്ടിയിട്ടും കൂടികൂടി വന്നു. നേരത്തെ മരിച്ച ധനാഢ്യരെ, മരണാനന്തരം കുറ്റവാളിയെന്നു മുദ്രകുത്തി അവരുടെ സ്വത്ത് കൈവശപ്പെടുത്തിയിരുന്നു.

“മതദ്രോഹവിചാരണയുടെ നിയമപരിധി ജീവനുള്ളവരിലും ജയിലിൽ മരിച്ചവരിലും മാത്രം ഒതുങ്ങിയിരുന്നില്ല. എന്നാൽ വർഷങ്ങൾക്കു മുൻപ് മരിച്ച ആൾക്കാരെ കുറ്റക്കാരെന്നു വിധി നടത്തുകയും പതിവായിരുന്നു. മരിച്ചവർക്കെതിരായി കുറ്റാരോപണം ചെയ്ത് അവരുടെ ശരീരം ശവകുടീരത്തിൽ നിന്നെടുത്ത് വിധികല്പിക്കുകയും ആ വ്യക്തിയുടെ സ്വത്തുക്കൾ ആരുടെ കൈവശമിരിക്കുന്നുവോ അവരിൽ നിന്ന് ഇവർ കൈക്കലാക്കുകയും ചെയ്തിരുന്നു” (ഇബിഡ്, സെക്ഷൻ 2, പേജ് 56).

മുകളിൽ പറഞ്ഞിരിക്കുന്ന അവകാശവാദം പ്രാബല്യത്തിൽ വരുത്തിയ ഒരു സംഭവം ഡെല്ലൻ വിവരിച്ചത് റേ തർജ്ജമ ചെയ്തത് നോക്കാം.

“കത്തിക്കപ്പെടാൻവേണ്ടി വിധിക്കപ്പെട്ടവരുടെ വസ്തുതകൾ മുമ്പോട്ടു ക്രമപ്രകാരം കൊണ്ടുവരാൻ കല്പനയുണ്ടായി. അവരിൽ ഒരു മനുഷ്യനും ഒരു സ്ത്രീയും മരിച്ചുപോയ നാലു പേരുടെ പടങ്ങൾക്കൊപ്പം അവരുടെ എല്ലുകൾ അടക്കിയ പെട്ടിയും ഉണ്ടായിരുന്നു. അവരിൽ രണ്ടുപേരെ മന്ത്രവാദികളെന്നും യഹുദീകരിക്കുന്നവരെന്നും കുറ്റപ്പെടുത്തിയിരുന്നു. അവരിൽ ഒരാൾ ജയിലിൽ മരിച്ചയാളും മറ്റെയാൾ സ്വന്തം വീട്ടിൽ മരിച്ച് അയാളുടെ തന്നെ സ്ഥലത്ത് അടക്കപ്പെട്ടയാളും ആയിരുന്നെങ്കിലും ധാരാളം സ്വത്തുണ്ടായിരുന്നതിനാൽ തന്റെ കല്ലറ തുറന്ന് അയാളുടെ ശേഷിച്ച ശരീരഭാഗങ്ങൾ യഹൂദീകരിച്ചവനെന്നുള്ള കുറ്റം ചുമത്തി കത്തിച്ചു കളഞ്ഞു..... ആ നദിക്കരയിലെ പുകപടലത്തിന്റെ മറ ഹൃദയമില്ലാത്ത വൈസ്രോയിയെയും തന്റെ അനുയായികളെയും സന്തോഷിപ്പിച്ചു.” (“ദ സിറിയൻ ചർച്ച് ഇൻ ഇൻഡ്യ” പേജ് 217, 218 സൈറ്റഡ് ഇൻ “ട്രൂത്ത് ട്രൈയംഫൻന്റ്” പേജ് 320).

കുറ്റവാളികളെന്നു പറഞ്ഞു പിടിക്കുന്നവരുടെ മേൽ എന്തു കുറ്റമാണു ചുമത്തുന്നതെന്നു അവർക്കുതന്നെ അറിയാൻ പാടില്ല. അതാണ് ഏറ്റവും നികൃഷ്ടമായ കാര്യം. എന്നാൽ അവർ കുറ്റം സമ്മതിക്കാൻ നിർബന്ധിതരാകുന്നു ഇത് കുറ്റക്കാർക്കും കുറ്റരഹിതർക്കും ഒരുപോലെ പ്രശ്നമായിമാറിയെന്ന് ഊഹിക്കാമല്ലോ. മതദ്രോഹവിചാരണക്കാരുടെ മനസ്സിൽ താൻ ചെയ്ത ഏതു കുറ്റമാണിരിക്കുന്നതെന്ന് കുറ്റക്കാർക്കും, താൻ മതദ്രോഹവിചാരണയുടെ ഏതു നിയമമാണ് ലംഘിച്ചതെന്ന് കുറ്റരഹിതർക്കും അറിവില്ലായിരുന്നു. കുറ്റവാളിയെന്നു മുദ്രകുത്തിക്കഴിഞ്ഞാൽ വലിയ ശിക്ഷ ഒഴിവാക്കാൻ എന്തെങ്കിലും അവാസ്തീകമോ സാങ്കല്പീകമോ ആയ കുറ്റം സമ്മതിക്കുകയേ നിവൃത്തിയുള്ളൂ.

പീഡനഭയത്താൽ കുറ്റവാളിയാക്കപ്പെടുന്ന വ്യക്തി എന്തെങ്കിലും കുറ്റം ഏറ്റുപറയാൻ നിർബന്ധിതനാകുന്നു. മതദ്രോഹവിചാരണക്കാർ ഇത് വളരെ വേഗം കുറ്റം സമ്മതിക്കാനുള്ള ഉപാധിയായി ഉപയോഗിക്കുന്നുവെങ്കിലും സാധാരണ കുറ്റവാളികളുടെ കുറ്റാമ്പേഷണം അപൂർണ്ണവും ന്യൂനത നിറഞ്ഞതും പൊരുത്തപ്പെടാത്തതും ആയിരിക്കും. നേരത്തെ പറഞ്ഞതുപോലെ മതദ്രോഹവിചാരണ കഴിഞ്ഞ് പുറത്തിറങ്ങുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവർ അവരുടെ അനുഭവങ്ങൾ പറയാൻ ഭയപ്പെട്ടിരുന്നു. ഗോവയിൽ പീഢനത്തിനു വിധേയനായി മോചിതനാക്കപ്പെട്ട ഡെല്ലൻ ഗോവയിൽ പീഢനം നടക്കുന്ന കാര്യം തറപ്പിച്ചു പറയുന്നു.

“നവംബർ, ഡിസംബർ മാസങ്ങളിൽ പീഢനത്തിനിരയാകുന്നവരുടെ കരച്ചിൽ എല്ലാ ദിവസവും രാവിലെ കേൾക്കാമായിരുന്നു. പീഢനത്തിനിരയാക്കപ്പെട്ട സ്ത്രീകളെയും പുരുഷന്മാരെയും ഞാൻ കണ്ടിട്ടുണ്ട്.....

ഈ നീതിന്യായക്കോടതിയുടെ മുൻപാകെ പദവിയോ, വയസ്സോ, സ്ത്രീപുരുഷഭേദമോ ഒന്നുമില്ലായിരുന്നു. എല്ലാ വ്യക്തികളോടും നിർദയമായി പെരുമാറുകയും ഏകദേശം നഗ്നരായി ത്തന്നെ പീഢിപ്പിക്കുകയും ചെയ്തിരുന്നു.” [ഡെല്ലൻ അദ്ധ്യായം 29 (സൈറ്റഡ് ഇൻ “ദ ഗോവ ഇൻക്വിസിഷൻ” സെക്ഷൻ 2, പേജ് 48, 49)]

ഗോവയിൽ പോർട്ടുഗീസ്സുകാരുടെ ഈ മതദ്രോഹവിചാരണക്കാലത്ത് സുറിയാനി ക്രിസ്ത്യാനി സഭകളെ ഏറ്റുമുട്ടിയതിന്റെ ചിത്രം ഈ സംഭവങ്ങളിലൂടെ വ്യക്തമാകുന്നു. ഇപ്രകാരം റോമൻ കത്തോലിക്കർക്ക് അവർ അവരെത്തന്നെ അടിയറവെച്ച് മതദ്രോഹവിചാരണയ്ക്ക് നിയമാനുസരണം തങ്ങളെത്തന്നെ കീഴ്പ്പെടുത്തിയതെങ്ങനെ?

ഇതിന്റെ ഉത്തരം കൊടുക്കുന്നതിനു മുൻപ് “മനുഷ്യ സ്വഭാവത്തിന്റെ ധാർമ്മീക നിയമങ്ങൾ” എന്ന പാപ്പാത്വ ശൈലിയെ “ക്രിസ്തുവിന്റെ സഭ” യിലൂടെ ഇൻഡ്യയിലെ ചില ഭാഗങ്ങളിൽ പ്രതിഫലിപ്പിച്ചത് മനസ്സിലാക്കുന്നതല്ലെ നല്ലത്? ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ “ആഗോളപരമാധികാരത്തെ” ക്കുറിച്ച് മാലാഖി മാർട്ടിൻ രൂപരേഖ ചെയ്തിരിക്കുന്നത് ഇവിടെ വാസ്തവമാകുകയല്ലെ?

## അദ്ധ്യായം – 11

യൂറോപ്പിൽ 16–ാം നൂറ്റാണ്ട് എല്ലാവിധത്തിലും ഒരു പ്രധാന നൂറ്റാണ്ടു തന്നെയായിരുന്നു. ഈ നൂറ്റാണ്ടിലാണ് അന്ധകാരയുഗത്തിന്റെ മൂടൽമഞ്ഞിൽനിന്ന് പാശ്ചാത്യ സംസ്ക്കാരം നവോത്ഥാന പ്രസ്ഥാനത്തിലൂടെ പ്രകാശിതമായത്. പുതിയ വിദ്യാഭ്യാസയുഗത്തിന്റെ ആരംഭമായി തോന്നുന്ന രീതിയിൽ ബുദ്ധിശാലിയായ ഇറാസ്മസ് എന്ന ഹോളണ്ടുകാരൻ തന്റെ സാന്നിദ്ധ്യം മറ്റുള്ളവർക്കു ബോദ്ധ്യപ്പെടുത്തി. 1516 നും 1522നുമിടയിൽ അദ്ദേഹം പുതിയ നിയമത്തിന്റെ ഗ്രീക്കുപതിപ്പ് മൂന്നെണ്ണം പുറത്തിറക്കി. അപ്പോസ്തോലികകാലത്തെ എഴുത്തുകളും പരിഭാഷകളുമാണ് ഈ തർജ്ജമയ്ക്ക് ഉപയോഗിച്ചത്. 7–ാംദിന ശബ്ബത്ത് അനുസരിക്കുന്ന പാരമ്പര്യമുള്ള സുറിയാനി, യവന, ഗാലിക് സഭകൾ വളരെ കാര്യമായി ഈ തർജ്ജമകൾ സൂക്ഷിച്ചു. റോമാക്കാരുടെ വൾഗേറ്റ് തർജ്ജമ ചെയ്ത അലക്സന്ത്രിയ ചുരുളെഴുത്തിൽ നിന്നും ഈ ബൈസൻന്റൈൻ പാരമ്പര്യത്തിലുള്ള അദ്ദേഹത്തിന്റെ പുതിയനിയമപരിഭാഷയ്ക്ക് ചില മാറ്റങ്ങൾ ഉണ്ടായിരുന്നു.

ഇറാസ്മസ്സിന്റെ പുതിയനിയമത്തിന്റെ വില വലിയ പണ്ഡിതരും വാഗ്മികളുമായിരുന്ന മാർട്ടിൻ ലൂഥറും വില്യം ടെൻഡൈലും വളരെ വേഗം മനസ്സിലാക്കുകയും അവർക്ക് അത് ആത്മീക പ്രചോദനം നൽകുകയും ചെയ്തു. 1534–ൽ ജർമ്മനിയിലുള്ളവർക്കും ഇംഗ്ലീഷുകാർക്കും "വാൽഡൻസിയറുടെ വേദപുസ്തകം" അവരവരുടെ ഭാഷയിൽ വായിക്കുവാൻ സാധിച്ചു. 1537–ൽ ഫ്രഞ്ചുകാർ അവരുടെ ഭാഷയിൽ "വാൽഡൻസിയറുടെ വേദപുസ്തകം" അടിച്ചിറക്കിയതിനെ'ഒലിവെത്തിയൻ' എന്നു വിളിച്ചു. പ്രൊട്ടസ്റ്റന്റു നവോത്ഥാനത്തിന്റെ കരങ്ങൾക്ക് കരുത്തേകാൻ ഈ വേദപുസ്തകങ്ങൾക്കു സാധിക്കത്തക്ക രീതിയിൽ അച്ചടിയും അതിന്റെ ഫലമായുള്ള വിദ്യാഭ്യാസ പരിഷ്കരണവും ആ സമയത്തുണ്ടായി.



ആ നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ പോൾ III മാർപാപ്പാ പുതുതായി ആരംഭിച്ച "സൊസൈറ്റി ഓഫ് ജീസസ്" എന്ന സംഘടനയിലൂടെ പ്രൊട്ടസ്റ്റന്റുകാരുമായി യുദ്ധത്തിനു തീരുമാനമെടുക്കാനായി ട്രെൻന്റിലെ നീണ്ട സുന്നഹദോസ് വിളിച്ചുകൂട്ടി. ഈ സുന്നഹദോസ് വിളിച്ചുകൂട്ടിയെങ്കിലും പുതിയനിയമത്തിന്റെ പുതുക്കിയ തർജ്ജമയും ജനീവാ ബൈബിൾ എന്ന പേരിൽ പഴയ നിയമവും ബ്രിട്ടനിൽ വന്നത് നവോത്ഥാനത്തിന് ഉണർവേകി.

ട്രെൻന്റിൽ തീരുമാനിച്ചതുപോലെ ജസ്യൂട്ടുകൾ ഈ ഇംഗ്ലീഷ് വേദപുസ്തകത്തിനു പകരം അവരുടെ "റീംസ്" ബൈബിൾ ഇംഗ്ലീഷുകാരുടെ ഇടയിൽ വിതരണം ചെയ്തു. ഈ വേദപുസ്തകം വിതരണം ചെയ്തതിന്റെ ഉദ്ദേശം "വാൽഡൻസുകളുടെ തെറ്റായ തർജ്ജമയാൽ കബളിപ്പിക്കപ്പെട്ടവരെ രക്ഷിക്കുക" യെന്നതായിരുന്നു. (പ്രിഫെയ്സ് ടു ജനീവാ ബൈബിൾ). എന്നാൽ ഈ വേദപുസ്തകം സ്വാഗതം ചെയ്യപ്പെട്ടില്ല; പ്രത്യേകിച്ച് പ്രൊട്ടസ്റ്റന്റുകാരുടെ ഇടയിൽ.

അങ്ങനെ റോമാക്കാർ രണ്ടു കാര്യങ്ങൾ സമ്മതിക്കുന്നതായി കാണാം — പ്രൊട്ടസ്റ്റന്റു നവോത്ഥാനത്തെ സഹായിച്ചതും ലൂഥറും ട്രിന്റെലും ആശ്രയിച്ചിരുന്നതുമായ ഇറാസ്മസ്സിന്റെ വേദപുസ്തകം, വാൽഡൻസികളുടെ വേദപുസ്തകം തന്നെയാണെന്നും അത് റോമിന്റെ ലത്തീൻ വൾഗേറ്റ് വേദപുസ്തകവുമായി ഉപദേശത്തിൽ വ്യത്യാസങ്ങൾ ഉണ്ടെന്നും.

വാൽഡൻസികളുടെ വേദപുസ്തകത്തിനു പകരം റോമിന്റെ വേദപുസ്തകം പ്രചരിപ്പിക്കുവാനുള്ള ശ്രമത്തിൽ അവർ പരാജയപ്പെടാൻ കാരണം ബ്രിട്ടന്റെ മേൽ പോപ്പിന്റെ അധികാരം ബലപ്പെടുത്താൻ ശ്രമിച്ചതിനാലാണ്. പതിവുപോലെ വത്തിക്കാൻ മറ്റൊരു രാഷ്ട്രീയശക്തിയുടെ പട്ടാളത്തെ തന്റെ ദുഷ്ടപ്രവർത്തനത്തിനായി ഉപയോഗിച്ചു. 1588–ൽ സ്പെയിനിലെ രാജാവായ ഫിലിപ്പ് രണ്ടാമൻ ഇംഗ്ലണ്ടിനെ ആക്രമിക്കാൻ 300 പടക്കപ്പലുമായി എത്തിയതിൽ, പോർട്ടുഗീസ് നേവിയെ പരാജയപ്പെടുത്തി നേടിയ കപ്പലുകളും ഉണ്ടായിരുന്നു. സ്പെയിനിന്റെ പരാജയവും

അവരുടെ നാശവും ബ്രിട്ടന്റെ ജലമേധാവിത്വത്തെ തെളിയിക്കുക മാത്രമല്ല പ്രൊട്ടസ്റ്റൻന്റിസം പടരാനും ഇടയാക്കി.

എന്നാൽ ഇൻഡ്യയിലെ ക്രിസ്ത്യാനികൾക്ക് 16-ാം നൂറ്റാണ്ട് വളരെ വേദനാജനകമായിരുന്നു. ആ നൂറ്റാണ്ടിന്റെ ആരംഭത്തിലെ പോർട്ടുഗീസുകാരുടെ വരവ് അവരുടെ പുരാതന ആരാധനക്രമങ്ങളെ ആ നൂറ്റാണ്ടിന്റെ അവസാനം ആകുന്നതിനുമുൻപ് ഇല്ലെന്നാക്കുമെന്ന് അവർ ഒരിക്കൽപോലും ചിന്തിച്ചിരുന്നില്ല. അവരുടെ സഭകളെ ശക്തിയുപയോഗിച്ച് റോമൻ കത്തോലിക്കാസഭയുടെ കീഴിലാക്കുമെന്നും സുറിയാനി വേദപുസ്തകവും മറ്റു സാഹിത്യങ്ങളും പൂർണ്ണമായും നശിപ്പിക്കുമെന്നും അവരുടെ നേതാക്കന്മാർ സ്വന്തസഭകളെ യൂറോപ്യൻ പീഡനത്തിന്റെ (ഗോവയിലെ മതദ്രോഹവിചാരണയുടെ) നിയമപരിധിയിൽ ആക്കുമെന്നും അവർ മുൻകൂട്ടി കണ്ടിരുന്നില്ല.

ഇൻഡ്യയിലെ പോർട്ടുഗീസുകാർ, റോമിന് യൂറോപ്പിലെ പ്രൊട്ടസ്റ്റന്റുകാർക്കിടയിലുണ്ടായ നഷ്ടപരിഹാരത്തിനായി, ഇൻഡ്യയിലെ ക്രിസ്ത്യാനികളെയും റോമിനുവേണ്ടി നേടാൻ തീരുമാനിച്ചിരിക്കുന്നു.

അതിനാൽ അടുത്ത നൂറ്റാണ്ടായപ്പോഴേക്കും ഈ സെന്റ് തോമസ്സ് ക്രിസ്ത്യാനികളുടെ ബുദ്ധിമുട്ടും പ്രയാസങ്ങളും ആരും തന്നെ ഓർക്കാതെയായി. എന്നാൽ പിന്നീട് പോർട്ടുഗീസുകാർക്കും സ്പെയിൻകാർക്കും ഈ ഭാഗത്തെ ഭരണം നഷ്ടമായി.

ഇൻഡ്യയിൽ ഡച്ചുകാരുടെയും പിന്നീട് ഫ്രഞ്ചുകാരുടെയും വരവോടെ പോർട്ടുഗീസുകാരുടെ കിഴക്കൻ സാമ്രാജ്യത്തിൻമേലുള്ള അധികാരം നഷ്ടപ്പെട്ടു. അവരുടെ മലബാർ ഭാഗത്തെ അധികാരം ഗോവയിൽ മാത്രം ഒതുങ്ങിനിന്നു.

17-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ബാബിലോണിലെ പാത്രിയർക്കീസിന് നഷ്ടപ്പെട്ടുപോയ ഇൻഡ്യയിലേയ്ക്ക് അധികാരം വ്യാപിപ്പിക്കാൻ അവസരം ലഭിച്ചു. അഹത്തുള്ള എന്ന പേരിൽ ഒരാളെ വാഴിച്ച് ഇൻഡ്യയിലേക്കുള്ള പുതിയ നേതാവായി അയ



ച്ചുവെങ്കിലും തെക്കെ മദ്രാസിനടുത്തുള്ള മൈലാപൂരിൽ വെച്ച് പോർട്ടുഗീസ് ഏജന്റുകൾ അദ്ദേഹത്തെ പിടിച്ച് ഗോവയിൽ കൊണ്ടുവന്ന് 1653-ൽ കത്തിച്ചു കൊന്നു. ("ട്രൂത്ത് ട്രൈയംഫന്റ്" പേജ് 329)

മലബാർ ക്രിസ്ത്യാനികളുടെ ധാർമ്മികരോഷം ഉണർന്നതിനാൽ അവരുടെ പീഡിതരിൽ നിന്ന് രക്ഷപെടാൻ അവർ ആഗ്രഹിച്ചു. ചരിത്രരഹിതമായ ഈ അര നൂറ്റാണ്ടിന്റെ ഇടവേളയിൽ അനേകം ക്രിസ്ത്യാനികൾ ഈ തെറ്റായ ഉപദേശകന്മാരെ അനുസരിക്കാഞ്ഞതിനാൽ മതദ്രോഹവിചാരണയ്ക്കു വിധേയരായി.

പുതുതായി നിയമിക്കപ്പെട്ട നേതാക്കന്മാരുടെ നിഷ്ഠൂര പ്രവർത്തനത്താൽ വേദനയുണ്ടായവർ കൊച്ചിയ്ക്കടുത്തുള്ള മട്ടാഞ്ചേരിയെന്ന ചെറിയ പട്ടണത്തിൽ ഒന്നിച്ചു കൂടി. പോർട്ടുഗീസുകാരുടെ പാപ്പാത്വ നിയന്ത്രണത്തിലുള്ള പുരോഹിതന്മാർക്കെതിരായി അവർ ഒരു വലിയ കുരിശിന്റെ മുൻപിൽകൂടി. അതൊരു പരിശുദ്ധ അടയാളമായി കരുതിക്കൊണ്ട് അവർ കുരിശിലേയ്ക്ക് ഒരു നീളമുള്ള കയർ കെട്ടി, എല്ലാവരും ആ കയറിൽ പിടിച്ചുകൊണ്ട് റോമൻ കത്തോലിക്കരോടുള്ള ബന്ധം ഉപേക്ഷിക്കുന്നതായി ശപഥം ചെയ്തു. ഈ സംഭവത്തെയാണ് "കൂനൻ കുരിശ്" എന്ന പേരിൽ ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികൾ അവരുടെ ചരിത്രത്തിലെ ഒരു നാഴികകല്ലായി കണക്കാക്കുന്നത്.

എന്നാൽ വൈകാരികമായി എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും ശരിയായി ചിന്തിച്ചല്ലായിരിക്കാം. ഏതാണ്ട് നാനൂറായിരം ക്രിസ്ത്യാനികളുടെ അവരുടെ സഭയോടുള്ള സ്നേഹത്തിൽ ചെയ്ത ഈ കൂറുമാറ്റം പാപ്പാത്വനേതാക്കന്മാർ അറിഞ്ഞപ്പോൾ അവർ കാർമലൈറ്റ് രഹസ്യദൂതരെ അവരുടെ ഇടയിലേക്ക് അഴിച്ചുവിട്ട് അവരെ തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചു. അവരുടെ പ്രയത്നങ്ങൾ വിഫലമായില്ല; കാരണം ധാരാളം ആൾക്കാർ കത്തോലിക്കാ സഭയുടെ ആചാരത്തോട് കൂറുപുലർത്തി ജീവിച്ചിരുന്നവരാണല്ലൊ. അവരുടെ സുറിയാനി ക്രിസ്ത്യാനിത്വത്തെക്കു

റിച്ചുള്ള അറിവ് കഴിഞ്ഞുപോയ കാലഘട്ടത്തിന്റെ കേട്ടുകേൾവി മാത്രമായിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ വേദപുസ്തകമുൾപ്പെടെയുള്ള ഗ്രന്ഥങ്ങളോ മറ്റേതെങ്കിലും രേഖകളോ ഒന്നുംതന്നെയില്ലായിരുന്നു. അവരുടെ നേതാക്കന്മാർ യഥാർത്ഥത്തിൽ റോമൻ കത്തോലിക്കർ തന്നെയായിരുന്നു.

കത്തോലിക്കാ പുരോഹിതരുടെ മുഖസ്തുതിയും ഭ്രഷ്ടും ഭീഷണിയും നിമിത്തം കൂനൻകുരിശിൽ സാക്ഷിയായവരിൽ ഒരു പിളർപ്പുണ്ടായി. ഏകദേശം മൂന്നിൽ രണ്ടു ഭാഗം എതിർവാദക്കാർ പാപ്പാത്വത്തിന്റെ "അനുഗ്രഹ" മറവിൽ നിൽക്കുവാൻ തീരുമാനിച്ചുകൊണ്ടു തിരിച്ചുപോന്നു. അവരെയാണ് പിൽക്കാലത്ത് മലങ്കര കത്തോലിക്കർ (റീത്തുകാർ അഥവാ സുറിയാനി കത്തോലിക്കർ) എന്ന പേരിൽ അറിയാൻ തുടങ്ങിയത്. അവർ അവരുടെ ശപഥത്തോട് കൂറുമാറാതെ നിന്ന് സുറിയാനി ക്രിസ്ത്യാനികളുടെ രീതിയിൽ ആരാധിച്ചു പോന്നു. എന്നാൽ ഈ കാലമായപ്പോഴും ഞായറാഴ്ച വിശ്രമദിവസവും ആരാധനാദിവസവുമാക്കിയത് റോമാക്കാരാണെന്നുള്ള വിവരം പൂർണ്ണമായും അവർ മറന്നുപോയി. ശബ്ബത്തു കല്പന ഇപ്പോഴും ആചരിക്കേണ്ടതാണെന്നുള്ളത് ഈ സമയത്ത് മലബാർ തീരത്തുള്ള ചില ധൈര്യശാലികളും യാഥാസ്ഥിതികരുമായ യഹൂദന്മാരും അതുപോലെ നമ്മൾ ഇപ്പോൾ കാണാൻ പോകുന്ന ചില അർമീനിയക്കാരും മാത്രം വിശ്വസിച്ചു. പോർട്ടുഗീസുകാരുടെ സ്വാധീനം കുറഞ്ഞു കുറഞ്ഞു വന്നപ്പോൾ യാഥാസ്ഥിതികരായ ഈ യഹൂദന്മാർ കൂനൻകുരിശു സംഭവം നടന്നതിന്റെ അടുത്തുതന്നെ അവരുടെ സിനഗോഗിൽ പതിവായി ശബ്ബത്തു (ശനിയാഴ്ച) ആചരിച്ചു പോന്നു.

എന്നാൽ പോർട്ടുഗീസുകാരുടെ നിയന്ത്രണത്തിലുള്ള മേഖലകളിൽ യഹൂദീകരണത്തിനു വലിയ വില കൊടുക്കേണ്ടിയിരുന്നു. ചരിത്രകാരനായ 'റെ' മതദ്രോഹവിചാരണയ്ക്കു വിധേയരായ ഇവരെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"ഈ മതഭ്രാന്തന്മാരെ വേട്ടയാടുകയല്ലാതെ, യഹൂദന്മാർ, പുതുക്രിസ്ത്യാനികൾ അതുപോലെ യഹൂദീകരണക്കുറ്റം ഏറ്റ



വരെയെല്ലാം (അതായത് മോശയുടെ നിയമങ്ങൾ അനുസരിച്ചിരുന്നവർ, പന്നി കഴിക്കരുതെന്നു പറഞ്ഞവർ, ശബ്ബത്ത് പരിശുദ്ധമായി വെച്ചവർ, പെസഹാ കുഞ്ഞാടിൽ പങ്കാളികളായവർ മുതലായവ ചെയ്തവരെയെല്ലാം) മാന്ത്രികരെന്നു കുറ്റം ചുമത്തി മതദ്രോഹവിചാരണയിലൂടെ ജയിലറയിലേയ്ക്കു മാറ്റി" (റെ, "ദ സിറിയൻ ചർച്ച് ഓഫ് ഇൻഡ്യ" പേജ് 200)

പോർട്ടുഗീസ് സർക്കാർ അവരുടെ മതദ്രോഹവിചാരണയെക്കുറിച്ചുള്ള ഔദ്യോഗിക രേഖകൾ മറയ്ക്കാനും നശിപ്പിക്കാനും ശ്രമിച്ചിരുന്നതിനാൽ ശബ്ബത്ത് അനുസാരികളെ ഇല്ലെന്നാക്കാൻ അവർ എത്രനാൾ എടുത്തുവെന്നു നമുക്കു ഊഹിക്കാനെ സാധിക്കൂ. എന്നാൽ ഡയമ്പറിലെ സുന്നഹദോസിന് ഏതാണ്ട് 80 വർഷത്തിനുശേഷം 1674-1678-ൽ മതദ്രോഹവിചാരണയ്ക്കു വിധേയനായ ഡല്ലൻ യഹൂദീകരണത്തിന് കുറ്റം വിധിക്കപ്പെട്ടവരെക്കുറിച്ച് ഇപ്രകാരം എഴുതി:

"യഹൂദരെന്നു പറഞ്ഞ് നൂറുപേരെ കത്തിച്ചതിൽ കുറഞ്ഞത് നാലുപേരെങ്കിലും അവരുടെ മരണസമയത്ത് വിശ്വാസം ഏറ്റുപറഞ്ഞു. ബാക്കിയുള്ളവർ അവസാനശ്വാസംവരെയും അവർ ക്രിസ്ത്യാനികളെന്നും അവസാനശ്വാസംവരെ ക്രിസ്ത്യാനികളായി ജീവിക്കുമെന്നും ഏറ്റുപറഞ്ഞു മരിച്ചു. (സൈറ്റഡ് ബൈ പ്രൈയോൽക്കർ, " ദ ഗോവ ഇൻക്വിസിഷൻ" സെക്ഷൻ 2, പേജ് 35).

## അദ്ധ്യായം – 12

പതിനെട്ടാം നൂറ്റാണ്ടോടുകൂടി ബ്രിട്ടീഷുകാർ ഇൻഡ്യയിലെ ആധിപത്യം അരക്കിട്ടുറപ്പിച്ചതിനാൽ ഡച്ചുകാരുടെയും ഫ്രഞ്ചുകാരുടെയും സ്വാധീനം കുറഞ്ഞു. ബ്രിട്ടീഷ് വിപുലീകരണത്തിന്റെ കാലമായിരുന്നു അത്. അവരുടെ വരവോടെ അവരുടെ സ്വന്ത സഭയായ ഇംഗ്ലണ്ടിലെ സഭയുടെ സ്വാധീനം വർദ്ധിക്കുകയും പ്രൊട്ടസ്റ്റന്റ് വേദപുസ്തകമായ കിംഗ് ജയിംസ് അഥവാ ഓതറൈസ്ഡ് വേദപുസ്തകം ഇൻഡ്യയിൽ എത്തുകയും ചെയ്തു.

അധികാരം ക്ഷയിച്ച പോർട്ടുഗീസ് സാമ്രാജ്യം പിന്നെയും മതസ്വാധീനം ഉപയോഗിച്ചുകൊണ്ടിരുന്നു. അതിനായി മതദ്രോഹവിചാരണക്കോടതി അവർ നിലനിർത്തിപ്പോന്നു.

ബ്രിട്ടീഷ് ഇൻഡ്യയിൽ പോർട്ടുഗീസുകാർ ഇൻഡ്യൻ ജനതയുടെ മേൽ സ്വാധീനം ചെലുത്തുന്നത് ബ്രിട്ടീഷുകാർ കൂടുതൽ ഗൗരവമായി എടുത്തില്ല. എന്നാൽ മതദ്രോഹവിചാരണ നടത്തി പോർട്ടുഗീസുകാർ ഇൻഡ്യൻ ജനതയെ പീഡിപ്പിച്ചതിനാൽ അത് ബ്രിട്ടീഷുകാരുടെ ഒരു പരാജയമായി കുറ്റമാരോപിക്കപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആംഗ്ലിക്കൻ ചർച്ചിന്റെ പ്രതിനിധി ഡോക്ടർ ക്ലോഡിയസ് ബുച്ചനാൻ ഏഷ്യയിൽ ക്രിസ്തീയ ഗവേഷണം നടത്തി. പാപ്പാത്വ മതദ്രോഹവിചാരണക്കോടതികളുടെ പ്രവർത്തനത്തെ ബ്രിട്ടീഷുകാർ അനുവദിച്ചിരിക്കുന്നതിൽ അദ്ദേഹം ഉൽക്കണ്ഠ രേഖപ്പെടുത്തുകയും ചില ബ്രിട്ടീഷ് പ്രദേശങ്ങൾ അതിന്റെ ശക്തിയിലും അധികാരപരിധിയിലും ഇരിക്കുന്നതായി കാണുകയും ചെയ്തു. ഇത് അദ്ദേഹത്തെ ഗോവ സന്ദർശിക്കാൻ പ്രേരിപ്പിച്ചു. അദ്ദേഹത്തിന്റെ പഠനരേഖകൾ ആയ "ഏഷ്യയിലെ ക്രിസ്തീയ ഗവേഷണം" റോമൻ കത്തോലിക്കരുടെ ഇൻഡ്യയിലെ ഈ ഹീനപ്രവർത്തനം അവസാനിപ്പിക്കാൻ സഹായിച്ചു. എന്നാൽ 1812-നുശേഷം മാത്രമെ അതു സാധിച്ചുള്ളൂ.

ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികളുടെ അവസ്ഥ ഇംഗ്ലണ്ടിലെ സഭയ്ക്ക് നല്ലതുപോലെ അറിയാമായിരുന്നു. അവരുടെ



സുറിയാനി വേദപുസ്തകവും മറ്റ് ഗ്രന്ഥങ്ങളും തിരോധാനം ചെയ്യപ്പെട്ടത് അവരറിഞ്ഞിരുന്നു. ഈ ഛിന്നഭിന്നമായ സഭയെക്കുറിച്ച് റെവ. ബുച്ചനാൻ ചെറിയ പ്രകാശം നൽകുന്നു. തെക്കേ ഇൻഡ്യയിലെ പർവ്വതനിരകളിൽ ഒതുങ്ങിക്കൂടിയ ഈ ഛിന്നഭിന്നമായ ക്രിസ്തീയ സഭയെക്കറിച്ച് തന്റെ അഭിപ്രായം ഇങ്ങനെയായിരുന്നു:

"ഏതാണ്ട് മുന്നൂറു വർഷങ്ങൾക്കു മുൻപ് (16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ) ക്രിസ്തുവിന്റെ പേരിൽ പാശ്ചാത്യ നാടുകളിൽ നിന്ന് ഒരു ശത്രു വന്നു. അവർ മതദ്രോഹവിചാരണ തുടങ്ങുകയും ദേശീയ രാജകുമാരന്റെ കാവൽ ആവശ്യപ്പെടാൻ നിർബ്ബന്ധിക്കുകയും ചെയ്തു. ഈ ദേശീയ രാജകുമാരൻ നമ്മെ മാനസ്സീകമായി തളർത്തിക്കളഞ്ഞു."("ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ" 1811, പേജ് 117)

"നമ്മുടെ സഭയുടെ മഹത്വം പൊയ്പോയി. നമ്മുടെ രാഷ്ട്രം അതു പടുത്തുയർത്തുമെന്നു വിശ്വസിക്കുന്നു. ദൈവത്തിന്റെ സഭയുടെ മഹത്വം, വേദപുസ്തകം നമ്മൾ അനുസരിക്കുന്നുവെങ്കിൽ സാധിക്കുമെന്നു ഞാൻ കണ്ടു. ഞങ്ങൾ വേദപുസ്തകം സൂക്ഷിച്ചു. ഹിന്ദുരാജകുമാരൻ ഞങ്ങളുടെ മനസ്സാക്ഷിക്ക് മങ്ങലേൽപ്പിച്ചില്ല." (ഇബിഡ്)

സുറിയാനി വേദപുസ്തകത്തിന്റെ നിലനിൽപ്പിനേപ്പറ്റിയുള്ള ഒരേ ഒരു തെളിവിതാണ്. അത് ഡോക്ടർ ബുച്ചനന് കൊടുത്തു. ഇപ്പോൾ കേംബ്രിജ് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ഇരിപ്പുണ്ട്.

1990 നവംബറിൽ തെക്കേ ഇൻഡ്യയിലെ തൃശൂരുള്ള കൽദയ മെത്രാപ്പോലീത്തായായ ഡോക്ടർ അപ്രേമിനെ അദ്ദേഹത്തിന്റെ വസതിയിൽ ഈ ഗ്രന്ഥകർത്താവ് കണ്ടിരുന്നു. ഡോക്ടർ അപ്രേം ഈ വേദപുസ്തകം കണ്ടിരുന്നുവെന്നും അതുവായിച്ചിട്ടുണ്ടെന്നും അതു കിംഗ് ജയിംസ് വേദപുസ്തകത്തിന്റെ അതേ തർജ്ജമയാണെന്നും വ്യക്തമാക്കി. ഇത്, ഈ വേദപുസ്തകത്തെ റോമാക്കാർ വെറുക്കുന്ന വാൽഡൻസിസിന്റെ വേദപുസ്തക കുടുംബത്തിലാണെന്നു തെളിയിക്കുന്നു. ആയതിനാൽ ഇൻഡ്യൻ സുറിയാനി വേദപുസ്തകം ഇൻഡ്യയിലെ കത്തോലിക്കാ പോർട്ടുഗീ

സുകാർ വെറുക്കുകയും നശിപ്പിക്കുകയും ചെയ്തതിൽ എന്ത തിശയിക്കാനിരിക്കുന്നു!!

കിംഗ് ജയിംസ് വേദപുസ്തകം ഇൻഡ്യയിലെ പ്രധാന ഭാഷ കളിലേയ്ക്ക് തർജ്ജമ ചെയ്യാൻ ആംഗ്ലിക്കൻ സഭ മുൻകൈയെടു ത്തപ്പോൾ, അവശേഷിച്ച സുറിയാനി ക്രിസ്ത്യാനികൾ അതിനെ നന്ദിയോടെ സ്വാഗതം ചെയ്തതതിനാലാണ്. എന്തുകൊണ്ടെ ന്നാൽ കിംഗ് ജയിംസ് വേദപുസ്തകത്തിൽ പുതിയ നിയമം ഇറാ സ്മസ്സിന്റെ ബൈസന്റൈൻ ഗ്രീക്കു ചുരുളിൽനിന്നായതിനാൽ അവരുടെ സുറിയാനി വേദപുസ്തകം അവരുടെ ഭാഷയിൽ അവർക്കു തിരിച്ചു കിട്ടിയതുപോലെയായിരുന്നു.

അവരുടേതായ വിശ്വാസമുള്ള മറ്റു സമൂഹങ്ങളുമായി ബന്ധ മില്ലാതിരുന്നതിനാൽ അവരുടെ ആരാധനാശൈലിയും വിശ്വാ സതീഷ്ണതയും ഉലഞ്ഞു. ഒരു ഭാഗത്തുള്ള ഈ സഭ ക്കാരെക്കുറിച്ച് ബുച്ചനാൻ ഇപ്രകാരം എഴുതി:

“വചന ശുശ്രൂഷയിലൂടെയുള്ള നിർദ്ദേശങ്ങൾ വലിയ മാറ്റങ്ങൾ വരുത്തിയിരുന്നില്ല. പ്രായമായവർ പലരും അവരുടെ അറിവും വിശ്വാസവും നഷ്ടപ്പെട്ടുപോയതിൽ വിലപിച്ചിരുന്നു.” (ഇബിഡ് 121-ാം പേജ്)

മറ്റു ചില ഭാഗത്തെക്കുറിച്ച് അദ്ദേഹം എഴുതി:

“ഞായറാഴ്ച ഞാൻ ദിവ്യാരാധനയിൽ പങ്കുചേർന്നു. അവരുടെ പ്രാർത്ഥനാക്രമം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള പണ്ടത്തെ സഭകൾ ഉപയോഗിച്ചിരുന്നതായിരുന്നു.” (ഇബിഡ്)

ഈ തെക്കേ ഇൻഡ്യയിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭകളിലെങ്ങും ശനിയാഴ്ച ശബ്ബത്താചരിച്ചിരുന്നതായി ബുച്ച നാൻ ഒരിടത്തും രേഖപ്പെടുത്താത്തത് അതിശയം തന്നെ.

ഡയമ്പറിൽവെച്ച് സുറിയാനി സഭകളെ പോർട്ടുഗീസുകാർ തങ്ങളുടെ കീഴിൽ ആക്കിയെങ്കിലും മലകളിലേയ്ക്ക് ഓടിയിരു ന്നവർ റോമാസഭയുടെ വിശ്വാസത്തിന് കീഴ്പ്പെടാൻ ആഗ്രഹി ക്കാത്തവരായിരുന്നുവെന്നു നമുക്കു ഊഹിക്കാം. റോമൻ കത്തോ



ലിക്കരുടെ പിടിയിൽനിന്നും മതദ്രോഹവിചാരണയിൽ നിന്നും രക്ഷപെടാൻ വളരെയധികം ഇവർ യത്നിച്ചിരുന്നു. ബുച്ചനാൻ അഭിപ്രായപ്പെടുന്നു.

“മതദ്രോഹവിചാരണയുടെ സ്വാധീനം സെറാഭാഗത്തുള്ള (തെക്കേ ഇൻഡ്യയുടെ പർവ്വതപ്രദേശം) സഭകളിലും എത്താൻ കഴിയും. ആയതിനാൽ ഒരു എതൃപ്പിനും പർവ്വതപ്രദേശ ത്തുള്ളവർ തുനിഞ്ഞില്ല.” (ഇബിഡ്, പേജ് 249)

എന്നാൽ ഇൻഡ്യ ഒരു വലിയ രാജ്യമാണ്. അവിടെ കിഴക്കൻ അർമീനിയൻ സഭക്കാർ കുടിയേറിയിരുന്നു. അവരെക്കുറിച്ച് ബുച്ച നാൻ ഒരു പ്രധാന കാര്യം പറയുന്നു:

“മദ്ധ്യ ഏഷ്യയിലുള്ള എല്ലാ ക്രിസ്ത്യാനികളിലും ഇവർ, മുസ്ലീ ങ്ങളുടെയും പാപ്പാത്വത്തിന്റെയും ദുർനടപടികളിൽ നിന്നും, മോചി തരായിരുന്നു.” (ഇബിഡ്, പേജ് 257)

പാപ്പാത്വത്തിന്റെ ദുർനടപടികളിൽ നിന്നും ഇവർ മോചിത രെന്ന് ബുച്ചനാൻ പറയാൻ പ്രത്യേക കാരണങ്ങൾ ഉണ്ടായിരുന്നു; എന്തെന്നാൽ മദ്ധ്യ ഇൻഡ്യയിലും വടക്കേ ഇൻഡ്യയിലും താമ സ്സമാക്കിയ ഇവർ ഹിന്ദുക്കളുടെ ഇടയ്ക്ക് ധാരാളം ദേവാലയ ങ്ങൾ പണിയുകയും വേദപുസ്തകപ്രകാരമുള്ള ശബ്ബത്തായ ശനി യാഴ്ച ആചരിക്കുകയും ചെയ്തിരുന്നു.

ശബ്ബത്താചാരക്കാരായ ഈ ക്രിസ്ത്യാനികളുടെ കാര്യം രംഗത്തു കൊണ്ടുവരിക മാത്രമല്ല ബുച്ചനാൻ ചെയ്തത് പിന്നെയോ മറ്റു ചില ചരിത്രങ്ങൾകൂടി വെളിച്ചത്തുവന്നു. ഇംഗ്ല ണ്ടിലെ പ്രൊട്ടസ്റ്റന്റുകാരും റോമൻ കത്തോലിക്കരെപ്പോലെ ഈ ക്രിസ്ത്യാനികളെ യഹൂദരെന്നു മുദ്രകുത്തിയിരുന്നു. അദ്ദേഹം അവരുടെ ഭാഗം വാദിക്കാൻ നിർബന്ധിതനായി:

“ഹിന്ദുസ്ഥാനിലുള്ള അർമീനിയക്കാർ നമ്മുടെ ആൾക്കാർ തന്നെ. നമ്മൾ അവർക്കു ബഹുമാനം കൊടുക്കണം. അവർ വേദ പുസ്തകം അതിന്റെ പരിശുദ്ധിയിൽ സൂക്ഷിച്ചു നമ്മുടെ ഈ സാമ്രാജ്യത്തിൽ മുഴുവൻ അവർ ക്രിസ്ത്യാനികളുടെ ആരാധ നാദിവസമായ ഏഴാം ദിവസം ആചരിച്ചിരുന്നു. അതുപോലെ

ദേവാലയ ഗോപുരാഗ്രങ്ങൾ, ഹിന്ദുക്കളുടെ ഇടയിൽ, നമുക്കുള്ളതുപോലെയുണ്ടായിരുന്നു. അവരെ എന്തുകൊണ്ട് നമ്മുടെ ക്രിസ്തീയ സഹോദരങ്ങളായി അംഗീകരിച്ചുകൂടാ? നമ്മൾ അവരെ എന്നും ഹിന്ദുക്കളുടെയും മുസ്ലീംങ്ങളുടെയും കൂടെ കൂട്ടുവാനാണോ ആഗ്രഹിക്കുന്നത്?" ("ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ" (1811), പേജ് 259)

വായനക്കാരിൽ, അടുത്ത കാലത്തെ വേദപുസ്തകാനുസരണമുള്ള ശബ്ബത്താചരണത്തെക്കുറിച്ച് ഉള്ള തെളിവ് അതിന്റെ പ്രാധാന്യത്തെ മനസ്സിലാക്കിത്തരുമെന്ന് ഈ ലേഖകന് നിശ്ചയമുണ്ട്. അർമീനിയരുടെ ന്യായം പ്രിൻസ്റ്റൻ തിയോളജിക്കൽ സെമിനാരിയിലെ ബിരുദധാരിയായ എം.സി. ഗബ്രിയേലിയൻ, എം.ഡി. ഉറപ്പിച്ചു പറയുന്നു:

"കർത്താവിന്റെ ഉയർപ്പിനുശേഷം ഉടനെതന്നെ തന്റെ മൂന്നു അപ്പോസ്ഥോലന്മാർ, താഡിയസ്, ബർത്തൊലൊമായി, യൂദാ, അർമീനിയായിൽ സുവിശേഷം പ്രചരിപ്പിച്ചു."["അർമീനിയ, എ മാർട്ടിയർ നേഷൻ" (1918), പേജ് 67].

19-ാം നൂറ്റാണ്ടിലും ഇൻഡ്യയിലുണ്ടായിരുന്ന ഈ ആദിമസഭയുടെ ശാഖ ഏഴാംദിന ശബ്ബത്ത് അനുസരിച്ചിരുന്നതിനാൽ അത് അപ്പോസ്തോലിക പാരമ്പര്യമാണെന്ന് ഒരിക്കൽക്കൂടി അടിവരയിട്ടു പറയാൻ സാധിക്കും.

അർമീനിയായാണ് ലോകത്തിലെ ഒന്നാമത്ത ക്രിസ്തീയ രാഷ്ട്രമായതെന്ന് മനസ്സിലാക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതമായിരിക്കും. ഗബ്രിയേലിയൻ തുടരുന്നു:

"എ.ഡി. 257-ൽ ജനിച്ച ഗ്രിഗറി എന്ന സുവിശേഷകൻ അർമീനിയായിൽ ദൂതുകൊടുത്തപ്പോൾ അദ്ദേഹം ആ രാഷ്ട്രത്തിൽ എല്ലായിടത്തും ക്രിസ്ത്യാനികളെ കണ്ടു. സൂര്യഭക്തരായ മിത്രമതക്കാരുടെ പീഡനവും കഷ്ടപ്പാടും സഹിച്ചിരുന്ന സഭ അപ്പോസ്തോലീക കാലം മുതലെ നിലനിന്നു പോന്നിരുന്നതാണ്, അല്ലാതെ സ്ഥാപകനായി കണക്കാക്കുന്നില്ല. റോമിൽ ക്രിസ്തുവിനെ അംഗീകരിക്കുന്നതിന് അരനൂറ്റാണ്ടുകൾക്കു മുൻപ് ഈ



രാഷ്ട്രത്തിലെ മുഴുവൻ ആൾക്കാരും ക്രിസ്ത്യാനികളായി. അർമീനിയായെ ലോകത്തിലെ ഏറ്റവും പഴയ ക്രിസ്തീയ രാഷ്ട്രമായി കണക്കാക്കുന്നു." (ഇബിഡ്, പേജ് 67)

ആദിമസഭയിലെ ആചാരംപോലെ ഈ ക്രിസ്ത്യാനികളും 7-ാം ദിനത്തിന്റെ പവിത്രത സൃഷ്ടിപ്പിന്റെ ഓർമ്മയ്ക്കായി ആചരിച്ചിരുന്നു.

ക്രിസ്ത്യാനിത്വവും വിഗ്രഹാരാധകരെയും ഒന്നിക്കാനുള്ള കുസ്തന്തീനോസിന്റെ ശ്രമത്തിലാണ് ശനിയാഴ്ചയും ഞായറാഴ്ചയും ആചരിക്കുന്നതിന് ക്രിസ്ത്യാനികൾ തുടങ്ങിയത്. പിന്നീട് അർമീനിയക്കാരെ റോമാക്കാർ കീഴടക്കിയപ്പോൾ ഈ രണ്ടു ദിവസങ്ങളും രാജഭക്തിയിൽ അനുസരിച്ചിരുന്നതായി കാണാം:

"അർമീനിയൻ സഭയുടെ കലണ്ടർ നോക്കിയാൽ വിശുദ്ധമായി ആചരിച്ചിരുന്ന പെരുന്നാളുകൾക്കു പുറമെ കൂടെക്കൂടെയുള്ള ഉപവാസത്തിന്റെ രേഖകളും കാണാം. അതുപോലെ അവർ ക്രിസ്തുവിന്റെ ഓർമ്മയ്ക്കായി ശബ്ബത്തനുസരിച്ചിരുന്നതുപോലെ സൃഷ്ടിപ്പിന്റെ[1] ഓർമ്മയ്ക്കായി ശനിയാഴ്ചയും ആചരിച്ചിരുന്നു." ("അർമീനിയ, എ മാർട്ടിയർ നേഷൻ" പേജ് 26, 27)

**[1]ഇവിടെ ക്രിസ്ത്യാനികളിൽ ഉണ്ടായിട്ടുള്ള മനോവിഭ്രമം ശബ്ബത്തുദിവസത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളതു കാണാം. ഇവിടെ അതു ക്രിസ്തുവിന്റെ ഓർമ്മയ്ക്കായി ഞായറാഴ്ചയിലേയ്ക്കു മാറ്റി; എന്നാൽ മനുഷ്യന് ശബ്ബത്ത് കൊടുത്തത് സൃഷ്ടിപ്പിന്റെ ഓർമ്മയ്ക്കായിട്ടാണ്. (പുറപ്പാട് 20:11)**

അർമേനിയക്കാർ ആദ്യമായി എന്നാണ് ഇൻഡ്യയിലേയ്ക്ക് കുടിയേറിയതെന്നതിനെ സംബന്ധിച്ച് ഒരു രേഖയുമില്ല. എന്നാൽ ഫർത്ത് തന്റെ "ഇൻഡ്യയിലെ സഭകളുടെ ചരിത്രത്തെക്കുറിച്ചുള്ള ആമുഖം" 34-ാം പേജിൽ ഓർമ്മിപ്പിക്കുന്നത് 7-ാം നൂറ്റാണ്ടിൽ മെസ്സപ്പെട്ടോമ്യയും പേർഷ്യയും മുസ്ലീം ഭരണാധികാരികളുടെ കൈയ്യിലായിയെന്നാണ്. ഈ ഭരണമാറ്റമായിരിക്കണം അർമീനിയൻ ക്രിസ്ത്യാനികളെ ഇൻഡ്യയിലേക്ക് കുടിയേറാൻ പ്രേരി

പ്പിച്ചത്; കാരണം ഇൻഡ്യയിൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്നില്ല. ജെ.ഡബ്ള്യൂ. കായെ തന്റെ പുസ്തകമായ "ഇൻഡ്യയിലെ ക്രിസ്ത്യാനിത്വം" (1859) എന്നതിലും റെവ. റിച്ചാർഡ് കോളിൻസ് തന്റെ "കിഴക്കുള്ള സുവിശേഷ പ്രചരണ സംരംഭം" എന്ന പുസ്തകത്തിലും അർമീനിയൻ കച്ചവടക്കാരനായ ക്നാനായി തൊമ്മൻ മലബാർ തീരത്ത് എട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ താമസ്സമുറപ്പിച്ചത് രേഖപ്പെടുത്തിയിരിക്കുന്നു. ആദിമ പോർട്ടുഗീസ് എഴുത്തുകാരും ക്നാനായി തൊമ്മൻ അർമീനിയക്കാരനാണെന്ന് എഴുതിയിരുന്നു.

അങ്ങനെ ഹിന്ദുസ്ഥാനിലെ അർമീനിയൻ സഭ റോമാസഭയുടെ സ്വാധീനത്തിലായിരുന്ന പേർഷ്യക്കാരിൽ നിന്ന് മാറി ഇൻഡ്യയിൽ ഗോവയിലെ മതദ്രോഹവിചാരണക്കാരുടെ അധികാരപരിധിയിൽ ഉൾപ്പെടാതെ 7-ാം ദിന ശബ്ബത്ത് നൂറ്റാണ്ടുകളായി ആചരിച്ചിരുന്നുവെന്നു കാണുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ സഭ ഹിന്ദുസ്ഥാനിൽ ഇന്നത്തെ ഇംഗ്ലണ്ടിലെ സഭകളോടു കിടപിടിക്കത്തക്കതായിട്ട് ഉണ്ടായിരുന്നു.

അവർ ഇൻഡ്യയിലേക്കു കുടിയേറിയപ്പോൾ കൊണ്ടുവന്ന അർമീനിയൻ വേദപുസ്തകം കുറ്റമറ്റതായിരുന്നുവെന്ന് ബുച്ചനാൻ രേഖപ്പെടുത്തിയിരിക്കുന്നു. ഒരുപക്ഷെ ബുച്ചനാൻ ഈ വേദപുസ്തകം പ്രൊട്ടസ്റ്റന്റുകാരുടെ കിംഗ് ജയംസ് വേദപുസ്തകവുമായി താരതമ്യപ്പെടുത്തി നോക്കിയിരിക്കണം. 1807-ൽ ഇൻഡ്യയിലെ ഒരു നഗരമായ അങ്കമാലിയിൽ ബുച്ചനാൻ സന്ദർശിച്ചപ്പോൾ എഴുതിയ എഴുത്തിൽ സുറിയാനി വേദപുസ്തകവും ഇതുപോലെ കുറ്റമറ്റതാണെന്ന് എഴുതിയിരുന്നു.

"യൂറോപ്പിലെ അന്ധകാരയുഗത്തിൽ അറിവില്ലായ്മയും അന്ധവിശ്വാസവും കൂടിയിരുന്ന അവസരത്തിൽ ലോകത്തിൽ സാധാരണക്കാർക്ക് വേദപുസ്തകം നിരോധിക്കപ്പെട്ടിരുന്ന കാലത്ത് മലയാളനാട്ടിൽ സ്വാതന്ത്ര്യത്തോടുകൂടി നൂറുകണക്കിന് സഭകളിൽ വേദപുസ്തകം ഉപയോഗിച്ചിരുന്നു." ("ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ" പേജ് 140)



ഈ വേദപുസ്തകത്തിന്റെ പുതിയനിയമം അപ്പോസ്തോലീക പിൻതുടർച്ചയാണെന്നു വ്യക്തമായ തെളിവാണിത്. വ്യക്തമായി പറഞ്ഞാൽ ഈ വേദപുസ്തകത്തെ റോമൻ കത്തോലിക്കാ സഭ വെറുത്തിരുന്നത് അവരുടെ വേദപുസ്തകം മാനുഷീക നിയമങ്ങളെയും പാരമ്പര്യത്തെയും അംഗീകരിക്കുന്ന രീതിയിലായിരുന്നതിനാലാണ്. അതുകൊണ്ടാണ് ബൈസന്റൈൻ വേദപുസ്തകം നശിപ്പിക്കാൻ റോമാക്കാർ ശ്രമിച്ചിരുന്നത്. അച്ചടിയുടെ കണ്ടുപിടുത്തത്തിനുശേഷം അനേകം കോപ്പികൾ അടിച്ചിറക്കുവാൻ സൗകര്യമുണ്ടായതിനാൽ റോമാക്കാർ തെറ്റായ വേദപുസ്തകം പല പരിഭാഷകളിൽ അടിച്ചിറക്കി. നല്ല പങ്ക് ബൈബിൾ സൊസൈറ്റികളും അവരെ സഹായിക്കാൻ തയ്യാറായി. അവരെല്ലാവരും ഒത്തു ചേർന്നു, ഒരു കുടക്കീഴിൽ, "ഏകീകരിക്കപ്പെട്ട ബൈബിൾ സൊസൈറ്റി" രൂപം കൊണ്ടതിൽ റോമൻ കത്തോലിക്കരും ഉണ്ട്. ഒരു വ്യക്തമായ വ്യത്യാസം ട്രിനിറേറ്റിയൻ ബൈബിൾ സൊസൈറ്റിക്കാണുള്ളത്; കാരണം അവർ പുതിയനിയമം ബൈസന്റൈൻ തിരുവെഴുത്തിനെ ആധാരമാക്കിയാണ് അടിച്ചിറക്കുന്നത്; അത് കിംഗ് ജയിംസ് ബൈബിൾ പോലെ തന്നെയാണ്.

ആ കാലത്ത് അർമീനിയൻ കച്ചവടക്കാർ ഇൻഡ്യയിലേയ്ക്ക് കുടിയേറിയതായി അറിയുന്നു. അർമേനിയ സഭയുടെ കിഴക്കിന്റെ പ്രധാനാചാര്യനായ ബിഷപ്പ് ബാലിയോസിയൻ അവകാശപ്പെടുന്നത് 17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അർമീനിയക്കാരായ കൈത്തൊഴിൽക്കാരെ ധാരാളമായി പേർഷ്യയിലേക്ക് കൊണ്ടുപോയിരുന്നു. ആ നൂറ്റാണ്ടിന്റെ അവസാനത്തിൽ അവർ പേർഷ്യ വിട്ട് ഇൻഡ്യയിലെത്തിയത് അവരുടെ വിശ്വാസം ആചരിക്കാൻ ഇൻഡ്യയിലെ ബ്രിട്ടീഷ് ഭരണകാലത്ത് ബുദ്ധിമുട്ടില്ലായിരുന്നതിനാലാണ്. അങ്ങനെ ധാരാളം അർമേനിയക്കാർ പേർഷ്യക്കാരുടെ ഇടയ്ക്കു പാർത്തിരുന്നതിനാൽ മറ്റു ക്രിസ്തീയ സഭകളുമായി അവർക്ക് യാതൊരു ബന്ധവുമില്ലായിരുന്നു. അവർ ഇൻഡ്യയിൽ കുടിയേറിയപ്പോൾ ഹിന്ദുക്കളുടെയും മുസ്ലീംങ്ങളുടെയും

സുറിയാനി ക്രിസ്ത്യാനികളുടെയും ഇടയിൽ തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ചിരുന്നു. എങ്ങനെയാണ് ബുച്ച്നാൻ ശനിയാഴ്ച ആചാരക്കാരെ കണ്ടുമുട്ടിയതെന്ന് ഈ വസ്തുത തെളിയിക്കുന്നു: കാരണം ഇൻഡ്യയിലെ നേരത്തെ ഉണ്ടായിരുന്ന ക്രിസ്തീയ വിഭാഗങ്ങൾ പോർട്ടുഗീസ് കത്തോലിക്കരുടെ ഭീഷണിയാലും മതദ്രോഹവിചാരണയാലും അവരുടെ ആരാധന ഞായറാഴ്ചയാക്കിയിരുന്നു.

ഇങ്ങനെയുള്ള ചരിത്രസത്യങ്ങൾ നമ്മൾ അവഗണിക്കരുത്. റോമൻ കത്തോലിക്കർ അത് ഇഷ്ടപ്പെടുകയില്ലായിരിക്കും; പ്രൊട്ടസ്റ്റന്റുകാർ അത് അംഗീകരിക്കാൻ ആഗ്രഹിക്കുന്നില്ലായിരിക്കും; എന്നാൽ വസ്തുത നിലനിൽക്കുന്നു - 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും റോമാക്കാരുടെ ഭീഷണിക്കിടയിലും വിഗ്രഹാരാധികളുടെ ഇടയിലും ഇൻഡ്യയിൽ 7-ാം ദിന ശബ്ബത്ത് ആചരിച്ചിരുന്ന ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ബുച്ച്നാൻ വ്യക്തമാക്കിയിരിക്കുന്നത് ഈ കല്പനാചാരക്കാർ യഹൂദന്മാരല്ലായിരുന്നു; എന്നാൽ ക്രിസ്ത്യാനികളായിരുന്നു.

ഈ യഥാർത്ഥ ശബ്ബത്താരാധകരെ ക്രിസ്ത്യാനികളായി അംഗീകരിക്കുവാൻ പ്രൊട്ടസ്റ്റന്റ് ഇംഗ്ലണ്ടിന് ബുദ്ധിമുട്ടായിരുന്നു; അതുപോലെയല്ലെ മതദ്രോഹവിചാരണക്കാർ 7-ാം ദിന ശബ്ബത്താചാരക്കാരായ കിഴക്കൻ സഭകളിലെ ക്രിസ്ത്യാനികളെ യഹൂദരെന്ന് പറഞ്ഞ് പിടിച്ചത്?

ബ്രിട്ടീഷുകാരുടെ സഭാചരിത്രത്തിലെ അപ്രീതികരമായ ചില പ്രവർത്തനങ്ങളെക്കുറിച്ച് ഡോക്ടർ ബുച്ചനാന് നല്ല അറിവുണ്ടായിരുന്നതിനാലാണ് അർമേനിയൻ ശബ്ബത്തനുസാരികളെക്കുറിച്ച് വേദനയോടെ ചിന്തിച്ചത്. ഏതാണ്ട് 150 വർഷങ്ങൾക്കുമുമ്പ് ഇംഗ്ലണ്ടിൽ അനേകം ഉപദേഷ്ഠാക്കന്മാരെ രാഷ്ട്ര സഭ പീഡിപ്പിച്ചിരുന്നത് അവർ വേദപുസ്തക 7-ാം ദിന ശബ്ബത്ത് അനുസരിച്ചിരുന്നതിനാലാണ്. ജോൺ ട്രാസ്ക്ക് 'ക്രിസ്തീയ മര്യാദപ്രകാരം ജീവിച്ച' ഒരു അദ്ധ്യാപകനായിരുന്നുവെങ്കിലും അദ്ദേഹത്തെയും തന്റെ ഭാര്യയെയും ജയിലിലടച്ച് നീണ്ട 15 വർഷം ജയിൽവാസം



അനുഭവിക്കേണ്ടി വന്നു. ജോൺ ജയിംസ് എന്നയാൾ വേദപുസ്തക ശബ്ബത്താനുസരണത്തെക്കുറിച്ച് പ്രസംഗിച്ചതിനാൽ 1661 നവംബർ 26-ാം തീയതി അദ്ദേഹത്തെ തൂക്കിക്കൊന്ന് "അദ്ദേഹം പ്രസംഗിച്ചിരുന്ന സ്ഥലത്തിന് എതിർവശത്തായി തന്റെ തല ഒരു തൂണിൽ തൂക്കിയിട്ടു." (ഡോക്ടർ ജെ.എം. ക്രാബ്, "ഹിസ്റ്ററി ഓഫ് ദ ബാപ്റ്റിസ്റ്റ്" (1868), പേജ് 351) (സൈറ്റഡ് ഇൻ "ഫാക്റ്റ്സ് ഓഫ് ഫെയ്ത്ത്" പേജ് 144).

അധികം താമസ്സിയാതെ ഡോക്ടർ തോമസ്സ് ബാംബ്ഫീൽഡ്, ക്രോംവെൽസ്സ് നിയമസഭയിലെ പഴയ വക്താവ്, രണ്ടു പുസ്തകങ്ങൾ (1692-ലും 1693-ലും) 7-ാം ദിന ശബ്ബത്തിന്റെ പ്രാധാന്യം കാണിച്ച് എഴുതി. "ഈ അപ്പോസ്തോലിക കാര്യക്ഷമതയ്ക്ക് തന്റെ സഭ തനിക്കു നൽകിയ സമ്മാനം ജയിൽ ജീവിതമായിരുന്നു." (ഫാക്ട്സ് ഓഫ് ഫെയ്ത്ത്. പേജ് 144).

ബുച്ചനാന്റെ സഹോദരസ്നേഹത്തിന്റെയും തിരിച്ചറിവിന്റെയും അപേക്ഷയോട് ബ്രിട്ടീഷ് സഭ എങ്ങനെയാണ് പ്രതികരിച്ചത്? ഇൻഡ്യയിലെ അർമീനിയൻ ശബ്ബത്താനുകാരികളുടെ അപ്രത്യക്ഷതയുടെ നിഗൂഢതയ്ക്ക് ഗ്രന്ഥകാരൻ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു. പാപ്പാത്വ പീഡനത്താലും പുറജാതി പ്രകോപനങ്ങളാലും സാധിക്കാഞ്ഞത് ഒരു പക്ഷെ സഹോദര "സ്നേഹ"ത്തിലൂടെ നേടിക്കാണും. തീർച്ചയായും വേദപുസ്തകം അതേപടി അനുഷ്ഠിക്കുന്നതിന്റെ ആവശ്യമില്ലായ്മയും റോമൻ കത്തോലിക്കാ സഭയ്ക്കെതിരായി പ്രവർത്തിക്കുന്ന പ്രൊട്ടസ്റ്റന്റുകാരുമായി ഒത്തൊരുമിച്ചു പ്രവർത്തിക്കാതിരുന്നാലുണ്ടാകുന്ന സാമൂഹികവും ധനപരവുമായ നേട്ടങ്ങളെയും അവരെ സ്വാധീനിച്ചിരിക്കണം.

അർമീനിയൻ വേദപുസ്തകത്തിലൂടെ ദൈവീക കല്പനയുടെ പ്രാധാന്യം വ്യക്തമായി മനസ്സിലാക്കിയവരും നൂറ്റാണ്ടുകളായി ശബ്ബത്ത് അനുസരിച്ചിരുന്നവരുമായ ഇവർ തീർച്ചയായും ഇംഗ്ലണ്ടിലെ സഭ, റോമിലെ സഭയുടെ അധികാരത്തെ മാനിക്കുന്നതിനാലാണ് പുറജാതികളുടെ സൂര്യദിവസത്തെ ക്രിസ്തുവിന്റെ

വിശ്രമദിവസമായി ആചരിക്കുവാൻ ശ്രമിക്കുന്നതെന്ന് അറിഞ്ഞിരിക്കുന്നു. ന്യായവാദത്തിൽ പലരും റോമിനെ വിശ്വാസത്തിന്റെ കാര്യത്തിലും പ്രാർത്ഥനാക്രമത്തിന്റെ കാര്യത്തിലും രാഷ്ട്രീയമായും അധികാരമുള്ളവരായി കാണുന്നു.

1830—ൽ ഇൻഡ്യയിലെ റോമൻ കത്തോലിക്കാ വിശ്വാസത്തിലുള്ള അർമീനിയക്കാർക്കായി ടർക്കിയിലെ സുൽത്താൻ ഒരു പാത്രിയാർക്കീനെ നിയമിച്ചു. ഇങ്ങനെ ചെയ്തതിനാൽ ഏതാണ്ട് ഒരു ലക്ഷം അർമീനിയക്കാർ അവരുടെ മാതൃസഭയിൽ നിന്ന് റോമാസഭയിലേയ്ക്കു മാറി. (എം. സി. ഗബ്രിയേലിയൻ, "അർമീനിയ, എ മാർട്ടിൽ നേഷൻ" (1918) പേജ് 153, 154). മതദ്രോഹവിചാരണയുടെ അധികാരം എത്താതിരുന്നിടത്ത് തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യത്താൽ വിജയം നേടി!

അവസാനമായി ഇൻഡ്യയിലെ ക്രിസ്ത്യാനികൾ, തെറ്റായ ക്രിസ്തീയ സഭയായ പാപ്പാത്വ സഭയ്ക്ക് തങ്ങളെത്തന്നെ കീഴ്പ്പെടുത്തിക്കൊടുത്തു. ദൈവത്തിന്റെ വചനത്തിനു മുകളിലായി പാരമ്പര്യവും മറ്റു തത്വശാസ്ത്രങ്ങളും ഉയർത്തിക്കാണിക്കുന്ന സഭയായ റോമൻ കത്തോലിക്കാ സഭയിൽ അവർ ചേർന്നു.

20-ാം നൂറ്റാണ്ടിന്റെ ആരംഭംവരെയും ഇൻഡ്യയിലെ ഞായറാഴ്ചയാരാധനയെ ആരും ചോദ്യം ചെയ്തില്ല. 1895-ൽ നൂതന സെവന്ത് -ഡെ അഡ്വെന്റിസ്റ്റ് സഭ അവരുടെ പ്രവർത്തനം കൽക്കത്തായിൽ ആരംഭിച്ചു. ഇന്ന് അവരും അവരുടേതുപോലെ പേരുള്ള ഒരു നവീകരണ മതക്കാരും ഇൻഡ്യയിലെ അനേക കോടി ജനങ്ങളോട് ഈ സത്യം വീണ്ടും അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. സെവന്ത്—ഡെ ബാപ്റ്റിസ്റ്റ് എന്ന സമൂഹവും ഒരു ചെറിയ കൂട്ടമാണെങ്കിലും ഈ സത്യം ഉദ്ഘോഷിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ ശബ്ബത്ത് അംഗീകരിക്കുന്ന ഒരു ചെറിയ കൂട്ടം ഉള്ളത് മറ്റു പൂർവ്വക്രിസ്തീയ സഭകളിൽനിന്ന് സത്യം സ്വീകരിച്ചു വന്നവരാണ്. ഈ അടുത്ത കാലത്ത് ഇൻഡ്യയിൽ പഠനം നടത്തിയപ്പോൾ സുറിയാനി ക്രിസ്ത്യാനികളുടെ സമൂഹത്തിൽ നിന്ന് സെവന്ത്—ഡെ അഡ് വെന്റിസ്റ്റ് സഭയിലേയ്ക്കു ചേർന്ന



പാസ്റ്റർ പൗലൂസ് വർഗീസ് ഇപ്രകാരം ഒരു രസകരമായ അഭിപ്രായം പറഞ്ഞു.

"കേരളത്തിൽ ക്നാനായ സുറിയാനി ക്രിസ്ത്യാനികൾ എന്ന പേരിൽ ഒരു സമൂഹമുണ്ട്. അവർ ക്നാനായി തൊമ്മന്റെ പിൻതുടർച്ചക്കാരെന്ന് വിശ്വസിക്കുന്നു. അവരുടെ പൂർവ്വികർ 7-ാം ദിന ശബ്ബത്ത് അനുസരിച്ചിരുന്നെന്ന് ഈ സമൂഹം സമ്മതിക്കുന്നുണ്ട്."

"ഈ ജനങ്ങളിലേയ്ക്ക് അഡ്വെന്റിസ്റ്റ് ദൂത് എത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. അവർ ആരും അതിനെ വിസമ്മതിക്കുന്നില്ല. പിന്നെ എന്തുകൊണ്ടാണ് അവർ ഞായറാഴ്ച ആചരിക്കുന്നതെന്ന് ചോദിച്ചാൽ ഇന്നത്തെ കാലത്തിന്റെ ചുറ്റുപാടുകൾക്കനുസരിച്ച് മാത്രമാണ്."

## അദ്ധ്യായം – 13

ഇൻഡ്യയിൽ റോമാസഭ അതിന്റെ പരമാധികാരത്തിൽ ഇരുന്നപ്പോൾ "ക്രിസ്തുവിന്റെ സഭ" എന്നു മലാഖി മാർട്ടിൻ വിശേഷിപ്പിച്ചിരുന്നതിനെ ശരിയായി വിലയിരുത്തിയാൽ, അത് കഴിഞ്ഞുപോയ കാലഘട്ടമാണെങ്കിലും, വത്തിക്കാൻ ക്രിസ്തുവിന്റെ പഠിപ്പിക്കലിൽ നിന്ന് ധാർമ്മികതയിൽ പല പരിഷ്ക്കാരങ്ങൾ വരുത്തിയിരുന്നതായി വ്യക്തമാണ്! ഇന്നത്തെ ധാർമ്മിക ഉണർവ്വിൽ തീർച്ചയായും ഈ പാപ്പാത്വ നിഷ്ഠൂരതകൾ ചരിത്രത്തിലെ ചപ്പുചവറുകളുടെ കൂമ്പാരം മാത്രമാണ്.

പോർട്ടുഗീസ് പരമാധികാര്യത്തിലുള്ള ഇൻഡ്യയിലെ ക്രിസ്ത്യാനികളുടെ ചരിത്രം പ്രത്യേകമെടുത്താൽ മാർട്ടിന്റെ എഴുത്ത് മുഖവിലയ്ക്കെടുക്കുന്നത് ക്ഷമിക്കാം; കാരണം പോൾ മാർപാപ്പായുടെ ആഗോളവൽക്കരണത്തിന്റെ ഒരു തിലകക്കുറിയാണിത്. നിർഭാഗ്യവശാൽ, ഇൻഡ്യയിലെ പാപ്പാത്വ മേധാവിത്വം ചരിത്രരേഖകളിലൂടെ കാണിക്കുന്നത് ഇത് ഇൻഡ്യയിൽ മാത്രം നടന്ന കാര്യമല്ല. അന്ധകാരയുഗത്തിലും മതദ്രോഹവിചാരണയെന്ന പേര് സമാനാർത്ഥത്തിൽ ജനങ്ങളെ ഭീതിപ്പെടുത്തിയിരുന്നു. ഈ വസ്തുതകൾ ആർക്കു മറക്കാൻ സാധിക്കും? ഇവയെല്ലാം മനുഷ്യന്റെ ആഗോള ഉണർവ്വിലേയ്ക്കുള്ള നാഴികക്കല്ലുകളല്ലേ?

ഇതാണു കാര്യമെങ്കിൽ ഈ ഗ്രന്ഥകർത്താവ് ഈ പുസ്തകം എഴുതി സമയം കളയേണ്ട ആവശ്യമില്ലായിരുന്നു. ദുഃഖരകമായ വാസ്തവമെന്തെന്നാൽ, മതത്തിന്റെ മറവിൽ ചില മനുഷ്യസമൂഹങ്ങളെ നശിപ്പിച്ചതിന്റെ ഓർമ്മ ഇന്നും ജീവനോടിരിക്കുന്ന ചിലർ ഓർക്കുന്നുണ്ടായിരിക്കും. രണ്ടാം ലോകമഹായുദ്ധകാലത്ത് വത്തിക്കാന്റെ ആസൂത്രിത പ്രവർത്തനത്തിലൂടെ യൂഗോസ്ലോവ്യായിൽ നിന്നും ക്രൊയേഷ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടാനുള്ള തന്ത്രപരമായ നീക്കത്തെക്കുറിച്ചാണ് ഞങ്ങൾ സംസാരിക്കുന്നത്.

കത്തോലിക്കർ അധിവസിക്കുന്ന ക്രൊയേഷ്യയും ഓർത്തഡോക്സ് ക്രിസ്ത്യാനികളും യഹൂദരും അധിവസിക്കുന്ന യൂഗോസ്ലേവ്യായിലെ സെർബിയായും തമ്മിലുള്ള കലഹത്തെ ചരിത്രപശ്ചാത്തലത്തിൽ ചിത്രീകരിക്കുകയല്ല ഈ പുസ്തകത്തിലൂടെ ഉദ്ദേശിക്കുന്നത്. ഈ കലഹത്തിന്റെ വ്യക്തമായ ചിത്രീകരണം പ്രശസ്തരായ എഴുത്തുകാരായ ഇംഗ്ലണ്ടിലെ ആവ്റോ മാൻഹട്ടനും ഫ്രാൻസിലെ എഡ്മണ്ട് പാരീസും എഴുതിയതിൽ കത്തോലിക്കരുടെ നേതൃത്വത്തിൽ അവിടെ നടന്ന വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ചിലതെടുത്ത് പാപ്പാത്വ റോമിന് യഥാർത്ഥ മനംമാറ്റം ഇല്ലായിരുന്നുവെന്നു തെളിയിക്കാനും അതുപോലെ ഭാവിയിൽ പാപ്പാത്വ നിയന്ത്രണത്തിലുള്ള ആഗോളവൽക്കരണത്തിൽ വ്യക്തികൾക്ക് അവകാശമോ സ്വാതന്ത്ര്യമോ കിട്ടുമെന്ന് പ്രതീക്ഷിക്കേണ്ടതില്ലെന്ന് തെളിയിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

ചുരുക്കത്തിൽ, വത്തിക്കാന്റെ നേതൃത്വത്തിൽ ഒരു ആദർശ രാഷ്ട്രം വാഗ്ദാനം ചെയ്യുന്നത്, ലോകത്തിന്റെ കണ്ണുകെട്ടാനുള്ള പദ്ധതിയും അന്ധകാരയുഗത്തിലെപ്പോലെ അവൾക്ക് സന്തോഷിക്കാനും പൂർണ്ണാധികാരം അവൾക്കെടുക്കാനുമുള്ള തന്ത്രം മാത്രമാണെന്നാണ് ഞങ്ങൾ വ്യക്തമാക്കുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിലേയ്ക്കു വഴിതെളിച്ച ചുരുങ്ങിയ കാലഘട്ടത്തിൽ ദുഷ്കീർത്തി നേടിയ മൂന്നു സ്വേച്ഛാധിപതികൾ ലോകത്തെ നയിച്ചിരുന്നത് റോമൻ കത്തോലിക്കരുടെ രക്ഷകരായിരുന്നു. അവർ ഇറ്റലിയിലെ മുസ്സോളിനിയും സ്പെയിനിലെ ഫ്രാൻകോയും ജർമ്മനിയിലെ ഹിറ്റ്ലറുമായിരുന്നു. ഈ മൂന്നു പേരും ഫാസിസ്റ്റുകാരെപ്പോലെ സ്വേച്ഛാധിപതികളും കത്തോലിക്കാ സമുദായത്തോടു കൂറുള്ളവരും വത്തിക്കാനുമായി കടപ്പാടുള്ളവരുമായിരുന്നു.

വത്തിക്കാനുമായി ഉടമ്പടിയിൽ വരുന്ന ഏതു രാജ്യത്തിന്റെയും പ്രതിജ്ഞ പാപ്പാത്വലക്ഷ്യം സാധിക്കുകയെന്നതായിരിക്കും; അവരുടെ സ്വത്തുക്കളും മറ്റും ആ ലക്ഷ്യത്തിനായി മാറ്റിവെയ്ക്കുന്നു. ഈ "ദൈവത്തിന്റെ സർക്കാരിന്" അവരുടെ സ്വത്തുക്കൾ കാഴ്ചവെയ്ക്കുന്നതിന്റെ പ്രതിഫലമെന്തെന്നാൽ, അവർക്ക് രാഷ്ട്രീയമായി സ്ഥിരത ലഭിക്കുമെന്നുള്ളതാണ്.

ഈ സ്വേച്ഛാധിപതികളെല്ലാം അവരുടെ സ്ഥാനങ്ങളിൽ എത്തിച്ചേർന്നതു തന്നെ റോമൻ കത്തോലിക്കരുടെ നിർദ്ദേശാനുസരണവും പരിശീലനത്താലുമല്ലെയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഉദാഹരണം എടുത്താൽ "കത്തോലിക് ടെറർ ടുഡെ" എന്ന പുസ്തകത്തിൽ ആവ്റോ മാൻഹട്ടൻ, കർദ്ദിനാൾ പാസെല്ലി എപ്രകാരമാണ് ബനിറ്റോ മുസ്സോളിനിയെയും അഡോൾഫ് ഹിറ്റ്ലറെയും അധികാരത്തിൽ കയറ്റാൻ ശ്രമിച്ചതെന്നുള്ള വിശദമായ വസ്തുതകൾ വിവരിച്ചിട്ടുണ്ട്. 1917 മുതൽ 1929 വരെ പാസെല്ലി മൂനിച്ചിലെയും പിന്നീട് നാസ്സിസത്തിന്റെ തൊട്ടിലായ ബർലിനിലെയും പാപ്പായുടെ പ്രതിനിധിയായിരുന്നു. ഇദ്ദേഹത്തിന്റെ പ്രവർത്തനത്താലാണ് ഫാസിസ്റ്റ് ഇറ്റലിയുമായി പാപ്പാത്വ ഉടമ്പടിയായ "ലാറ്റേൺ ട്രീറ്റി " 1929-ൽ ഒപ്പുവയ്ക്കുന്നത്. അതിന്റെ 20-ാം വകുപ്പ് ഇറ്റലിയിലെ ബിഷപ്പുമാരെല്ലാം മുസ്സോളിനിയോട് വിധേയത്വത്തിൽ നീങ്ങാൻ നിർബന്ധിക്കുന്നതായിരുന്നു. (ഇബിഡ്, പേജ് 129)

1930-ൽ പാസില്ലിയുടെ പ്രവർത്തനത്തെ അംഗീകരിച്ച് അദ്ദേഹത്തിന് സംസ്ഥാന സെക്രട്ടറിയെന്ന സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ജർമ്മനിയിലെ കത്തോലിക്കാ പാർട്ടിയെ സ്വാധീനിച്ച് ഹിറ്റ്ലറുമായി കൂടിയാലോചിക്കാൻ അവസരം ലഭിച്ചു. 1932-ഓടുകൂടി ഹിറ്റ്ലറുടെ പേര് പ്രസിദ്ധമായതിനാൽ വത്തിക്കാൻ അദ്ദേഹത്തെ വിജയിയായികണ്ടു. മാൻഹട്ടൻ, ഹിറ്റ്ലറുമായുള്ള പാസില്ലിയുടെ രഹസ്യ കൂടിയാലോചനയെ വെളിച്ചത്തു കൊണ്ടുവരുന്നുണ്ട്.

അങ്ങനെ, ഒരു ഉടമ്പടിയിൽ ഒപ്പുവെച്ചു — വത്തിക്കാൻ, വ്യക്തമായി പറഞ്ഞാൽ പാസില്ലി:

(1) ഹിറ്റ്ലറെ അധികാരത്തിൽ കയറ്റുക
(2) നാസ്സിസത്തെ സഭ സഹായിക്കുക
(3) കത്തോലിക്കാ പാർട്ടിയെ നീക്കുക

ഇതിനുപരകമായി ഹിറ്റ്ലർ ചെയ്യാമെന്നേറ്റത്:

(1) അദ്ദേഹത്തിന്റെ സർക്കാരിൽ കത്തോലിക്കരെയും ചേർക്കുക



(2) സഭയ്ക്ക് ആനുകൂല്യങ്ങൾ അനുവദിക്കുക
(3) വത്തിക്കാനുമായി ഒരുമിച്ചു പ്രവർത്തിക്കാനുള്ള ഉടമ്പടി ഒപ്പുവെയ്ക്കുക

അടുത്ത രണ്ടു വർഷങ്ങളിൽ പാസില്ലി കത്തോലിക്കാ പാർട്ടി പ്രസിഡന്റായ ഹിൻഡൻ ബർഗിനെ സ്വാധീനിച്ച് ഹിറ്റ്ലറെ പ്രധാനമന്ത്രിയാക്കിയ വിവരവും മാൻഹട്ടൻ രേഖപ്പെടുത്തിയിരിക്കുന്നു. 1933-ന്റെ ആരംഭത്തിൽ ഇതു നേടിയെടുത്ത് "വൺ പാപ്പൻ" എന്ന കത്തോലിക്കനെ ഉപപ്രധാനമന്ത്രയാക്കി. ആ വർഷം അവസാനിക്കുന്നതിന് മുൻപ് പാസില്ലിയുടെ ആജ്ഞ അനുസരിച്ച് മൂന്നിൽ രണ്ടു ഭൂരിപക്ഷം ഹിറ്റ്ലർ നേടി ജർമ്മനിയിലെ സ്വേച്ഛാധിപതിയായി.

അതിനുശേഷം ഹിറ്റ്ലർ വത്തിക്കാനുമായി ഉടമ്പടി ഒപ്പിട്ടു കടം വീട്ടിക്കൊണ്ട് പാപ്പാത്വത്തിന്റെ മതപരവും രാഷ്ട്രീയവുമായ സഹായം ഉറപ്പാക്കി. ഉടമ്പടിയുടെ 16-ാം വകുപ്പ് പറയുന്നത് കത്തോലിക്കാ മതമേലദ്ധ്യക്ഷന്മാർക്കിടയിൽ തെറ്റിദ്ധാരണകൾ ഉണ്ടാകരുതെന്നാണ്.

"നിയമപരമായി അധികാരത്തിൽ വന്ന (നാസ്സി) സർക്കാരിനെ ഞാൻ ബഹുമാനിച്ചുകൊള്ളാമെന്നു ഉറപ്പു പറയുന്നതിനോടൊപ്പം ആണയും ഇടുന്നു. അതിന്റെ ഭരണത്തിനും തടസ്സമായി വരുന്ന എല്ലാ പ്രവർത്തനങ്ങളിൽ നിന്നും മാറിനിൽക്കുന്നതായിരിക്കും."

30-ാം വകുപ്പ് പറയുന്നു: "ഞായറാഴ്ചയും മറ്റു വിശുദ്ധ ദിവസങ്ങളിലും ജർമ്മൻ ഭരണത്തിന്റെ അഭിവൃദ്ധിക്കായി പ്രാർത്ഥിക്കുന്നതായിരിക്കും."

ഹിറ്റ്ലറുടെ അടുത്ത അധികാരിയായ കത്തോലിക്കനായ വൺപാപ്പൻ പറഞ്ഞു: "പാപ്പാത്വത്തിന്റെ തത്വങ്ങൾ അംഗീകരിക്കുക മാത്രമല്ല അതു പ്രാവർത്തീകമാക്കുകയാണ് ഈ ഭരണം ചെയ്യുന്നത്."

രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രധാന നേതാവായ ഹിറ്റ്ലറുടെ ആദ്യകാല ഭരണവിജയങ്ങൾ കണ്ടാൽ ഒരായിരം വർഷ

ത്തേയ്ക്കുള്ള ഭരണച്ചുമതലയേറ്റതുപോലെ തോന്നാം. പാപ്പാത്വസഹസ്രാബ്ദത്തിന്റെ ആരംഭമായി ഇതു കാണുവാൻ റോമൻ ഭരണാധികാരികൾ ആഗ്രഹിച്ചു.

പാപ്പാത്വത്തിനു വെറുപ്പുള്ള മതപരമായ മൂന്നു കാര്യങ്ങൾ — അവർ യഹൂദരെ വെറുത്തിരുന്നു; അവർ ഓർത്തഡോക്സ് ക്രിസ്ത്യാനികളെ വെറുത്തിരുന്നു; അവർ ബ്രിട്ടീഷുകാരുടെ നാട്ടിലെ സഭയെ വെറുത്തിരുന്നു. പ്രൊട്ടസ്റ്റന്റു മതനവീകരണം ജർമ്മനിയിൽ തുടങ്ങിയെങ്കിലും അതിനെ വളർത്തിക്കൊണ്ടു വന്നത് ഇംഗ്ലണ്ടായിരുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു കൂട്ടരും അവരുടെ ആചാരങ്ങൾ ചെയ്തിരുന്നതിൽ റോമിന് യാതൊരു നിയന്ത്രണവും ഇല്ലായിരുന്നു. അവസാനത്തെ രണ്ടെണ്ണത്തെ റോമക്കാർ വിവരിച്ചിരുന്നത് "മാതൃസഭയിൽ നിന്നു പിരിഞ്ഞവർ" അഥവാ "ക്രിസ്തുവിന്റെ സഭയുടെ" വിശ്വാസഘാതകരെന്നാണ്. ഇവർ റോമിലെ ബിഷപ്പിന്റെ അധികാരം അംഗീകരിക്കാത്തവരും അപ്പോസ്തോലീക പിൻതുടർച്ചയെന്ന് അവകാശപ്പെടുന്ന പത്രോസിന്റെ താക്കോലിൽ വിശ്വസിക്കാത്തവരുമാണ്. റോമിനിഷ്ടമില്ലാത്ത ഒരു കാര്യം ഈ രണ്ടുകൂട്ടരും ചെയ്യുന്നത് – അവരുടെ വിശ്വാസവും ആചാരങ്ങളും റോമാക്കാർ ഇഷ്ടപ്പാടാത്ത "വാൽഡൻസിയരുടെ വേദപുസ്തക'പ്രകാരമാണ്. ഈ വേദപുസ്തകങ്ങൾ ബൈസന്റൈൻ പാരമ്പര്യപ്രകാരവും പൂർവ്വ ഓർത്തഡോക്സും പാശ്ചാത്യ സെലിറ്റിക് സഭകളും പ്രൊട്ടസ്റ്റന്റുകാർക്കു കൈമാറിയതുമാണ്; ഇത് റോമൻ കത്തോലിക്കരുടെ ജറോം പകർത്തിയ വൾഗേറ്റ് വേദപുസ്കതവുമായി പലതിലും ചേരാത്തതും പ്രത്യേകിച്ച് വ്യാഖ്യാനങ്ങൾ സഭയുടെ പാരമ്പര്യത്തിനു ചേർന്ന രീതിയിൽ കത്തോലിക്കാ വൾഗേറ്റിൽ കൊടുത്തിട്ടുള്ളതിനു നിരക്കാത്തതുമാണ്.

ഹിറ്റ്ലർ യഹൂദന്മാരെ നശിപ്പിക്കാൻ ശ്രമിച്ചതിന്റെ ചരിത്രം എല്ലാവർക്കും അറിവുള്ളതാണല്ലോ. ഇത് ചരിത്രസത്യമായതിനാൽ അത് തെളിയിക്കാനായി സമയം ചെലവഴിച്ചിട്ടു കാര്യമില്ല.

വത്തിക്കാന്റെ ഉദ്ദേശമനുസരിച്ച് ഇംഗ്ലണ്ട് മുഴുവൻ കത്തോലിക്കാ വിശ്വാസം അടിച്ചേല്പിക്കാൻ ഹിറ്റ്ലർ ശ്രമിച്ചത്,



സ്പെയിൻകാർ അതിനായി ശ്രമിച്ച് അവരുടെ പടക്കപ്പൽക്കൂട്ടം അയച്ച് ശ്രമിച്ചിട്ടും പരാജയപ്പെട്ടതിനാലാണ്. ബ്രിട്ടനിൽ പ്രൊട്ടസ്റ്റന്റുകാരുടെ ശക്തി പ്രബലമല്ലായിരുന്നെങ്കിലും ഹിറ്റ്ലർ പാപ്പാത്വത്തിന്റെ മറവിലാണ് ബ്രിട്ടനോട് യുദ്ധത്തിനൊരുങ്ങുന്നതെന്നു മനസ്സിലാക്കാനുള്ള വഴികൾ ബ്രിട്ടനിലുണ്ടായിരുന്നു. പ്രധാനമന്ത്രി ചർച്ചിൽ വിജയത്തിനായി കഠിനാദ്ധ്വാനം ചെയ്തു; കാരണം ഹിറ്റ്ലറുടെ വിജയം വീണ്ടും ലോകത്തെ അന്ധകാരയുഗത്തിലേയ്ക്ക് വലിച്ചിഴയ്ക്കുമെന്ന് ചർച്ചിലിനറിയാമായിരുന്നു. ചരിത്രകാരൻ ജെ.എ. വൈലി വിവരിച്ചിരിക്കുന്നതുപോലെ "പാപ്പാത്വത്തിന്റെ ഉച്ച ലോകത്തിൽ പാതിരായായിരിക്കും."

രണ്ടാം ലോകമഹായുദ്ധത്തിൽ യൂറോപ്പിന് നാശം വിതച്ച് സ്വേച്ഛാധിപതികളെ തൽസ്ഥാനത്താക്കിയത് പാപ്പാത്വമാണെന്നു നമ്മൾ കണ്ടു. അവരുടെ ഭരണത്തിലെ പറഞ്ഞറിയിക്കാൻ വയ്യാത്ത കുറ്റകൃത്യങ്ങളുടെ ഉത്തരവാദിത്വം 1939-ൽ പീയൂസ് 12 -ാമൻ മാർപാപ്പായായി അവരോധിക്കപ്പെട്ട കർദ്ദിനാൾ പാസില്ലിയ്ക്കുതന്നെയാണ്. അവരുടെ സ്വന്തം നാടിനെക്കാളും കൂടുതൽ വിധേയത്വം പാപ്പാത്വത്തോട് അവർ കാണിച്ചിരുന്നു. ബൽജിയവും ഫ്രാൻസും ഹിറ്റലറുടെ കൈക്കീഴിലാക്കാൻ ഉപയോഗിച്ച കൗശലത്തെക്കുറിച്ച് മാൻഹട്ടൻ എഴുതിയിരിക്കുന്നു.

"ബൽജിയത്തിന്റെ ഭാവി തീരുമാനിക്കാൻ കത്തോലിക്കാ ഫാസിസ്റ്റ് നേതാവായ ഡെഗ്രെല്ലെയും കർദ്ദിനാൾ ഉപദേഷ്ടാവായ ബൽജിയം രാജാവും ഉണ്ട്. ഫ്രാൻസിൽ ഞങ്ങൾ പാപ്പാത്വപ്രഭുവായ ലാവൽ, ജസ്യൂട്ട് നേതാവായ വെഗന്റ് പിന്നെ മറ്റൊരു കത്തോലിക്കനായ മാർഷൻ പെറ്റെയിൻ ഇവരെ കണ്ടു. റഷ്യയെ ഹിറ്റ്ലർ അവസാനമായി അക്രമിച്ചപ്പോൾ എല്ലാ കത്തോലിക്കാ രാജ്യങ്ങളിൽ നിന്നുമുള്ള സന്നദ്ധഭടന്മാർ സഭയുടെ അനുഗ്രഹവുമായി മുൻനിരയിലെത്തി" ("കത്തോലിക് ടെറർ ടുഡെ", പേജ് 132)

ബ്രിട്ടീഷ് രഹസ്യപ്പോലീസിന് ജർമ്മൻകാരുടെ അധീനതയിലുള്ള സ്ഥലങ്ങളിലെ പൈശാചീക കൃത്യങ്ങളെക്കുറിച്ച് പെട്ടെന്ന് അറിവുകിട്ടി. 1941-ൽ ജർമ്മനിയുടെ പട്ടാളപ്പട യൂഗോസ്ലേവ്യ പിടി

ച്ചടക്കി. അവിടെ റോമൻ കത്തോലിക്കർ കൂടുതൽ വസിക്കുന്ന ക്രൊയേഷ്യയിലെ ആൾക്കാർ അവരെ സ്വാഗതം ചെയ്തു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം യുഗോസ്ലേവ്യ രൂപംകൊണ്ട കാലം മുതൽ ക്രൊയേഷ്യക്കാർ സ്വാതന്ത്ര്യത്തിനായി പ്രക്ഷോഭണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആന്റി പവെലിക് എന്ന് പേരോടുകൂടിയ ഒരു മതഭ്രാന്തനായ റോമൻ കത്തോലിക്കൻ "ഉസ്താഷി" എന്ന പേരിലുള്ള അട്ടിമറി സംഘടനയുടെ നേതാവായി പ്രവർത്തിച്ചിരുന്നു.

ആ സമയത്ത് ഫാസിസ്റ്റ്, ബനീറ്റോ മുസ്സോളിനി, പവെലികിന് ധാർമ്മികലും രാഷ്ട്രീയവും സാമ്പത്തികവുമായ സഹായം വാഗ്ദാനം ചെയ്തു. യൂഗോസ്ലേവ്യൻ രാജാവായ അലക്സാണ്ടറെ കൊല്ലാനായിരുന്നു ഈ സഹായങ്ങളെല്ലാം പവെലികിന് കൊടുത്തത്. 1933-ൽ ഡാഗ്രബിൽ വെച്ച് വധശ്രമം പരാജയപ്പെട്ടപ്പോൾ മുസ്സോളിനി തന്റെ മരുമകനായ കൗണ്ട് കൈനോയെ വധശ്രമത്തിനായി നിയമിച്ചു.

1934-ൽ ഒക്ടോബർ 6ന് അലക്സാണ്ടർ മാർസെല്ലസ്സിൽ വന്ന ഉടനെ അദ്ദേഹത്തെ തോക്കിനിരയാക്കി.

ഈ ചെറിയ രാജ്യങ്ങളിൽ ഹിറ്റ്ലർക്കും നോട്ടമുണ്ടായിരുന്നു. 1934 ജൂലൈ 25ന് അദ്ദേഹം ഓസ്ട്രിയായുടെ സ്വേച്ഛാധിപതിയായിരുന്ന ഡൊൾഫസ്സിനെ വധിച്ചു.

യൂഗോസ്ലേവ്യായുടെ വിധി നിശ്ചയിക്കുന്നതിൽ ആരു ജയിക്കും?

പവെലിക് ഈ പ്രത്യേക സാഹചര്യത്തിൽ ഉസ്താഷിയുടെ പരിശീലന ക്യാമ്പുകൾ ജർമ്മനിയിലും ഇറ്റലിയിലും തുടങ്ങി. 1941 ഏപ്രിൽ മാസത്തിൽ രണ്ടു രാജ്യങ്ങളിലുമുള്ള ഉസ്താഷിയുടെ പടയാളികൾ യൂഗോസ്ലേവ്യയുടെ രണ്ടുവശത്തുകൂടി ആക്രമിച്ചു.

അപ്പോഴാണ് യൂഗേസ്ലേവ്യായിലെ ആധിപത്യത്തെ നശിപ്പിക്കാനുള്ള റോമൻ കത്തോലിക്കരുടെ യത്നം എല്ലാവർക്കും ശരിയായി മനസ്സിലായത്. കത്തോലിക്കാ ഫാസിസ്റ്റ് രാജ്യം



ക്രൊയേഷ്യ എന്ന പേരിൽ സ്ഥാപിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. 1941 ഏപ്രിൽ 10ന് പുതിയ രാജ്യം രൂപം കൊണ്ടതിനെക്കുറിച്ച് മാൻഹട്ടൻ എഴുതുന്നത്:

"ഒരു രാജ്യത്തിനുള്ളിൽ ഇതുപോലൊരു നിഷ്ഠൂര സംഘടനയുടെ വളർച്ച കത്തോലിക്കാ സഭയുടെ സഹകരണമില്ലാതെ നടക്കുകയില്ലായിരുന്നു. പെവെല്ലിയുടെ ഭീകരസംഘടനയായ ഉസ്താഷിയെ ധാർമ്മീകമായും സാമ്പത്തികമായും അവർ സഹായിച്ചിരുന്നു, യഥാർത്ഥത്തിൽ അതിന്റെ നട്ടെല്ലുതന്നെ ഉണ്ടാക്കിയിരിക്കുന്നത് പുരോഹിതന്മാരാലും സന്ന്യാസികളാലും ബിഷപ്പുമാരാലും ആയിരുന്നു. നാസ്സികളുടെ അക്രമണത്തിനു വളരെനാൾ മുൻപുതന്നെ സന്ന്യാസിമഠങ്ങൾ ഉസ്താഷിയുടെ രഹസ്യ ആസ്ഥാനങ്ങളായി ഉപയോഗിച്ചിരുന്നു രഹസ്യ സൈനിക പരിശീലനങ്ങൾ മതത്തിന്റെ മറവിൽ വർഷങ്ങളായി കൊടുത്തിരുന്നു. ക്രൊയേഷ്യയിലും ഹെർസിഗോവീനായിലും ഡാൽമത്തിയായിലും കത്തോലിക്കാ പുരോഹിതരെ തിരുവത്താഴകർമ്മങ്ങൾക്കായി വിളിച്ചു കൂട്ടിയിരുന്നത് യഥാർത്ഥത്തിൽ രാഷ്ട്രീയ നീക്കങ്ങളെ വിലയിരുത്താനായിരുന്നു." ("കാത്തലിക് ടെറർ ടുഡെ", പേജ് 18).

മാൻഹട്ടൻ തുടരുന്നു:

ആ ദിവസം തന്നെ സാഗ്രബിലെ വർത്തമാനപത്രത്തിൽ വന്ന വാർത്തയെന്തെന്നാൽ 24 മണിക്കൂറിനുള്ളിൽ ഡെർബിയൻ ഓർത്തഡോക്സ് സഭയിലെ വിശ്വാസികൾ കത്തോലിക്കാ തലസ്ഥാനത്തു നിന്ന് ഒഴിയുകയും ആരെങ്കിലും ഓർത്തഡോക്സുകാർക്ക് താമസ്സിക്കാൻ സ്ഥലം കൊടുത്താൽ അവനെ ഉടനെ തന്നെ വധിക്കുകയും ചെയ്യുന്നതാണ്."(ഇബിഡ്, പേജ് 19)

ഇത് കൊലയാളിയായ ആന്റി പവെലികിന് ഇറ്റലിയുടെ അഭയകേന്ദ്രം വിട്ട് യൂഗോസ്ലേവ്യായിലേക്ക് തിരിച്ചു വരാനുള്ള ഒരു സൂചനയായിരുന്നതിനാൽ ഇറ്റലിയുടെ ടാങ്കുകളുമായി അദ്ദേഹം തിരിച്ചെത്തി. അദ്ദേഹം സാഗ്രബിൽ വന്നപ്പോൾ ഫാസിസ്റ്റുകാരുടെ കറുത്ത വേഷമാണ് ധരിച്ചിരുന്നത്. പവെലിക്കിന്റെ കറുത്ത

വേഷത്തിനു പിന്നിൽനിന്ന് പൂർണ്ണ പിന്തുണ കൊടുക്കാൻ ക്രൊയേഷ്യയിലെ കത്തോലിക്കാ അധികാരികൾ ഉടനെ തന്നെ സമ്മതിച്ച കാര്യം ചരിത്രകാരനായ എഡ്മോഡ് പാരിസ് പറയുന്നു. അദ്ദേഹം വന്ന ആദ്യ ദിവസം തന്നെ, മതമേലദ്ധ്യക്ഷന്റെ വിരുന്നുസൽക്കാര സമയത്ത് കറുത്ത വേഷവും പൗരോഹിത്യ സ്ഥാനവസ്ത്രങ്ങളും സഹോദരസ്നേഹത്താൽ കൂടി കലർന്നു. അവർ സാഹോദര്യതയോടെ പാനോപചാരം ചെയ്തപ്പോൾ അക്രമികളുടെ നടുവിൽ മേലദ്ധ്യക്ഷൻ നിൽക്കുന്ന പടങ്ങൾ എടുത്തുവെന്നുള്ളത് ഭാവിയിൽ ചരിത്രകാരന്മാർക്ക് താല്പര്യമുള്ള കാര്യമായിരിക്കും. ("കൺവേർട്ട് ഓർ ഡൈ", പേജ് 55)

വാസ്തവത്തിൽ 50 വർഷം ഭാവിയിലേയ്ക്ക് ഈ ബുക്കിന്റെ എഴുത്തുകാരൻ അതിന്റെ ഭവിഷ്യത്തുകളെ കാണിക്കുവാൻ താല്പര്യപ്പെടുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഉസ്താഷി നടത്തിയിട്ടുള്ള ഭീകര പൈശാചികത്വമെല്ലാം പയസ്സ് 12-ാമൻ മാർപാപ്പായുടെ ഉദ്ദേശമനുസരിച്ച് യൂറോപ്പിലെ ചെറിയ രാജ്യങ്ങളിലെയും റഷ്യയിലെയും ഓർത്തഡോക്സുകാരെ കത്തോലിക്കരാക്കാൻ വേണ്ടിയായിരുന്നു. മുസ്സോളിനിയ്ക്കും ഹിറ്റ്ലർക്കും കൊടുത്ത സഹായത്തിന് നന്ദിയായി!

എഡ്മൻഡ് പാരീസ് തുടരുന്നു:

"1941 ഉയർപ്പു ദിനത്തിൽ സാഗ്രബ് പള്ളിയിലെ പ്രധാന സ്ഥലത്തുനിന്ന് മതമേലദ്ധ്യക്ഷനായ സ്റ്റെഫിനിയാക്, ക്രൊയേഷ്യ ഒരു സ്വതന്ത്രരാഷ്ട്രമായിയെന്ന് പ്രഖ്യാപിച്ചു. അങ്ങനെ സഭയ്ക്കുള്ളിൽ തന്നെ യൂഗോസ്ലേവ്യയ്ക്കെതിരായ വിശ്വാസഘാതകത്വം നടത്തി, മതമേലദ്ധ്യക്ഷൻ തന്റെ പ്രസംഗം ഇങ്ങനെ അവസാനിപ്പിച്ചു: "യേശു നമ്മുടെ രക്ഷകൻ ഉയർത്തു! .... ക്രോയേഷ്യയിലെ ജനങ്ങളോട് എനിക്കു പറയാനുള്ളത് നിങ്ങൾ ഒരു പുതിയ യുഗത്തിലേയ്ക്ക് പ്രവേശിച്ചു; ക്രിസ്തുവിന്റെ ഉയർപ്പിനുശേഷം അപ്പോസ്ഥോലന്മാർ പറഞ്ഞതുപോലെ നിങ്ങൾക്കു സമാധാനം ഉണ്ടാകട്ടെ!" (ഇബിഡ്, പേജ് 56)

എന്നാൽ ഏതു തരത്തിലുള്ള സമാധാനമാണ് നൽകുന്നതെന്ന് വിശദമാക്കുവാൻ മതാദ്ധ്യക്ഷൻ പരാജയപ്പെട്ടു; കാരണം



ക്രിസ്തു, ദൈവം തരുന്ന സാമധാനവും ഈ ലോകത്തിന്റെ സമാധാനവും തമ്മിൽ ഒരു അന്തരം കാണിക്കുന്നു. "എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല, ഞാൻ നിങ്ങൾക്കു തരുന്നത്" (യോഹന്നാൽ 4:27).

യൂഗേസ്ലേവ്യ വളരെ വേഗം തന്നെ ഈ മതാദ്ധ്യക്ഷൻ പറഞ്ഞ സമാധാനം എന്താണെന്നു മനസ്സിലാക്കി. (പുറംലോകം വളരെ വൈകിയാണറിഞ്ഞത്). അത് വത്തിക്കാന്റെ ആശയത്താൽ രുചി വരുത്തിയതും സെർബിയൻ ഓർത്തഡോക്സുകാരുടെയും യഹൂദന്മാരുടെയും രക്തത്താൽ നിറം കൊടുത്തതുമായിരുന്നു!!

ഉസ്താഷിയുടെയും റോമൻ കത്തോലിക്കാ സഭയുടെയും പരിപാടികൾ ഒന്നുതന്നെയായിരുന്നുവെന്ന് ചിന്തിക്കുന്നതിൽ അതിശയിക്കാനില്ല; കാരണം ഫാസിസ്റ്റുകൾ യൂറോപ്പിന്റെ പൂർണ്ണ നിയന്ത്രണം വത്തിക്കാന്റെ സഹായത്താൽ നേടിയെടുത്തു.

ഇപ്പോൾ പുതുതായി രൂപപ്പെട്ട ക്രൊയേഷ്യയുടെ വടക്കുവശം നാസ്സി ജർമ്മനിയും തെക്കുവശം ഫാസിസ്റ്റ് ഇറ്റലിയും സംരക്ഷണം കൊടുത്തപ്പോൾ, അവർ ഓർത്തഡോക്സ് സെർബിയാക്കാരോട് പക തീർത്ത് റഷ്യയിലെ ഓർത്തഡോക്സ് സഭകൾ ഇല്ലെന്നാക്കാൻ ശ്രമിച്ചു.

"ക്രിസ്തുവും ഉസ്താഷിയും ഒരുമിച്ചു നടക്കുന്നു " എന്ന ആവ്റേ മാൻഹട്ടൻ എഴുതിയ പുസ്തകത്തിന്റെ ആമുഖത്തിൽ എപ്രകാരമാണ് യൂഗേസ്ലേവ്യായുടെ പൂർണ്ണനിയന്ത്രണം സഭ ഏറ്റെടുത്തതെന്നു വിവരിക്കുന്നു.

"ഉസ്താഷിയുടെ ദേശീയ വാദത്തിൽ ഒന്നാമത്തേത് വർഗ്ഗീയതയെങ്കിൽ രണ്ടാമത്തേത് മതമായിരുന്നു. ഇവ രണ്ടും വിഭജിക്കാൻ പാടില്ലാത്ത രീതിയിൽ അവർക്ക് ഒന്നായിരുന്നു. "ക്രോഷ്" എന്ന വാക്ക് യഥാർത്ഥത്തിൽ കത്തോലിക്കാനാമത്തെ പ്രതിനിധാനം ചെയ്യുന്നു. ഇത് ഉസ്താഷിയുടെ വർഗ്ഗീയതയ്ക്ക് സഹായകരമെങ്കിൽ, അവരുടെ സിദ്ധാന്തമെന്തെന്നുവെച്ചാൽ ക്രോയേഷ്യ മുഴുവനും കത്തോലിക്കർ അഥവാ ഉറച്ച കത്തോലിക്കർ ആയിരിക്കണം. പുതിയ രാഷ്ട്രത്തിന്റെ അടിസ്ഥാനപ്രമാണം അതായിരിക്കണം.

ഈ നീക്കത്തിന്റെ ഫലം വളരെ ഗൗരവമേറിയതായിരുന്നു. ദേശീയവാദികൾ നൂറുശതമാനവും വർഗ്ഗീയതയ്ക്കായി നീങ്ങുമ്പോൾ കത്തോലിക്കാസഭ അതിനു സമാന്തരമായി നൂറുശതമാനവും കത്തോലിക്കരാക്കുക എന്ന തന്ത്രവുമായി മുമ്പോട്ടു നീങ്ങി. ഇവ രണ്ടും വിഭിന്ന ലക്ഷ്യത്തിൽ നീങ്ങുന്നുവെങ്കിലും ഫലം ഒന്നു തന്നെ. രാഷ്ട്രീയക്കാർ കത്തോലിക്കരുടെ ആത്മീയ കാര്യങ്ങളിലും മതനേതാക്കൾ ഉസ്താഷി രാഷ്ട്രീയതയുടെ രാഷ്ട്രീയകാര്യങ്ങളിലും ശ്രദ്ധ പതിപ്പിച്ചു." (കത്തോലിക് ടെറർ ടുഡെ", പേജ് 41)

മാൻഹട്ടൻ ആ അദ്ധ്യായത്തിൽ തന്നെ വിശദീകരിക്കുന്നത്: കത്തോലിക്കർ ആനുകാലിക പ്രസിദ്ധീകരണങ്ങളെ നിയന്ത്രിച്ച് ക്രൊയേറ്റുകളെ ക്രിസ്തുവിന്റെ നിയന്ത്രണത്തിലാണ് ഉസ്താഷിയെന്നു മനസ്സിലാക്കിച്ച് സെർബിയക്കാരായ ഓർത്തഡോക്സുകാരെയും യഹൂദന്മാരെയും വെറുപ്പിച്ച് യൂഗോസ്ലേവ്യായെന്നുള്ള ഒരു രാജ്യം തന്നെ ഇല്ലെന്നാക്കാൻ ശ്രമിച്ചു. കത്തോലിക്കാ പുരോഹിതന്മാരുടെ ഉസ്താഷിയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളെ പത്രങ്ങൾ വാനോളം പുകഴ്ത്തി, അവർക്കു രാജ്യത്തിന്റെ ഭരണച്ചുമതലയേൽക്കുവാൻ അങ്ങനെ അവസരം ലഭിച്ചു.

ഉസ്താഷി കൂട്ടക്കൊലയിൽ ഏറ്റവും വലിയ പങ്കുവഹിച്ചത് ഫ്രാൻസിഷ്യയൻ പുരോഹിതരായിരുന്നു. ഉദ്ബീനാ ജില്ലയിൽ അവരുടെ ഒരു വൈദീകപദവിക്കാരനായ മെയിറ്റ് മോഗസ്സ് ഒന്നാം അധികാരിയായി. ഉസ്താഷിയുടെ രാഷ്ട്രീയ സേനയെ രൂപപ്പെടുത്തിയതിനുശേഷവും യൂഗോസ്ലോവ്യായുടെ പട്ടാളത്തെ നിരായുധീകരിച്ചതിനു ശേഷവും അദ്ദേഹം ഒരു ധർമ്മപ്രവചനം 1941 ജൂൺ 13ന് നടത്തി. "ശ്രദ്ധിക്കൂ ജനങ്ങളെ, ഉസ്താഷിയുടെ ധൈര്യശാലികളായ പതിനാറു പേർക്ക് പതിനാറായിരം വെടിയുണ്ടകൾ ഉണ്ട്. അവർ പതിനാറായിരം സെർബിയക്കാരെ കൊല്ലും. അതിനുശേഷം സൗഹൃദമായി നമുക്ക് മ്യൂട്ടിലിക്കു നിലങ്ങളും ക്രബാവാ നിലങ്ങളും പങ്കുവെയ്ക്കാം." (ഇബിഡ്, പേജാ 48).

"ഒരു കൂട്ടം ഫ്രാൻസിഷ്യൻ പുരോഹിതർ കാസ്ലെ ഗ്രാമത്തിൽ ഇരുപത്തിയഞ്ചു സേർബുകളെ പീഡിപ്പിച്ചു കൊന്നിട്ട്



അവരുടെ ഫോട്ടോകൾ എടുത്തു." (ഇബിഡ്)

ഉസ്താഷി രാഷ്ട്രസേനയുടെ ആദ്യത്തെ സംഘാടകനും വകുപ്പധികാരിയുമായിരുന്ന ആന്റി ക്ലാരിക് എന്ന ഫ്രാൻസിഷ്യൻ 1941 -ൽ തന്റെ പ്രസംഗത്തിൽ ഇടവകക്കാരോട് നിന്ദയോടെ സംസാരിച്ചു.

"നിങ്ങൾ പ്രായമായ സ്ത്രീകളെപോലെയാണ്; നിങ്ങൾ സ്ത്രീകളുടെ വേഷമിടുന്നതാണ് നല്ലത്; കാരണം നിങ്ങൾ ഒരു സെർബിയനെപ്പോലും കൊന്നില്ല. നമ്മൾക്ക് ആയുധങ്ങളും കത്തികളും ഇല്ല. നമ്മൾ വളഞ്ഞ വാളും അരിവാളും ഉണ്ടാക്കിയാൽ സെർബുകളെ കാണുമ്പോൾ അവരുടെ കഴുത്ത് അറക്കാൻ സാധിക്കും." ("കൺവേർട്ട് ഓർ ഡൈ", പേജ് 114)

ആധുനിക പ്രേതപൂജകരേപ്പോലെ ഫ്രാൻസിഷ്യനായ മാർക്കോ ഡൊവ്ക്കോ പേരെടുത്തു. ഇരുനൂറു പേരെകൊന്ന് വിഡോവോ നിലത്തിലെ കുഴിയിൽ എറിഞ്ഞതിന്റെ "ബഹുമതി" മാൻഹട്ടൻ അദ്ദേഹത്തിനു കൊടുത്തു. ("കാത്തലിക് ടെറർ ടുഡെ", പേജ് 49) എന്നാൽ ഈ പാപ്പാത്വ മതഭ്രാന്തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ വെളിച്ചം പാരിസ് കൊടുക്കുന്നു:

"പ്രായമുള്ള പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടക്കം 559 സെർബുകളെ ഗോബി ബിൻക്കായിലെ താഴ്ന്ന സ്ഥലത്തു കൂട്ടിക്കൊണ്ടുപോയി കൊലചെയ്തു. എല്ലാവരും മരിച്ചെന്നുറപ്പാക്കാനായി മരിച്ചുകൊണ്ടിരിക്കുന്നവരുടെ കൈകളിൽ കൈബോംബ് കെട്ടിവെച്ച് പൊട്ടിച്ചു. ഈ കൊലചെയ്ത പതിനാറുപേരുടെ സംഘത്തിൽ ഫ്രാൻസിഷ്യൻ പുരോഹിതനായ മാർക്കോ ഡൊവ്ക്കോയും ഉണ്ട്." (കൺവേർട്ട് ഓർ ഡൈ", പേജ് 103). 51 പേരിൽ കുറയാതെ ഫ്രാൻസിഷ്യൻ പുരോഹിതരും മറ്റു പ്രവർത്തകരും കൊലയാളികളുമായി ഈ ഉസ്താഷി രാഷ്ട്രസേനയിൽ ഉണ്ടായിരുന്നതായി വിക്ടർ നോവാക് എഴുതിയ "മാഗ്നം ക്രൈമനിൽ" രേഖപ്പെടുത്തിയിരിക്കുന്നത് പാരീസ് ഉദ്ധരിക്കുന്നു. (ഇബിഡ്, പേജ് 53)

ഈ ഫ്രാൻസിഷ്യൻ പുരോഹിതരുടെ സംഘത്തെ രൂപീകരിച്ചതു തന്നെ മൂന്നു കാര്യം പ്രതിജ്ഞ ചെയ്യിച്ചാണ്; അതായത്

കളങ്കമില്ലായ്മ, ദാരിദ്ര്യം, അനുസരണം. അവരവരുടെ ധാർമ്മീക അധഃപതനത്തിൽ തൃപ്തിയില്ലാതെ പിതാവായ ദൈവം ക്രിസ്തുവിന്റെ പഠിപ്പിക്കലിലൂടെ വെളിവാക്കിയ മനുഷ്യന്റെ പെരുമാറ്റത്തിനുള്ള ധാർമ്മിക നിയമങ്ങളെ റോമിന്റെ തനതായ വ്യാഖ്യാനത്തിലൂടെ അവർ മനസ്സിൽ ഉറപ്പിച്ചു. മലാഖി മാർട്ടിൻ "ക്രിസ്തുവിന്റെ സഭ നിർദ്ദേശിക്കപ്പെട്ടത്" എന്ന് എഴുതിയതിൽ അതിശയിക്കാനില്ലെന്നു വ്യക്തം.

ഗോവ മതദ്രോഹവിചാരണയുടെ കഥ നമ്മൾ മനസ്സിലാക്കിയതുപോലെ റോമിന് പല പുതിയ മാർഗ്ഗങ്ങളിലൂടെ സഭയിലേയ്ക്ക് ധാരാളം ആർക്കാരെ ചേർക്കുവാൻ കഴിഞ്ഞു.

പൂർവ്വദേശത്തേയ്ക്കുള്ള അവരുടെ വലിയ മതപ്രചാരകനായ ഫ്രാൻസിസ് സേവ്യർ, മതദ്രോഹവിചാരണയിലുള്ള വധസ്തംഭത്തിന് വലിയ തുണനിൽക്കുക മാത്രമല്ല അതിന്റെ തുടക്കം തന്നെ തന്റെ നിർദ്ദേശാനുസരണമായിരുന്നു.

ആയതിനാൽ യൂഗോസ്ലേവ്യായിൽ, വലിയ വ്യത്യാസമില്ലാതെ, ഇപ്രകാരമുള്ള സുവേശേഷപ്രചരണം നടത്തിയതിൽ അതിശയിക്കാനില്ല. ചില നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ പാപ്പാത്വ ഭാഷയിലെ "രക്ഷ" എന്നത് വളരെ സങ്കീർണ്ണമേറിയ അർത്ഥത്തിലായി. സെർബിയായിലുള്ള ജർമ്മനിയുടെ സൈന്യമേധാവിയ്ക്ക് സെർബിയായിലെ ഓർത്തേഡോക്സ് പുരോഹിതൻ അയച്ച നിവേദനപത്രിക വ്യക്തമാക്കുന്നത്.

"ആരംഭം മുതലെ ഉസ്താഷി അധികാരികൾ ഭീഷണിപ്പെടുത്തി സെർബികളായ ഓർത്തഡോക്സുകാരെ കത്തോലിക്കരാക്കിയിരുന്നു. കത്തോലിക്കാസഭയും ഉസ്താഷി അധികാരികളും തമ്മിലുള്ള ബന്ധം വളരെ വ്യക്തമാണ്; കാരണം ഉസ്താഷി അധികാരികൾ ഒരു നല്ല പങ്ക് കത്തോലിക്കാ പുരോഹിതരായിരുന്നു. കത്തോലിക്കാ വിശ്വാസം സ്വീകരിക്കാനുള്ള ഭീഷണി ആദ്യമായി സർക്കാർ ഉദ്യോഗസ്ഥർക്കു നേരിടേണ്ടി വന്നു; കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്ന ഓർത്തഡോക്സുകാർ മാത്രം ക്രോയേഷ്യൻ സർക്കാരുദ്യോഗസ്ഥരായി ജോലി ചെയ്താൽ മതിയെന്നായിരുന്നു കല്പന. അങ്ങനെ



സെർബിയരെ അവരുടെ പുരോഹിതരിൽ നിന്ന് അകറ്റി, ഓർത്തഡോക്സുകാർ കത്തോലിക്കാ ആചാരങ്ങൾ അനുഷ്ഠിക്കാൻ നിർബന്ധിച്ചു. ജാൻക്കോ വെൽ ജാകോവിക്കിന്റെ സാക്ഷ്യത്തിൽ ഗർബോവിക്കിലെ കത്തോലിക്കാ പുരോഹിതർ ഉസ്താഷിയുടെ സൈന്യത്താൽ ഓർത്തഡോക്സ് സഭയിലെ എല്ലാ രേഖകളും വിലപിടിച്ച സാധനങ്ങളും തട്ടിയെടുത്തതായും രേഖപ്പെടുത്തിയിരിക്കുന്നു. ബൻജലൂക്കിൽ ഒരു അധികാരപത്രം അടിച്ചിറക്കി ഓർത്തഡോക്സ് സഭയിലെ എല്ലാ രേഖകളും (വിവാഹം, സ്നാനം, ശവസംസ്കാരം മുതലായവ) കത്തോലിക്കാ ഇടവക പ്പള്ളികളിൽ കൊണ്ടുവരണമെന്നു നിർദ്ദേശിച്ചു. അത് ക്രൊയേഷ്യ മുഴുവൻ ബാധകമായ നിയമമായി. പാക്ക്റാക്കിലുള്ള സെർബിയൻ ബിഷപ്പന്മാരുടെ വീടുകൾ കത്തോലിക്കാ പുരോഹിതർ കൈവശപ്പെടുത്തുകയും അവരുടെ ഭദ്രാസനപ്പള്ളികൾ 1941-ൽ ഏപ്രിൽ 12ന് പൂട്ടി മുദ്രയിടുകയും ചെയ്തു." ('കൺവേർട്ട് ഓർ ഡൈ' പേജ് 97)

ഈ അനിയന്ത്രിതമായ കൂട്ടക്കൊലയെക്കുറിച്ച് വായനക്കാർക്ക് ലേശംപോലും സംശയമുണ്ടാകാതിരിക്കാൻ ഡയോനീസ് ജൂറിസേവ് പുരോഹിതന്റെ സ്റ്റാസായിലുള്ള ജനങ്ങളോട് അദ്ദേഹം സംസാരിച്ച ഭാഗം നമുക്കു നോക്കാം:

"ഇനിയും ക്രൊയേഷ്യരെ മാത്രമെ ഈ രാജ്യത്തു താമസ്സിക്കാൻ അനുവദിക്കൂ; കാരണം ഈ രാജ്യം ക്രൊയേഷ്യരുടേതാണ്. കത്തോലിക്കരാകാത്തവർക്കെതിരായി വലിയ ശിക്ഷ തന്നെ നടപ്പാക്കും. മറ്റു ഭാഗങ്ങളിൽ, കുട്ടികൾ മുതൽ പ്രായമായവർ വരെയുള്ള സകലരെയും കത്തോലിക്കരാക്കുന്നതിൽ, ഞാൻ വിജയിച്ചു; വേണ്ടി വന്നാൽ ഇവിടെയും അതു ചെയ്യും. ഉസ്താഷിയുടെ നിയമത്തെ ലംഘിക്കുന്ന ഏഴു വയസ്സു മുതൽ പ്രായമുള്ളവരെ കൊല്ലുന്നതു പാപമായി കണക്കാക്കുന്നില്ല. ഞാൻ പുരോഹിതവേഷമിട്ടിരിക്കുന്നുവെങ്കിലും ഉസ്താഷിക്കെതിരായവർക്കു നേരെ ചിലപ്പോൾ തോക്കുപയോഗിക്കേണ്ടതായി വരും; അതു പിള്ളത്തൊട്ടിൽ മുതൽ" (കൺവേർട്ട് ഓർ ഡൈ", പേജ് 98)

സെർബിയായിലെ യഹൂദരെക്കുറിച്ച് എന്തു പറയുന്നു?

"1941 ജൂൺ അവസാനത്തിൽ ആരംഭിച്ച ഈ മഹാശിക്ഷകൾ പിന്നീടുള്ള മാസങ്ങളിലും 1942 വർഷത്തിലും നീണ്ടു നിന്നതിനാൽ കത്തോലിക്കരുടെ ഭരണത്തിനനുകൂലിക്കാത്ത ഒരൊറ്റ യഹൂദൻ പോലും ക്രൊയേഷ്യയിൽ ശേഷിച്ചില്ല." (കൺവേർട്ട് ഓർ ഡൈ", പേജ് 117). (പാരീസ് പറയുന്നത് സാഗ്രബിലെ ഈ പീഡനത്തിനു മുമ്പ് ഏതാണ്ട് ഒൻപതിനായിരം യഹൂദന്മാർ അവിടെ താമസ്സിച്ചിരുന്നു.)

1941 ആഗസ്റ്റ് മാസത്തിൽ യഹൂദന്മാരോടുള്ള റോമൻ കത്തോലിക്കാസഭയുടെ രാഷ്ട്രീയ സമീപനത്തെ സഭാമേലദ്ധ്യക്ഷനായ സ്റ്റെഫിനാക്ക് ഒരു വിജ്ഞാപന പത്രത്തിലൂടെ തന്റെ ഒപ്പിട്ടറിയിച്ചു.

"കത്തോലിക്കാ സഭയിലേയ്ക്ക് ചേരുന്നവരെക്കുറിച്ച് പുരോഹിതർ അറിഞ്ഞിരിക്കാനായിട്ടുള്ള വിജ്ഞാപനപത്രം, ഗ്രീക്ക് - പൂർവ്വസഭ (ഓർത്തഡോക്സ്) യിൽ നിന്നുള്ള വിടുതൽ പത്രത്തിനു പുറമെ ഓരോരുത്തരും താലൂക്കിലെ പോലീസ് അധികാരികളിൽ നിന്ന് സ്വഭാവ സാക്ഷ്യപത്യം സമർപ്പിക്കണം." (ഇബിഡ്, പേജ് 117, 118).

ഈ വിജ്ഞാപനം, 1941 ജൂലൈ 30ലെ വിജ്ഞാപനപത്രപ്രകാരം ജീവൻ രക്ഷിക്കാൻ വേണ്ടി, പേരിനുമാത്രം, കാത്തോലിക്കാ വിശ്വാസത്തിൽ ചേർന്ന യഹൂദന്മാരെ സ്വാഭാവീകമായും അയോഗ്യരാക്കി. അത് ഇപ്രകാരമായിരുന്നു:

"ധാരാളം യഹൂദന്മാർ കത്തോലിക്കരാകുന്നതിന് സമ്മതിക്കുന്നതായും ഭരണകൂടം അറിയുന്നു; എന്നാൽ അവരുടെ കത്തോലിക്കാ സഭയിലേയ്ക്കുള്ള മാറ്റം അവരുടെ സമൂഹത്തിലെ ആര്യർക്കെതിരായുള്ള പെരുമാറ്റച്ചട്ടവുമായി യാതൊരു ബന്ധവും കാണുന്നില്ല." (ഇബിഡ്, പേജ് 117)

കത്തോലിക്കാ അധികാരികളുടെ കാഴ്ചയിൽ യഹൂദന്മാർ വിലയില്ലാത്തരായിരുന്നുവെന്ന് വളരെ വ്യക്തമാണ്.

അവരോട് പെരുമാറിയതും അപ്രകാരം തന്നെ:

വ്ളാസെനിക്കായിൽ എല്ലാ യഹൂദന്മാരെയും ജയിലിലടച്ചു;



പ്ലോസിൽ അവരുടെ ഭാര്യമാരെയും പെൺകുട്ടികളെയും ബലാൽസംഗം ചെയ്തതിനു ശേഷം കൊന്നു." (ഇബിഡ്, പേജ് 116)

"ബൂജോനോയിൽ 1941 ആഗസ്റ്റ് രണ്ടിന് സെർബികളെയും യഹൂദന്മാരെയും ചരക്കുവണ്ടിയിൽ വലിച്ചിഴച്ചു കയറ്റി ക്രാക്കാനിക്കായിൽ കൊണ്ടുപോയി. അവിടെയെത്തിയശേഷം ഒരു കുഴിയിൽ 1,900 സെർബിയനുകളെ പീഡിപ്പിച്ചു കൊന്നു. സാവായുടെ തീരത്ത് ഇതുപോലെ 340 യഹൂദന്മാരെ മഞ്ഞുപെയ്യുന്ന രാത്രിയിൽ ഒരു പാലത്തിൽ നിർത്തി അവരുടെ തുണികൾ കീറിക്കളഞ്ഞ് കഴുത്തുവെട്ടി തല ചുറ്റികയ്ക്കടിച്ച് ചിതറിച്ചു" (ഇബിഡ്, പേജ് 116)

ഒരു "ക്രിസ്തീയ" രാഷ്ട്രം കെട്ടിപ്പെടുക്കാനായി റോമാക്കാർ ചെയ്ത "ധാർമ്മിക കാര്യങ്ങൾ" എന്തെല്ലാമായിരുന്നുവെന്ന് വായനക്കാർക്ക് മനസ്സിലാക്കാൻ വേണ്ടതു പറഞ്ഞു കഴിഞ്ഞു. കത്തോലിക്കരുടെ ഉസ്താഷിയുടെ ക്രൂരതകയെക്കുറിച്ച് മാൻഹട്ടനും പാരീസും ധാരാളം വസ്തുതകൾ വിവരിച്ചിച്ചുണ്ട്. അവർ എഴുതിയിരിക്കുന്നത് ശരിയാണെന്ന്, ഇപ്പോൾ ജീവിക്കുന്ന സാക്ഷികൾ സമ്മതിച്ചിട്ടുണ്ട്.

"ക്രിസ്തീയ" സർക്കാരുണ്ടാക്കുവാനുള്ള കത്തോലിക്കരുടെ ഈ കിരാത രീതികളെ വിവരിച്ചുകൊണ്ടുള്ള രണ്ടു ധൈര്യശാലികളുടെ എഴുത്തുകൂടി നോക്കിയിട്ട് നമുക്കിതു ചുരുക്കാം. ഒന്നാമതായി എഡ്മൊണ്ട് പാരീസ് എന്ന രക്തസാക്ഷി:

"സ്പെയിനിലെ മതദ്രോഹവിചാരണ, അതിന്റെ പൈശാചീകത്വത്തിന്റെ കാര്യത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മാർപാപ്പാ നിയമിച്ച മതദ്രോഹവിചാരണയുടെ നേതാവ്, തോമസ് ഡിടോർക്കുമഡായെ വളരെ വെറുപ്പോടും വിദ്വേഷത്തോടുമാണ് ഓർക്കുന്നത്. അയാളുടെ 18 വർഷത്തെ ഭരണക്കാലത്ത് 10,220 ആൾക്കാരെ കത്തിച്ചു; 1,14,401 (ചരിത്രകാരനായ മോട്ടലിയുടെ കണക്കനുസരിച്ച്) പേർ പട്ടിണിയാലും പീഡനത്താലും ജയിലറകളിൽ നശിച്ചു; അങ്ങനെ 18 വർഷത്തിനുള്ളിൽ ആകെ ഏകദേശം 1,25,000 ആൾക്കാരെ നശിപ്പിച്ചു."

"ഈ കണക്ക് ഭീതിജനകം തന്നെ, എന്നാൽ സെർബിയൻ ഓർത്തഡോക്സുകാരെ കൊന്നതിന്റെ കണക്ക് അതിലും ഭീകരത നിറഞ്ഞതു തന്നെ; ഏതാണ്ട് 7,50,000 സെർബുകളെ നാലു വർഷത്തിനുള്ളിൽ കൊന്നു." (കൺവേർട്ട ഓർ ഡൈ", പേജ് 5).

ആഡ്രോ മാൻഹട്ടൻ പറയുന്നത്

"രൂപീകൃതമതം ഒരു തോക്കുപോലെ ശക്തിയുള്ളതാണ്; യഥാർത്ഥത്തിൽ അതിലുമുപരി ശക്തിയതിനുണ്ട്. സൈന്യത്തിന്റെ സംഹാരത്തെ വെല്ലുവിളിക്കുന്ന രീതിയിലും രാഷ്ട്രീയ തീവ്രവാദികളുടെ പ്രവർത്തനത്തെക്കാൾ കൗശലമേറിയതും ഭീകരവും തന്നെ. ഒന്നിനും അതിനെ തടയാൻ സാദ്ധ്യമല്ല."

"കത്തോലിക്കാ സഭ ക്യാമ്പുകൾ സംഘടിപ്പിച്ച് കുറെ വർഷങ്ങൾക്കു മുമ്പ് ഇങ്ങനെ മനുഷ്യരെ ആയിരക്കണക്കിനു പീഡിപ്പിച്ചുകൊന്നും സഭയിൽ ആൾക്കാരെ നിർബന്ധിപ്പിച്ചു ചേർത്തു എന്നുള്ളത് ഒരു സാധാരണ വ്യക്തിയ്ക്കു വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്. ഈ കാര്യങ്ങളെല്ലാം അവരുടെ പുരോഹിതരാണ് ചെയ്തത്. ഈ പൈശാചികത്വത്തിന്റെ പിന്നിൽ പുരോഹിതർ മാത്രമല്ല സന്യാസികളുമുണ്ട്.

"നമ്മുടെ ഈ നൂറ്റാണ്ടിൽ നടന്ന ഏറ്റവും ഹീനമായ ഈ മത പരിവർത്തനത്തിനായുള്ള കൂട്ടക്കൊലയെ ധാരാളം ആൾക്കാർ വർഗ്ഗീയ വാദികളുടെ കള്ളക്കണക്കെന്നു പറഞ്ഞ് തിരസ്ക്കരിക്കും; ചിലർ അതു കെട്ടിച്ചമച്ചതെന്ന് പറയും. ഇവരല്ല ആദ്യമായി ഇപ്രകാരം കുറ്റാരോപണം നടത്തുന്നത്. ഈ ഗ്രന്ഥകർത്താവ് അരദശകത്തോളം കഷ്ടതനിറഞ്ഞ സൂക്ഷ്മ പരിശോധനയിൽ സമയം ചെലവഴിച്ചാണ് ഈ വസ്തുതകൾ മനസ്സിലാക്കിയതും ഈ അവിശ്വസനീയ കാര്യം അംഗീകരിച്ചതും."

"ഫലമോ, ഈ കണക്കുകൾ, ആധികാരികവും കിട്ടാവുന്ന എല്ലാ രേഖകളിൽനിന്നും ശേഖരിക്കപ്പെട്ടവയും ആണെന്നു വ്യക്തമാക്കുന്നു. ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന പല സംഭവങ്ങളുടെയും പിന്നിൽ സൈനീക പദവിയിലും, രാഷ്ട്രീയ - മതപരമായ പദവികളിലും ഉയർന്ന പങ്കുവഹിച്ചിരുന്നവരുണ്ട്. അവരോടെല്ലാം ഗ്രന്ഥകർത്താവ് വ്യക്തിപരമായി സ്നേഹം സ്ഥാപിച്ചിട്ടുള്ളതാണ്. കത്തോലിക്കാസഭയുടെ അവിശ്വസനീയമായ ഈ പീഡനത്തിനു ഇരയായ ചിലരും വാസ്തവത്തിൽ ഈ ഗ്രന്ഥകർത്താവിനെ സഹായിച്ചവരിൽപെടും."

"ഇതിൽ ഭാഗഭാക്കായവരുടെ പേരുകൾ, കത്തോലിക്കാ അൽമായർ, സൈനീകർ, പുരോഹിതർ, ക്രിസ്തീയ സന്യാസികൾ, മേലദ്ധ്യക്ഷന്മാർ, കർദ്ദിനാളന്മാർ അതുകൂടാതെ കത്തോലിക്കരല്ലാത്ത പീഢിതർ, പുരുഷന്മാരും സ്ത്രീകളും കുട്ടികളും പുരോഹിതരുൾപ്പെടെ എല്ലാവരും വാസ്തവമായിട്ടുള്ളതും ഈ പീഡനങ്ങൾ നടന്ന സ്ഥലത്തിന്റെയും ഗ്രാമത്തിന്റെയും പട്ടണങ്ങളുടെയും പേരുകൾ യാഥാർത്ഥ്യമായിട്ടുള്ളതുമാണ്. അവയുടെ വിശ്വസനീയത ആർക്കും പരിശോധിക്കാവുന്നതാണ്. രേഖകളും കത്തോലിക്കരുടെ ഏകോപന ക്യാമ്പുകളുടെ ഫോട്ടോകളും കത്തോലിക്കർ കൂട്ടക്കൊല നടത്തിയതും നിർബന്ധിച്ച് മതം മാറ്റിയതും (ചിലത് ഈ പുസ്തകത്തിൽ തന്നെയുണ്ടല്ലോ) യൂഗോസ്ലേവ്യായിലെ സർക്കാരിന്റെ ഗ്രന്ഥരക്ഷാലയത്തിലും ഓർത്തഡോക്സ് സഭയിലും ഐക്യരാഷ്ട്രസഭയിലും അതുപോലെയുള്ള മറ്റു സർക്കാർ ഓഫീസുകളിലും ഉണ്ട്." (കത്തോലിക്ക് ടെറർ ടുഡെ" ഫൊർവേർഡ്")

.........................

ഈ പുസ്തകം എഴുതിക്കൊണ്ടിരുന്നപ്പോൾ യൂറോപ്പിലെ സംഭവഗതികൾ വളരെ വേഗത്തിൽ മാറി.

സോവിയറ്റ് സാമ്രാജ്യം ഛിന്നഭിന്നമായതോടെ മലാഖി മാർട്ടിന്റെ ഭൗമിക രാഷട്രീയ അധികാര വടംവലികൾ രണ്ടായി കുറഞ്ഞു. അഥവാ, യഥാർത്ഥത്തിൽ അവർ രണ്ടുകൂട്ടരും സഹപ്രവർത്തകർ തന്നെയല്ലെ?

കമ്മ്യൂണിസ്റ്റ് ചിന്താഗതിയുടെ സ്വാധീനത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ബാൽക്കൻസിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് യൂഗോസ്ലേവ്യായിലെ യുദ്ധാനന്തര സ്ഥിതി ആവർത്തിക്കപ്പെടുന്നതുപോലയത്രെ. ഒരിക്കൽകൂടി ക്രൊയേഷ്യാ ഒരു രാസത്വരകമായി മതദ്രോഹവിചാരണയ്ക്ക്

വിധേയരായ ക്രിസ്ത്യാനികളുടെ ലക്ഷ്യത്തിലേയ്ക്ക് നീങ്ങുന്നു. സെർബിയായിലും സോവ്യറ്റ് യൂണിയന്റെ ചിന്നിച്ചിതറിയ ഭാഗങ്ങളിലുമുള്ള ഓർത്തഡോക്സുകാരും കത്തോലിക്കാവിശ്വാസത്തോടു ചേരാത്ത ഇതരവിശ്വാസികളും സൂക്ഷിക്കുക. "ക്രിസ്തുവിന്റെ സഭ" യുടെ പരിപാലകർ നിങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ചോർത്തിയെടുക്കാൻ ആഗ്രഹിക്കുന്നു.

കൂശ്യനു തന്റെ ത്വക്കും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാറ്റുവാൻ കഴിയുമോ? (യെരമ്യാവ് 13:23)



# അനുബന്ധം – എ

## വത്തിക്കാന്റെ കാപട്യം

ഐർലന്റിലെ പാത്രിയർക്കീസിനെ ഒരു വിശുദ്ധനായി ബഹുമാനിക്കുന്നവർ ഒരു കാര്യം ഞെട്ടലോടുകൂടി മനസ്സിലാക്കുന്നത്, അദ്ദേഹം റോമൻ കത്തോലിക്കാ വിശ്വാസം ഒരിക്കലും സ്വീകരിച്ചിരുന്നില്ലെന്നുള്ളതാണ്. അതിനു വിപരീതമായി അദ്ദേഹം അപ്പോസ്തോലീക വിശ്വാസം മുറുകെ പിടിച്ചിരുന്നതിനാൽ പിൽക്കാലത്ത് അദ്ദേഹത്തെ ഒരു മതനിന്ദകനായ പ്രൊട്ടസ്റ്റന്റുകാരനെന്നു മുദ്രകുത്തിയിരുന്നു.

പാത്രിയർക്കീസിന്റെ മരണത്തിനുശേഷം രണ്ടു നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ റോമൻ കത്തോലിക്കാസഭ പാത്രിയർക്കീസിനെ അംഗീകരിച്ചത്, കത്തോലിക്കാ സഭയുടെ യഥാർത്ഥ സ്വഭാവമായ കാപഠ്യത്തിന്റെ തെളിവായ, മാർപാപ്പാമാരുടെ പിൻതുടർച്ച പത്രോസിൽ നിന്നാണെന്നുള്ളതും അപ്രമാദിത്വ സിദ്ധാന്തവും സഭാഭരണത്തിനുള്ള ദൈവീകാനുമതി അവർക്കുണ്ടെന്നുള്ള സിദ്ധാന്തവും, പോലെയാണ്.

പാപ്പാത്വത്തിന്റെ മേൽക്കോയ്മ തെളിയിക്കാൻ നിക്കോളാസ് ഒന്നാമൻ മാർപാപ്പാ ചില കൃത്രിമ രേഖകൾ കൊണ്ടുവന്നതിനെ "ഇസ്സിഡോറിയൻ ഡിക്രീറ്റൽസ്" എന്നു പറയുന്നു. ഇത് വ്യാജമാണെന്ന് പിന്നീട് റോമാക്കാരും റോമാക്കാരല്ലാത്തവരും തെളിയിച്ചു. എന്നാൽ ഇതു വ്യാജമാണെന്ന് തെളിയിക്കുന്നതിനു മുൻപ് ക്രിസ്തീയ ലോകത്തിൽ തെറ്റായ ധാരണയുണ്ടാക്കാനുള്ള അവരുടെ ഉദ്ദേശം സാധിച്ചു.

1919 – ലെ "സോർസ്സ് ബുക്കു ഫോർ ബൈബിൾ സ്റ്റുഡന്റ്" എന്നു പുസ്തകത്തിലെ 256, 257, പുറങ്ങളിൽ കൊടുത്തിരിക്കുന്ന തെളിവുകൾ താഴെച്ചേർക്കുന്നു:

## ഇസ്സിഡോറിയൻ ഡിക്രീറ്റൽസ്

"എതിരാളികളുടെ അക്രമണത്തെ ചെറുത്തു നിൽക്കാൻ പഴയ വിശ്വാസ സംഹിതയ്ക്കു വ്യത്യസ്ഥമായി വ്യാജമായി പഴയ രേഖ

കളും പ്രമാണങ്ങളും ചമച്ച് ഈ പുതിയ പൗരോഹിത്യ വിശ്വാസത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുവന്നു. അങ്ങനെ റോമാ പാപ്പാത്വം തെറ്റായ കാര്യങ്ങൾ നടപ്പിൽ വരുത്തി. ആദിമ സഭയിൽ റോമാ പാപ്പായ്ക്ക് അവർ ഇപ്പോൾ അവകാശപ്പെടുന്ന വലിയ അധികാരവും പദവിയും ഉണ്ടായിരുന്നതായി കാണിച്ചു. ആദ്യനൂറ്റാണ്ടിലെ പാപ്പാമാരുടേതെന്ന് അവകാശപ്പെടുന്ന വ്യാജ എഴുത്തുകൾ റോമാക്കാരുടെ അധികാരം തെളിയിക്കാനുള്ളതിൽ മുൻപന്തിയിൽ വരുന്നു. ഇസ്സിഡോർ എന്ന വ്യാജനാമമുള്ള ഒരു സ്പെയിനിലെ അദ്ധ്യക്ഷന്റെ പേരിലാണ് ഈ വ്യാജരേഖകൾ ഇറക്കിയത്. ഈ വ്യാജരേഖകളുടെ ചില ഭാഗങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിൽ ഇറക്കിയിരുന്നു. എന്നാൽ റോമാപാപ്പാത്വത്തിന്റെ അധികാരം ഉന്നയിച്ച് ആദ്യമായി അവ അടിച്ചിറക്കിയത് ഈ ഒൻപതാം നൂറ്റാണ്ടിലാണ്" (ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് എക്ലിസിയാസ്റ്റിക്കൽ ഹിസ്റ്ററി, മൊഷെയിം, ബുക്ക് 3, സെന്റ് 9, പാർട്ട് 2 സെക് 8 (വാല്യം II പേജ് 199, 200) ലണ്ടൻ: ലോംഗ്മാൻ ആന്റ് കമ്പനി, 1841).

### ഇസ്സിഡോറിയൻ ഡിക്രീറ്റൽസ് – പ്രാധാന്യം

പാപ്പാത്വ മേൽക്കോയ്മാതത്വം ഓരോ പാപ്പാമാരുടെയും വ്യക്തിപരമായ ആഗ്രഹമോ ഗൂഢാലോചനയോ അല്ലായിരുന്നു; മറിച്ച് പാശ്ചാത്യ ക്രിസ്ത്യാനിത്വത്തിന്റെ ഉറച്ച വിശ്വാസാടിസ്ഥാനത്തിലായിരുന്നു. പോപ്പിന്റെ കീഴിൽ ക്രിസ്തീയ സഭകളെ ഒന്നിപ്പിക്കുന്നതിനുള്ള ആഗ്രഹത്തിന് അർത്ഥവും പ്രാധാന്യവും വന്നത് ഇസ്സിഡോറിന്റെ നാമത്തിലുള്ള വ്യാജ രേഖകൾ വന്നതോടെയാണ്; അത് പാപ്പാത്വ മേധാവിത്വത്തിന്റെ നിയമാടിസ്ഥാനമായി മാറി. ഈ വ്യാജത്വം റോമിൽ നിന്നല്ല വന്നത്. പിന്നെയോ പാശ്ചാത്യ ഫ്രാങ്കുകളുടെ നാട്ടിൽ നിന്നാണ്. ഈ വ്യാജരേഖകളെല്ലാം പഴയ കത്തോലിക്കാ സൂന്നഹദോസുകളിൽ വ്യാജമായി ഉണ്ടാക്കിയ രേഖകളുടെ കൂട്ടമായിരുന്നു; അവ മാർപാപ്പായുടെ അധികാരത്തെ ഉയർത്തിക്കാണിക്കുന്നതും എല്ലാ ബിഷപ്പുമാരും മാർപാപ്പായുടെ കീഴിലുള്ളവരെന്ന് തെളിയിക്കുന്നതും ആയിരുന്നു. മാർപാപ്പായെ ക്രിസ്തീയ സഭകളുടെ ലോകമെമ്പാടുമുള്ള ബിഷപ്പായി നിയമിക്കുകയും അദ്ദേഹത്തിന്റെ അനുവാദത്തോടെ മാത്രമെ സുന്നഹദോസു തീരുമാനങ്ങൾ എടുക്കുവാൻ സാധിക്കൂവെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ വ്യാജത്തിന്റെ തത്വം നടപ്പാക്കിയതോടെ കഴിഞ്ഞ കാലത്തെ വസ്തുതകൾ ഭാവിയിലും നടപ്പാക്കുന്നതായിട്ട് കാണിച്ചു. അതിലൂടെ പാപ്പാത്വ മേധാവിത്വം യേശുക്രിസ്തുവിന്റെ സഭയുടെ ആരംഭകാലത്തെ ചട്ടമായി കാണിച്ചു.

"പാപ്പാത്വമല്ല ഈ വ്യാജരേഖകൾ കൊണ്ടുവന്നതെങ്കിലും അതു പ്രാബല്യത്തിലാക്കാൻ അവർ ധൃതി കാണിച്ചു. നിക്കോളസ് ഒന്നാമൻ മാർപാപ്പാ ആ പൗരോഹിത്യ പരമാധികാരം അവകാശപ്പെടുകയും അതുപയോഗിക്കുകയും അതിലൂടെ സന്തോഷിക്കുകയും ചെയ്തു." – എ ഹിസ്റ്ററി ഓഫ് ദ പേപ്പസി" എം ക്രെയിറ്റൽ ഡി.ഡി. വാല്യം 1, പേജ് 13, 14. ലണ്ടൻ : ലോംഗ്മാൻസ്, ഗ്രീൻ & കമ്പനി 1899.

### ഇസ്സിഡോറിയൻ ഡിക്രീറ്റൽസ് – സ്വാധീനം

ഇതിനെ 'വ്യാജ ഇസ്സിഡോറിയൻ ഡിക്രീറ്റൽസ്' എന്നാണ് ആധുനീക ലോകത്തിൽ അറിയപ്പെടുന്നത്; അത് സമൂഹബന്ധത്തിൽ ചെലുത്തിയ സ്വാധീനം പോലെ മറ്റൊരു പ്രമാണങ്ങളും ചെലുത്തിയതായി ചരിത്രത്തിലില്ല. പാശ്ചാത്യലോകത്തിൽ, സെവില്ലിയിലെ ഇസ്സിഡോറിന്റെ ഈ എഴുത്തുകളുടെ സമാഹാരത്തിന്, ഡയോനിസ്യസ് എക്സിഗസ്സിന്റെ ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ സമാഹാരത്തിന്റെ അടിസ്ഥാനത്തിലും നാലും അഞ്ചും നൂറ്റാണ്ടുകളിലെ സുന്നഹദോസുകളുടെ നിയമാവലിയുടെ അടിസ്ഥാനത്തിലും സിറിഷ്യസ് മാർപാപ്പാ മുതൽ അനഷ്ടാഷ്യസ് മാർപാപ്പാ വരെയുള്ള മാർപാപ്പാമാരുടെ പ്രമാണാടിസ്ഥാനത്തിലും വളരെ സ്വാധീനമുണ്ടായിരുന്നു.

മെയിൻസിൽ ആർച്ചു ബിഷപ്പ് ഓട്കാറിന്റെ കാലത്ത് ഇസ്സിഡോറിന്റേതെന്ന് പറയപ്പെടുന്ന ചില സമാഹാരങ്ങൾ ആർച്ചുബിഷപ്പ് റിക്കൾഫ് സ്പെയിനിൽ നിന്നു കൊണ്ടുവന്നുവെന്നു

പറയപ്പെടുന്നു - റോമിലെ പഴയ ഇരുപതു ബിഷപ്പുമാരുടെ 59 എഴുത്തുകളും (ക്ലെമന്റ് മുതൽ മെൽക്കിയാഡസ് വരെ) കുസ്തന്തീനോസിന്റെ എഴുത്തുകളും, സിൽവസ്റ്ററിന്റെയും ഗ്രിഗറി രണ്ടാമന്റെയും ഇടയ്ക്കുണ്ടായിരുന്ന സുന്നഹദോസിലെ 39 പുതിയ കല്പനകളും അംഗീകരിക്കാത്ത പല സുന്നഹദോസിന്റെയും തീരുമാനങ്ങളും - ഈ വ്യാജപ്രമാണങ്ങളിലൂടെ ബിഷപ്പുമാരുടെ സ്ഥാനത്തിന്റെ ഉയർച്ചയും വ്യക്തികളുടെ അക്രമണത്തിൽ നിന്ന് പുരോഹിതരെ രക്ഷിക്കാനുള്ള നടപടികളും മെത്രാപ്പോലീത്തന്മാരുടെ അധികാരം കുറച്ച് മാർപാപ്പായുടെ ഒരു ആയുധമാക്കിത്തീർക്കാനുള്ള നിയമങ്ങളും ആയിരുന്നു. ("ദ സീ ഓഫ് റോം ഇൻ ദ മിഡിൽ ഏജസ്സ്" റെഡ. ഓസ്‌വാൽഡ് ജെ റെയ്ച്ചൽ. ബി. സി.എൽ., എം.എ. പേജ് 89, 90 ലണ്ടൻ : ലോംഗ് മാൻസ്, ഗ്രീൻ & കമ്പനി, 1870.

## അനുബന്ധം - ബി

**വത്തിക്കാന്റെ വൈഷമ്യം**

1948 നവംബർ 1 ന്റെ "സൈൻസ് ഓഫ് ദ ടൈംസ്" -ൽ സി. എസ്. ലോംഗ്രി എഴുതിയ ഒരു ലേഖനത്തിൽ അപ്പോസ്തോലിക പിൻതുടർച്ച എന്ന സിദ്ധാന്തം സ്ഥാപിക്കാനായി റോം നേരിട്ട പ്രശ്നങ്ങളെ ഉദ്ധരിച്ചിരിക്കുന്നത് ഒന്നുകൂടി ഇവിടെ ചേർക്കുവാൻ ഉദ്ദേശിക്കുന്നു.

**വത്തിക്കാൻ പാപ്പാമാരുടെ പട്ടിക പുതുക്കുന്നു**

പുതുതായി അച്ചടിച്ചിറക്കിയ വത്തിക്കാന്റെ ഔദ്യോഗിക നാമവിവരപ്പട്ടിക, 1900 വർഷത്തെ റോമൻ കത്തോലിക്കാസഭയുടെ പാപ്പാമാരുടെ പിൻതുടർച്ചാപട്ടിക വിശകലനം ചെയ്ത് ആറു പാപ്പാമാരുടെ പേര് പഴയ നാമവിവരപ്പട്ടികയിൽ നിന്ന് നീക്കം ചെയ്തും രണ്ടു പാപ്പാമാരുടെ പേര് സംശയാസ്പദമെന്ന് രേഖപ്പെടുത്തിയതും ഇതുവരെയും ചേർക്കാത്ത രണ്ടു പാപ്പാമാരുടെ പേര് കൂട്ടിച്ചേർത്തതുമാണ്. അതുപോലെ 74 പാപ്പാമാരുടെ ഭരണകാലം തിരുത്തി പുതിയ ഭരണകാലം കൊടുത്തതാണ്.



ദോനോ രണ്ട് എന്ന പാപ്പാ പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുവെന്നു രേഖപ്പെടുത്തിയിരിക്കുന്നത്, യഥാർത്ഥത്തിൽ ചരിത്രപശ്ചാത്തലത്തിൽ നോക്കിയാൽ അപ്രകാരമൊരു പാപ്പാ ഒരിക്കലും ജീവിച്ചിരുന്നിട്ടുപോലുമില്ലായെന്നു കാണാം. പഴയ പാപ്പാത്വ പട്ടികയിൽ മൂന്നും അഞ്ചും പാപ്പാമാരായ ക്ലെറ്റോ എന്ന റോമനും അനക്ലെറ്റോ എന്ന അഥിനിയക്കാരനും ഒരാൾ തന്നെയാണെന്നു പുതിയ പട്ടികയിൽ പറയുന്നു. പയസ്സ് പന്ത്രണ്ടാമൻ മാർപാപ്പാ പഴയപാപ്പാ പട്ടികയിൽ പത്രോസിന്റെ പിൻതുടർച്ചയിൽ 261-ാമത്തെ പാപ്പായാണെന്നു രേഖപ്പെടുത്തിയിരിക്കുന്നത് പുതിയ പട്ടികയിൽ കുറഞ്ഞു വരുന്നു. സംശയമുള്ള രണ്ടു പാപ്പാമാരുടെ പേരു നീക്കിയാൽ വീണ്ടും പട്ടികയുടെ നീളം കുറയും.

ഈ പട്ടികയിൽ എത്രമാത്രം ആശ്രയിക്കാമെന്ന് ഒരാൾ ഭയന്നേക്കാം. ഒരു കാര്യം വളരെ വ്യക്തമാണ്. അപ്പോസ്തോലനായ പത്രോസ് ആദിമ ക്രിസ്തീയ സഭയുടെ പാപ്പായാണെന്ന് ഒരിടത്തും അവകാശപ്പെട്ടിട്ടില്ല. പത്രോസിന്റെ ആദ്യലേഖനത്തിൽ, താൻ സഭയിൽ വഹിക്കുന്ന സ്ഥാനത്തെപ്പറ്റി പത്രോസു തന്നെ എഴുതിയിരിക്കുന്നതു കാണാം. "നിങ്ങളിലുള്ള മൂപ്പന്മാരെ, ഒരു കൂട്ടുമൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നതു; നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചു കൊൾവീൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം, മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല; ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീർന്നു കൊണ്ടും അദ്ധ്യക്ഷത ചെയ്‌വീൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും." (1 പത്രോസ് 5:1-4)

അദ്ദേഹം പറഞ്ഞത് ഞാനും "ഒരു കൂട്ടുമൂപ്പൻ" എന്നാണ്. തന്നെ, മറ്റു സഭകളിലെ മൂപ്പന്മാരോട് സമനാക്കിയാണ് പറഞ്ഞിരിക്കുന്നത്, അല്ലാതെ മാർപാപ്പയെന്നോ ദൈവീക പൈതൃകത്തിന്റെ കർത്താവ് എന്നോ അല്ല. കത്തോലിക്കാ സഭയുടെ അധി

കാരശ്രേണിയിൽ കൊടുത്തിരിക്കുന്ന പേരുകളിൽ ആദ്യ മൂന്നു നൂറ്റാണ്ടുകളിലെ മാർപാപ്പാമാരെന്നു കാണിച്ചിരിക്കുന്നവർ ആരും തന്നെ മാർപാപ്പായെന്ന പദവിയോ ക്രിസ്തീയ ലോകത്തിലെ പ്രധാന മേലദ്ധ്യക്ഷനെന്ന പദവിയോ അവകാശപ്പെട്ടിട്ടില്ല. യഥാർത്ഥത്തിൽ, ആദ്യ മൂന്നു നൂറ്റാണ്ടുകളിലെ ക്രിസ്തീയ സഭകളിൽ എല്ലാ അദ്ധ്യക്ഷന്മാരും തുല്യ അധികാരപദവിക്കാരായിട്ടാണ് അവകാശപ്പെട്ടിരിക്കുന്നത്.

നാലാം നൂറ്റാണ്ടോടുകൂടി പരസ്പര മത്സരം ക്രിസ്തീയ സഭകളായിരുന്ന പലസ്തീനിലെ യേരുശലേമിലെയും മിസ്രയീമിലെ അലക്സന്ത്രിയായിലെയും ഗ്രീസ്സിലെ കോൺസ്റ്റാന്റിനോപ്പിളിലെയും ഏഷ്യയിലെ അന്ത്യോഖ്യായിലെയും ആഫ്രിക്കയിലെ കാർത്തേജിലെയും ഇറ്റലിയിലെ റോമിലെയും അദ്ധ്യക്ഷന്മാരുടെ ഇടയിൽ മുളച്ചു വന്നു. ക്രിസ്തീയ ലോകത്തിൽ ഏറ്റവും പഴക്കം ചെന്നതും ആദ്യത്തേതുമായിരുന്ന യേരുശലേമിലെ സഭയുടെ അദ്ധ്യക്ഷൻ മുഖ്യസ്ഥാനം അവകാശപ്പെട്ടു. ബ്രാൻഡ് ബർഗിലുള്ള കത്തോലിക്കാ ഡിവിനിറ്റി സ്കൂളിലെ ഡോക്ടർ റോക്ക് പറയുന്നത്, കാർത്തേജിലെ അദ്ധ്യക്ഷനായിരുന്ന വിശുദ്ധ സൈപ്രായൻ, അദ്ധ്യക്ഷന്മാരുടെ പദവികൾ തമ്മിലുള്ള വ്യത്യാസമോ റോമിലെ അദ്ധ്യക്ഷന്റെ മേൽക്കോയ്മയോ എ.ഡി. 258 -ൽ അദ്ദേഹം മരിക്കുന്നതുവരെ അറിഞ്ഞിരുന്നില്ല. മൂന്നാം നൂറ്റാണ്ടിന്റെ അവസാനം വരെ മാർപാപ്പായെന്ന പദവിയോ, അപ്രമാദിത്യമോ ഇല്ലായിരുന്നുവെന്നു വ്യക്തം. ഇന്ന് കത്തോലിക്കർ അവരുടെ പട്ടികയിൽ മാർപാപ്പായെന്നു കൊടുത്തിരിക്കുന്ന ചില പേരുകാർ, സഭയ്ക്ക് ഒരു മാർപാപ്പായുണ്ടാകുന്നതിൽ എതിർത്തവരും അവരുടെ പേരുകൾ ഭാവിയിൽ മാർപാപ്പാമാരുടെ പട്ടികയിൽ വരുമെന്നു സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നവരുമല്ലായെന്നത് ചരിത്രസത്യമാണ്. മൂന്നാം നൂറ്റാണ്ടുവരെയുള്ള മാർപാപ്പാമാരുടെ പട്ടിക, വെറും കത്തോലിക്കാസഭയുടെ സാങ്കല്പീക കണ്ടുപിടുത്തവും അവരിൽ ചിലർ പില്ക്കാലത്തുണ്ടായിരുന്നവരും ആണ്. പത്രോസ് ആദ്യത്തെ മാർപാപ്പായായിരുന്നുവെ



ന്നുള്ള അവകാശവാദം പുതിയനിയമ പുസ്തകത്തിനും ചരിത്രത്തിനും വിയോജിപ്പുള്ള വസ്തുതയാണ്.

പാപ്പാത്വം കർത്താവ് സ്ഥാപിച്ചുവെന്നുള്ള അവകാശവാദം കർത്താവിന്റെ നാമത്തിനുതന്നെ അപകീർത്തി വരുത്തുന്നതാണ്. ഈ ലോകത്തിലെ സഭകളെ അടക്കി ഭരിക്കാനായി ഒരു മേലധികാരിയെ കർത്താവ് നിയമിച്ചുവെന്ന് പുതിയനിയമ പുസ്തകത്തിൽ ഒരിടത്തും പറയുന്നില്ല. എന്നാൽ കത്തോലിക്കരുടെ എല്ലാ ലേഖനങ്ങളിലും മറ്റ് എഴുത്തുകളിലും ക്രിസ്തുവിന്റെ വികാരി (പ്രതിപുരുഷൻ) യാണ് മാർപാപ്പായെന്നും പാപ്പാത്വത്തിന്റെ തലവനാണന്നും കർത്താവ് നിയമിച്ചതാണെന്നും എഴുതിയിരിക്കുന്നതു കാണാം. ഈ അവകാശവാദമെല്ലാം ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കെതിരായുള്ള പരിഹാസകൃതികളാണെന്നു വ്യക്തം.

തന്റെ പിൻഗാമികളെന്നു അവകാശപ്പെടുന്ന പലരും തന്റെ നാമത്തിൽ പല അവകാശവാദങ്ങളും ഉന്നയിക്കുമെന്ന് യേശു ക്രിസ്തുവിനറിയാമായിരുന്നു. മലപ്രസംഗത്തിന്റെ അവസാനഭാഗത്ത് കർത്താവ് ഇപ്രകാരം പറഞ്ഞു: “എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നും പലരും ആനാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും.” (മത്തായി 7:21–23). പാപ്പാത്വത്തിന്റെ സ്ഥാപനം കർത്താവിന്റെ നിയന്ത്രണത്തിലായിരുന്നുവെന്നു പറയുന്നത് ദൈവനിന്ദയല്ലാതെ മറ്റൊന്നുമല്ല.

മാനുഷീക കണ്ടുപിടിത്തമായ ഈ മാർപാപ്പാമാരുടെ പട്ടിക പുതുക്കൽ ഇനിയും റോമാമേധാവികൾ വിലയിരുത്തേണ്ടിയിരിക്കുന്നു. ആറു പാപ്പാമാരെ നീക്കം ചെയ്കയും രണ്ടു പേരെ സംശ

യാസ്പദമെന്നു പറഞ്ഞുവെയ്ക്കുകയും ചെയ്തതിനു പകരം റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമിലെ അദ്ധ്യക്ഷൻ ആയതുകൊണ്ട് മറ്റുള്ള അദ്ധ്യക്ഷന്മാരേക്കാൾ പദവി റോമിലെ അദ്ധ്യക്ഷനുണ്ടെന്നു തീരുമാനിച്ച സഭയുടെ സൂന്നഹദോസിന്നു മുൻപുള്ള എല്ലാ പാപ്പാമാരെയും നീക്കംചെയ്യുകയാണ് വേണ്ടത് ക്രിസ്തീയ യുഗത്തിലെ നാലാം നൂറ്റാണ്ടിലെ സൂന്നഹദോസ് കൂടുന്നതുവരെ അങ്ങനെ ഒരു പ്രാധാന്യം റോമിലെ അദ്ധ്യക്ഷ നില്ലായിരുന്നു. റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായിരുന്ന മാഹാനായ കുസ്തന്തീനോസ് എ. ഡി. 312-ൽ നാമമാത്ര ക്രിസ്ത്യാനിയായ ഉടനെ തന്നെ ക്രിസ്തീയ സഭകളുടെ തലവ നായി സ്വയമായി ഉയർത്തി സുന്നഹദോസ് വിളിച്ചു കൂട്ടി അദ്ധ്യ ക്ഷസ്ഥാനം വഹിക്കുകയും ക്രിസ്തീയ സഭകളുടെ ബാഹ്യകാ ര്യങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കകുയം ചെയ്തു. അദ്ദഹം സഭയും സർക്കാരും തമ്മിൽ യോജിപ്പിക്കുകയും ഭരണരീതി സർക്കാരിന്റെ രീതിപോലെയാക്കുകയും ചെയ്തു. തന്റെ രാജ്യ ത്തെപ്പോലെ തന്നെ സഭയിലും പാത്രീയർക്കീസുമാരെയും മേല ദ്ധ്യക്ഷന്മാരെയും നിയമജ്ഞരെയും പ്രധാന പുരോഹിതരെയും പുരോഹിതരെയും നിയമിച്ചാക്കി. അദ്ദേഹം അഞ്ചു പാത്രിയർക്കീ സുമാരെ നിയമിച്ചു; അവർ റോമിലെയും അലക്സാന്ദ്രിയായി ലെയും അന്തോഖ്യായിലെയും യെരുശലേമിലെയും കുസ്ത ന്തീനോസ്സിലെയും അദ്ധ്യക്ഷന്മാരായിരുന്നു. പാത്രിയർക്കീസു മാരെ അവരവരുടെ രൂപതകളിൽ നിയമിച്ച് അവർക്കെല്ലാം തുല്യ പദവിയാണ് ആദ്യം കൊടുത്തത്. ഈ സമയത്ത് റോമിലെ അദ്ധ്യ ക്ഷനും പാത്രിയർക്കീസുമാരിൽ അധികാരം ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ അവർ എതിർത്തു. ക്രിസ്തീയ യുഗത്തിന്റെ പ്രാരംഭ മൂന്നു നൂറ്റാണ്ടുകളിൽ റോമിലെ അദ്ധ്യക്ഷനാണ് മറ്റെല്ലാ അദ്ധ്യക്ഷന്മാരുടെയും മേലാവിയെന്നോ, ക്രിസ്തുവിന്റെ പ്രതി നിധിയെന്നോ, ഭൂമിയിലെ ദൈവത്തിന്റെ സ്ഥാനവാഹിയെന്നോ ആരും കേട്ടിരുന്നു പോലുമില്ല.

ഈ പല രൂപതകളിലുള്ള അദ്ധ്യക്ഷന്മാരെ റോമിലെ അദ്ധ്യ



ക്ഷൻ തിരഞ്ഞെടുത്തിരുന്നില്ലെന്നു മാത്രമല്ല എല്ലാ അദ്ധ്യക്ഷ ന്മാരും അവരവരുടെ അധികാരം നേരിട്ട് യേശുക്രിസ്തുവിൽ നിന്ന് കിട്ടിയെന്ന് അവകാശപ്പെടുകയും ചെയ്തു. എന്നാൽ 4-ാം നൂറ്റാണ്ടിൽ റോമിലെ പാത്രിയർക്കീസ് മറ്റ് അദ്ധ്യക്ഷന്മാരിൽ അധികാരം ഉപയോഗിക്കാൻ രാഷ്ട്രീയ സ്വാധീനം ചെലുത്താൻ തുടങ്ങി. റോമിലെ അദ്ധ്യക്ഷനായിരുന്നു മറ്റുള്ളവരെ അപേക്ഷിച്ച് ധനസംബന്ധമായും സ്വാധീനപരമായും റോമാ സാമ്രാജ്യത്തിലെ ചക്രവർത്തിയുമായും നിയമജ്ഞരുമായും ഇടപഴകിയിരുന്നത്. അദ്ദേഹം മേന്മയേറിയ വസ്ത്രത്തിൽ, വളരെ വിലകൂടിയ വാഹ നത്തിൽ പ്രത്യക്ഷപ്പെടുകയും വലിയ ആഹാര സദ്യകൾ നടത്തി രാഷ്ട്രീയ നേതാക്കന്മാരെ സ്വാധീനിക്കുകയും ചെയ്തു. ലൗകീക അഹങ്കാരവും അധികാരവും രാഷ്ട്രീയ സ്വാധീനവും അവസാനം റോമിലെ അദ്ധ്യക്ഷനെ മറ്റുള്ള അദ്ധ്യക്ഷന്മാരുടെ മേധാവിയാ ക്കുക മാത്രമല്ല: ഈ ലോകത്തിലെ രാജാക്കന്മാരും മറ്റു നിയമ പാലകരും അദ്ദേഹത്തിന്റെ മുൻപിൽ മുട്ടുമടക്കേണ്ടതായി വരി കയും ചെയ്തു.

ഈ പാപ്പാമാരെയെല്ലാം ദൈവസഭയെ മേയിക്കാൻ കർത്താവ് നിയമിച്ചുവെന്നു പറയുന്നത് വിശുദ്ധനായ പത്രോസിനെ കളി യാക്കുന്നതിന് തുല്യമാണ്; കാരണം പത്രോസ് തന്നെ ഞാൻ ഒരു “മൂപ്പനാ” ണ് എന്നാണ് പറയുന്നത്. “എന്റെ രാജ്യം ഐഹീ കമല്ല” എന്നു പറഞ്ഞ വിനീതനും താഴ്മയുള്ളവനുമായ യേശുക്രിസ്തുവിനെ ഇപ്രകാരമുള്ള അഹങ്കാരവും നികൃഷ്ഠവു മായ മാനുഷ്യ ചട്ടകൂടുകൾകൊണ്ട് നിന്ദിക്കുകയും ദൈവദൂഷണം നടത്തുകയുമാണ് ചെയ്യുന്നത്.

## അനുബന്ധം - സി

**എതിർ ക്രിസ്തു തിരിച്ചറിയപ്പെടുന്നു**

ജെ. ബി. കോളനിയുടെ 1948 മെയ് 24ന് “സൈൻസ് ഓഫ് ദി ടൈംസ്” എന്ന പുസ്തകത്തിൽ വന്ന ലേഖനം വേദപുസ്തകാ ടിസ്ഥാനത്തിൽ എതിൽ ക്രിസ്തുവിനെ തിരിച്ചറിയാൻ സഹാ

യിക്കുന്നു.

പിതാവിനെയും പുത്രനെയും തള്ളിപ്പറയുന്നവനാണ് എതിർക്രിസ്തു.

"ആന്റി ക്രൈസ്റ്റ്" (എതിർക്രിസ്തു) എന്ന വാക്ക് വന്നത് "ആന്റി" എന്നും "ക്രിസ്റ്റോസ്" എന്നുമുള്ള രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ്. ഡോക്ടർ സ്ട്രോങ്ങ് "ആന്റി" എന്ന വാക്കിന് കൊടുത്തിരിക്കുന്ന അർത്ഥം "എതിർ" എന്നാണ്: അതായത് "പകരമായി" അഥവാ "ആ സ്ഥാനത്ത്" എന്ന് അർത്ഥം വരും. "ക്രിസ്റ്റോസ്'' എന്ന ഗ്രീക്കുപദം ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. അങ്ങനെ "ആന്റി ക്രൈസ്റ്റ്" എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം "എതിർക്രിസ്തു" അല്ലെങ്കിൽ "ക്രിസ്തുവിനു പകരമായി" അഥവാ "ക്രിസ്തുവിന്റെ സ്ഥാനത്ത്" എന്നെല്ലാമാണ്.

തിരുവെഴുത്തുകളിൽ നാലു പ്രാവിശ്യം മാത്രമാണ് ഈ "എതിർക്രിസ്തു" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അപ്പോസ്തോലനായ യോഹന്നാനാണ് ഈ നാലു പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നത്. അദ്ദേഹം തന്റെ ലേഖനങ്ങൾ എഴുതിയത് ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തോടടുത്താണ്. ഓരോ പ്രാവശ്യവും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതിന്റെ സന്ദർഭം നോക്കിയാൽ യോഹന്നാൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ അഥവാ പത്തൊൻപതു നൂറ്റാണ്ടുകൾക്കു മുൻപ് ഈ ശക്തി പ്രവർത്തിക്കുവാൻ തുടങ്ങിയതായി കാണുവാൻ സാധിക്കും.

"എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുകൾ എഴുന്നേറ്റിരിക്കയാൽ" "യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു ആകുന്നു."

(1 യോഹന്നാൻ 2:18, 22)

"യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല അതു എതിർക്രിസ്തുവിന്റെ ആത്മാവു തന്നെ; അതു വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.''



1 യോഹന്നാൻ 4:3

"'യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേയ്ക്ക് പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും എതിർ ക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു." 2 യോഹന്നാൻ 7

ഈ വാക്യങ്ങളെല്ലാം വ്യക്തമാക്കുന്നത് സഭയുടെ പ്രാരംഭാവസ്ഥയിൽ പ്രതീക്ഷിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതുമാണ് എതിർക്രിസ്തുവെന്ന്. യോഹന്നാന്റെ ലേഖനങ്ങൾ എഴുതാൻ കാരണമായതിൽ ഒന്ന് ഈ വഞ്ചകന്റെ പ്രവർത്തനങ്ങളെ വെളിച്ചത്തുകൊണ്ടുവരികയെന്നതായിരുന്നു.

**എതിർക്രിസ്തുവിന്റെ അടയാളം**

യോഹന്നാൻ തന്റെ ലേഖനങ്ങൾ എഴുതുന്നതിന്റെ അനേക വർഷങ്ങൾക്കു മുൻപ് അപ്പോസ്തോലനായ പൗലൂസ് സഭകളിൽ തന്റെ അവസാന സന്ദർശനങ്ങൾ നടത്തിയിരുന്നു. മൂപ്പന്മാരെയും (അദ്ധ്യക്ഷന്മാരെയും) ഡീക്കന്മാരെയും (ശുശ്രൂഷകരെയും) കൂട്ടി അദ്ദേഹം തന്റെ അവസാന മുന്നറിയിപ്പ് കൊടുത്തിരുന്നു. വളരെ ഗൗരവത്തോടും ആത്മാർത്ഥതയോടും കൂടി പ്രായാധികൃത്തിലെത്തിയ അപ്പോസ്തോലൻ സഭയ്ക്കുള്ളിൽ തന്നെ വിശ്വാസത്യാഗം വരുമെന്ന് മുന്നറിയിപ്പു നൽകി. "ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും." അപ്പോ. പ്രവൃത്തി. 20:29, 30.

അധികം താമസ്സിയാതെ, തെസ്സലോനിക്കാസഭയ്ക്ക് കത്തെഴുതിയപ്പോൾ അദ്ദേഹം കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ച് പറയുമ്പോൾ ഇപ്രകാരം ഒരു മുന്നറിയിപ്പു നൽകുന്നു: "ആരും ഏതുവിധേനെയും നിങ്ങളെ ചതിക്കരുത്. ആദ്യമെ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദേവാലയത്തിലിരുന്നു

കൊണ്ട് ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രെ. നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ തന്നെ ഞാൻ ഇതു നിങ്ങളോടു പറഞ്ഞു എന്നു ഓർക്കുന്നി ല്ലയോ? ....... അധർമ്മത്തിന്റെ മർമ്മം ഇപ്പോഴെ വ്യാപരിക്കുന്നു ണ്ട്." 2 തെസ്സ. 2:3-7

ഈ തിരുവചന വാക്യങ്ങളിൽ നിന്ന് എതിർ ക്രിസ്തുവിനെ തിരിച്ചറിയുവാനുള്ള അടയാളങ്ങൾ നമുക്കു ശേഖരിക്കാൻ സാധിക്കും:

1. അവൻ പിതാവിനെയും പുത്രനെയും നിരസിക്കും. 1 യോഹന്നാൻ 2:18, 22
2. യോഹന്നാന്റെ കാലത്തുതന്നെ അവൻ പ്രത്യക്ഷപ്പെട്ടു തുടങ്ങി. 1 യോഹന്നാൻ 4:3
3. യേശു "മനുഷ്യശരീരത്തിൽ" വന്നുവെന്ന് അവൻ നിരസിക്കും. 2 യോഹന്നാൻ 7
4. ആദിമ സഭയിൽ തന്നെ വിശ്വാസ ത്യാഗത്താൽ അഥവാ ദുരുപദേശത്താൽ അവൻ പ്രവർത്തനം തുടങ്ങും. അപ്പോ. പ്രവൃത്തി. 20: 29, 30.
5. അവൻ "ദേവാലയത്തിൽ" ഇരുന്നുകൊണ്ട് ദൈവത്തിൽ നിന്ന് പ്രത്യേകാവകാശം ലഭിച്ചുവെന്ന് അവകാശപ്പെടും 2 തെസ്സ. 2:3-7

പ്രൊട്ടസ്റ്റന്റു സഭകളുടെ അഭിപ്രായത്തിൽ "എതിർക്രിസ്തു" വിന്റെ അടയാളങ്ങൾ റോമൻ കത്തോലിക്കാ പിൻതുടർച്ചയിലും അവരുടെ വേദ വിപരീതമായ മതവ്യവസ്ഥയിലും വ്യക്തമായി കാണുവാൻ സാധിക്കും. ജോൺ വിക്ലിഫും, പിന്നീട് ഇംഗ്ലീഷ് പരിഷ്ക്കർത്താക്കളായ ടിന്റെയിൽ, ലാറ്റിമെർ, റിഡ്‌ലി എന്നിവരും ബൊഹീമിയായിലെ ജോൺഹസ്സും, ജർമ്മനിയിലെ മാർട്ടിൻ ലൂഥറും, സ്കോട്ട്ലന്റിലെ ജോൺ നോക്സും ഈ വ്യാഖ്യാനത്തോട് യോജിച്ചിരുന്നു. പരിവർത്തനകാലത്തെ ഒരേ ഒരു പ്രൊട്ടസ്റ്റന്റു ആഗോള പഠിപ്പിക്കലും ഇതുതന്നെയായിരുന്നു.



പ്രൊട്ടസ്റ്റന്റുകാരുടെ നിലപാട് ഡോക്ടർ ചാൾസ് എച്ച്. റൈറ്റ് വ്യക്തമാക്കിയിരിക്കുന്നതിപ്രകാരമാണ്:

"മഹാനായ ഗ്രിഗറിയുടെ കാലം മുതൽ ഇന്നുവരെ സഭയുടെ എല്ലാ കാലഘട്ടങ്ങളിലും എല്ലാവരും ഈ പ്രവചനത്തിന്റെ പൂർത്തീകരണം പാപ്പാത്വത്തിലെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ഇംഗ്ല ണ്ടിലെ സഭയിലും മറ്റെല്ലാ നവീകരണ സഭകളിലും ഈ വ്യഖ്യാനമാണ് നിലനിന്നു പോന്നിരുന്നത്. ഈ വ്യാഖ്യാനത്തെ ചിലർ അവഗണിക്കുകയും തിരസ്ക്കരിക്കുകയും ചെയ്യുവാൻ യാതൊരു കാരണവും വ്യക്തമായിട്ടില്ല. എല്ലാ വിമർശനങ്ങളെയും ഈ വ്യാഖ്യാനത്തിന് അതിജീവിക്കുവാൻ സാധിക്കും."

പാപ്പാത്വമാണ് എതിർ ക്രിസ്തുവെന്ന വാദം പരക്കെ പ്രചരിച്ചതിനാൽ കത്തോലിക്കാ സഭ ഈ വ്യാഖ്യാനത്തിനെതിരായി മറ്റു ചില വ്യാഖ്യാനങ്ങൾ കൊണ്ടുവന്നു. അപ്രകാരം അൽകാസർ എന്ന ജസ്യൂട്ട് പുരോഹിതൻ "ഭൂതകാലീകൻ" എന്ന വ്യവസ്ഥിതിയുമായി മുമ്പോട്ടുവന്ന് എതിർ ക്രിസ്തു നേരത്തെ പ്രത്യക്ഷപ്പട്ടതിനെ പാപ്പാമാരുടെ കാലത്തിനു മുമ്പുതന്നെ നശിപ്പിച്ചുവെന്നു പഠിപ്പിച്ചു. റിബേരാ എന്നു പേരുള്ള മറ്റൊരു ജസ്യൂട്ട് 1580-ൽ "ഭാവികാലീകൻ" എന്ന ഉപദേശം കൊണ്ടുവന്ന് എതിർ ക്രിസ്തു ഭാവികാലത്താണ് പ്രത്യക്ഷപ്പെടുന്നതെന്ന് പറഞ്ഞ് പാപ്പാമാരെ ഈ പൊതുജനാഭിപ്രായത്തിൽ നിന്നും രക്ഷിച്ചു. ഈ രണ്ടു പഠിപ്പിക്കലുകളും തെറ്റായ പഠിപ്പിക്കലാണെങ്കിലും ഒരു വിധത്തിൽ കത്തോലിക്കാ സഭയെ രക്ഷിച്ചുവെന്നു പറയാം. ചില പ്രൊട്ടസ്റ്റന്റുകാർ പോലും അൽക്കാസിറിന്റെയും റിബേരായുടെയും പഠിപ്പിക്കലിനെ സ്വാഗതം ചെയ്ത് അത് വിശ്വസിക്കുന്നുണ്ട്.

എന്നാൽ തിരുവെഴുത്തുകൾ എതിർ ക്രിസ്തുവിനെ ഒരു സംശയവുമില്ലാതെയാണ് വ്യക്തമാക്കുന്നത്. ആരാണ് തെറ്റുകാരെന്ന് വളരെ വ്യക്തമായി വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നു. യോഹന്നാൻ പറയുന്നത് അവൻ, യേശുക്രിസ്തു ജഡത്തിൽ വന്നുവെന്നത് തിരസ്ക്കരിക്കുന്നു. 2 യോഹന്നാൻ 7. എതാണ്

എതിർ ക്രിസ്തുവിന്റെ അടയാളമെന്നു തർക്കരഹിതമായി മന സ്സിലാക്കാനുള്ള ഒന്നാമത്തെ തെളിവായി നമുക്കിതിനെ എടു ക്കാം. യേശുക്രിസ്തു വന്നതിനെ എതിർക്രിസ്തു തിരസ്ക്കരി ക്കുന്നതായി ഈ വാക്യം പറയുന്നില്ല; പിന്നെയോ യേശുക്രിസ്തു ജഡത്തിൽ വന്നുവെന്നുള്ളതു തിരസ്ക്കരിക്കുന്നതായി പറയുന്നു. പ്രൊട്ടസ്റ്റന്റുകാർ അവകാശപ്പെടുന്നതുപോലെ കത്തോലിക്കാസഭ ഇതിൽ തെറ്റുകാരല്ലെങ്കിൽ ക്രിസ്തുവിന്റെ അവതാരസമയത്തെ ജഡസ്വഭാവത്തെക്കുറിച്ചുള്ള അവരുടെ പഠിപ്പിക്കൽ അതു വെളി വാക്കും. അവരുടെ പഠിപ്പിക്കൽ നമുക്കൊന്നു പരിശോധിച്ചു നോക്കാം.

ആദാമിന്റെ നേരിട്ടുള്ള പിൻതുടർച്ചപ്രകാരം മറിയത്തിൽ നിന്ന് കർത്താവ് ഈ ലോകത്തിൽ ജനിച്ചുവെന്ന് വേദപുസ്തകം പഠി പ്പിക്കുന്നു. പാരമ്പര്യമായി അവൾ ആദാമിന്റെ ശരീരസ്വഭാവം ഉള്ളവളായിരുന്നു. ഏദൻ തോട്ടത്തിലെ അനുസരണക്കേടു നിമിത്തം മരണത്തിനു വിധേയമായ ശരീരമായിരുന്നു ആദാമി നുണ്ടായിരുന്നത്. രോഷംപൂണ്ട മക്കളുടെ ശരീര സ്വാഭാവമായി രുന്നു അവന്റേത്. മറിയം ഈ ശരീരസ്വഭാവമാണ് എടുത്തിരുന്ന ത്. ആദാമിന്റെ പിൻതുടർച്ചക്കാരിൽ നിന്നും വിഭിന്നമായ ഒരു ശരീരസ്വഭാവമല്ല; പിന്നെയോ ലോകജനതയുടെ പ്രതിനിധിയാ യിരുന്നു അവൾ. സ്ത്രീകളിൽ അവൾ "അനുഗ്രഹിക്കപ്പെട്ടവളാ യത്" ദൈവീകത്വത്തിന്റെ മർമ്മം വെളിപ്പെടുത്താനായി അവളെ തെരെഞ്ഞെടുക്കപ്പെട്ടതിനാലാണ്. അതുപോലെ ആദാമിന്റെ പിൻതുടർച്ചയായി ക്രിസ്തു ജനിക്കാൻ തിരഞ്ഞെടുത്ത ഒരു പാത്രമായിരുന്നു മറിയം. ദൈവീക അത്ഭുതത്തിലൂടെ യേശു വിനെ സ്വർഗ്ഗത്തിൽ നിന്നു കൊണ്ടുവരേണ്ടത് ദൈവത്തിന്റെ ഉദ്ദേശമായിരുന്നു; സ്വർഗ്ഗത്തിൽ ക്രിസ്തു പിതാവിനോടൊപ്പമാ യിരുന്നിടത്തു നിന്ന് മനുഷ്യകുടുംബത്തിൽ ജനിക്കുകയും ആദാ മിന്റെ കുലക്കാർ പരീക്ഷിക്കപ്പെടുന്നതുപോലെ പരീക്ഷിക്കപ്പെ ടുകയും വേണം. ഇതിനെക്കുറിച്ച് പൗലൂസ് പറയുന്നത് "മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ടു അവനും അവരെ



പ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി-സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശ്യനായിത്തീരുവാൻ ആവശ്യമായിരു ന്നു." എബ്രയാർ 2:14-17

മറ്റു തെളിവുകൾ വേണമെങ്കിൽ അതേ എഴുത്തുകാരൻ തരുന്നു:1 തീമൊഥി, 3:16-ൽ രേഖപ്പെടുത്തിയിരിക്കുന്നത്-"ദൈവീ കത്വത്തിന്റെ മർമ്മം വലിയതാകുന്നു. ദൈവം ജഡത്തിൽ വെളി പ്പെട്ടു." (KJV നോക്കുക). ഇവിടെ പറയുന്നു ദൈവീകത്വം ഒരു മർമ്മമാണ്; സ്വർഗ്ഗത്തിൽ നിന്നും യേശു വരാനുള്ള കഴിവ്; മനു ഷ്യശരീരപ്രകാരം കഷ്ടതയനുഭവിക്കുന്നത്; എന്നാൽ പാപമി ല്ലാതെയുള്ള ജീവിതം.

ഈ അവസാനഭാഗം എതിർക്രിസ്തു തിരസ്ക്കരിച്ചു. ആദാ മൃജാതിയുടെ ബലഹീനത സഹിക്കാനും വഹിക്കാനുമുള്ള ദൈവീക ശക്തിയിലാണ് ക്രിസ്തു വന്നതെന്ന് അവർ പഠിപ്പി ക്കുന്നു. യേശുക്രിസ്തു ജഡീക സ്വഭാവത്തിൽ വന്നുവെന്നത് എതിർക്രിസ്തു എതിർക്കുന്നു; നമ്മെപ്പോലെയുള്ള മർത്യ ശരീരം യേശുക്രിസ്തു എടുത്തുവെന്നത് അവൻ സമ്മതിക്കുകയില്ല.

ഈ വിധത്തിൽ, "യേശുക്രിസ്തു ജഡസ്വഭാവത്തിൽവന്നു എന്നത് കത്തോലിക്കാ സഭ എതിർക്കുന്നതിനാൽ അവർ കുറ്റ ക്കാരെന്നു വ്യക്തമാകുന്നു; അതുപോലെ അവർ അപ്രകാരം എതിർക്രിസ്തുവിന്റെ അടയാളം വഹിക്കുന്നു, മറിയയുടെ അമ ലോത്ഭവ വാദത്തിലൂടെ. പാപമില്ലാത്ത, പ്രത്യേക ജഡസ്വഭാവ മുള്ള മറിയയിലൂടെ യേശു ജന്മമെടുത്തുവെന്നു അവർ പഠിപ്പി ക്കുന്നു. അവരുടെ പഠിപ്പിക്കൽ ആധികാരികമാക്കാൻ അവരുടെ തന്നെ എഴുത്തുകാർ എഴുതിയതു ഉദ്ധരിക്കുന്നതായിരിക്കും ഉചി തം.

നമ്മുടെ ഒന്നാമത്തെ തെളിവ് കർദ്ദിനാൾ ഗിബോൺസിന്റെ പുസ്തകമായ "ഫെയ്ത്ത് ഓഫ് ഔവർ ഫാദേർസ്" (പൂർവ്വിക പിതാക്കന്മാരുടെ വിശ്വാസം) പേജ് 203, 204; അവിടെ പറയുന്നു "ഞങ്ങൾ നിർവ്വചിക്കുന്നത്, അനുഗ്രഹിക്കപ്പെട്ട കന്യക മറിയം അവൾ ഉല്പാദിതമായ അവസരത്തിൽ ജന്മപാപമില്ലാതെ സൂക്ഷി

ക്കപ്പെട്ടു ..... മറ്റുള്ള ആദാമിന്റെ സന്തതികളെപ്പോലെ മറിയയുടെ ആത്മാവ് പാപത്തിന് ഒരിക്കലും അധീനമല്ലായിരുന്നു."

കന്യക മറിയാമിന്റെ പാപരഹിത അവസ്ഥയെക്കുറിച്ച് കത്തോലിക്കാ സഭ വിശ്വസിക്കുന്നതാണ് കർദ്ദിനാൾ ഗിബോൺസ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധ വേദപുസ്തകത്തിലില്ലാത്ത ഒരു പഠിപ്പിക്കലാണിത്; കത്തോലിക്കാസഭ ഈ ഉപദേശം കൊണ്ടുവരാൻ കാരണം അവർക്ക് വിശ്വാസ സത്യങ്ങളെ സംബന്ധിച്ച് തിരുവെഴുത്തുകളെക്കാൾ കൂടുതൽ അധികാരമുണ്ടെന്ന് വിശ്വസിക്കുന്നതിനാലാണ്.

ഇവിടെ പ്രൊട്ടസ്റ്റന്റുകാരും കത്തോലിക്കരുമായ എന്റെ വായനക്കാരോട് എനിക്കു പറയുവാനുള്ളത്, സുവിശേഷ വേലയിൽ ഈ പഠിപ്പിക്കൽ എത്ര ദോഷം ചെയ്യുമെന്ന് നിങ്ങൾ തന്നെ ശരിയായി ചിന്തിച്ചു നോക്കുക. അതായത് യേശുക്രിസ്തുവിന്റെ അവതാരത്തിനായി മറിയം പാപമില്ലാതെ ജനിച്ചു എങ്കിൽ, ക്രിസ്തു വിശുദ്ധ ശരീരത്തോടെ ജനിച്ചുവെന്നുവരും; അത് ആദാമ്യജാതിയുടേതിൽ നിന്നും വ്യത്യസ്ഥമായ ശരീരമായിരിക്കും. അതായത് കർത്താവ് നമ്മെപ്പോലെ ശരീരവും രക്തവുമുള്ള ആളല്ലായിരുന്നു. മനുഷ്യർക്കു തുല്യമല്ലായിരുന്നു തന്റെ ജന്മം. അതുപോലെ ക്രിസ്തു നമ്മെപ്പോലെ "എല്ലാ രീതിയിലും" പരീക്ഷിക്കപ്പെട്ടില്ലായെന്നു വരും, അതിന്റെ അർത്ഥം, പൗലൂസ് എബ്രായർക്കുള്ള ലേഖനം എഴുതിയപ്പോൾ യേശുക്രിസ്തുവിനെ തെറ്റായി ചിത്രീകരിച്ചാണ് "ആദാമ്യ ജാതിയിൽ" നമ്മെപ്പോലെയുള്ള "ജഡസ്വഭാവത്തിൽ" ജനിച്ചുവെന്നും "എല്ലാ വിധത്തിലും" അവൻ തന്റെ "സഹോദരന്മാരെപ്പോലെ" യായിരുന്നു എന്നും രേഖപ്പെടുത്തിയത്. എബ്രായർ 2:14-17. ഇവയ്ക്കെല്ലാമുപരിയായി, കത്തോലിക്കാ സഭയുടെ പഠിപ്പിക്കൽ ശരിയാണെങ്കിൽ യേശുക്രിസ്തു മനുഷ്യസ്വഭാവപ്രകാരമല്ല ജനിച്ചത് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അതിനാൽ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനാകാനും സാദ്ധ്യമല്ല. അതുമാത്രമല്ല, "കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപപ്രാപിപ്പാനുമായി



നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക" എന്നതു അർത്ഥശൂന്യമായിത്തീരും. ഇവയെല്ലാം കത്തോലിക്കാ സഭയുടെ സൗകര്യാർത്ഥമുള്ള രക്ഷാപദ്ധതിയുടെ ഭാഗമാകുന്നു. അതുകൂടാതെ കന്യക മറിയാമിനോടും മറ്റു വിശുദ്ധന്മാരോടും മദ്ധ്യസ്ഥത യാചിക്കാനായി ഈ വിശ്വാസം വാതിൽ തുറന്നു കൊടുക്കുന്നു. മറ്റൊന്ന് പൗരോഹിത്യ പദവിയ്ക്ക് അധികാരമുപയോഗിക്കാൻ ഇതു സഹായിക്കുന്നു; കാരണം തിരുവെഴുത്തിൽ ഇല്ലാത്ത കാര്യമാണെങ്കിലും പുരോഹിതന്മാരിലൂടെ കൃപാസനത്തെ സമീപിക്കാമെന്ന് അവർ പഠിപ്പിക്കുന്നു.

ഇത്രയും നമ്മൾ അവലോകനം ചെയ്തതിൽ നിന്നും നല്ല മനസ്സാക്ഷിയുള്ളവർക്ക് പാപ്പാത്വമാണ് എതിർക്രിസ്തുവെന്നു മനസ്സിലായിക്കാണും. കാരണം പാപ്പാത്വ പഠിപ്പിക്കലിനനുസരിച്ച് യേശു "ജന്മപാപമില്ലാത്ത ഒരു സ്ത്രീയിൽ നിന്നും ജനിച്ചുവെന്നുള്ളതും ആദാമ്യ സന്തതികളിൽ നിന്നും വ്യത്യസ്ഥനായിരുന്നു യേശുവെന്നുള്ളതും" എതിർക്രിസ്തുവിന്റെ പഠിപ്പിക്കലാണെന്നു വ്യക്തമാണ്. അഥവാ പാപ്പാത്വം പഠിപ്പിക്കുന്നത് ക്രിസ്തു "ജഡസ്വഭാവത്തിൽ" ജനിച്ചില്ലായെന്നതാണ്.

**എതിർക്രിസ്തു ദൈവത്തിന്റെ മന്ദിരത്തെ ആക്രമിക്കുന്നു**

എതിർക്രിസ്തുവിന്റെ അടുത്ത അടയാളം യോഹന്നാന്റെയും പൗലൂസിന്റെയും എഴുത്തുകളിൽ പ്രതിപാദിച്ചിരിക്കുന്നു. യോഹന്നാൻ പറയുന്നത് അവൻ "പിതാവിനെയും പുത്രനെയും" തള്ളിക്കളയുമെന്നുള്ളതാണ്. 1 യോഹന്നാൻ 2:22 പൗലൂസ് ഇതെപ്രകാരമെന്നു വ്യക്തമാക്കുന്നു. ഈ വഞ്ചകൻ പിതാവിന്റെയും പുത്രന്റെയും അസ്തിത്വത്തെയല്ല എതിർക്കുന്നത്, പിന്നെയോ രണ്ടുപേരുടെയും പദവി പിടിച്ചെടുത്തുകൊണ്ട് "ദേവാലയത്തിൽ ഇരുന്ന് താൻ ദൈവമെന്നു നടിക്ക"യാണ് ചെയ്യുന്നത്. 2 തെസ്സ. 2:4.

ദൈവത്തിന്റെ മന്ദിരം സഭയാണ്. കൊരിന്ത്യ സഭയിലേയ്ക്കുള്ള ആദ്യ എഴുത്തിൽ പൗലൂസ് അത് നിർവചിച്ചിട്ടുണ്ട്. "എനിക്കു ലഭിച്ച ദൈവകൃപയ്ക്കു ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രാധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു .....

താൻ എങ്ങനെ പണിയുന്നു എന്നു ഓരോരുത്തരും നോക്കിക്കൊള്ളട്ടെ ...... നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ? 1 കോരിന്ത്യർ 3:10-16. ഭൂമിയിലെ സഭ, ദൈവത്തിന്റെ ആത്മീയ ദേവാലയമാണ്; ഈ ആത്മീയ ദേവാലയത്തിൽ എതിർക്രിസ്തു ദൈവത്തിന്റെ പദവി അപഹരിക്കും. പൗലൂസ് പറയുന്നത് ''ആദ്യമെ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മ മൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദേവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ചു. ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ." 2 തെസ്സ. 2:3-7.

ആരാധകരുടെ ആരാധന സ്വീകരിക്കുന്നതിലൂടെയാണ് സഭയിൽ ദൈവത്തിന്റെ പദവി അപഹരിക്കുന്നത്. ദൈവത്തിനു കിട്ടേണ്ട ആരാധന തന്നെത്താൻ ദൈവത്തെക്കാൾ ഉയർത്തി അവൻ വാങ്ങുന്നു. ദൈവത്തിന്റെ അസ്തിത്വത്തെ അവൻ എതിർക്കുന്നില്ല; എന്നാൽ ഈ എതിർക്രിസ്തു തലവനായിരിക്കുന്ന വ്യവസ്ഥിതിയിൽ ദൈവത്തിനു വലിയ പദവിയും പുകഴ്ച്ചയും കൊടുക്കാതെ, എതിർക്രിസ്തു തന്നെ ദൈവത്തിന്റെ അധികാരമുള്ളവനെന്നു മറ്റുള്ളവരെ ധരിപ്പിച്ച് ദൈവത്തിനു കിട്ടേണ്ട ആരാധന വാങ്ങിക്കുന്നു. എല്ലാ കാലഘട്ടത്തിലുമുള്ള യഥാർത്ഥ പ്രൊട്ടസ്റ്റന്റുകാർ വിശ്വസിച്ചിരുന്നത്, ഈ തിരുവെഴുത്തുകൾ പാപ്പാത്വ തത്വസംഹിതയിലൂടെ എതിർക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്നുവെന്നും മാർപാപ്പാ മുതൽ പുരോഹിതന്മാർ വരെ മനുഷ്യൻ ദൈവത്തിന്റെ സ്ഥാനം കവർന്നെടുക്കുകയും ദൈവത്തോടു സമമായ അധികാരമുണ്ടെന്നു അവകാശപ്പെടുകയും ഈ ലോകത്തിലെ സഭയുടെ കാര്യങ്ങളിൽ ദൈവത്തെക്കാൾ ഉയർന്നവരെന്ന രീതിയിൽ അധികാരം ഉപയോഗിക്കുകയും ചെയ്തിരുന്നു. കുമ്പസാരത്തിലൂടെ പാപങ്ങൾ മോചിച്ചുകൊടുക്കാൻ അധികാരമുണ്ടെന്നു അവകാശപ്പെട്ടുകൊണ്ട് ഈ പുരോഹിതവർഗ്ഗം "ദേവാലയത്തിൽ ഇരിക്കുന്നു"; "താൻ ദൈവമെന്നു" കാണിക്കുന്നു. ദൈവത്തിനു, ദൈവത്തിനുമാത്രം അവകാശപ്പെടുന്ന അധികാരപദവികൾ മാർപാപ്പായും മറ്റു പുരോഹിതന്മാരും അവകാശപ്പെടുന്നു.



**ദൈവത്തിന്റെ സ്ഥാനം പ്രാപിക്കാൻ മാർപാപ്പാ ശ്രമിക്കുന്നു**

"ലിയോ 13-ാമൻ മാപർപാപ്പായുടെ എഴുത്തുകൾ" എന്ന പുസ്തകത്തിൽ 193-ാം പുറത്തിൽ താഴെ പ്രസ്ഥാവിച്ചിരിക്കുന്ന കാര്യം കാണുന്നു:

"സഭയിലെ പരമോന്നത അദ്ധ്യാപകൻ റോമിലെ പാപ്പായാണ്. ഒരേ വിശ്വാസത്തിൽ എല്ലാവരും സഭയ്ക്കും റോമൻ പാപ്പായ്ക്കും പൂർണ്ണമായും" ദൈവത്തിനു കീഴടങ്ങുന്നതുപേലെ കീഴടങ്ങണം."

304-ാം പുറത്ത് ഈ അതിശയിപ്പിക്കുന്ന വസ്തുത കാണുന്നു.

''സർവ്വശക്തനായ ദൈവത്തിന്റെ പദവി ഈ ഭൂമിയിൽ ഞങ്ങൾ വഹിക്കുന്നു."

കുറ്റവാളി തന്നെത്താൻ കൊടുക്കുന്ന തെളിവിനേക്കാൾ വലിയ തെളിവിന്റെ ആവശ്യമില്ലല്ലോ ഇവിടെ, മഹാന്മാരായ മാർപാപ്പാകളിൽ ഒരുവന്റെ ചുണ്ടുകളിൽ നിന്നു തന്നെ തിരുവെഴുത്തുകൾ വിവരിക്കുന്ന എതിർക്രിസ്തുവിന്റെ അടയാളം വ്യക്തമായിരിക്കുന്നു.

**പൗരോഹിത്യം ദൈവീക അധികാരം അവകാശപ്പെടുന്നു.**

മാർപാപ്പാ ഈ ഭൂമിയിലെ സഭയുടെ പരമോന്നത പദവി എടുത്തിരിക്കുന്നതുപോലെ പാപ്പാത്വം പുരോഹിതരുടെ മേൽ ദൈവീക അധികാരങ്ങൾ ഉണ്ടെന്നു അംഗീകരിക്കുകയും അവർ സ്വർഗ്ഗത്തിന്റെ പ്രതിനിധികളെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. പാപ്പാത്വമാണ്, തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന എതിർക്രിസ്തു എന്നു സംശയംവിനാ മനസ്സിലാക്കാൻ അവരുടെ താഴെക്കൊടുത്തിരിക്കുന്ന ഒരു എഴുത്തുനോക്കാം.

"ഒരു പാപിയെ നരകത്തിൽ നിന്നും രക്ഷിക്കാനും സാത്താന്റെ അടിമത്വത്തിൽ നിന്ന് രക്ഷിച്ച് അവനെ പറുദീസായിൽ ദൈവത്തിന്റെ സന്തതികളുടെ കൂടെ ആക്കുവാനുള്ള താക്കോൽ പുരോ

ഹിതന്മാരിലുണ്ട്. പുരോഹിതന്മാരുടെ ന്യായവിധി ദൈവം അംഗീകരിക്കും. ഈ അഖിലാണ്ഡത്തിന്റെ ഉടയവൻ ഈ ദാസന്റെ ഈ ലോകത്തിലെ തീരുമാനങ്ങൾ, സ്വർഗ്ഗത്തിൽ അനുസരിക്കുന്നു." - ഡിഗ്നിറ്റി ആന്റ് ഡ്യൂട്ടീസ് ഓഫ് ദ പ്രീസ്റ്റ്" സെന്റ് ആൽഫോനസ് ഡിലിങ്കോരി, 27, 28 പുറങ്ങൾ. ന്യൂയോർക്ക്, ബെൻസിഗെർ ബ്രദേഴ്സ്, 1888.

കത്തോലിക്കാ പുരോഹിതരുടെ അധികാരപദവി നമ്മൾ കണ്ടു. എല്ലാ അധികാരവും അവരുടെ കയ്യിലാണ്. ദൈവം അവർ പറയുന്നത് അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്. ഇങ്ങനെ വിശ്വസിക്കുന്നതിനാൽ കത്തോലിക്കാ വിശ്വാസികൾ പുരോഹിതരെ ഭയപ്പെടുന്നു; കാരണം ഓരോരുത്തരുടെയും ആത്മാക്കളുടെ പൂർണ്ണാധികാരം അവരിലാണല്ലോ.

ഇനിയും മറ്റു പലതും കാണാനിരിക്കുന്നതേയുള്ളൂ. ദൈവവുമായി പാപിയ്ക്ക് നേരിട്ട് ഇടപെടാൻ സാധിക്കാത്തതിനാൽ, അഥവാ ക്രിസ്തുവിലൂടെ ദൈവത്തെ സമീപിക്കാൻ സാധിക്കാത്തതിനാൽ, പാപിയ്ക്ക് ദൈവീക കരുണയും കൃപയും പുരോഹിതരിലൂടെ മാത്രമെ ലഭിക്കാൻ മാർഗ്ഗമുള്ളൂ. ക്രിസ്തുപോലും ഈ ഭൂമിയിലെ മനുഷ്യന്റെ അധീനത്തിലാണ്; കാരണം കത്തോലിക്കാസഭ പറയുന്നു, സ്വർഗ്ഗത്തിന്റെയും പാതാളത്തിന്റെയും താക്കോൽ അവരുടെ കയ്യിലാണ്. ദൈവത്തെ നേരിട്ടു സമീപിക്കാനുള്ള കർത്താവിന്റെ കാൽവറി ക്രൂശുമരണമെന്ന ലളിത സുവിശേഷത്തിൽ നിന്ന് പാപിയെ അപഹരിച്ച് ഈ ഭൂമിയിലെ പൗരോഹിത്യം അതിനു പകരമായി തുടർച്ചയായ ഭൗമീകബലി നടത്തി എല്ലാത്തിനും മതിയായ "കർത്താവിന്റെ എല്ലാവർക്കും വേണ്ടിയുള്ള ബലിയെ" നിഷ്ഫലമാക്കി. (എബ്രായർ 9:26). ഇങ്ങനെ ചെയ്ത് ഭൗമീകമായ പൗരോഹിത്യത്തെ ഉയർത്തി, കർത്താവിനു മാത്രമുള്ള ദൈവീക ഗുണങ്ങൾ അഥവാ പദവികൾ തിരുവെഴുത്തു പറയുന്നതുപോലെ "സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്തു ഇരുന്നവനായ മഹാപുരോഹിതൻ" (എബ്രായർ 8:1), "മാറ്റമില്ലാത്ത പൗരോഹിത്യമുള്ളവൻ" ദൈവ



ത്തോടടുക്കുന്നവർക്കുവേണ്ടി ... അവരെ പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തനായവൻ" (എബ്രായർ 7:24, 25) ഇവയെല്ലാം അവർ അവകാശപ്പെട്ടു.

കത്തോലിക്കരുടെ തിരുബലിയെ സംബന്ധിച്ച് ലിഗോരി പറയുന്നു: നമ്മുടെ വീണ്ടെടുപ്പുകാരൻ വ്യക്തിയായി ഈ ലോകത്തിലില്ലായെങ്കിലും, പുരോഹിതൻ, തന്റെ ദിവ്യബലിയോടു ബന്ധപ്പെട്ട വാക്കുകൾ ഉച്ചരിക്കുമ്പോൾ ആ മനുഷ്യ-ദൈവത്തെ സൃഷ്ടിക്കുകയാണു ചെയ്യുന്നത്. "പുരോഹിതന്മാരുടെ മഹത്വം എത്രയോ അത്ഭുതാവഹം!" വിശുദ്ധ അഗസ്ഥീൻ നിലവിളിച്ചു; അവരുടെ കൈകളിൽ വിശുദ്ധകന്യകയുടെ ഗർഭപാത്രത്തിൽ ആയിരുന്നതുപോലെ, മനുഷ്യപുത്രൻ അവതരിക്കുന്നു. അതുകൊണ്ട് പുരോഹിതരെ യേശു ക്രിസ്തുവിന്റെ പിതാക്കന്മാർ എന്നു വിളിക്കുന്നു ...

"അങ്ങനെ പുരോഹിതനെ ഒരു വിധത്തിൽ സൃഷ്ടാവിന്റെ സൃഷ്ടാവെന്നു വിളിക്കാം. എന്നെ കൂടാതെ, എന്നെ സൃഷ്ടിച്ചവൻ എന്നാൽ സൃഷ്ടിക്കപ്പെടുന്നു." (ഡിഗ്നിറ്റി ആന്റ് ഡ്യൂട്ടീസ് ഓഫ് ദ പ്രീസ്റ്റ്," പേജ് 32, 33).

ഈ മതകർമ്മത്തിൽ എന്താണ് നടക്കുന്നതെന്ന് ഈ എഴുത്തുകാരൻ തന്നെ താഴെപ്പറയുന്ന വാക്കുകളിലൂടെ വിശദീകരിക്കുന്നു. പുരോഹിതന്റെ വാക്കുകൾ അനുസരിച്ച് ദൈവം തന്നെത്താൻ ബലിപീഠത്തിൽ ഇറങ്ങുന്നു. അവർ അവനെ എവിടെ വിളിച്ചാലും വരുന്നു; തന്നെത്താൻ അവരുടെ കൈകളിൽ ഒതുങ്ങുന്നു. ... അവർക്കു വേണമെങ്കിൽ അവന്റെ മാംസം തിന്നാം; അവനെ മറ്റുള്ളവർക്കു ആഹാരമായി കൊടുക്കാം. (ഇബിഡ്, പേജ് 26, 27).

അങ്ങനെ കത്തോലിക്കാ വിശ്വാസപ്രകാരം, ഭൗമീക പൗരോഹിത്യത്തിൽ സൃഷ്ടിപ്പാനുള്ള ശക്തിയുള്ളതിനാൽ ഒരു തിരുവത്താഴ അപ്പം പെട്ടെന്ന് യേശുക്രിസ്തുവിന്റെ യഥാർത്ഥ ശരീരമായി മാറുന്നു. കത്തോലിക്കരുടെ ഈ വിശ്വാസം താഴെക്കൊടുത്തിരിക്കുന്ന കത്തോലിക്കാ അധികാരികളുടെ എഴുത്തുകളിൽ

നിന്നും വ്യക്തമാകുന്നു.

"എന്നാൽ പെട്ടെന്ന്, നിശ്ചലരായി നിൽക്കുന്ന ജനതതിയുടെ ഇടയ്ക്ക്, പുരോഹിതൻ ജീവൻ നൽകുന്ന പരിശുദ്ധ വാക്കുകൾ ഉച്ചരിക്കുന്നു; അങ്ങനെ, അപ്പവും വീഞ്ഞും അതുവരെയായിരുന്നത്, അപ്പവും വീഞ്ഞും അല്ലാതായിത്തീരുന്നു; പിന്നെയോ നമ്മുടെ കർത്താവിന്റെ യഥാർത്ഥ ശരീരവും രക്തവുമായി മാറുന്നു. പരിശുദ്ധ കന്യക മറിയാമിൽ നിന്ന് അവതരിച്ചപ്പോഴുണ്ടായിരുന്ന അതേ ശരീരം; ക്രൂശിൽ നമുക്കായി മരിച്ച അതേ ശരീരം; ഉയർത്തെഴുന്നേറ്റ അതേ ശരീരം; പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്ന കർത്താവിന്റെ അതേ ശരീരം." ("ദ ഹോളിമാസ്സ്, ദ സാക്രിഫൈസ് ഫോർ ദ ലിവിംഗ് ആന്റ് ദ ഡെഡ്സ്" എം. മുള്ളർ, പേജ് 174, 175, ന്യൂയോർക്ക്, 1876)

അങ്ങനെ രണ്ടാമത്തെ തെളിവായി കത്തോലിക്കരുടെ തന്നെ എഴുത്തുകളിൽ നിന്ന് എതിർ ക്രിസ്തുവിന്റെ അടയാളം വ്യക്തമാകുന്നു. "അവൻ ദേവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിലും മീതെ തന്നെത്താൻ ഉയർത്തുന്ന ..." 2 തെസ്സ. 2;4.

നമ്മൾ ഒരു നിമിഷമെടുത്ത് ഇതിന്റെയെല്ലാം അർത്ഥമെന്തെന്ന് ഒന്നു ചിന്തിക്കുക! കർത്താവ് "മർത്യ ശരീര" മെടുത്തുവെന്നുള്ള വസ്തുതയെ എന്തിനാണ് കത്തോലിക്കർ എതിർത്തത്? കാരണം, ആ വസ്തുതയെ എതിർത്തെങ്കിൽ മാത്രമെ ആരാധകരെ ദൈവത്തിന്റെ നേരിട്ടുള്ള കൃപയിൽനിന്ന് അകറ്റാൻ സാധിക്കൂ. ആയതിനാൽ ഒരു പാപിയ്ക്കും നേരിട്ട് അവന്റെ പാപത്തിന് ദൈവത്തോട് ക്ഷമചോദിക്കുവാൻ സാധിക്കുന്നില്ല. പാപിക്ക് അവന്റെ കാര്യങ്ങൾ അവതരിപ്പിച്ച് സ്വർഗ്ഗീയ കൃപ പ്രാപിക്കാൻ "ഇടനിലക്കാരൻ" ആവശ്യമാണ്. കൂടാതെ പാപിയും ക്രിസ്തുവുമായി ഒരു വലിയ വിടവിനാൽ ബന്ധമില്ലാതിരിക്കുന്നു; ആ ബന്ധം കന്യക മറിയാമിലൂടെയും മറ്റു "വിശുദ്ധന്മാരിലൂടെയും" ആണ് സ്ഥാപിതമാകുന്നത്. ദൈവത്തിന്റെ കൃപാസനത്തിൽ നിന്ന് ഈ ആവശ്യക്കാരനായ പാപിയെ



എത്രമാത്രം ഈ തെറ്റായ പഠിപ്പിക്കൽ മാറ്റിനിർത്തുന്നു!! എന്നാൽ ഇതു മാത്രമല്ല, മാർപാപ്പാ ഈ ഭൂമിയിൽ "സർവ്വശക്തനായ ദൈവത്തിന്റെ" സ്ഥാനം വഹിക്കുന്നുവെങ്കിൽ, പുരോഹിതൻ ബലി ശുശ്രൂഷയിലൂടെ സൃഷ്ടാവിന്റെ സൃഷ്ടാവായി മാറി തിരുവത്താഴ അപ്പം "കർത്താവിന്റെ യഥാർത്ഥ ശരീരമായി" മാറുകയും അങ്ങനെ കത്തോലിക്കരുടെ രക്ഷ ഈ അപ്പവും വീഞ്ഞും യഥാർത്ഥത്തിൽ പുരോഹിതന്റെ കയ്യിൽ കർത്താവിന്റെ ശരീരവും രക്തവും ആകുന്നുവെന്ന വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടതുമാകുന്നു. ഇത് പുരോഹിതന് തന്റെ ജനങ്ങളുടെ മേൽ പൂർണ്ണാധികാരം നൽകുന്നു; കാരണം, അവരുടെ കയ്യിലാണ് പാപമോചനാധികാരമുള്ളത്. അങ്ങനെ "ദേവാലയത്തിൽ ഇരുന്ന് സ്വയം ദൈവമെന്നു നടിക്കുന്നത്" ഒരു പാപിയ്ക്ക് മാർഗ്ഗതടസ്സങ്ങൾ ഉണ്ടാക്കുന്നു. ആദ്യമായി തിരുവത്താഴ അപ്പം ക്രിസ്തുവിനെ സൃഷ്ടിക്കുന്നു; പിന്നീട് വിശുദ്ധന്മാരെ ധ്യാനിച്ച്, കന്യക മറിയാമിനോട് അപേക്ഷിച്ച്, അവസാനം അവളുടെ മദ്ധ്യസ്ഥതയിൽ ക്രിസ്തുവന്ന് പാപിയുടെ പാപം മോചിക്കുന്നുവെന്നുള്ള കത്തോലിക്കരുടെ പഠിപ്പിക്കലിന് വേദപുസ്തകം പറയുന്നത്, ദൈവസ്നേഹത്തിൽ പാപിയ്ക്കുവേണ്ടതെല്ലാം ദൈവം നേരത്തെ തന്നെ ചെയ്തുവെന്നതാണ്. അങ്ങനെ ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിലൂടെ പിതാവിന്റെ കൃപാസനത്തെ നേരിട്ടു സമീപിക്കുവാനുള്ള പാപിയുടെ അവകാശത്തെ നിഷേധിച്ച്, കത്തോലിക്കർ രക്ഷാപദ്ധതിയുടെ ലാളിത്യത്തെ വളച്ചൊടിച്ച്, ഭൗമീക പൗരോഹിത്യത്തെ ക്രിസ്തുവിന്റെ മഹാപൗരോഹിത്യത്തിനും മേലാക്കി, ജനങ്ങളെ ആത്മീയമായി അടിമകളാക്കി. ജനങ്ങളുടെ രക്ഷ ഭൗമീക മനുഷ്യന്റെ ന്യായവിധിക്കധീനമാക്കി.

എന്നാൽ ദൈവം ഒരിക്കലും ഇപ്രകാരം ചെയ്തിട്ടില്ല. റോമൻ കത്തോലിക്കരുടെ പഠിപ്പിക്കൽ, യഥാർത്ഥ സത്യത്തെ പരിഹാസപാത്രമാക്കി. ഇത് ഒരു കാപഠ്യസുവിശേഷമാണ്; അതിന് തിരുവെഴുത്തിൽ ഒരു പങ്കുമില്ല. യഥാർത്ഥ സുവിശേഷത്തിനു മങ്ങ

ലേൽപിക്കുന്ന കാപഠ്യസുവിശേഷം. അത് എതിർക്രിസ്തുവിന്റെ അടയാളം വഹിക്കുന്നു.

ഇതിനെല്ലാം വിലപിടിപ്പുള്ള ഒരുത്തരം മാത്രം - മനസ്സിന്റെ പുനഃപ്രതിഷ്ഠ; കർത്താവിന്റെ സുവിശേഷകഥയുടെ ലാളിത്യം മനസ്സിലാക്കി തിരുവെഴുത്തിനനുസരിച്ചുള്ള ആത്മീയ വളർച്ച; ദൈവത്തിന്റെ ഏക പുത്രൻ സ്വർഗ്ഗത്തിൽ നിന്ന് അവതരിച്ചു; മനുഷ്യപുത്രനായി; മനുഷ്യജാതിയുടെ "മൂത്ത സഹോദരനായി"; മനുഷ്യൻ ജീവിക്കേണ്ടതുപോലെ ജീവിച്ചു; എല്ലാ പ്രകാരവും പരീക്ഷിക്കപ്പെട്ടു; എന്നാൽ പാപമില്ലാതെ ജീവിച്ചു: മനുഷ്യൻ മരിക്കേണ്ടതിന്നുപകരം മനുഷ്യനുവേണ്ടി മരിച്ചു; ഉയർത്തെഴുന്നേറ്റു; പിതാവിന്റെ അടുത്തേയ്ക്ക് എടുക്കപ്പെട്ടു; "ദൈവത്തിനും മനുഷ്യനും ഇടയ്ക്ക് ഒരേഒരു മദ്ധ്യസ്ഥനായി" ദൈവത്തിങ്കലേയ്ക്കു വരുന്നവരെ പൂർണ്ണമായി രക്ഷിക്കാൻ കഴിയുന്നവൻ; അവൻ എല്ലാവരേയും ക്ഷണിക്കുന്നു; എത്രമാത്രം കഠിനപാപിയാണെങ്കിൽപോലും; "ധൈര്യമായി കൃപാസനത്തോട് അടുത്ത് ആവശ്യക്കാർ ദൈവത്തിന്റെ കൃപവാങ്ങുക" ഇതാണ് സ്വർഗ്ഗീയമായ തിരുവെഴുത്തിന്റെ ഉത്തരം; നിർമ്മിത സുവിശേഷങ്ങൾ മനുഷ്യനെ അടിമയാക്കുന്നവയും എതിർക്രിസ്തുവിന്റേതുമാണ്.

## അനുബന്ധം - ഡി

1539-ൽ സ്ഥാപിതമായ "ക്രിസ്തുവിന്റെ സമൂഹ"മെന്ന റോമൻ കത്തോലിക്കാ സംഘടയിലെ അംഗങ്ങളെ ജസ്യൂട്ടുകൾ എന്നു വിളിക്കുന്നു. ഇതിൽ അനേകതലത്തിലുള്ള പരിശീലനം ലഭിച്ച നേതാക്കന്മാർ ഉണ്ട്; അവർ മൂന്നു കാര്യങ്ങൾ ശപഥം ചെയ്യുന്നു; ദാരിദ്ര്യം, ലാളിത്യം, അനുസരണം; ഇതു കൂടാതെ ചില സാഹചര്യത്തിൽ മാർപാപ്പായുടെ നിർദ്ദേശാനുസരണം ചില പ്രത്യേക ശപഥങ്ങൾ എടുക്കാറുണ്ട്. അവരെ ഭരിക്കുകയും, അവർ ജീവിക്കുകയും ചെയ്യുന്നത് മാർപാപ്പാ അംഗീകരിച്ച അവരുടെ സ്ഥാപക നേതാവായ ഇഗ്നേഷ്യസ് ലയോളയുടെ നിയമാനുസരണമാണ്. ജസ്യൂട്ട് എന്ന പേര് എതിരാളികൾ ഇട്ടതാണ്; ഇത് ആദ്യം കാണുന്നത് 1552ലെ പാരീസിലെ പാർലമെന്റ് രജിസ്റ്ററുകളിലും കാൽവിന്റെ എഴുത്തുകളിലുമാണ്.



കാലഘട്ടത്തിന്റെ ആവശ്യപ്രകാരം ബുദ്ധിശാലിയായിരുന്ന ലയോള തുടങ്ങിയതാണിത്. 1520 ഡിസംബർ 10ന് ലൂഥറിനെ സഭയിൽ നിന്ന് നീക്കിയെന്ന മാർപാപ്പായുടെ കത്ത് കത്തിച്ച സമയത്ത് ലയോളയ്ക്ക് മനംമാറ്റം ഉണ്ടായി. വളരെ സാവധാനത്തിലാണ് ഈ സംഘടനയുടെ രൂപം ലയോളയുടെ മനസ്സിൽ രൂപം കൊണ്ടത്. സഭയിലേയ്ക്ക് ഒരു പുതിയ ആശയം ഇതിലൂടെ കൊണ്ടുവന്നു. കത്തോലിക്കാസഭ ഒരു യുദ്ധത്തിന്റെ അന്തരീക്ഷത്തിൽ നീങ്ങുന്നുവെന്ന് ഇഗ്നേഷ്യസ് മനസ്സിലാക്കി; സമാധാനകാലത്ത് ഉണ്ടായിരുന്ന രീതികൾ മാറ്റി സന്യാസജീവിതം നയിക്കുന്നവരെ നല്ല ചിട്ടയുള്ളവരാക്കി; ഈ പുതിയ സംഘടനയിൽ പോൾ മൂന്നാമൻ മാർപാപ്പയുടെ മുമ്പിൽ ഇഗ്നേഷ്യസ് വെച്ച നിയമാവലിയിൽ ഓരോ അംഗങ്ങളും അവരുടെ ചുമതലകൾ രഹസ്യമായും വ്യക്തിപരമായും ചെയ്തു തീർക്കുവാൻ കടപ്പെട്ടവരെന്നു വെളിപ്പെടുത്തി. മറ്റുള്ള സംഘടനകളിൽ ജനാധിപത്യ മര്യാദപ്രകാരമുള്ള ഭരണമെങ്കിൽ ഈ സംഘടനയിൽ അങ്ങനെയല്ലായിരുന്നു. ഇതിന്റെ സംഘാടകൻ ഇതിന്റെ നേതാവിനെ അനിയന്ത്രിത അധികാരമുള്ള ആളാക്കി; ഏറ്റവും ഉയർന്ന നിയമക്കോടതിയിൽ നിന്നും ഇതിലെ അംഗങ്ങളെ ഒഴിവാക്കി. മറ്റുള്ള എല്ലാ സംഘടനകളിലും വെച്ച് ഇതിൽ സൈനീക തത്വങ്ങളും വിധേയത്വവും ഉയർത്തി. ഇതിലെ അംഗങ്ങൾക്ക് അതിനാൽ ചില പ്രത്യേക നിയമാധിഷ്ഠിത അവകാശങ്ങൾ ലഭിച്ചു. (ദ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കാ, വാല്യം15, ഭാഗം "ജസ്യൂട്ട്", പേജ് 337, 11-ാം പതിപ്പ്).

### ജസ്യൂട്ടിന്റെ രഹസ്യ ശപഥം

"ഞാൻ (പേര്) സർവ്വശക്തനായ ദൈവത്തിന്റെയും വിശുദ്ധ കന്യകമറിയാമിന്റെയും വിശുദ്ധ മീഖായേലായ പ്രധാന ദൂതന്റെയും വിശുദ്ധനായ യോഹന്നാൻ സ്നാപകന്റെയും വിശുദ്ധ അപ്പോസ്തോലന്മാരായ പത്രോസിന്റെയും പൗലൂസിന്റെയും മറ്റു

വിശുദ്ധന്മാരുടെയും വിശുദ്ധ സ്വർഗ്ഗീയ സേനകളുടെയും മുൻപാ
കെയും എന്റെ ആത്മീയ പിതാവായ നിങ്ങളുടെ മുൻപാകെയും
യാതൊരു മാനസീക ബുദ്ധിമുട്ടുമില്ലാതെ എന്റെ ഹൃദയത്തിൽ
നിന്നു പറയുന്നത്; വിശുദ്ധനായ മാർപാപ്പാ അർബൻ, ക്രിസ്തു
വിന്റെ വികാരിശ്രേഷ്ഠനാണ്; സർവ്വലോകസഭയുടെ യഥാർത്ഥ
മായ ഒരേ ഒരു തലവനാണ്; ക്രിസ്തുവിന്റെ കയ്യിൽ നിന്ന് അഴി
ക്കാനും പൂട്ടാനുമുള്ള അധികാരത്തിന്റെ താക്കോൽ ലഭിച്ചവ
നാണ്; അദ്ദേഹത്തിന് നാസ്തീക രാജാക്കന്മാരെയും രാജകുമാ
രന്മാരെയും രാജ്യത്തെയും സ്ഥാനഭ്രഷ്ഠനാക്കുവാനും അവരെ
നശിപ്പിക്കുവാനും അധികാരമുണ്ട്; ആയതിനാൽ എന്റെ ശക്തി
പൂർണ്ണമായും ഈ തത്വത്തെ കാത്തുസൂക്ഷിക്കുമെന്നും മാർപാ
പ്പായുടെ അവകാശത്തെയും നാസ്തീകരായ പ്രൊട്ടസ്റ്റന്റുകാരു
ടെയും ഇംഗ്ലണ്ടിലെ സഭയുടെയും മാതൃസഭയായ റോമാസഭ
യോടുള്ള എതിർപ്പിന് എതിരായി പ്രവർത്തിക്കുമെന്നും സമ്മ
തിക്കുന്നു. നാസ്തീക രാജാക്കന്മാരോടോ രാജകുമാരന്മാരാടോ
രാജ്യത്തോടോ പ്രൊട്ടസ്റ്റന്റുകാരോടോ അതുപോലുള്ള ഭരണാ
ധികാരികളോടോ ഉള്ള എന്റെ കൂറ് ഞാൻ നിഷേധിക്കുന്നു. ഇംഗ്ല
ണ്ടിലെ സഭയുടെ തത്വങ്ങളും കാൽവനിസ്റ്റുകളുടെയും ഹുഗോ
നോട്ടുകളുടെയും അതുപോലുള്ള പ്രൊട്ടസ്റ്റന്റുകളുടെയും തത്വ
ങ്ങളും നശിക്കേണ്ടതും അവർ സ്വയമായി നശിക്കപ്പെട്ടവരും
അവരെ നശിപ്പിക്കേണ്ടതും ആണെന്നും അത് ഒരുനാളും ഞാൻ
മറക്കുകയില്ലെന്നും ഞാൻ സമ്മതിക്കുന്നു. ഞാൻ വീണ്ടും പ്രസ്ഥാ
വിക്കുന്നത്, മാർപാപ്പായുടെ ഏതൊരു പ്രതിനിധിയെയും എന്നെ
എവിടെ അയച്ചാലും, ഇംഗ്ലണ്ടിലായാലും, സ്കോട്ട്ലന്റിലായാലും
ഐയർലന്റിലായാലും അതുപോലെ ഏതു ഭാഗത്തായാലും
ഞാൻ പോയി സഹായിക്കുകയും ഉപദേശിക്കുകയും ചെയ്തു
കൊള്ളാം; നാസ്തികരായ പ്രൊട്ടസ്റ്റന്റുകാരുടെ ഉപദേശങ്ങളെ
ഇല്ലെന്നാക്കാൻ എന്റെ കഴിവിന്റെ പരമാവധി ഞാൻ ശ്രമിക്കും.
ഞാൻ വീണ്ടും വാക്കു തരികയും പ്രസ്താവിക്കുകയും ചെയ്യു
ന്നത്, മാതൃസഭയുടെ താല്പര്യത്തിനായി ആവശ്യമായി വന്നാൽ



നാസ്തീക മതക്കാരുടെ കൂടെ ചേർന്നതായി ഭാവിച്ച് രഹസ്യ
മായും വ്യക്തിപരമായും മാതൃസഭയുടെ നിർദ്ദേശാനുസരണം
പ്രവർത്തിച്ച്, വാക്കിലും എല്ലാ സാഹചര്യത്തിലും എന്നെ ഏല്പി
ക്കുന്ന ദൗത്യം ചെയ്തുകൊള്ളാമെന്നും സമ്മതിക്കുന്നു. എല്ലാം
ഞാൻ (പേര്) വിശുദ്ധ ത്രിത്വത്തിന്റെ മുൻപാകെയും വിശുദ്ധ
കർമ്മത്തിന്റെ മുൻപാകെയും സ്വീകരിക്കുകയും പ്രവർത്തിക്കു
കയും ചെയ്തുകൊള്ളാമെന്നും ഒരു വിധത്തിലും ലംഘിക്കുക
യില്ലെന്നും ശപഥം ചെയ്യുന്നു. മഹത്വമേറിയ സ്വർഗ്ഗീയ സേനക
ളുടെ സാക്ഷ്യത്തിൽ എന്റെ ഈ ആഗ്രഹങ്ങൾ സമർപ്പിക്കുകയും
എന്റെ ഈ ശപഥം കാക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്യുന്നു.
അതിനു സാക്ഷിയായി ഇപ്പോൾ ഞാൻ അതിവിശുദ്ധമായതും
പരിപാവനമായതുമായ തിരുവത്താഴ അപ്പം സ്വീകരിക്കുന്നു;
എന്റെ കൈയ്യാൽ ഇതു വീണ്ടും സാക്ഷ്യപ്പെടുത്തുകയും വിശുദ്ധ
ഉടമ്പടിയ്ക്ക് മുദ്രയിടുകയും ചെയ്യുന്നു" (ഫോക്സസ്സ് ആന്റ്
ഫയർ ബ്രാൻഡ്സ്, അഷർ)

## അനുബന്ധം E

ഹീബ്രുവിലും സുറിയാനിയിലും അർമീനിയൻ ഭാഷയിലും ശബ്ബത്തു ദിവസവുമായി ബന്ധപ്പെട്ടുള്ള ആഴ്ചയുടെ പേരുകൾ

| Day of Week | LANGUAGE | | | |
|---|---|---|---|---|
| | Hebrew. (Ancient and Modern use) [illegible] | Ancient Syriac. | Chaldee Syriac. Kurdistan, and Urimia. Persia. | Armenian. [illegible] |
| 1. (Sun) | אחד בשבת [illegible] One into* the Sabbath. | [illegible] One into* Sabbath. | [illegible] One into Sabbath. | [illegible] One to the Sabbath. |
| 2. (Mon) | שני בשבת [illegible] Second into the Sabbath. | [illegible] Two into Sabbath. | [illegible] Two into Sabbath. | [illegible] Second to the Sabbath. |
| 3. (Tue) | שלישי בשבת [illegible] Third into the Sabbath. | [illegible] Three into Sabbath. | [illegible] Three into Sabbath. | [illegible] Third to the Sabbath. |
| 4. (Wed) | רביעי בשבת [illegible] Fourth into the Sabbath. | [illegible] Four into Sabbath. | [illegible] Four into Sabbath. | [illegible] Fourth to the Sabbath. |
| 5. (Thu) | חמישי בשבת [illegible] Fifth into the Sabbath. | [illegible] Five into Sabbath. | [illegible] Five into Sabbath. | [illegible] Fifth of the Sabbath. |
| 6. (Fri) | ערב שבת קדש [illegible] Eve of Holy Sabbath. | [illegible] Eve (of Sabbath). | [illegible] Eve (of Sabbath). | [illegible] Fast Day. |
| 7. (Sat) | שבת [illegible] Sabbath | [illegible] Sabbath. | [illegible] Sabbath. | [illegible] Sabbath |

അഞ്ചാം നൂറ്റാണ്ടിൽ അർമീനിയക്കാർ എഴുത്തു ഭാഷ സ്വീകരിച്ചപ്പോൾ അവർ 7-ാം ദിന ശബ്ബത്ത് അപ്പോസ്തോലന്മാർ പഠിപ്പിച്ച രീതിയിൽ ആചരിച്ചിരുന്നുവെന്നത് വളരെ വ്യക്തമാണ്.



144 blank